KOTTAYAM PUBLIC LIBRARY

Call No. 301.42 Acc. No. 61975

Author [illegible]

Title [illegible]

1065

# മാതൃത്വവും മനസ്സാക്ഷിയും

Malayalam

**Mathruthwavum Manasakshiyum**

(A Book deals with Marriage and Responsible Parenthood)

Author

Ch. Joseph

First Published May 1972

Copies 2000

Printed at:

Premier Printers, Trichur-4.

Price 3 - 50

Rights Reserved

Published by:

Brother's Book Centre, Ponnukkara, Trichur-5

# മാതൃത്വവും മനസ്സാക്ഷിയും

61975

സീയെച്ച്. ജോസഫ്

പ്രസാധകർ
ബ്രദേഴ്സ് ബുക്ക് സെൻറർ
പൊന്നൂക്കര, തൃശ്ശൂർ – 5.
വില 3 – 50

ഗ്രന്ഥകർത്താവിന്റെ ഇതരകൃതി

വളർച്ചയുടെ പ്രശ്നങ്ങൾ

67916

301.42

JOS-M

# വിഷയവിവരം


എനിക്കു പറയുവാനുള്ളതു് .... 9 14

1. സെക്സും വിവാഹവും
ക്രിസ്തുമതത്തിൽ 15 33

ക്രിസ്തുവിൻെറ ദ്വിതീയാഗമനം (പത്രുസ്യാ) 17

ആദിമസഭയിൽ .... 18

താപസർ .... 22

രണ്ടു വീക്ഷണങ്ങൾ .... 23

സെക്സും സഭാപിതാക്കന്മാരും .... 24

കാലം മാറുന്നു .... 30

2. പുതിയ കാഴ്ചപ്പാടുകൾ
പുതിയ സമീപനങ്ങൾ 34 57

ക്രിസ്തീയവിവാഹം .... 34

ഗുളികകൾ .... 38

ലക്ഷ്യമെന്തു്? .... 47

പ്രകൃതിനിയമം .... 47

അല്പം ചരിത്രം .... 51

ചർച്ചകൾ .... 52

വ്യതിയാനങ്ങൾ .... 55

3. സംശയങ്ങൾ തുടരുന്നു
ചർച്ചകൾ പുരോഗമിക്കുന്നു 58 88

പ്രശ്നങ്ങൾ .... 54

കമ്മീഷനിൽ രണ്ടു ചേരികൾ 63

ഭൂരിപക്ഷവീക്ഷണം .... 63

ന്യൂനപക്ഷവീക്ഷണം .... 64

ജീവൻെറ സംക്രമണം .... 66

| | | |
|---|---|---|
| പ്രശ്നാവതരണം | .... | 66 |
| സഭയുടെ പ്രബോധനാധികാരത്തിൻെറ പര്യാപ്തത | .... | 68 |
| പ്രബോധനാധികാരത്തിൻെറ ഉത്തരം | .... | 71 |
| സഭയുടെ അധ്യാപനതത്വങ്ങൾ | .... | 73 |
| ദാമ്പത്യസ്നേഹം | .... | 73 |
| ദാമ്പത്യപ്രേമത്തിൻെറ സവിശേഷതകൾ | .... | 74 |
| ഉത്തരവാദിത്വമുള്ള പിതൃത്വം | .... | 76 |
| സന്താനോല്പാദന പ്രക്രിയയെപ്പററി | | 78 |
| ദൈവികപദ്ധതിയോടുള്ള വിശ്വസ്തത | | 80 |
| ജനനനിയന്ത്രണത്തിൻെറ നിയമവിരുദ്ധമാർഗ്ഗങ്ങൾ | .... | 81 |
| കൃത്രിമസന്താനനിയന്ത്രണരീതികളുടെ ഗുരുതരമായ ഫലങ്ങൾ | .... | 86 |
| **4. പ്രതികരണങ്ങൾ** | .... | 89 129 |
| ഇംഗ്ലണ്ട് | .... | 90 |
| ഇടയലേഖനം | .... | 96 |
| പോർത്തുഗൽ | .... | 99 |
| ന്യൂസിലണ്ട് | .... | 99 |
| മാൾടാ | .... | 99 |
| ഡോമിനിക്കൻ റിപ്പബ്ലിക് | .... | 100 |
| മെക്സിക്കോ | .... | 101 |
| ജർമ്മനി | .... | 101 |
| ആസ്ത്രിയ | .... | 104 |
| ആസ്ത്രേലിയാ | .... | 106 |
| വെനിസ്വേല | .... | 107 |

സ്വീഡൻ .... 107
യു. എസ്. എ. .... 108
ഹോളണ്ട് .... 110
ഐർലണ്ട് .... 113
സ്വിററ്സർലണ്ട് .... 114
തെക്കെ ആഫ്രിക്ക .... 115
സ്പെയിൻ .... 116
ബൽജിയം .... 116
ഡന്മാർക്ക് .... 117
നോർവെ .... 118
കിഴക്കെ ജർമ്മനി .... 119
ബ്രസീൽ .... 120
കാനഡ .... 120
ഫ്രാൻസ് .... 121
ബൊളീവിയ .... 123
സ്കാണ്ടിനേവിയ .... 124
ലേഖനത്തിനുശേഷമുള്ള സാഹചര്യം 124
എന്താണു ലക്ഷ്യം? .... 125
ആധികാരിക സ്വഭാവം .... 126
മനസ്സാക്ഷി സ്വാതന്ത്ര്യം .... 127
ഉപസംഹാരം .... 129

5. കേരളകത്തോലിക്കരും
വിശ്വലേഖനവും 130 158
നേതാക്കന്മാർ .... 131
ആ കഴിഞ്ഞകാലം .... 132

ഉത്തരവാദിത്വമില്ലായ്മ .... 133
ചലനമുണ്ടോ? .... 134
വിശ്വലേഖനത്തെക്കുറിച്ച് .... 135
കേരള റീജിയനൽ സെമിനാർ .... 137
ശുപാർശകൾ .... 138
ശുപാർശകൾ .... 138
അഖിലേന്ത്യാ സെമിനാർ .... 144
എന്താണു കരണീയം .... 146
സ്നേഹത്തിൻെറ ജീവിതം .... 147
പ്രകൃതിവിരുദ്ധമോ? .... 150
മനുഷ്യജീവനെ ആദരിക്കണം ... 155
ഉപസംഹാരം .... 156

## 6. BIBLIOGRAPHY

## എനിക്കു് പറയുവാനുള്ളതു്.

നൂററാണ്ടുകൾക്കു് മുമ്പു് സെൻറ് അഗസ്റ്റിൻ പറഞ്ഞു: 'റോം സംസാരിച്ചു; പ്രശ്നം അവസാനിച്ചു.' അന്നുതൊട്ടു് ഈ അടുത്ത കാലംവരെ അഗസ്റ്റിൻെറ വാക്കുകൾ അത്ഥസമ്പുഷ്ട മായി നിലനിന്നിരുന്നു. എന്നാൽ, ഇന്നിതാ, റോം സംസാ രിച്ചു; പ്രശ്നം മൂദ്ധന്യത്തിലായി എന്നു പറയേണ്ടിവന്ന പരി തോവസ്ഥയുണ്ടായിരിക്കുന്നു. പത്രോസിൻെറ പിൻഗാമി യായ പോൾ പാപ്പാ 'മനുഷ്യജീവൻ' എന്ന വിശ്വലേഖനം പ്രസിദ്ധീകരിച്ചു. ലോകം അതു് ഉററുനോക്കിക്കൊണ്ടിരി ക്കുകയായിരുന്നു. കാരണം, അതു് അത്രമാത്രം ജീവിതസ്പശി യാകേണ്ട ഒന്നായിരുന്നു. വളരെയധികം ചച്ചകളും അതില്ല ധികം പഠനങ്ങളും വാദപ്രതിവാദങ്ങളും ആ വിഷയത്തെ ചൊല്ലി നടക്കുന്നുണ്ടായിരുന്നു. നമുക്കു ചുററും വന്നുകൊണ്ടി രിക്കുന്ന പരിവത്തനങ്ങളും വിവിധ മണ്ഡലങ്ങളിൽ ദിനം പ്രതിയുണ്ടാകുന്ന നവംനവങ്ങളായ വിജ്ഞാനങ്ങളും പോപ്പു് കൈകാര്യംചെയ്യു വിഷയത്തിനു് പുതിയ കാഴ്ചപ്പാടുകൾ നല്കിയിരുന്നു. ലോകജനത അവയെക്കുറിച്ചു് ബോധവാന്മാ രുമായിരുന്നു. അതു് പോപ്പിനു് അജ്ഞാതവുമായിരുന്നില്ല. എന്നാലും, താൻ നിയമിച്ച കമ്മീഷനിലെ മെത്രാന്മാരുൾപ്പെ ടെയുള്ള അംഗങ്ങളിൽ ഭൂരിപക്ഷത്തിൻേറയും വീക്ഷണത്തിനു വിരുദ്ധമായി, ബോധ്യങ്ങൾ നല്കാത്ത 'പ്രകൃതി നിയമ' ത്തിൽ പാദങ്ങളുറപ്പിച്ചുകൊണ്ടു് പോപ്പു് വിശ്വലേഖനം വിരചിച്ചു. അതു് കത്തോലിക്കർപോലും സഹർഷം സ്വാ ഗതം ചെയ്യുമോ എന്നു് റോമിനു് ഭയമുണ്ടായിരുന്നു. അക്കാ രണത്താൽ, പിന്തുണനല്കാനാവശ്യപ്പെട്ടുകൊണ്ടുള്ള 'രഹസ്യ ക്കത്തുകൾ' മെത്രാന്മാർക്കു് അയച്ചുകൊടുത്തിരുന്നു. ഈ കത്തുകൾ രഹസ്യമെന്നു് പരസ്യമായി പറയാനാവാത്ത രഹ

സ്വത്തുകളായിരുന്നത്രെ! ഇങ്ങനെ ഒരു പശ്ചാത്തലമൊരുക്കിയശേഷം, 1968 ജൂലായ് ഇരുപത്തിയഞ്ചാം തീയതി, മോൺസിഞ്ഞോർ ലാംബ്രുംച്ചീനി, പോപ്പു തുല്യംചാർത്തിയ, വിശ്വലേഖനം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. മെത്രാന്മാർ ഉടനടി ലേഖനത്തെ പിന്തുണച്ചുകൊണ്ട് പരസ്യപ്രസ്താവനകൾ ചെയ്തു. ഇത്തരം പ്രസ്താവനകൾ ആവശ്യമായിവന്ന ആദ്യത്തെ വിശ്വലേഖനമായിരുന്നു, 'മനുഷ്യജീവൻ' എന്നു തോന്നുന്നു. ആ ചാക്രികലേഖനം ഉണ്ടാക്കിയ പ്രതികരണങ്ങൾ നാം പിന്നാലെ മനസ്സിലാക്കുന്നതാണ്.

പോപ്പിന്റെ വിശ്വലേഖനവും, അതു് ലോകത്തിൽ ഉളവാക്കിയ ചലനങ്ങളും കേരളത്തിലധികംപേരും അറിഞ്ഞില്ല. ദമ്പതികളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമമായിരുന്നല്ലോ, ചാക്രികലേഖനം. അവക്ക് മാർഗ്ഗദർശനമേകാനായിരുന്നല്ലോ അതു് പ്രസിദ്ധീകരിച്ചതു്. അതിനെ വിലയിരുത്താനോ, ദമ്പതികൾക്ക് ജീവിതവ്യമാക്കാനോ കേരളത്തിൽ ആരും തന്നെ മുന്നോട്ടുവന്നില്ല. മെത്രാന്മാരെല്ലാവരും കൂടി ഒരു 'പിന്തുണയ്ക്കൽ' നടത്തിയതല്ലാതെ, വേറൊന്നും ചെയ്തതായി അറിവില്ല. വിശ്വലേഖനത്തിലെ 26, 27, 28, 29 എന്നീ ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നതു് വൈദികമണ്ഡലം കണ്ടില്ലെന്നു നടിച്ചു. മെത്രാന്മാരോടുള്ള ആഹ്വാനം ശ്രദ്ധിക്കുക: 'വിശ്വാസികളുടെയും നിങ്ങളുടെ സഹപ്രവർത്തകരായ വൈദികരുടെയും തലവന്മാരെന്ന നിലയിൽ വിവാഹം അതിന്റെ മാനുഷികവും ക്രിസ്തീയവുമായ പൂർണ്ണതയിലായിരിക്കുവാൻ അതിന്റെ പരിശുദ്ധിയെ സംരക്ഷിക്കുന്നതിനുവേണ്ടി നിരന്തരം അധ്വാനിക്കുക. ഇക്കാലത്തു നിങ്ങളുടെ ഏററം പ്രാധാന്യമേറിയ ഉത്തരവാദിത്വങ്ങളിലൊന്നായി ഈ ദൗത്യത്തെ പരിഗണിക്കുക.' പക്ഷേ, കേരളത്തിലെ

ദ്ധ്യക്ഷന്മാരാരുംതന്നെ ആ ഭാഗം വായിച്ചെന്നു തോന്നുന്നില്ല. 'ആലുവാ സെമിനാർ' ഇക്കാര്യം സൂചിപ്പിച്ചു.

"....ഭക്ഷ്യക്കമ്മിപോലെ ഗൗരവതരമാണ് ജനസംഖ്യവർദ്ധനവും തൊഴിലില്ലായ്മയും. ഇവ മൂലം ജീവിതവൃത്തിക്കു നിവൃത്തിയില്ലാതെ പലരും തെരുവീഥിയിലാകുന്നുണ്ട്. തൊഴിലില്ലായ്മമൂലം എത്രയോ ആളുകളാണ് നിരാശപ്പെട്ടു ജീവിക്കുന്നതു്. വിദ്യാസമ്പന്നരുടെയിടയിലും ഇതു് തീവ്രമായി കാണാം... രാജ്യം അനിയന്ത്രിതമായി ഭക്ഷ്യക്കമ്മിയിലേക്കു നീങ്ങുമ്പോൾ ജനസംഖ്യാവർദ്ധനവ് നിയന്ത്രിച്ചില്ലെങ്കിൽ രാഷ്ട്രത്തിന്റെ സാമ്പത്തികഭദ്രത തകരുമെന്നു പ്രത്യേകിച്ചും പറയേണ്ടതില്ലല്ലോ....കേരളത്തിലെ വികസനപ്രവർത്തനങ്ങളെ ജനസംഖ്യപ്പെരുപ്പം എങ്ങനെ പിന്നോക്കം വലിക്കുന്നു എന്നു നാം പരിശോധിക്കേണ്ടതാണ്....സഭ ജനസംഖ്യാവർദ്ധനവ് തടയുന്നതിനു ഇന്നുവരെ ഒന്നും ചെയ്തിട്ടില്ല.. ജനനനിയന്ത്രണം പ്രചരിപ്പിക്കുന്നതിനു് ഗവർമ്മേണ്ട് പലവമ്പിച്ച പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ചിലതിനോടു നമുക്കുള്ള എതിർപ്പ് മനസ്സിലാക്കാം. എന്നാൽ, ജനനനിയന്ത്രണത്തിനു സഭ അനുവദിച്ചിട്ടുള്ള മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനു എന്തുകൊണ്ടു സഭ മുന്നോട്ടുവന്നില്ല? ഗൗരവപൂർവ്വം ഈ പ്രശ്നം ചിന്തിച്ച് കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ട കാലം വൈകിയിരിക്കയാണ്... ജനസംഖ്യാവർദ്ധനവ് സംബന്ധിച്ച പ്രശ്നം സഭ മനസ്സിലാക്കണം. നിലവിലുള്ള വൈദ്യ–ക്ഷേമസംഘടനകളെ ഉത്തരവാദിത്വപിതൃത്വത്തെപ്പററി ജനങ്ങൾക്കു വിദ്യാഭ്യാസം നല്കാൻ ഉപയോഗിക്കണം....'കേരള റീജിയനൽ സെമിനാറിന്റെ ആറും ഏഴും വർക്കുഷോപ്പുകളിലൂടെ ഇങ്ങനെയൊക്കെ പറഞ്ഞു. കേരള സഭയുടെ പ്രശ്നങ്ങൾ പഠിക്കാനാണ് ആലുവ സെമിനാർ സംഘടിപ്പിച്ചതു്. കുടുംബത്തെയും രാജ്യത്തെയും സ്പർശിക്കുന്ന ഗുരുതരമായ ഒരു കാര്യമാണ് അവിടെ കൂടിയി

രുന്നവർ എടുത്തുകാണിച്ചതു്. എന്നിട്ടും മെത്രാന്മാരും വൈദികരും ദമ്പതികൾക്കു് മാർഗ്ഗനിർദ്ദേശം നല്കാനോ, അവർക്കു പ്രായോഗിക മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കാനോ മുമ്പോട്ടു വന്നില്ല. കേരളത്തിലെ അത്മായരിൽനിന്നു്, ദാമ്പത്യജീവിതത്തിന്റെ സുഖദുഃഖങ്ങൾ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നവരിൽനിന്നു് ആരെങ്കിലും വിശ്വലേഖനത്തെ വിലയിരുത്തുവാൻ തയ്യാറാകുമെന്നു് കരുതി കാത്തിരുന്നു. മററു രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചലനം ഗ്രഹിച്ചു് ചിലതെല്ലാം സഭയുടെ പ്രബോധനത്തിൽനിന്നു് വിട്ടുപോകാതെ തുറന്നുകാണിക്കുമെന്നു് പ്രതീക്ഷിച്ചു. എന്നാൽ, ആരുമാരും ധൈര്യത്തോടെ അക്കാര്യത്തെക്കുറിച്ചു് ചിന്തിച്ചില്ല; എഴുതിയില്ല. ദാമ്പത്യ ജീവിതപ്രശ്നങ്ങളെ അടുത്തറിയുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ദമ്പതികൾക്കു് സഹായകരമായ ചില ഗ്രന്ഥങ്ങൾക്കു് പരോക്ഷമായി രൂപംകൊടുക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയെന്ന നിലയിൽ അതു് എന്നെ ദുഃഖിപ്പിച്ചു. വിമർശനവിധേയമാകുമെങ്കിലും വിശ്വലേഖനത്തിന്റെ വെളിച്ചത്തിൽ ഒരു ഗ്രന്ഥം രചിക്കുവാൻ ഞാൻ ധൈര്യപ്പെട്ടു. ജീവിതത്തിന്റെ നീറുന്ന അനുഭവങ്ങളുമായി എഴുതാനാരംഭിച്ചു.

ഗ്രന്ഥരചനയ്ക്കു് ഉപകരിക്കുന്ന സങ്കേതങ്ങൾക്കുവേണ്ടി ഞാൻ ബുദ്ധിമുട്ടി. പ്രഗത്ഭരായ എഴുത്തുകാരുടെ വിലപിടിച്ച ഗ്രന്ഥങ്ങൾ വാങ്ങിക്കുവാൻ കഴിവുണ്ടായിരുന്നില്ല. കത്തോലിക്ക ഗ്രന്ഥകാരന്മാരുടെ ചുവടുപിടിച്ചുതന്നെ വിമർശനഗ്രന്ഥം എഴുതാമെന്നു് എനിക്കു് നല്ല ബോധമുണ്ടായിരുന്നു. വളരെ കരുതലോടെ നീങ്ങേണ്ടിവന്നു. ഈ കൃതിയുടെ രചന ആരംഭിച്ചു. വിഷയം ആവിഷ്കരിച്ചതിൽ പാകപ്പിഴകൾ ഇല്ല എന്നു് അവകാശപ്പെടാൻ ഞാൻ ധൈര്യപ്പെടുന്നില്ല. എന്നാലും, അല്പം ധിക്കാരത്തോടുകൂടിത്തന്നെ പറ

യട്ടെ, ഈ ഗ്രന്ഥത്തിന്റെ എല്ലാ കുറവുകളും മിഴിവുകളും എന്റേതാണ്.

വിശ്വലേഖനത്തെ പ്രതിക്കൂട്ടിൽ കയററി നിറുത്തി വിസ്തരിക്കാൻ തക്ക പാണ്ഡിത്യം എനിക്കില്ല. ബർനാഡ് ഹെയറിംഗ്, ഷില്ലബ്ബക്ക് തുടങ്ങിയ പ്രഗത്ഭരായ വൈദിക പണ്ഡിതന്മാർ വിശ്വലേഖനത്തെ വിലയിരുത്തിയതു് സ്മരണയിലുണ്ട്. കേരളത്തിലെ സാധാരണ ജനങ്ങൾക്കും ഉപകരിക്കുന്നതിനുവേണ്ടി എഴുതുന്ന ഒരു ഗ്രന്ഥത്തിൽ തനിശാസ്ത്രീയവും സാങ്കേതികവുമായ രീതി അനുചിതമാണ് എന്നു ഞാൻ വിശ്വസിക്കുന്നു. വിവാഹം, സെക്സ്, ദാമ്പത്യ പ്രേമം തുടങ്ങിയവയെക്കുറിച്ച് സഭാതലത്തിലുണ്ടായിരുന്നതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ധാരണകളിലൂടെ കണ്ണോടിച്ചിട്ടുണ്ട്. ചാക്രികലേഖനവും അതു് മററു രാജ്യങ്ങളിൽ ഇളക്കിവിട്ട ഒച്ചപ്പാടുകളും അവയെ ആ നാടുകളിലെ മെത്രാന്മാർ നേരിട്ട രീതിയും, ദമ്പതികൾക്കു നല്കിയ മാർഗ്ഗനിർദ്ദേശങ്ങളും കുറെയൊക്കെ തേടിപ്പിടിച്ചിട്ടുണ്ട്. അവയുടെ വെളിച്ചത്തിൽ നമ്മുടെ നാട്ടിലെ ദമ്പതികൾക്കും സ്വന്തമായ ഉത്തരവാദിത്വത്തോടെ തീരുമാനങ്ങളിലെത്താൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നു. ഈ ഗ്രന്ഥം എഴുതിക്കഴിഞ്ഞു് ഒന്നുകൂടി വായിച്ചപ്പോൾ അവിടെയവിടെ ഒന്നുകൂടി ചെത്തിമിനുക്കേണ്ടതുണ്ടെന്നു് തോന്നി. എന്നാൽ, അതിനു് മുതിർന്നില്ല. വായനക്കാരുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടാകാമെന്നു് കരുതി. മാത്രമല്ല, 'കേരളസഭയെ പരാമർശിക്കുന്ന രണ്ടുമൂന്നു വിമർശന ഗ്രന്ഥങ്ങളെ വിമർശന ബുദ്ധിയോടെ വിലയിരുത്തുകയാണിപ്പോൾ. കഴിയുന്നതും വേഗം അവ പൊതുജനസമക്ഷം അവതരിപ്പിക്കാനുള്ള വ്യഗ്രതയിലുമാണ്.' അതുകൊണ്ടു്, ഈ ഗ്രന്ഥത്തെ ഇങ്ങനെ തന്നെ പ്രസിദ്ധീകരിക്കുകയാണു്. ദമ്പതികളുടേയും നല്ല മനുഷ്യരുടേയും വിലയിരുത്തലുകൾ

ക്കു് മുൻകൂട്ടി നന്ദിപറയുന്നു. ആശയങ്ങളെ ആശയങ്ങൾ കൊണ്ടു നേരിടുന്നതു് യുക്തമാണു്. അധികാരത്തിന്റെ ഉറുമി ചുഴററരുതു് എന്നു് ഉന്നതങ്ങളിൽ വസിക്കുന്നവരോടു് അഭ്യർത്ഥിക്കുന്നു. മാർപ്പാപ്പ 'മനുഷ്യജീവൻ' എന്ന വിശ്വലേഖനം സൃഷ്ടിച്ച ചലനങ്ങൾ ശാന്തമായിക്കഴിഞ്ഞ ശേഷമാണെങ്കിലും, എഴുതി തയ്യാറാക്കിയിട്ടു് ഒരു വർഷം കഴിഞ്ഞിട്ടാണെങ്കിലും ഈ ഗ്രന്ഥം പുറത്തിറക്കുകയാണു്. അതിനു് ഏതെങ്കിലും വിധത്തിൽ സഹായിച്ച ഓരോരുത്തർക്കും നന്ദി പറയുന്നു.

എറണാകുളം,<br>15–5–'72.

ഗ്രന്ഥകർത്താവു്.

# 1. സെക്സും വിവാഹവും

## ക്രിസ്തുമതത്തിൽ

പഴയ ചക്രവാളസീമകളിൽനിന്ന് പിൻതിരിഞ്ഞു് പ്രതീക്ഷാനിർഭരമായ പുതിയ ചക്രവാളങ്ങളിലേക്ക് കണ്ണയക്കുകയാണ് മനുഷ്യൻ. പദാർത്ഥത്തിൻെറയും ചൈതന്യത്തിൻെറയും ദശലക്ഷവർഷങ്ങളിലൂടെയുള്ള പരിണാമപ്രതിഭാസം മുഴുവനും മനുഷ്യനിലേക്കും അവനിലും അവനിലൂടെയും ഒരതീതയാഥാർത്ഥ്യത്തിലേക്കും നീങ്ങുന്നു. ചരിത്രത്തിൻെറ അങ്ങോട്ടുള്ള അവിരാമഗമനത്തിൻെറ ഒരു പ്രത്യേകഘട്ടത്തിലായിരുന്നു മനുഷ്യൻ. അവനിൽ വിശ്വംതന്നെ നിർലീനമാണ്. വിശ്വനിർലീനമായ ആ സത്യം ദൈവംതന്നെ സ്വീകരിച്ചു. അതാണ് മനുഷ്യാവതാരപ്രക്രിയ. ഈ പ്രക്രിയ ഒരു പുതിയ ആകാശത്തിൻെറയും പുതിയ ഭൂമിയുടെയും തുടക്കമായിരുന്നു. പക്ഷെ, പരിമിതിയിലമന്ന മനുഷ്യൻ ഈ സത്യം വേണ്ടത്ര ഗ്രഹിച്ചില്ല; ഇന്നും അവനതു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, നവചൈതന്യപ്രവാഹത്തിൻെറ നിത്യസ്രോതസ്സായി ഇന്നും അതു് വർത്തിക്കുന്നു.

വചനം മാംസംധരിച്ചതു് ഈ പ്രപഞ്ചത്തെ തന്നിലൂടെ ജീവത്താക്കാനാണ്. ആ ശബ്ദബ്രഹ്മത്തിൻെറ പ്രസംഗവും പ്രവൃത്തിയും മാതൃകയും അനേകരെ ആകർഷിച്ചു. അദ്ദേഹത്തിൻെറ കാലടിപ്പാടുകളെ പിൻതുടരാൻ ആളുകളുണ്ടായി. 'വഴിയൊരുക്കിയ' സ്ഥാപകൻെറ പിന്നാലെ വന്ന 'മുമ്പനായ'

ക്രിസ്തുവും ഹൃദയപരിവർത്തനത്തിലൂടെ (Metanoia), ഒരു രക്ഷാകരവിപ്ലവത്തിന് ആഹ്വാനമാണയത്തിയതു്. ഈ ലോകത്തിനപ്പുറത്ത് വേറൊരു ലോകജീവിതമുണ്ടെന്നും അവിടെയെത്തുകയാണ് ജീവിതലക്ഷ്യമെന്നും അതു പിതാവിൻെറ ഭവനമാണെന്നുമുള്ള ജീവിതവീക്ഷണം ക്രിസ്തു നല്കുന്നുണ്ട്. എന്നെ അയച്ചവൻെറ അടുക്കലേക്ക് ഞാൻ പോകുന്നു. (യോഹ. 16:5), ഞാൻ അങ്ങയുടെ അടുക്കലേക്ക് വരികയാണ് (യോ. 17:13) എൻെറ രാജ്യം ഐഹികമല്ല (യോ. 18:37), നിങ്ങൾ ലോകത്തിൻേറതല്ല (യോ. 15:19) തുടങ്ങിയ നിരവധി വാക്യങ്ങൾ ആപരലോകജീവിതത്തെയാണ് ഉദ്ദേശനം ചെയ്യുന്നതു്. മലയിലെ പ്രസംഗം (മത്താ. 5. 1-12; 6:19) ഒരു പരിധിവരെ ഈ ലോകജീവിതം മാതൃകാപരമാക്കേണ്ടതു പരലോകത്തു കണ്ണുനട്ടുകൊണ്ടായിരിക്കണം എന്നാണ് വ്യക്തമാക്കുക. ഒന്നാമതായി ദൈവരാജ്യവും തന്നീതിയും അന്വേഷിക്കുക (മത്താ. 12:30) എന്നതും ശ്രദ്ധാർഹമാണ്.

ഈ പരലോകസിദ്ധിക്കായുള്ള യത്നത്തിൽ അപ്പനമമ്മയും തടസ്സമായാൽ അവരെയും ഉപേക്ഷിക്കണം (മത്താ: 10:34-39) പരിപൂർണ്ണനാകണോ, ലോകസ്വത്തു പാടില്ല (മർക്കോ. 10:19) മനുഷ്യാ, നീ ലോകം മുഴവൻ നേടിയാലും നിൻെറ ആത്മാവു നശിച്ചാൽ എന്തു പ്രയോജനം (മത്താ. 16:26) എന്നിങ്ങനെയുള്ള വാകൃശകലങ്ങൾ വെള്ളിടിപോലെയാവണം ആ ജനങ്ങൾ ശ്രവിച്ചതു്. ആത്മരക്ഷ കരഗതമാകുന്നതിനു കണ്ണുതുരന്നു കളയാനോ, കൈ വെട്ടിമുറിക്കാനോ (മാർക്കോ. 9.41-49) മടിക്കേണ്ടതില്ല. നല്ല ജീവിതം നയിച്ചില്ലെങ്കിൽ തീനരകമായിരിക്കും ലഭിക്കുക എന്ന സന്ദേശവുമായി 'ധനവാൻെറയും ലാസറിൻെറ'യും (ലൂക്ക. 16. 19-31 കഥയും വേപഥുജനകമായിരുന്നിരിക്കണം.

## ക്രിസ്തുവിൻെറ ദ്വിതീയാഗമനം (പത്രുസ്യാ)

ക്രിസ്തുവിൻെറ പ്രസംഗത്തിൽനിന്നു് അവിടുത്തെ ദ്വിതീയാഗമനം പെട്ടെന്നുണ്ടാകുമെന്നു പലരും ധരിച്ചുവശായി. ഏററവും ഭീതിദമായ വിധത്തിൽ അന്തിമദിനങ്ങളെക്കുറിച്ചു ക്രിസ്തു പറയുന്നുണ്ടു്. പ്രപഞ്ചശക്തികൾ കീഴ്മേൽ മറിഞ്ഞു് ഉരുകി അപ്രത്യക്ഷമാകുമ്പോൾ മനുഷ്യപുത്രൻ മുകിൽച്ചുരുളിനു മുകളിലായി ഇടിമിന്നൽപോലെ പ്രത്യക്ഷപ്പെടും (മത്താ. 24.23-31). ആ ദിനം അജ്ഞാതമാണു്; പിതാവിനുമാത്രമേ അറിയുകയുള്ളു. അപ്രതീക്ഷിതമാണാദിനം (മത്താ. 24. 36-41). അതിനാൽ ജാഗരൂകരായിരിക്കണം (മത്താ. 24. 42). അല്ലെങ്കിൽ ബുദ്ധിഹീനരായ അഞ്ചു കന്യകകളുടെ സ്ഥിതി വന്നുഭവിക്കും (മത്താ. 25. 1-13). നാഥൻ എപ്പോൾ വന്നാലും, കിട്ടിയ താലന്തുകൾ വദ്ധിപ്പിച്ചു് സ്വീകരണത്തിനു തയ്യാറായിരിക്കണം (മത്താ. 25.14-40). അവിടുന്നു വരിക പ്രതാപത്തോടും സർവ്വ സ്വർഗ്ഗീയ ദൂതന്മാരുടെ അകമ്പടിയോടും കൂടിയാണു് (മത്താ. 25.31). കല്യാണവസ്ത്രം ധരിക്കാത്തവരുടെ ശിക്ഷ ഭീകരതരമാണു്.

പത്രുസ്യാ ആസന്നമാണെന്ന ധ്വനി സെൻറ് പോളിൻെറ കത്തുകളിലും വ്യക്തമായി കേൾക്കാം. 'കത്താവിൻെറ ദിവസം നിശാവേളയിലെ ചോരനെപ്പോലെ വരും; എല്ലാം ശാന്തം സുരക്ഷിതം എന്നു പറയുന്ന ആ നിമിഷം പരമശൂന്യത വന്നുവശാകും, ഗർഭിണിക്കു് ഈററുനോവെന്നപോലെ. അതിൽനിന്നു് ആക്കും ഒഴിഞ്ഞുമാറുക ശക്യമല്ല. (1 തെസ. 5. 1-3). ദിവസം സമീപസ്ഥമാണു് (എബ്ര, 10:25). കത്താവിൻെറ ദിവസം ചോരനെപ്പോലെ വരും. ആ ദിവസം അതിശക്തിയായ പ്രചണ്ഡതയിലാണ്ടു് ആകാശം നശിക്കും. പഞ്ചഭൂതങ്ങൾ ചൂടുപിടിച്ചു് ഉരുകും. ഭൂമിയും

അതിലുള്ളവയെല്ലാം നശിക്കും (2 പത്രോ. 3: 1–13). വെളിപാടിൻെറ ഗ്രന്ഥത്തിലുടനീളം 'ഞാൻ വരുന്നു' ഇതാ, ഞാൻ വരുന്നു എന്ന സ്വരം അലയടിക്കുന്നുണ്ട്. 'ഞാൻ ത്ധടിതിവരുകയാണ്. ആമേൻ! വരുക; കർത്താവീശോ' എന്നു പറഞ്ഞുകൊണ്ടാണ് വെളിപാടിൻെറ പുസ്തകം അവസാനിക്കുന്നതുതന്നെ.

## ആദിമസഭയിൽ

ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ വളരെ ശക്തമായിരുന്നു, ആദിമസഭയിൽ. രക്ഷകൻെറ വരവ് ഏതു നിമിഷത്തിലുമാകാം. അക്കാരണത്താൽ, ഒരുങ്ങിയിരിക്കണം. അതുകൊണ്ടു വിശ്വാസികൾ കൂട്ടായ്മയായി ജീവിച്ചു. എല്ലാം പൊതുസ്വത്ത്. അവരുടെ ഗണത്തിൽ മുട്ടുപാടുള്ളവർ ആരുമുണ്ടായിരുന്നില്ല (നടപടി 4. 32–35). അനനിയാസിൻെറ ദുർമ്മരണം സഭ മുഴുവനിലും സംഭവമറിഞ്ഞ സർവ്വരിലും വലിയ ഭയം ഉളവാക്കി (നട. 5. 1–11). ഈ ഭയത്തിൻെറ അന്തരീക്ഷം അവരുടെ ജീവിതത്തെ ആകെ ചലനാത്മകമാക്കി.

ആത്മരക്ഷക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ള ഉപദേശങ്ങളാണ് ക്രിസ്തുശിഷ്യന്മാർ നല്കിയതു്. ആത്മീയവിജ്ഞാനം ജീവനിലേക്കും ശാന്തിയിലേക്കുമുള്ളതാണ്; ജഡികവിജ്ഞാനം മരണത്തിലേക്കും. ജഡികചിന്ത ദൈവത്തിൻെറ ശത്രുതക്ക് പാത്രമാകും. വിഷയാസക്തർക്ക് ദൈവത്തെ പ്രീണിപ്പിക്കുക സാധ്യമല്ല. മാംസേച്ഛാനുസരണം ജീവിച്ചാൽ നിങ്ങൾ ചാകും. എന്നാൽ, ജഡാസക്തിയെ ആത്മീയശക്തികൊണ്ടു് അമർച്ചചെയ്താൽ നിങ്ങൾ ജീവിക്കും (റോ. 8. 5-13). ക്രിസ്ത്യാനികളുടെ ജീവിതം എങ്ങനെയായിരിക്കണം? സെൻെറ് പോൾ തന്നെ പറയുന്നുണ്ട്: മിശിഹാക്കുള്ളവർ ജഡത്തെ അതിൻെറ വിഷയാസക്തികളോടും ദുരാ

ഗ്രഹങ്ങളോടും കൂടി ക്രൂശിക്കണം (ഗലേ. 5. 13–26; തെസ. 4: 1–12). സമയം ആസന്നമായതുകൊണ്ടു് ഭാര്യയുള്ളവർ ഇല്ലാത്തവരെപ്പോലെ ആയിരിക്കട്ടെ (1 കോറ. 7. 25–35). അധമപ്രകൃതിയെ അമർത്തിക്കൊണ്ടുള്ള ജീവിതം എപ്പോഴും കൺമുമ്പിലുണ്ടു്. ഈ നശ്വരശരീരത്തിൽനിന്നു് എന്നെ ആരുരക്ഷിക്കും (റോമ. 7. 24) എന്നു് 'ദുർഭഗൻ' സ്വരമുയർത്തുന്നതും നാം കേൾക്കുന്നുണ്ടു്.

ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനം അത്യാസന്നമായിരിക്കുന്നു എന്ന ചിന്തയും, ലോകം പിശാചു് ശരീരം എന്നിങ്ങനെ മൂന്നു ശത്രുക്കൾ ആത്മരക്ഷക്കു് വിഘാതമായി നില്ക്കുന്നല്ലോ എന്ന വേവലാതിയും ആദിമക്രിസ്ത്യാനികളിൽ വേരൂന്നി വളൎന്നിരുന്നു. മതമർദ്ദനത്തിൻെറ കാലം കഴിയുകയും ദ്വിതീയാഗമനം നീണ്ടുപോകുകയും ചെയ്തെങ്കിലും ലോകം പിശാചു് എന്നിവയിൽനിന്നും അധമപ്രകൃതിയുടെ ഇരിപ്പിടമായ ശരീരത്തിൽനിന്നും രക്ഷപ്പെടാതെ പരലോകജീവിതം അപ്രാപ്യമാണെന്ന ചിന്താഗതി വിട്ടുമാറിയില്ല. ശരീരത്തോടുള്ള വെറുപ്പു് വളരെ വ്യക്തമായി അക്കാലത്തുള്ള ചിന്താഗതിയിൽ അള്ളിപ്പിടിച്ചിരിക്കുന്നതായി കാണാം.

യഹൂദമതത്തിൻെറ ഈററില്ലത്തിൽ പിറന്നുവീണ ക്രിസ്തുമതം വളൎന്നതും യഹൂദാന്തരീക്ഷത്തിലായിരുന്നു. വിവാഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടു് വ്യക്തമായിരുന്നില്ല. പഴയനിയമത്തിൻെറ പേജുകളിൽ വിവാഹത്തെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ പറഞ്ഞുവച്ചിരുന്നു. ആദത്തിനു് ഒരു കൂട്ടുകാരിയുടെ ആവശ്യം ദൈവം മനസ്സിലാക്കുന്നതും, അവൻെറ ഇടതുവശത്തായിരിക്കേണ്ട അവളെ അവൻെറ ഇടതുവശത്തെ വാരിയെല്ലിൽനിന്നു് രൂപംകൊടുക്കുന്നതും, വിവാഹം ദൈവികപ്ലാനിലുള്ളതാണെന്നും അവർ അപ്പനെയും അമ്മയെയും ഉപേക്ഷിച്ചു് ഏകജഡമായിത്തീരുന്നതും എല്ലാം ബൈബിളിൻെറ പ്രഥമാധ്യായത്തിൽ സമൃക്കായി വിവരിച്ചിട്ടുണ്ടു്.

എന്നാൽ, ആസൂചിതങ്ങൾക്കു് വ്യാഖ്യാനം നല്കാനോ, ഒരു വൈവാഹിക ദൈവശാസ്ത്രത്തിനു് രൂപഭാവങ്ങൾ നല്കാനും അന്നാരും ശ്രമിച്ചിരുന്നതായി കാണുന്നില്ല. സ്ത്രീയുടെ മഹത്വത്തെപ്പററി ചിന്തിക്കാൻ അന്നാരും മെനക്കെട്ടില്ല. ഒററപ്പെട്ട ചില സ്ത്രീകളെ പുകഴ്ത്തിയിട്ടുണ്ടു്. കൂടുതൽ ഇകഴ്ത്തിയിരിക്കയാണു്. ആദർശഭാര്യയെപ്പററി സുഭാഷിതങ്ങളിൽ (31. 10–30) മനോഹരമായി വർണ്ണിച്ചിട്ടുണ്ടു്. സ്ത്രീത്വത്തെപ്പററി കാര്യമായിട്ടൊന്നും കാണുകയില്ല. സ്ത്രീകളോടും സ്ത്രീത്വത്തോടും സെൻറ്പോൾ പോലും നീതികാണിച്ചുവോ? ഇല്ല എന്നു തോന്നുന്നു. കൊറിന്ത്യർക്കെഴുതിയ ഒന്നാമത്തെ കത്തിൽ പതിനൊന്നാം അദ്ധ്യായം രണ്ടു മുതൽ പതിനാറുവരെയുള്ള വാക്യങ്ങൾ വായിച്ചാൽ സംശയത്തിനിടനല്കുന്നില്ല.

സൈക്സിക്കമായവയെല്ലാം അശുദ്ധമാണെന്നു് യഹൂദർ കരുതിയിരുന്നോ എന്നു സംശയിക്കണം. മൂശ കല്പിച്ചിട്ടുള്ള ആചാരവിധികൾ സംശയത്തെ സാധൂകരിക്കുന്നുണ്ടു്. ഇന്ദ്രിയസ്ഖലനം, ആർത്തവം തുടങ്ങിയവ തികച്ചും അശുദ്ധമാണു്, ശുദ്ധികർമ്മങ്ങൾ എന്തെല്ലാമെന്നു് മൂശ വിവരിച്ചിട്ടുണ്ടു്. എന്നാലും 'പാട്ടുകളുടെ പാട്ടിലെ' ശൃംഗാരചേഷ്ടകൾ ഹരം പിടിപ്പിക്കത്തക്കവയാണു്. ലൈംഗികബന്ധത്തെ വ്യംഗ്യമായി ചിത്രീകരിക്കുന്ന മനോഹരമായ അവസരങ്ങളുണ്ടു്. "നിൻെറ ജലാശയത്തിൽനിന്നു നീ കുടിക്കുക; സ്വന്തം കിണററിൽനിന്നുള്ള ജലം പാനം ചെയ്യുക. നിൻെറ ഉററവകൾ വെളിയിലേക്കും നിൻെറ നീരൊഴുക്കുകൾ തെരുവീഥിയിലേക്കും വ്യാപിക്കണമോ? നിൻെറ ഉറവ നിനക്കും അന്യർക്കും കൂടിയല്ലാതെ, നിനക്കു മാത്രമുള്ളതായിരിക്കട്ടെ. നിൻെറ ഉറവ ധന്യമായിരിക്കട്ടെ; നിൻെറ യൗവനത്തിലെ ഭാര്യയിൽ നീ ആനന്ദം തേടിക്കൊള്ളുക. അവൾ നിനക്കു പ്രിയപ്പെട്ട മാൻപേടയും ഇഷ്ടപ്പെട്ട മാൻകിടാവുമായിരിക്ക

ട്ടെ. അവളുടെ സ്നേഹം നിന്നെ ലഹരിപിടിപ്പിക്കട്ടെ; അവളുടെ സ്നേഹത്തിൽ നീ ആനന്ദിച്ചുകൊള്ളുക'' (സുഭാഷിതങ്ങൾ 5. 15-19). പ്രേമപ്രകടനങ്ങളെക്കുറിച്ചുള്ള സമ്യക്കായ വിവരണം 'പാട്ടുകളുടെ പാട്ടിലു'ള്ളതും ഇവിടെ ഓർക്കുക. പക്ഷേ, ബൈബിളിലെ ഈ വാക്കുകൾക്കും ഉപദേശങ്ങൾക്കും വേണ്ടത്ര സ്വാധീനം ജനതാമദ്ധ്യത്തിൽ ഉണ്ടായില്ല എന്നു പറയുകയാവും ശരി. അതിന്റെ ഫലമായി, സെക്സിനെക്കുറിച്ച് ഒരു നിഷേധാത്മക നിലപാട് സമുദായത്തിൽ വളരുകയും ചെയ്തു.

ദാമ്പത്യബന്ധം ക്രിസ്തുവും സഭയുമായുള്ള ബന്ധവുമായി താരതമ്യം ചെയ്ത് സെന്റ് പോൾ പറയുന്നുണ്ട്. ഭാര്യാഭർത്തൃബന്ധത്തെ സംബന്ധിച്ച് അദ്ദേഹം ദീർഘമായി പ്രതിപാദിക്കുന്നുണ്ട്. എന്നാലും, വിവാഹത്തെ നിഷേധാത്മകമായിട്ടാണ് അദ്ദേഹം വീക്ഷിക്കുന്നത്. നിങ്ങൾ എന്നെപ്പോലെതന്നെ (ബ്രഹ്മചാരി) ആകുന്നതാണ് നല്ലത്.... ഭാര്യയെ സ്വീകരിക്കുന്നപക്ഷം 'നീ പാപം ചെയ്യുന്നില്ല.' ഒരു കന്യക വിവാഹിതയാകുന്നപക്ഷം 'അവളും തെറ്റു ചെയ്യുന്നില്ല....' സമയം കുറവ്. ഭാര്യയുള്ളവർ ഇല്ലാത്തവരെപ്പോലെ ആയിരിക്കട്ടെ.. പ്രായപൂർത്തിയായ കന്യകകൾ വിവാഹിതരായിക്കൊള്ളട്ടെ. അതിൽ തെററില്ല. മനശ്ശക്തിയുള്ളവൻ, സ്വന്തം കന്യകയെ സൂക്ഷിക്കാൻ തീരുമാനിക്കുന്നെങ്കിൽ 'അവൻ നന്നായി' ചെയ്യുന്നു. അതുകൊണ്ടു സ്വന്തം കന്യകയെ വിവാഹം ചെയ്യുന്നവൻ നന്നായി ചെയ്യുന്നു; ചെയ്യാത്തവൻ 'അതിലും നന്നായി' ചെയ്യുന്നു(1കോറ. 7.25-38). വികാരംകൊണ്ട് എരിയുന്നതിനെക്കാൾ വിവാഹം കഴിക്കുന്നതാണ് ഉത്തമമെന്നു പറയുന്ന പൗലോസിന്റെ സമീപനം നിഷേധാത്മകമാണ്. ബ്രഹ്മചര്യത്തെ ഉയർത്തിക്കാണിക്കുന്ന അദ്ദേഹത്തിന്റെ ആ പ്രവണത, ദമ്പതികൾക്ക് കുരിശായി തീർന്നു എന്നതു് ചരിത്രം തെളിച്ചുകാണിക്കുന്നുണ്ട്. വിവാ

ഹത്തെക്കുറിച്ച് പൗലോസിൻെറ പ്രസ്താവങ്ങൾ മുഖവിലക്കെടുത്തവക്ക് ആശയക്കുഴപ്പമുണ്ടായതിൽ അത്ഭുതപ്പെടാനില്ല. ദാമ്പത്യബന്ധത്തെ ക്രിസ്തുവും സഭയുമായുള്ള ബന്ധവുമായി തട്ടിച്ചുകാണിച്ച പൗലോസാണല്ലോ ഇങ്ങനെയും പറയുന്നതു്!

യഹൂദപാരമ്പയ്യത്തിൽനിന്നും പൗലോസിൻെറ 'തീക്ഷ്ണത'യിൽനിന്നും ജീവിതദശ്നം കിട്ടിയവർ, വിവാഹത്തെ ഇകഴ്ത്തിയും ബ്രഹ്മചയ്യത്തെ പുകഴ്ത്തിയും പാടി പ്രസംഗിക്കാനിറങ്ങി. ഇക്കാലത്തുതന്നെ താപസന്മാരുടെ ആവിർഭാവത്തിനു ചരിത്രം സാക്ഷിനിന്നു.

## താപസർ

ദീർഘനാളത്തെ മതമദ്ദനത്തിൻെറ അവസാനമായി ക്രിസ്തുമതം സ്വാതന്ത്ര്യത്തിൻെറ അന്തരീക്ഷത്തിൽ വളരാനാരംഭിച്ചു. ഇക്കാലഘട്ടത്തിലാണ് പൗരസ്ത്യരാജ്യങ്ങളിൽനിന്നു് താപസജീവിതത്തിൻെറ ആദ്യപാഠങ്ങൾ റോമിലേക്കു കടന്നതു്. നാലാം നൂററാണ്ടിൻെറ ആരംഭത്തിൽ, ലോകത്തിൻെറ മറിമായങ്ങളിൽ നിന്നകന്നുജീവിക്കാൻ ആളുകൾ മുന്നോട്ടുവന്നു. ലോകത്തിലുള്ളവയെല്ലാം മായകളുടെ മായയാണ്. ലോകം പിശാചു് ശരീരം എന്നീ ശത്രുനിരയിൽ നിന്നു് രക്ഷപെടാനായി, മണലരണ്യങ്ങളിലും വനാന്തരങ്ങളിലെ ഗുഹകളിലും വളരെപ്പേർ തപശ്ചര്യജീവിതം നയിക്കാനാരംഭിച്ചു. പക്കോമിയസും ആൻറണിയും അവരിൽ മുമ്പന്മാരാണ്. അധമപ്രവണതകളെ അമർത്തി ശരീരമെന്ന ശത്രുവിനെ മയ്യാദപഠിപ്പിക്കുവാനുള്ള വ്യഗ്രത; ആവശ്യമില്ലാത്ത പാപബോധം തുടങ്ങിയവയും ഞെട്ടിപ്പിക്കുന്നവിധത്തിലുള്ള ശരീരദണ്ഡനങ്ങൾക്കു് പ്രേരണനല്കി. പ്രാത്ഥനക്കും ധ്യാനത്തിനുമായി ഭായ്യയെയും മക്കളെയും കുടുംബത്തെയും ഉപേക്ഷിച്ചവരും ഇല്ലാതില്ല. സ്വഗ്ഗത്തിലൊരു 'തറടിക്കറെറ'ങ്കിലും കിട്ടിയില്ലെങ്കിൽ നിത്യമായി നരകിക്കേണ്ടി

വരുമല്ലോ എന്ന ഭീതിയാണിവിടെ പ്രകടമാകുന്നതു്. അവർ ജീവിതത്തിലെ എല്ലാ സുഖങ്ങളും ഉപേക്ഷിക്കുക മാത്രമല്ല, ശരീരശുദ്ധിയുടെ കാര്യത്തിലും അശ്രദ്ധരായി. * സ്വന്ത ശരീരത്തെ ജന്മശത്രുവായി കണക്കാക്കിയാലുണ്ടാകുന്ന പരിണതഫലം ഊഹ്യമാണല്ലോ. സ്വശരീരത്തെ കഠിനമായി പീഡിപ്പിച്ച് ശത്രുവിനെ ജയിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്നു അവർ. എങ്ങിനെയെന്നോ? സ്ത്രീസ്പർശം മൂലം കല്മഷിതരാകാതെ, ബ്രഹ്മചാരികളായി, കുഞ്ഞാട്ടപോകുന്നിടത്തെല്ലാം അനുഗമിക്കാൻ (വെളി. 14. 3-5). വിശുദ്ധ പുണ്യം എന്നതു് മാലാഖാമാർക്കടുത്തതാണല്ലോ. ഇങ്ങനെ ധ്യാനിച്ചുകഴിഞ്ഞു്, സ്വശരീരത്തെ, രക്ഷയുടെ ആ ശത്രുവിനെ, കാണുമ്പോൾ, ആ അധമശക്തിയെ അമർത്തി ഞെരുക്കാതെന്തു ചെയ്യും? വനവാസികളായ ആ താപസന്മാരുടെ ജീവിതം ആധുനികമനുഷ്യനു് ഭീതിജനകമാണു്. എന്നാൽ, അവരുടെ ജീവിതം ആദിമക്രിസ്ത്യാനികളുടെ മുമ്പിൽ ഉത്തമമായിരുന്നു. അക്കാരണത്താൽ, ആ സന്യാസികൾക്കു് സാമാന്യജനങ്ങളുടെയിടയിൽ സ്വാധീനമുണ്ടായി. അവരുടെ ചിന്തയും പ്രസംഗവും അവക്കു് പ്രചോദനം നല്കുവാൻ പര്യാപ്തമായിരുന്നു.

## രണ്ടു വീക്ഷണങ്ങൾ

ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടവരുടെയിടയിൽ അക്കാലത്തു് രണ്ടു ചിന്താധാരകൾ സെക്സിനെക്കുറിച്ചുണ്ടായിരുന്നു—സെക്സ് നിയമവിധേയമാക്കേണ്ട ഒന്നല്ല എന്നും, പാപത്തിൻ കീഴ് അതിൽനിന്നു് അകന്നിരിക്കണമെന്നും. ഇതിൽ രണ്ടാമത്തെ അഭിപ്രായത്തിനു് ജനങ്ങളുടെയിടയിൽ പ്രചാരം കിട്ടി. അതിനു് സഹായകരമായതു് താപസന്മാരുടെ പ്രസംഗ

★ A. J. Philippose (Editor)
The Orthodox Ethos Vol. 1
Holywell Press Oxford - 1964

മായിരുന്നു. അക്കാലത്തു് നിലവിലിരുന്ന തത്ത്വശാസ്ത്രത്തി നും കുറേ ഉത്തരവാദിത്വം ഉണ്ടു് മനുഷ്യശരീരം തമസ്സിന്റെ ശക്തിയാണു്. എന്നാൽ, ഒരു ജ്യോതിർസ്ഫുലിംഗം അതി ലുണ്ടു്. ഏറെക്കുറെ ഇതാണു് മനിക്കേയൻ * സിദ്ധാന്ത ത്തിന്റെ അടിസ്ഥാനതത്വം. ഉല്പാദനം തിന്മയാണു്. കാ രണം, അതു് പ്രകാശത്തിന്റെ ബന്ധനം നിത്യമാക്കുന്നു. ഉല്പാദനക്ഷമമല്ലാത്ത ബീജസ്ഖലനം പ്രകാശത്തെ ദൈവ ത്തിൻപക്കലേക്കു നയിക്കുന്നു! എന്നാൽ, ഉല്പാദനവും വിവാ ഹവും ഏററവും ധന്യമായ ജീവിതരീതിയായിട്ടാണു് പെലാ ജിയസിന്റെ പ്രബോധനങ്ങൾ. ഇങ്ങനെയുള്ള പരസ്പര വിരുദ്ധങ്ങളായ തത്ത്വശാസ്ത്രങ്ങൾ സ്വാധീനം അബോധ പൂർവ്വമായിട്ടാണെങ്കിലും സഭാപിതാക്കന്മാരിൽ കുടിയേറിയി രുന്നു. ശരീരത്തെയും അതിന്റെ പ്രവണതകളെയും മെരുക്കി വളർത്തുന്ന ബ്രഹ്മചാരികളായ സന്യാസികളാണു് ഈ സഭാ പിതാക്കന്മാർ എന്നുകൂടി ഒപ്പം ഓർത്തിരിക്കേണ്ടതാണു്. ഇവ രാണു് വിവാഹത്തെയും പ്രേമത്തെയുംക്കുറിച്ച് ആധികാരിക മായി സഭാംഗങ്ങളെ പഠിപ്പിക്കാൻ 'വിളിക്കപ്പെട്ടിരിക്കുന്ന വർ'! അവർ പറഞ്ഞുവച്ചിരിക്കുന്നവയിലൂടെ ഒരു വിഹഗവീ ക്ഷണം നടത്തുക യുക്തമാണു്.

## സെക്സും സഭാപിതാക്കന്മാരും

സെക്സിനോടു് അങ്ങേയററം വെറുപ്പു പുലർത്തിയിരുന്ന ആളാണു് സെൻറ് ജറോം. തന്റെ മുൻവിധിക്കനുസൃതമായ വിധത്തിൽ ചില മിനുക്കുപണികൾ ബൈബിൾ വിവർത്തന ത്തിൽ നടത്തിയിട്ടുണ്ടു്. * വിവാഹത്തെക്കുറിച്ച് അക്രൈ സ്തവമായ വീക്ഷണമാണദ്ദേഹത്തിനു്. 'വേറെ നിവൃത്തി യില്ലാത്തതുകൊണ്ടു് വച്ചുപൊറുപ്പിക്കേണ്ട ഒന്നാണതു്'' എന്നു

---

★ Cof. Encyclopaedia Britanica
13d Edition
Manichaeism. P. 572ss.

★ Onan's Sin becomes 'Res detestabiles' where the original demands 'displeared the Lord'

 61975

തോന്നും. മാംസത്തിന്റെ പ്രവണതകൾക്ക് വളം വയ്ക്കുന്ന വിവാഹത്തെ വെറുക്കാതെന്തു ചെയ്യും. സംയോഗത്തെക്കുറിച്ച് പറയുമ്പോൾ എവിടെ നിന്നോ വൈരാഗ്യഭാവം ഓടിക്കയറിവരുകയാണ്. സെൻറഗസ്റ്റിനും ഈ വഴിക്കു തന്നെയാണ് പോകുന്നത്. ഉല്പാദനത്തിനുവേണ്ടിയാണ് സംയോഗമെങ്കിൽ ഉത്തമം; ആനന്ദാനുഭൂതിക്കാണെങ്കിൽ പാപകരം. മാരകപാപമാണ് എന്നദ്ദേഹം പറയുന്നില്ല. ആധ്യാത്മികമായി വളർന്നവർ സംയോഗം പാടെ ഉപേക്ഷിക്കും. സെൻറഗസ്റ്റിനും ബൈബിൾ വാക്യങ്ങളെ വളച്ചൊടിച്ചിട്ടുണ്ട്. സംയോഗത്തിന്റെ വൈകാരികവശത്തിലാണ് അദ്ദേഹം പാപം കണ്ടെത്തുന്നത് (പേജ് 236, 37). * ഉല്പാദനത്തെ ഒഴിച്ചു നിറുത്തിക്കൊണ്ടുള്ള എല്ലാ സംയോഗങ്ങളും ലജ്ജാകരവും അനനുവദനീയവുമാണ്. * "If a man has not the gift of continance, let him marry lawfully, lest he beget children shamefully or, still more shamefully copulate without begetting. Though this is done even by those lawfully married. For it is unlawful and shameful to have intercourse even with one's own wife, if the conception of children is avoided. Onan the son of juda did this and God slew him for it.'

(De Conjugiis Adulternis, 2, 12 : 40/479) അഗസ്റ്റിന്റെ ദൃഷ്ടിയിൽ 'റിഥം' പോലും തെററാണ് (P. L. 32. 1373) ഇതോടൊപ്പം പോകുന്നു വന്ധ്യകരണം, Coitus interruptus തുടങ്ങിയവ. കാരണം അവയെല്ലാം ഉല്പാദനമെന്ന ലക്ഷ്യത്തിനു വിരുദ്ധമാണ്. മനിക്കേയൻ തത്വമനുസരിച്ചു ജീവിച്ചവനാണ് അഗസ്റ്റിൻ എന്നതു് മറക്കരുതു്. വച്ചു പുലത്തിയിരുന്ന പെണ്ണുമായി സംയോഗം നടത്തിയ

---

★ G. Egners. Birth Regulation and Catholic Belief.
Sheed & Ward
33 Maiden Lane London W. C. 2. 1966

* 3

പ്പോൾ ജനനനിരോധനം 'റിഥ'മിലൂടെ നടത്തി അബദ്ധം പററി ഒരു കൊച്ചുസമ്പാദ്യമുണ്ടായ അനുഭവം അദ്ദേഹത്തിനുണ്ടു്. സ്റ്റോയിക്കു് മനിക്കേയൻ ചിന്തയുടെ സങ്കലിതഭാവമാണു് അഗസ്റ്റിനിൽ കാണുക. റാഷനൽ നേച്ചറിനു് അനുഗുണമായി ജീവിക്കുക എന്ന പ്ലേറേറാ—സേ്ററായ്ക്കു് ദർശനം തെളിഞ്ഞു വരുന്നു. സുഖാനുഭൂതി അധമപ്രകൃതിയുടേതാണു്; അതു് ഉത്തമ (Rational) പ്രകൃതിക്കു് അടിമയാകണം. വിവാഹം സന്താനോല്പാദനത്തിനാണെന്നു ബുദ്ധി പറയുന്നു. ഗ്രീക്കു ചിന്തകരുടെ ലക്ഷ്യ (Teleology) ശാസ്ത്രത്തിൻെറ സ്വാധീനമാണിതു്. പ്രകൃതി എന്നു പറഞ്ഞാൽ, എല്ലാ വസ്തുക്കളിലുമുള്ള ദൈവിക പ്രവത്തനശക്തി (Immanent divine Ratio) യാണു്. ഇതിനോടു് സഹകരിച്ചു പ്രവത്തിക്കുക ദൈവത്തിൻെറ കല്പനയാണു്; ഇഷ്ടമാണു്. അപ്പോൾ വിവാഹത്തിൻെറ ലക്ഷ്യത്തിനു വിരുദ്ധമായി പ്രവത്തിക്കുക പാപമാകുന്നു. ഗർഭധാരണ കാലത്തു് സംയോഗം പാപകരമാണു് (St. Jerome, comm. in Eph. iii; 26/657) എന്നു പറയുന്നതിൻെറ കാരണം വിശദമാണല്ലോ.

വിവാഹത്തെയും സംയോഗത്തെയും കുറിച്ചു് മഹാന്മാരായി നാം കരുതുന്ന ചിലരുടെ പ്രസ്താവനകൾ രസകരങ്ങളാണു്. ശിശുക്കൾക്കു് സ്തന്യം നല്കുന്ന കാലഘട്ടത്തിൽ (At the period of lactation) സംയോഗം പാപകരമാണു് (St. Gregory in Bede's Historya Ecclesiasttica gentis Anglorum, 1. 27; 95/64), വിവാഹത്തിൻെറ സ്ഥാപനം തന്നെ വ്യഭിചാരം (Fornication) ഇല്ലാതാകുന്നതിനുവേണ്ടിയാണു് (St. John Chrisostom, Homily on 1 cor. 7. 2; 51/210) ഒരു വലിയ തിന്മയിൽ നിന്നു രക്ഷപ്പെടുന്നതിനു് ഒരു തിന്മയെ അനുവദിക്കുന്നു. വിവാഹത്തിൻെറ 'ഉപയോഗം' (Usumatrimonii) തന്നെ ചീത്തയാണു്, (കാരണം, സ്ത്രീയെ തൊടാതിരിക്കുന്നതു് ഉത്തമമാകുന്നു എന്നു് സെൻറ്

പോൾ പറയുന്നു.) എന്നാൽ, വേശ്യാസംസർഗ്ഗം ഏററവും വിലയ തിന്മ (Worst) യാണ് (St. Jerome, Adv. Jovin. 1, 7; 23/229). വിശുദ്ധ യോഹന്നാൻ രക്തസാക്ഷിയായില്ല. കാരണം, അദ്ദേഹം അവിവാഹിതനായിരുന്നു. എന്നാൽ, വിശുദ്ധ പത്രോസ് വിവാഹിതനായിരുന്നതിനാൽ – ക്രിസ്തുവിനെ അനുഗമിച്ചപ്പോൾ സ്വഭാര്യയെ ഉപേക്ഷിച്ചെങ്കിലും – വിവാഹത്തിന്റെ വൃത്തികേട് സ്വരക്തം കൊണ്ടു കഴകിക്കളയേണ്ടി വന്നു (1. 26; 23/258). ആനന്ദാനുഭൂതി മാംസികമാണെന്നും അതിനാൽ, അതിൽ തിന്മയുണ്ടെന്നും മഹാനായ ഗ്രിഗറി പറഞ്ഞുവച്ചിട്ടുണ്ട്. സംയോഗത്തിനുശേഷം, പ്രായശ്ചിത്തമനുഷ്ഠിക്കാതെയും കുളിക്കാതെയും പള്ളിയിൽ പ്രവേശിക്കരുത്. എന്തെന്നാൽ, മാംസേച്ഛയുടെ (Concupiscence) വഹ്നികെട്ടടങ്ങുന്നതുവരെ, അവൻ തന്റെ 'വൈകൃതപ്രവൃത്തി'യിലൂടെ അനർഹനായിരിക്കുന്നു. വിവാഹം അനനുവദനീയമല്ല. എന്നാൽ, അതിന്റെ ഉപയോഗം ശപ്തവാഞ്ഛ കൂടാതെ അസാധ്യമാണ് എല്ലാ സംയോഗവും പാപകരമാണ്, (d. 604) ഇങ്ങനെ പറയുന്നതും മഹാനായ ഗ്രിഗറി തന്നെയാണ്.

ഗർഭാവസരത്തിൽ ഭാര്യയുമായി സംഗമിച്ചാൽ അതു പാപമാകും (Caesarius of Arles d. 543) അവിശ്വസ്തത ഉണ്ടാകാതിരിക്കാൻ ഒരു മാർഗ്ഗമെന്ന നിലയിൽ ഗർഭധാരണകാലത്തു് സംയോഗമാകാം. അങ്ങനെയുള്ളപ്പോൾ അതൊരു ലഘുപാപമാകയില്ല. ലിഗോരിയുടെ അഭിപ്രായമാണതു്. അനുദിന ദിവ്യകാരുണ്യ സ്വീകരണത്തെക്കുറിച്ചു പറയുമ്പോൾ പത്താം പീയൂസ് പറയുന്നതും കേൾക്കുക:.........the 'Plague' and 'poison' of Jansenism as leading to the exclusions from the Holy Table of whole classes of Christions like merchants and married people (d 3376) അടുത്ത കാലത്തുമുണ്ടായിരുന്ന വീക്ഷണ വിശേഷത്തിനുദാ

ഹരണമാണിതു്. കുർബ്ബാന സ്വീകരണത്തിനുമുമ്പ് സം യോഗത്തിൽനിന്നു് ഒഴിഞ്ഞിരിക്കണമെന്നു പറഞ്ഞുവെച്ച ഇന്നസെൻറ് പതിനൊന്നാമനും (ഡി. 2090–2) ശ്രദ്ധാർഹനല്ലേ? ഇദ്ദേഹത്തിൻെറ ഒരു മുൻഗാമിയായിരുന്ന ഇന്നസെൻറ് മൂന്നാമൻ സംയോഗം പാപമാണെന്നു കണ്ടു (ഡി. 1216). അദ്ദേഹത്തിൻെറ ഗുരുവായ ഹ്യൂഗ്ഗുച്ചിയോ (Huguccio) ആനന്ദത്തിനുവേണ്ടിയുള്ള സംയോഗം മാരകപാപമാണെന്നു പഠിപ്പിച്ചു! ആനന്ദത്തെ വെറുത്തുകൊണ്ടുള്ള സംയോഗത്തെ ശ്ലാഘിക്കുകയാണു് സെൻറ് ബൊനവെഞ്ചർ! ദാമ്പത്യ പ്രേമപ്രകടനങ്ങൾ എല്ലാം കൊള്ളരുതാത്തതായിരുന്നു, ജനിക്കോയി (Genicot) യുടെ അഭിപ്രായത്തിൽ ശരീരത്തിൻെറ മാന്യവും മാന്യത കുറഞ്ഞതുമായ (Decent, Less decent, and indecent) ഭാഗങ്ങളെ സ്പർശിക്കുന്നതിനു് ലിഗോരി അനുവദിക്കുന്നുണ്ടു്. എന്നാലും ആ പദ പ്രയോഗം കണ്ടില്ലേ? ഇനിയുമുണ്ടു് പ്രേമ പ്രകടനത്തിനു വിശേഷണങ്ങൾ അവ കൊള്ളരുതാത്ത കാര്യങ്ങൾ സൂചിപ്പിക്കാനുപയോഗിക്കുന്ന പദങ്ങളാണു്. [Incompleta laxuria, enormiter obscenus, Turpissimus, Impudicus, Turpis, Inhonestus and Faedus impigne....] എന്തു ചെയ്യും? പ്രേമ പ്രകടനത്തിൽ പാപം! ലൈംഗികം എന്നു പറയുന്നതു് പാപം!! ചിന്തിക്കുന്നതു് പാപം!!! സംയോഗത്തിനു വിവിധ രീതികൾ സ്വീകരിക്കുന്നതും പാപം ഈ പാപമല്ലാത്ത പാപത്തിൻെറ കുരിശു് ദമ്പതികളുടെ തോളിൽ വയ്ക്കുന്നതോ, ബ്രഹ്മചാരികളായ സന്യാസികൾ !!

സ്വവർഗ്ഗം നിലനിറുത്തുക. ഇതു് ഓരോന്നിൻെറയും പ്രകൃതിയിലുള്ളതാണു്. വിവാഹത്തിൻെറ – സംയോഗത്തിൻെറ പ്രകൃതി–ലക്ഷ്യം വർഗ്ഗവർദ്ധനമാണു്. അതിനു വിരുദ്ധമായി വർത്തിക്കുക പ്രകൃതിവിരുദ്ധമായി ഗ്രീക്കുതത്വജ്ഞാനത്തിൻെറ വേരുപിടിച്ചുവളന്നു. നിത്യതത്വശാസ്ത്ര

(Philosaphia Perannis) മാണ് * എന്നാൽ, മാലാഖാമാർ
ക്കുടുത്ത പണ്ഡിതനായി മുടിചൂടിച്ചിരിക്കുന്ന അക്വിനാ
സിൻെറ ഗ്രന്ഥത്തിൽപോലും വിവാഹം, സെക്സ്, വിവാഹ
ജീവിതത്തിൻെറ ലക്ഷ്യം എന്നിവയെക്കുറിച്ച് വ്യക്തമായി
ട്ടൊന്നും കാണുന്നില്ല. പാരമ്പര്യമായിക്കിട്ടിയ വികലതനി
റഞ്ഞ കാഴ്ചപ്പാടിനെത്തന്നെ അദ്ദേഹം പിന്തുടരുകയാണു്
ചെയ്തതു്. അരിസ്റ്റോട്ടലിൻെറ ചട്ടക്കൂട്ടിൽ ആവിഷ്കൃത
സത്യങ്ങളെയിട്ടടച്ച് 'നിത്യമാക്കി'വച്ച അക്വിനാസ് എഴു
തിയിരിക്കുന്നു: * A woman has by nature less use of
reason than a man (S. T. I. 921 ad 2) she is, after all
a defective man conceived because of weakness in
the seed, or because of damp south wind was
biowing at the time of conception (S. T. I. 92 ad 1)
ഇങ്ങനെയുള്ള വിജ്ഞാനവുമായിട്ടിരിക്കുന്നവരിൽനിന്നു് സ്ത്രീ
ത്വത്തിൻെറ മാഹാത്മ്യത്തെക്കുറിച്ച് എന്തറിവുകിട്ടാൻ? സെ
ക്സിനെക്കുറിച്ച് എന്തു പ്രതീക്ഷിക്കാൻ? പോരെങ്കിൽ, ശുദ്ധത
യ്ക്കെതിരായ പ്രലോഭനം ഉണ്ടാകാതിരിക്കാൻ മാലാഖ കെട്ടി
ക്കൊടുത്ത അരഞ്ഞാണമുണ്ടല്ലോ. ഉല്പാദനക്ഷമമല്ലാത്ത സം
യോഗം പാപകരമല്ല എന്നു പറയുവാൻ മാത്രം അക്വിനാസ്
സന്മനസ്സുകാണിച്ച എന്നതു് വിസ്മരിക്കുന്നില്ല. പക്ഷെ ആ
വീക്ഷണത്തിനു് സമകാലീനരിൽ സ്വാധീനം കിട്ടിയില്ല.
പ്രോട്ടസ്റ്റൻറ് വിപ്ലവത്തിനുശേഷം കൂടിയ ട്രെൻറ് സൂന
ഹദോസിൽവച്ചും ബ്രഹ്മചാരികളുടെ സമൂഹം വിവാഹത്തെ
ക്കുറിച്ച് ചർച്ചകൾ നടത്തി. അവിടെയും വിവാഹജീവിത
ത്തിൽ സെക്സിൻെറ പ്രാധാന്യം ചൂണ്ടിക്കാണിക്കുകയുണ്ടായി
ല്ല. സംയോഗത്തെ മാനിക്കുന്നതിനു് അവർ തയ്യാറായതു

---

★ i. Cnofr.
Herder Correspondinge December, 1964
2: Quoted by G. Egner Opuscit P. 127

മില്ല. സംയോഗം കഴിയുന്നതും കുറച്ചു നടത്തുന്നതിനാണ്‌ ദമ്പതികളെ അക്കാലത്ത്‌ ഉപദേശിച്ചിരുന്നത്‌. നോമ്പു കാലത്തു പാടില്ല; ഞായറാഴ്ച ദൈവത്തിൻെറ ദിവസമാണ്‌, അന്നു പാടില്ല; വെള്ളിയാഴ്ച കർത്താവുമരിച്ച ദിവസമാണ്‌; അന്നു പാടില്ല; കുർബാന സ്വീകരിക്കുന്നെങ്കിൽ പാടില്ല; ഇങ്ങനെ പോയി വിലക്കുകളുടെ പരമ്പര! കല്യാണാഘോഷം നടത്താൻ പാടില്ലാത്ത 'മുടക്കമുള്ള കാലം' ബ്രഹ്മചാരികൾ കണ്ടുപിടിച്ചു! ഞങ്ങളോ ഈ 'സന്തോഷം' വേണ്ടെന്നു വച്ചു; പക്ഷേ, വേണമെന്നുവച്ചവർ കഴിയുന്നതും കുറച്ച്‌ അനുഭവിക്കട്ടെ' ഇങ്ങനെയൊരു വൈരാഗ്യബുദ്ധിയല്ലേ അവക്കുള്ളത്‌ എന്നു തോന്നിപ്പോകും, സംയോഗത്തെക്കുറിച്ചുള്ള സഭാപ്രബോധനം വായിച്ചാൽ! ഏതായാലും, വിവാഹത്തിനു രണ്ടു ലക്ഷ്യങ്ങളുണ്ടെന്നും, പ്രഥമലക്ഷ്യം സന്താനോല്പാദനവും അവരുടെ നല്ല വളർത്തലും, ദ്വിതീയലക്ഷ്യങ്ങൾ പരസ്പര സഹകരണവും വിഷയാസക്തിയുടെ ശമനവുമാണെന്നും, കളംതിരിച്ച്‌ പഠിപ്പിച്ചു. ട്രെൻറ്‌ കൗൺസിലിനുശേഷവും ആ പ്രബോധനം കത്തോലിക്കർക്ക്‌ ലഭിച്ചു. അനുസരണയുള്ള ആടുകളെപ്പോലെ വിശ്വാസികൾ അതനുസരിച്ചു ജീവിക്കുകയും ചെയ്തു.

## കാലം മാറുന്നു

ട്രെൻറ്‌ കൗൺസിലിനുശേഷം ലോകത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. ആശയരംഗത്തും ശാസ്ത്രീയരംഗത്തും ചലനങ്ങളുണ്ടായി. ഫ്യൂഡൽ വ്യവസ്ഥിതിമാറി; രാജകീയാധിപത്യം ക്ഷയിച്ച്‌, ഇല്ലാതായിരിക്കുന്നു. വ്യക്തിപ്രധാനമായി ദർശനങ്ങളുണ്ടായി. മാനുഷികാവകാശങ്ങൾ അംഗീകരിക്കപ്പെട്ടു. ജനാധിപത്യ ഭരണസമ്പ്രദായത്തിന്‌ പ്രാധാന്യം വർദ്ധിച്ചു. ശാസ്ത്രീയരംഗത്തുണ്ടായ കണ്ടുപിടുത്തങ്ങൾ അത്ഭുതാവഹങ്ങളായിരുന്നു. മനശാസ്ത്രരംഗത്ത്‌ വിപ്ല

വകരങ്ങളായ വ്യതിയാനങ്ങളുണ്ടായി. ഫ്രോയ്ഡ്, യുങ്ങ്, അഡ്ലർ തുടങ്ങിയവരുടെ പഠനങ്ങൾ പുതിയ അവബോധങ്ങളും ബോധ്യങ്ങളും ഉണ്ടാക്കി. മനുഷ്യജീവിതത്തിൽ സെക്സിന്റെ പ്രാധാന്യം നിഷേധിക്കാനാവാത്തവിധം വിശദീകരിക്കപ്പെട്ടു. ദാമ്പത്യജീവിതം എന്നു പറഞ്ഞാൽ, 'സന്താനോല്പാദനശാല'യാണ് എന്ന വീക്ഷണം കാലഹരണപ്പെട്ടു. ദാമ്പത്യപ്രേമത്തിന്റെ മാന്യത ബോധ്യപ്പെട്ടു. കുടുംബജീവിതത്തിന്റെ വിജയത്തിന് സെക്സിന്റെ ഭാഗം വ്യക്തമാക്കപ്പെട്ടു. അവർ ഇരുവരും ഏകശരീരമായിത്തീരുമെന്ന വേദോക്തിയുടെ ആഴമാർന്ന അർത്ഥത്തിന്റെ മാസ്മരശക്തി എന്തെന്ന് പ്രഘോഷിക്കപ്പെട്ടു. ഇതൊക്കെ സംഭവിച്ചത് ലോകത്തിലായിരുന്നു. കത്തോലിക്കസഭയാകട്ടെ, പ്രഥമലക്ഷ്യവും ദ്വിതീയലക്ഷ്യങ്ങളുമായി, പ്രതിരോധ ദൈവശാസ്ത്രത്തിന്റെ കോട്ടയ്ക്കുള്ളിൽ സുരക്ഷിതയാണെന്ന ബോധത്തോടെയിരുന്നു. ഇക്കാലഘട്ടത്തിൽ സ്ത്രീയുടെ വ്യക്തിത്വവും മഹത്വവും അംഗീകരിക്കപ്പെട്ടുവരികയായിരുന്നു. സ്ത്രീകൾ അടിമത്തത്തിൽ നിന്നുണർന്ന് തങ്ങളുടെ അവകാശങ്ങൾ പിടിച്ചുപററുകയായിരുന്നു. കർമ്മരംഗത്ത് അവൾ കടന്നുവന്നു. 'ഭാര്യയും അമ്മയുമായി ജീവിക്കുക. പുരുഷനോടൊത്ത് സമത്വം ശവപ്പറമ്പിൽ; പുണ്യവതിയായാൽ, അൾത്താരയിലും ഒരു സമത്വം' എന്ന ചിന്തയുമായി സഭ ഇതൊന്നുമറിയാതെ കഴിഞ്ഞുകൂടി. പുരുഷനോടൊപ്പം തുല്യത നല്കണോ സഭാതലത്തിൽ എന്ന കാര്യം സഭാനേതാക്കൾ കാര്യമായി ചിന്തിക്കാൻ തുടങ്ങിയത് എത്ര വൈകിയിട്ടാണ്. ഇങ്ങനെ, വിവാഹം, ദാമ്പത്യപ്രേമം, സ്ത്രീയുടെ മഹത്വം, പുരുഷനോടൊപ്പമുള്ള അവളുടെ തുല്യത, കുടുംബജീവിതം തുടങ്ങിയ കാര്യങ്ങളുടെ നേരെ പുതിയ സമീപനങ്ങൾ ഉണ്ടായി. അവിടെയെല്ലാം പുതിയ കാഴ്ചപ്പാടുകൾ സ്ഥലം പിടിച്ചു. അറിവിന്റെ പുതിയ ചക്രവാളവാതിലുകൾ തുറക്കപ്പെട്ടു. കത്തോലിക്കരല്ലാത്തവരുടെ

മുമ്പിൽ ആദരണീയവും മഹത്വപൂർണ്ണവുമായിരുന്നവ സഭയിൽ അങ്ങനെയല്ലാത്തതിൻെറ വൈചിത്ര്യം ചിലരെല്ലാം ചൂണ്ടിക്കാണിക്കാനൊരുങ്ങി.

ഈയവസരത്തിലാണ് ലോകശ്രദ്ധയെ പിടിച്ചു നിറുത്തുന്ന വേറൊരു പ്രശ്നം രംഗത്ത് അവതരിപ്പിക്കപ്പെട്ടത്. മാൽത്തസാണ് ആവതാരകൻ. പ്രശ്നം വേറൊന്നുമല്ല, ജനപ്പെരുപ്പം. ഇന്നത്തെ നിലയിൽ ജനസംഖ്യ അനുദിനം വർദ്ധിക്കുകയാണെങ്കിൽ, നാം അധിവസിക്കുന്ന ഭൂമി തികയാതെ വരുമെന്നും, പെരുകുന്ന ജനത്തിനു മനുഷ്യോചിതമായ ജീവിതസൗകര്യങ്ങൾ ലഭിക്കാതാകുമെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു. അവർ മുന്നോട്ടുവച്ച വാദഗതികൾ അനിഷേധ്യങ്ങളുമായിരുന്നു. ഈ പ്രശ്നത്തിനു് എന്താണൊരു പ്രതിവിധി? ജനവർദ്ധനവിനെ നിയന്ത്രിക്കുക തന്നെ. അതിനു സ്വീകരിക്കേണ്ട മാർഗ്ഗമെന്തു്? പരിപൂർണ്ണമായ ബ്രഹ്മചര്യം പാലിക്കുക എന്നതു് പ്രായോഗികമല്ല. അക്കാരണത്താൽ, എന്തെങ്കിലും രീതി കണ്ടുപിടിച്ചേ ഒക്കൂ എന്നുവന്നു. ജീവശാസ്ത്രജ്ഞരും ഡോക്ടർമാരും അതിനായി പരിശ്രമിച്ചു. ചില മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടു. അതോടൊപ്പം വളർന്നുവന്നു വേറൊരാശയം. ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വം (Responsible Parent hood) തങ്ങളുടെ സാമ്പത്തിക ഭദ്രതക്കു് തകർച്ച സംഭവിക്കുകയും തദ്വാരാ, മക്കളുടെ നല്ലവളർത്തൽ അപകടത്തിലാകുകയും ചെയ്യുന്ന പരിതോവസ്ഥ ഉണ്ടാകാതിരിക്കാനുള്ള ശ്രദ്ധയും മുൻകരുതലും ദമ്പതികൾ എടുക്കണം. ഈ ചിന്താഗതി ജനതാമദ്ധ്യത്തിൽ പടൎന്നു. അവികസിതരാജ്യങ്ങളിലെ ജനപ്പെരുപ്പവും അന്നാട്ടിലെ സാമ്പത്തിക വളർച്ചയും തോളോടു തോളുചേൎന്നു പോകാത്തതിൻെറ ഫലമായി അവിടെയും ജനസംഖ്യ ക്രമീകരിക്കേണ്ടി വന്നു. അങ്ങനെ ജനനനിയന്ത്രണം പൊതുവെ അംഗീകരിക്കപ്പെടുകയും സ്വീകൃതമാകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ

സഭ അന്നും ഈ പ്രശ്നത്തെ അതർഹിക്കുന്ന ഗൗരവത്തോടെ പഠിക്കുകയുണ്ടായില്ല. പൊതുവെ ക്രൈസ്തവസമൂഹം അതിനെല്ലാം വിലങ്ങുതടിയുമായിരുന്നു. ജനനനിയന്ത്രണം ശപ്തവും പാപകരവുമാണ് എന്നു് പഠിപ്പിക്കുകയും ചെയ്തുപോന്നു. 1908-ലാണെന്നു തോന്നുന്നു പ്രോട്ടസ്റ്റൻറ് വിഭാഗക്കാരും ആ നിരയിൽതന്നെ നിന്നിരുന്നു. എന്നാൽ, വിവാഹത്തിൻെറ ലക്ഷ്യത്തെക്കുറിച്ചു പുതിയ ഉൾക്കാഴ്ചകൾ പ്രകടമാകയും, കാലത്തിൻെറ സൂചനകളെ കണക്കിലെടുക്കുകയും ചെയ്തുകൊണ്ടു് 1930-ൽ ലാമ്പത്തു് കോൺഫ്രൻസു് ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വം എന്നതു് അംഗീകരിച്ചു. സന്താനങ്ങളുടെ അംഗസംഖ്യ നിശ്ചയിക്കേണ്ടതു് ദമ്പതികളാണെന്നു് അന്നു പ്രഖ്യാപിക്കപ്പെട്ടു. ജനനക്രമീകരണത്തിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ ക്രൈസ്തവ മനസ്സാക്ഷിക്കു് അനുഗുണവും ദമ്പതികളിലിരുവർക്കും സുസമ്മതവുമായവയായിരിക്കണം എന്നു് വിശദമാക്കിയിരുന്നു. ഇവയെല്ലാം ആർക്കും മനസ്സിലാകാവുന്ന വിധത്തിൽ 1958ലെ ലാമ്പത്തു് കോൺഫ്രൻസിൻെറ തീരുമാനങ്ങ (112, 113, 114) ളിലും കാണാം. 1930-ലെ കോൺഫ്രൻസു്, നാളതുവരെ, പ്രകൃതിനിയമമെന്നു പറഞ്ഞുനിന്നിരുന്ന കാര്യത്തിൽനിന്നു് വ്യതിരിക്തമായ രീതി സ്വീകരിച്ചതു് റോമൻ കത്തോലിക്കസഭ നടുക്കത്തോടെയാണു് വീക്ഷിച്ചതു്. വിവാഹത്തിൻെറ ലക്ഷ്യത്തിനു വിരുദ്ധമായ ചെയ്തികളെ ഒരു ക്രൈസ്തവവിഭാഗം അംഗീകരിച്ചാശീർവ്വദിച്ചു് വിടുന്നതു കണ്ടപ്പോൾ, 'സന്മാർഗ്ഗത്തിൻെറ താക്കോൽകാരിയായ' സഭ സ്വസന്താനങ്ങളുടെ രക്ഷക്കു് ഓടിയെത്തി. പാരമ്പര്യത്തിൻെറ വാറോലകൾ എടുത്തുനിവർത്തി. ആവിഷ്കരണത്തിൻെറ കെട്ടുറപ്പിനുവേണ്ടി യൂദായുടെ പുത്രനായ ഓനാനു് * സംഭവിച്ചതു് ചൂണ്ടിക്കാണിച്ചു. അങ്ങനെ എല്ലാ ജനനനിയന്ത്രണോപാധികളെയും ശപിച്ചുകൊണ്ടു് പതിനൊന്നാം പീയൂസ് 'കാസ്റ്റി കൊന്നുബി' എന്ന ചാക്രികലേഖനത്തിനു തുല്യം ചാർത്തി.

---

* ഓനാൻെറ കഥ ഇന്നു് ആരും സ്വീകരിക്കുന്നില്ല. 'ഹുമാനെവീത്തെ'യിലുമില്ല. ജ്യേഷ്ഠനുവേണ്ടി അനുജൻ ശിശുവിനെ ജനിപ്പിക്കണം എന്ന നിയമമാണു് ഓനാൻ ലംഘിച്ചതു്. അവിടെയാണു് തെററു്. അല്ലാതെ ബീജം നശിപ്പിച്ചതല്ല.

# 2. പുതിയ കാഴ്ചപ്പാടുകൾ

## പുതിയ സമീപനങ്ങൾ

1930-ൽ ലാമ്പത്തു് കോൺഫ്രൻസിൽവച്ചു് പ്രോട്ട സ്റ്റാൻറ് വിഭാഗത്തിൽപ്പെട്ട ക്രൈസ്തവർ ജനനനിയന്ത്രണമാർഗ്ഗങ്ങളോടുള്ള തങ്ങളുടെ നിലപാടു് പുനഃപരിശോധന നടത്തി. ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വം (Responsible Parenthood) സ്വീകരിക്കുന്നതിൽ മനുഷ്യോചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്ന തീരുമാനം അംഗീകരിക്കപ്പെട്ടു. അതനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കി. ആ അവസരത്തിലാണു്, പതിനൊന്നാം പീയൂസ് വിവാഹജീവിതത്തെക്കുറിച്ചുള്ള 'കാസ്റ്റി കൊന്നൂബി' എന്ന വിശ്വലേഖനം പ്രസിദ്ധീകരിച്ചതു്. ലാമ്പത്തു് കോൺഫ്റൻസ് അംഗീകരിച്ച മനോഭാവത്തിനു വിരുദ്ധമായിട്ടുള്ള ഒന്നാണു് പോപ്പിൻേറതു് എന്നു വ്യക്തമാണു്. ഏതാനും പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കാം.

### ക്രൈസ്തവവിവാഹം

'വിവാഹത്തിൻെറ അനുഗ്രഹങ്ങൾക്കെതിരായ തിന്മകൾക്കെതിരായി നാമിപ്പോൾ ശബ്ദിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗുരുതരമായ ഉത്തരവാദിത്വം അതിനു് നമ്മെ നിർബന്ധിക്കുന്നു. സന്താനങ്ങളെ വിവാഹജീവിതത്തിൻെറ ദുർവ

ഹഭാരമായിട്ടും, അക്കാരണത്താൽ, അവരുടെ അസ്തിത്വം തന്നെ വേണ്ടെന്നുവയ്ക്കേണ്ടതാണെന്നും കരുതുന്നവരുണ്ട്. അതിനു സ്വീകരിക്കുന്ന മാർഗ്ഗം ശ്രേഷ്ഠമായ ആത്മസംയമനത്തിന്റേതല്ല—ദമ്പതികളുടെ പരസ്പര സമ്മതത്തോടുകൂടെ വിവാഹജീവിതത്തിൽ അതു് അനുവദനീയമാണ്—പിന്നെയോ, പ്രകൃതിവിരുദ്ധതയുടേതു്. ഈ കുററകരമായ ദുരുപയോഗം ഒരു അവകാശമാണെന്നു് ഒരുകൂട്ടർ വാദിക്കുന്നു. അക്കൂട്ടർക്കു് മാംസദാഹം Concupiscence ശമിപ്പിക്കണം; എന്നാൽ ഉത്തരവാദിത്തം ഏറെറടുക്കാൻ ഇഷ്ടമില്ല! വൈയക്തികവും സാമ്പത്തികവുമായ കാരണങ്ങളാൽ സന്താനങ്ങളെ ഉല്പാദിപ്പിക്കുക ദുർവഹമാണെന്നും, എന്നാൽ, ആത്മസംയമനം പാലിക്കാൻ തങ്ങൾക്കാവില്ലെന്നും പറയുന്നവരുണ്ട്.

'എന്നാൽ, യാതൊരു കാരണവശാലും അതിൽത്തന്നെ (in ipso) പ്രകൃതിവിരുദ്ധമായവ അനുവദനീയവും ധാർമ്മികവുമാക്കുക സാധ്യമല്ല. സംയോഗം അതിൽത്തന്നെ സന്താനോല്പാദനമെന്ന ലക്ഷ്യത്തിനുവേണ്ടിയാണ്. പ്രകൃത്യനുസൃതമായ ആ ലക്ഷ്യത്തിനു വിരുദ്ധമായി വർത്തിക്കുന്നവർ ലജ്ജാകരവും അതിൽത്തന്നെ അധാർമ്മികവുമായ പ്രവൃത്തിയാണ് ചെയ്യുന്നതു്.'

'വിശുദ്ധ ഗ്രന്ഥത്തിൽ ഇത്തരം പ്രവൃത്തികൾ ദൈവകോപത്തിനു് ഇടയാക്കിയിട്ടുണ്ട്. വിശുദ്ധ ആഗസ്തീനോസ് പറയുന്നു: സന്താനഫലത്തെ നിഷേധിച്ചുകൊണ്ടു് സ്വഭാര്യയുമായിപ്പോലും സംയോഗം നടത്തുന്നതു് അനനുവദനീയവും ലജ്ജാകരവുമാണ്. യൂദായുടെ മകനായ ഓനാൻ ചെയ്തതതാണ്; ദൈവം അയാളെ ശിക്ഷിക്കുകയും ചെയ്തു.'

'സഭയുടെ പാരമ്പര്യപഠനത്തിൽ നിന്നു് വ്യതിചലിച്ച് പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരോടു് സന്മാർഗ്ഗ

ത്തിൻെറ സംരക്ഷകയായ സഭ ആവർത്തിക്കുകയാണ്: സം യോഗത്തിൻെറ ലക്ഷ്യമായ ഉല്പാദക പ്രക്രിയയെ നിഷ്ഫ ലമാക്കുന്ന ഏതൊരു മാനുഷികയിടപെടലുകളും ദൈവത്തി നും പ്രകൃതിനിയമത്തിനും എതിരാണ്; മാരകപാപവുമാണ്.' (കാസ്റ്റി കൊന്നുബി. 53-53)

സഭയുടെ പ്രബോധനം കാര്യമായ എതിർപ്പുകളൊന്നും കൂടാതെ തുടന്നുപോന്നു. സഭയുടെ ഉറച്ച ചട്ടക്കൂട്ടും ശക്തമായ കൂരിയയും, അധികാരത്തിൻെറ അന്തരീക്ഷവും മറിച്ചു ചിന്തി ക്കുന്നതിൽനിന്ന് സഭാംഗങ്ങളെ പിന്തിരിപ്പിച്ചു. അന്തർ മുഖിയായി വളന്ന സഭയുടെ വെളിയിൽ തികച്ചും സങ്കീർണ്ണ വും വിഭിന്നവുമായ പരിതോവസ്ഥ അതിശീഘ്രം വളരുക യായിരുന്നു. സാമൂഹികശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, മന ശാസ്ത്രം, ദാമ്പത്യശാസ്ത്രം, നരവിജ്ഞാനീയം തുടങ്ങിയവ മി ന്നൽ വേഗത്തിലാണ് വളന്നുവന്നതു്. സാങ്കേതിക ശാസ്ത്ര പുരോഗതി വിസ്മയാവഹവുമായിരുന്നു. ഇവയുടെ ഫലമായി മനുഷ്യജീവിതത്തിലാകമാനം ഒരു ചലനാത്മകത്വം പ്രത്യ ക്ഷമായി. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അവ സൃഷ്ടിച്ചുവിട്ട ചലനം എല്ലാ മനുഷ്യരിലും പ്രതികരണം ഉളവാക്കി. സ്ഥിര വും അചഞ്ചലവുമെന്നു കരുതിയിരുന്ന പലതും ചോദ്യം ചെയ്യപ്പെട്ടു. ആ അന്തരീക്ഷവായു ശ്വസിച്ചുവളന്ന പുത്തൻ തലമുറക്കാർ തങ്ങളുടെ 'ചോദ്യം ചെയ്യൽ' തനി ശാസ്ത്രീയ രംഗങ്ങളിൽ മാത്രമല്ല, ശാസ്ത്രീയ ബോധത്തിനു നിരക്കാത്ത തെന്നു തോന്നിയ മതസത്യങ്ങളുടെ കാര്യത്തിലേക്കും തിരിച്ചു വിട്ടു. ആധുനികമനുഷ്യൻെറ മസ്തിഷ്കത്തിനു സ്വീകാര്യമായ വിധത്തിൽ മതസത്യങ്ങൾക്ക് പരിണാമം സംഭവിക്കേണ്ട തായിവന്നു. ജനനനിയന്ത്രണപ്രശ്നത്തിൻെറ കാര്യത്തിലും മേൽപ്പറഞ്ഞതു് വാസ്തവമാണ്. ജനപ്പെരുപ്പവും രാജ്യങ്ങളു ടെ സാമ്പത്തിക പരാധീനതയും പരിഗണിച്ച്, ജനനനിയ

ന്ത്രണം ഇന്നിന്റെ ഒരാവശ്യമാണെന്ന് അകത്തോലിക്കലോകം പൊതുവെ അംഗീകരിക്കുകയും സ്വകാര്യവ്യക്തികളും ഗവമ്മേണ്ടും ജനനനിയന്ത്രണ പ്രസ്ഥാനങ്ങളെ സഹായിക്കുകയും ചെയ്തുവന്നു. ഇതെല്ലാം കണ്ടുംകേട്ടും ലോകത്തിൽ ജീവിക്കുന്ന കത്തോലിക്കരും ആവക കാര്യങ്ങളിൽ കുറേ പരമാത്ഥമുണ്ടെന്നു മനസ്സിലാക്കിത്തുടങ്ങി. ഈ കാര്യത്തിൽ തങ്ങൾ സ്വീകരിക്കേണ്ട മനോഭാവമെന്ത് എന്ന് കാര്യമായി ചിന്തിച്ചുതുടങ്ങി. സഭയുടെ പ്രബോധനം വെളിപാടിന്റെയും ബുദ്ധിയുടെയും വെളിച്ചത്തിൽ പരിശോധിക്കുക ആവശ്യമല്ലെ എന്നു കരുതി, പലരും. ജനനക്രമീകരണം ഇന്നത്തെ ഒരാവശ്യമാണ് എന്ന ബോധവും പൊതുവെ ജനങ്ങളിൽ വേരൂന്നാനാരംഭിച്ചു. അതിന്റെ പ്രതികരണവും അസ്വാഭാവികമെന്നു കത്തോലിക്കർ പ്രത്യേകിച്ചും വിശേഷിപ്പിക്കുന്ന മാഗ്ഗങ്ങൾ ലോകത്തെമ്പാടും പരക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, പന്ത്രണ്ടാം പീയൂസ് സഭയുടെ മുൻകാലപ്രബോധനങ്ങളെ ഒന്നുകൂടി ആവത്തിച്ചുറപ്പിച്ചു. അതേ സമയം, ജനനക്രമീകരണത്തിനു് 'റിഥം' രീതി അനുവദനീയമാണെന്നു വ്യക്തമാക്കുകയും ചെയ്തു. സൂതികമ്മിണികളോടുചെയ്ത ഒരു പ്രഭാഷണത്തിലാണ് പന്ത്രണ്ടാം പീയൂസ് അക്കാര്യം വിശദമാക്കിയത്.

'രണ്ടു സങ്കല്പങ്ങൾ (Hypotheses) പരിഗണിക്കേണ്ടിയിരിക്കുന്നു. റിഥം രീതി പ്രായോഗികമാക്കുമ്പോൾ, പ്രകൃതിജന്യമായ നിഷ്പലകാലത്തു് മാത്രമായി വൈവാഹികാവകാശങ്ങൾ നിയന്ത്രിക്കുന്നു. പ്രകൃത്യനുസരണമായ പ്രവൃത്തിയുടെ പൂത്തീകരണത്തിലോ അതിന്റെ സ്വാഭാവികമായ ഫലത്തിലോ യാതൊരു വിഘ്നവും അതുവഴി വരുന്നില്ല.

എന്നാൽ, ആ ദിവസങ്ങളിൽ മാത്രം സംയോഗം നടത്തുന്ന ദമ്പതികളുടെ കാര്യം കൂടുതൽ സൂക്ഷ്മമായി പരിശോധി

ക്കേണ്ടിയിരിക്കുന്നു. നിഷ്ഫല കാലത്ത് മാത്രം വൈവാഹികാവകാശം (Marriage rights) ഉപയോഗിക്കുകയുള്ളു എന്നു മനസ്സിലുറന്നിക്കൊണ്ടു ദമ്പതികളിലൊരാൾ വിവാഹാന്തസ്സിൽ പ്രവേശിച്ചാൽ, ആ വിവാഹം അസാധു (Invalid) വായിരിക്കും. കാരണം, അതു വിവാഹത്തിന്റെ സ്വഭാവത്തിനു വിരുദ്ധവും വൈവാഹിക സമ്മതത്തിന്റെ സത്തയിൽത്തന്നെ വികലതയേററുന്നതുമാണ്. മറിച്ച് വന്ധ്യകാലത്ത് വൈവാഹികാവകാശം ഉപയോഗിക്കുന്നു എന്നതു് വിവാഹത്തിന്റെ സാധുതത്വത്തിനു് പ്രശ്നമുളവാക്കുന്നില്ല. ഇതിന്റെ ധാർമ്മികവശം നിർണ്ണയിക്കേണ്ടതു് സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ടായിരിക്കണം. (ഒക്ടോബർ 29, 1951).'

## ഗുളികകൾ

1940-നു ശേഷം ജനനക്രമീകരണത്തിനു് ഒരു മാർഗ്ഗമെന്ന നിലയിൽ സ്ത്രീകൾക്കുപയോഗിക്കാവുന്ന ഗുളികകൾ കണ്ടുപിടിക്കാനുള്ള ശ്രമങ്ങൾ തീവ്രമായി നടന്നു. ആ ഗുളികകളുടെ ലക്ഷ്യംതന്നെ അണ്ഡപരിപുഷ്ടി താൽക്കാലികമായോ ദീർഘനാളത്തേക്കോ തടയുക എന്നതാണ്. സ്ത്രീയുടെ അണ്ഡാശയത്തിൽനിന്നു് ഓരോ ചാന്ദ്രമാസത്തിലും ഓരോ അണ്ഡം പക്വതയിലെത്തി പുറത്തുവരുന്നു. ഇതാണ് സാധാരണമായി സംഭവിക്കുന്നതു്. ആ പ്രതിഭാസത്തിനു പ്രേരണനല്കുന്നതു് ചില ഹോർമോണുകളാണ്. പക്വതയിലെത്തുന്നതിനു പ്രചോദനം നല്കുന്ന ഹോർമോണുകൾ ഉണ്ടാകാതെ വന്നാൽ അണ്ഡം നിദ്രാവസ്ഥയിൽത്തന്നെ തുടരുന്നതാണ്. ഗുളികകൾ ഉപയോഗിക്കുന്നതു് അണ്ഡത്തെ നിദ്രാവസ്ഥയിൽത്തന്നെ നിലനിറുത്താനാണ്. ഇവിടെ യാതൊന്നും ഹനിക്കപ്പെടുന്നില്ല. ഇങ്ങനെയുള്ള ഗുളികകൾ കണ്ടുപിടിച്ചു നിർമ്മിക്കുന്നതിനുള്ള സ്ഥിരപരിശ്രമങ്ങൾ വിജയിച്ചു. എന്നോ

വിഡ് (Enovid) ഓർത്തോനോവം (Ortho-novum) നോല സ്ലിം (Norlestrin) നോർല്യൂട്ടിൻ (Norlutin) നോരിനിൽ (Norinyl) പ്രോവെസ്റ്റ് (Provest) തുടങ്ങിയ പേരുകളിൽ വിവിധ കമ്പനിക്കാർ ഗുളികകൾ * നിർമ്മിച്ചുതുടങ്ങിയിരുന്നു. അണ്ഡപരിപുഷ്ടിയെ നിയന്ത്രിക്കുന്ന ഗുളികകൾ വഴി മനുഷ്യ ജീവനോ, സംയോഗത്തിന്റെ പ്രകൃതിക്കോ പ്രതികൂലമായി ട്ടൊന്നുമില്ലല്ലോ എന്ന ചിന്ത ബുദ്ധിജീവികളിലുണ്ടായി. ഗുളിക ഉപയോഗിക്കുന്നതു് കത്തോലിക്കാസഭയുടെ പ്രബോധനത്തിനു് എതിരാകുകയില്ല എന്നു വിശ്വസിക്കാനുള്ള കാരണങ്ങൾ അവർ കണ്ടെത്തി. അവരുടെ എഴുത്തും വാക്കും സാധാരണക്കാരായ കത്തോലിക്കരിലും സ്വാധീനം ചെലുത്താനാരംഭിച്ചു. ഈ അവസരത്തിലാണു് പന്ത്രണ്ടാംപീയൂസിന്റെ പ്രഖ്യാപനമുണ്ടായതു്. 'വന്ധ്യകരണത്തെക്കുറിച്ചു നാം പലപ്പോഴും സ്പഷ്ടമായ നിലപാടു സ്വീകരിച്ചിട്ടുണ്ടു്. നേരിട്ടുള്ള വന്ധ്യംകരണം നടത്താൻ മനുഷ്യനു അവകാശമില്ല. കാരണം, സ്വന്തം ശരീരത്തിന്മേൽ അവനു അധികാരമില്ല. താൽക്കാലികമായോ നിത്യമായോ നേരിട്ടു് വന്ധ്യംകരണം സ്ത്രീയിലോ പുരുഷനിലോ നടത്തുന്നതു് പ്രകൃതിവിരുദ്ധവും തദ്വാരാ സഭയ്ക്കു് അനുവദിക്കാനാവാത്തതുമായ ഒന്നാണു് എന്നു് പത്തുകൊല്ലങ്ങൾക്കു് മുമ്പുതന്നെ—വന്ധ്യംകരണം ലോകത്തിൽ പരക്കാൻ തുടങ്ങിയ ആ കാലത്തു്—നാം വ്യക്തമാക്കിയിട്ടുള്ളതാണു്. ഉല്പാദകശക്തിയില്ലാതാക്കുക എന്നാണു് വന്ധ്യംകരണംകൊണ്ടുവിവക്ഷിക്കുന്നതു്. ഉല്പാദക

---

★ John R. Cavanagh, M. D.
The Popes, the Pill and People.
Bruce Publishing Company, Milwaukee.

ശക്തിയില്ലാതാക്കുക എന്നതാണു് ഗുളികകൾ കൊണ്ടു് സാധിതമാക്കുന്നതെങ്കിൽ അതും വന്ധ്യംകരണമാണു്. അനുവദനീയമാണു് (A. A. S. Vol. 50. 735).

പോപ്പ് കാര്യങ്ങളിങ്ങനെ പറഞ്ഞുവച്ചെങ്കിലും ഗുളികകളെ സംബന്ധിച്ചുള്ള പഠനം തുടന്നു. ഗുളികോപയോഗത്തിൻെറ ദൈവശാസ്ത്രപരവും ധാർമ്മികവും തത്വശാസ്ത്രപരവുമായ വീക്ഷണകോണിലൂടെ അപഗ്രഥിക്കുവാൻ സഭാംഗങ്ങളിൽ ചിലർ മുന്നോട്ടുവന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസു് വിളിച്ചു കൂട്ടാൻ പോകുന്നു എന്നു വന്നപ്പോൾത്തന്നെ, ആ പ്രശ്നത്തെക്കുറിച്ചു് ആധികാരികമായ പ്രഖ്യാപനം ഉണ്ടാകുമെന്നു് സഭാംഗങ്ങൾ ന്യായമായി പ്രതീക്ഷിച്ചു. എന്നിരുന്നാലും, 'ഇന്നിൻെറ പ്രശ്നത്തെ' പരിഹരിക്കേണ്ട കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നല്കുക ആവശ്യമായിരുന്നു. ഗുളികയുടെ ഉപയോഗത്തെ സംബന്ധിച്ചു് ഹോളണ്ടിലെ ഒരു മെത്രാനായ ബക്കർസ് (Bekkers) പ്രസ്താവിച്ചു: 'പ്രഥമമായി ദാമ്പത്യപ്രേമത്തിൽ വളരുന്ന ജീവിതവും, ദ്വിതീയമായി, ഒന്നിച്ചു് ഒരു കുടുംബത്തിനു് അടിത്തറപാകുക എന്ന ദൗത്യവും ദമ്പതികൾക്കു ലഭിക്കുന്നു. ഇക്കാലത്താകട്ടെ, ജനനക്രമീകരണത്തെക്കുറിച്ചു് വളരെയധികം പറയുകയും എഴുതുകയും ചെയ്യുന്നുണ്ടു്. മനുഷ്യൻെറ ഉല്പാദനത്തെ ക്രമീകരിക്കാൻ ആധുനിക കണ്ടുപിടുത്തങ്ങൾക്കു കഴിയും. ജനനനിരക്കു് മനുഷ്യൻെറ ഉത്തരവാദിത്വത്തിൻെറ പിടിയിലായിരിക്കുന്നു. ജനനക്രമീകരണം – ഇതു് ജനന നിയന്ത്രണമല്ല – ദമ്പതികളുടെ മുഴുവൻ പ്രവർത്തന (Total task) ത്തിൻെറ ഒരു ഭാഗമാണു് എന്നു പോലും പറയാം. വിവാഹത്തെക്കുറിച്ചുള്ള ക്രൈസ്തവസിദ്ധാന്തത്തിൻെറ പരിധിയിലായിരിക്കണം ശിശുക്കളുടെ എണ്ണം നിർണ്ണയിക്കേണ്ടതു്. അതിനുള്ള ഉത്തരവാദിത്വം ഏറെറടുക്കേണ്ടതു് ദമ്പതികളുടെ മനസ്സാക്ഷിയാണു്. ഈ മനസ്സാക്ഷിയെ എല്ലാവരും – കുമ്പസാരക്കാരനും ഇടവക വൈദികനും – മാനിക്കേണ്ടതാണു്.

റിഥം രീതിപോലും തടസ്സങ്ങൾക്കതീതമല്ല. പലക്കും സ്വീകാര്യമാണു്; ചിലർക്കു് അസാധ്യവുമാണു്. ചിലയവസരങ്ങളിൽ പ്രശ്നത്തിൻെറ എല്ലാവശങ്ങളും ഗ്രഹിച്ചു് പ്രവത്തിക്കുക സാധ്യമല്ല. ആ അവസരങ്ങളിലെ ചെയ്തികൾ സ്വാത്ഥത്തിൻെറയോ ഭോഗാസക്തിയുടെയോ പരിണതഫലമാണെന്നു സഭ കരുതുകയില്ല. ഉത്തമരായ ദമ്പതികൾ തന്നെ, സാഹചര്യങ്ങളുടെ സമ്മദ്ദത്തിൽപെട്ടു സഭയുടെ ദൃഷ്ടിയിൽ അനുചിതമായവ ചെയ്യന്നുവരാം. അപൂണ്ണതാപരമായ ജീവിതത്തിനു സഭ അനുവദിക്കുന്നു (Tolerate). അതു് ആത്മാത്ഥതയുടെയും സ്നേഹത്തിൻെറയും ദയയുടെയും ലക്ഷണമാണു്. ഏങ്കിലും അവരുടെ പരിശ്രമം തുടരട്ടെ. നാഥൻെറ സ്നേഹത്തിൽ ശരണംവയ്ക്കുന്ന ദമ്പതികളുടെ ആത്മാത്ഥസ്നേഹത്തിൽ സഭക്കു് വിശ്വാസമുണ്ടു്. (ടെലവിഷൻ പരിപാടി, മാച്ചു് 21, 1963).

ഈ പ്രസ്താവന നടത്തി ആറുമാസം കഴിഞ്ഞപ്പോൾ ഹോളണ്ടിലെ മെത്രാന്മാർ, ഗുളികകളെ സ്പശിക്കുന്ന ഒരു ഇടയലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ വിഷയത്തെക്കുറിച്ചു് മെത്രാന്മാരുടെ പൊതുവായ ഒന്നാമത്തെ ഔദ്യോഗിക ലേഖനമാണതു്.

'വൈവാഹിക ജീവിത പ്രശ്നങ്ങൾ ഗുരുതരങ്ങളാണു്. എന്നാൽ, ഇക്കാര്യത്തെക്കുറിച്ചു വ്യക്തമായ മാഗ്ഗനിദ്ദേശങ്ങൾ ലഭിക്കുവാൻ വൈദികരും വിശ്വാസികളും കാത്തിരിക്കുന്നു. ഇക്കാര്യത്തിൽ അന്തിമതീരുമാനം ദമ്പതികളാണെടുക്കേണ്ടതു്. ദൈവിക നിയമങ്ങളുടെയും തിരുസഭയുടെ നിദ്ദേശങ്ങളുടെയും വെളിച്ചത്തിലാണു് ദമ്പതികൾ അപ്രകാരം പ്രവത്തിക്കേണ്ടതു്. മാനുഷികാസ്തിത്വത്തെക്കുറിച്ചും ലൈംഗികതത്വത്തെക്കുറിച്ചും ആധുനിക ശാസ്ത്രം പുതിയ ഉൾക്കാഴ്ചകൾ നല്കുന്നുണ്ടു്. മനുഷ്യൻെറ ഉല്പാദക ശക്തിയെ ക്രമീകരിക്കാനുതകു

ന്ന മാർഗ്ഗങ്ങളും ശാസ്ത്രം പ്രദാനം ചെയ്യുന്നു. ഇക്കാര്യത്തിൽ സഭയുടെ നിലപാട് ഉടനെ പരസ്യമാക്കേണ്ടിയിരിക്കുന്നു. ഇന്നു പരസ്യക്കമ്പോളത്തിലിറങ്ങിയിരിക്കുന്ന മാർഗ്ഗങ്ങൾ ദാമ്പത്യപ്രശ്നങ്ങൾക്കു് ഒററമൂലിയല്ല. എന്നാലും അവ കത്തോലിക്കർക്കു സ്വീകാര്യമോ എന്നതിനെച്ചൊല്ലി പഠനസംവാദങ്ങൾ നടന്നു കൊണ്ടിരിക്കുകയാണു്. ഈ പ്രശ്നത്തിനു് പരിഹാരം നിർദ്ദേശിക്കുവാൻ ഒരു രാജ്യത്തെ മെത്രാന്മാർക്കു സാധ്യമല്ല. ഇക്കാര്യം ലോകത്തിലുള്ള മെത്രാന്മാർ ഒന്നിച്ചു ചർച്ച ചെയ്തു തീരുമാനത്തിലെത്തേണ്ടതാണു്. (Utrecht, 10 August 1963).

താൽക്കാലികമായിട്ടായാലും അണ്ഡപരിപുഷ്ടിയെ തടസ്സപ്പെടുത്തുന്നതു് നേരിട്ടുള്ള വന്ധ്യംകരണമാണെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കു്, ചില പ്രത്യേക സാഹചര്യങ്ങളിൽ ഗുളികകൾ ഉപയോഗിക്കാമൊ എന്നതാണു് പല ധാർമ്മിക ശാസ്ത്രജ്ഞന്മാരും പഠിച്ചതു്. റിഥംരീതിയെ തെററില്ലാത്തതാക്കാൻ അണ്ഡപരിപുഷ്ടിയെ കൃത്യമാക്കി, ആർത്തവചക്രത്തെ ക്രമീകരിക്കുക അവശ്യാവശ്യമാണു്. അതിനു് ഒരു ചികിത്സോപാധിയെന്ന നിലയിൽ ഗുളിക കഴിക്കാം. എന്തെങ്കിലും രോഗത്തിനു പ്രതിവിധിയായി ഗുളിക സേവിക്കുന്നതിൽ നിന്നു് പരോക്ഷമായും, താൽക്കാലികമോ നിത്യമോ ആയ വന്ധ്യതയുളവായാലും (Principle of double effect) തെററില്ല എന്നതു് അംഗീകരിക്കപ്പെട്ടു. എന്നാൽ, ഒരു ജനന ക്രമീകരണോപാധി എന്ന നിലയിൽ ഗുളിക അസ്വീകാര്യമാണുതാനും.

ഈയവസരത്തിലാണു് സുദീർഘമായൊരു പ്രസ്താവന ആർച്ചുബിഷപ് റോബർട്ടു് (ഇദ്ദേഹം മുമ്പു് ബോംബെയുടെ മെത്രാപ്പോലിത്ത ആയിരുന്നു) സെർച്ചു് (Search) മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്. ഇതു് അതേ മാസികയിൽ

പ്രത്യക്ഷപ്പെട്ട ഒരു ലേഖനത്തിന്ന് മറുപടിയായിട്ടുകൂടിയാണു്. അതിൽനിന്നു ചില പ്രസക്ത ഭാഗങ്ങൾ സംഗ്രഹിക്കുക അവസരോചിതമാണു്.

'ജനനനിയന്ത്രണോപാധികളെ സംബന്ധിച്ചുള്ള ധാർമ്മിക (Ethical) വും ബുദ്ധിപര (Rational) വുമായ വാദഗതികൾ ബോധ്യങ്ങൾ നല്കാൻ പര്യാപ്തമല്ല എന്നു പലപ്പോഴും എനിക്കു് തോന്നിയിട്ടുണ്ടു്. ഞാനൊരു കത്തോലിക്കനല്ലായിരുന്നുവെങ്കിൽ, തീർച്ചയായും ലാമ്പത്തുകോൺഫറൻസു് സ്വീകരിച്ച മനോഭാവം സ്വായത്തമാക്കുമായിരുന്നു....

'വത്തിക്കാൻ സൂനഹദോസിൻെറ മൂന്നാം സമ്മേളനത്തെ പ്രതീക്ഷിച്ചാണു് ഞാനിരിക്കുന്നതു്. അവിടെ ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടിവരും. അന്നു ഞാൻ പറയും: കൗൺസിൽ എന്താണു പറയുന്നതെന്നും പ്രവത്തിക്കുന്നതെന്നും അറിയുവാൻ ലോകത്തെ അനുവദിച്ചു. തിരുസ്സംഘത്തെ (Holy Office) കാർഡിനൽ ഫ്രിംഗ്സു് ശപിച്ചതു് ലോകം അറിഞ്ഞു (കോളോണിലെ ആർച്ചു് ബിഷപ്പായ കാർഡിനൽ ഫ്രിംഗ്സ് Holy office is unfair unjust, its activities are causing scandal എന്നു തുറന്നടിച്ചതാണു് സൂചിതം). റോമാസഭയിലെ അനുസരണമുള്ള രണ്ടായിരത്തിയഞ്ഞൂറു മെത്രാന്മാർ ബുദ്ധിപരമായ കാരണങ്ങളാൽ (On the basis of pure reason) ജനനനിയന്ത്രണോപാധികളെ ശപിച്ചു തള്ളുവാൻ ധൈര്യപ്പെടുമോ? ലാമ്പത്തു് കോൺഫറൻസിൻെറ നിർദ്ദേശത്തെ അനുകൂലിക്കുകയും, ബുദ്ധിപരമായ കാരണങ്ങളുടെ വെളിച്ചത്തിൽ ഗർഭനിരോധനോപകരണങ്ങളുടെ ഉപയോഗം അതിൽത്തന്നെ തിന്മയാണെന്ന വീക്ഷണം അസ്വീകാര്യമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അതു് പ്രത്യേകം ചിന്താർഹമാണു്. ജനനനിയന്ത്രണോപാധികൾ തെററാണെന്നു തെളിയിക്കുന്നതിനായി കൊണ്ടുവരുന്ന യുക്തി ബോധ്യം വളർത്തുവാൻ പര്യാപ്തമല്ല. അതിനാൽ,

സഭയുടെ അധികാരത്തിൽ ഞാൻ തെളിവുകാണുകയാണു്. പരിപൂർണ്ണ ആത്മനിയന്ത്രണവും റിഥംരീതിയും കൂടാതെ വേറൊരു മാർഗ്ഗം സാമൂഹികനന്മക്കു് ഒരാവശ്യമാണെന്നു് കരുതുന്നവരെ സഭ ശപിച്ചുതള്ളി എന്നു പറയാനും പ്രയാസമാണു്. പലിശ വാങ്ങിക്കുന്നതു് തെററാണെന്നു പഠിപ്പിച്ചിരുന്നല്ലോ. സാമ്പത്തികശാസ്ത്രത്തിൻെറ വളർച്ചയും അതിനെക്കുറിച്ചുള്ള അറിവും മാറിവന്നു; പലിശ സ്വീകാര്യമായി. യുദ്ധം, ബൈബിൾ വിജ്ഞാനീയം, കുർബ്ബാന, കുമ്പസാരം തുടങ്ങിയവയെക്കുറിച്ചുള്ള വിജ്ഞാനവും ധാരണയും അപൂർണ്ണതയിൽ നിന്നല്ലേ വളർന്നിരിക്കുന്നതു്? അടിമത്തത്തെക്കുറിച്ചുണ്ടായിരുന്ന നിലപാടും വ്യക്തമല്ലേ? മനഃസാക്ഷി സ്വാതന്ത്ര്യത്തെക്കുറിച്ചു് രണ്ടാം വത്തിക്കാൻ സൂനഹദോസിൽവച്ചു് പിതാക്കന്മാർ പറഞ്ഞതും പതിനൊന്നാം പീയൂസിൻെറ സിലബസും (Syllabus) തമ്മിലുള്ള അന്തരം ചിന്തനീയമല്ലേ?

Pope Boniface VIII decided, in A. D. 1302 to affirm without qualification that out side the one Catholic Church there is neither salvation nor the remission of sins. Further more we declare, say, define, and pronounce that it is a matter of absolute necessity for salvation, for every human creature to submit to the Roman Pontiff.

Denzinnger Enchridion Sumbolorum
Edition, 29, Herder, Friburg in
Denz. No. 469.

The fathers of the Council of Florence announced to the world (to their world of 1438-45) that "No one remaining outside the Catholic Church not just pagans out also jews or heretics or scismatics, can become partakers in eternal life; but they will go to everlasting

fire ... unless before the end of life they are joined to the Church.

(Denzingar 714)

The Pope Gregory XVI, stated in his encyclical MIRARI VOS (Aug. 15, 1832); Now from this evil smeiling spring of indifferentism flow the erroneous and absurd opinion or rather derangement that freedom of conscience must be asserted and vindicated for everyone. This most pestilential error opens the door to the complete and immoderate liberty of opinions, which works such widespread harm both in Church and State.

The Second Vatican Council Speaks:

On their part, all men are bound to seek the truth, especially in what concerns God and His Church, and to embrace the truth they come to know, and to hold fast to it, This sacred Synod likewise professes its belief that it is upon the human conscience that these obligations fall and exert their binding force (Declaration on Religious Liberty.)

'...വിവാഹത്തിൻെറ ലക്ഷ്യം ശാരീരികമായി ജനിപ്പിക്കാവുന്നിടത്തോളം ശിശുക്കളെ ഉല്പാദിപ്പിക്കുക എന്നതല്ല, പിന്നെയോ, മനുഷ്യോചിതമായി വളർത്താൻ കഴിയുന്നത്ര ശിശുക്കളെ ജനിപ്പിക്കുക എന്നതാണു്. ഇൻഡ്യയെപ്പോലുള്ള രാജ്യങ്ങളിലെ യഥാർത്ഥ സ്ഥിതി കണക്കിലെടുക്കുക. പൊരിയുന്ന വയറുമായി കഴിയുന്ന ആറേഴുകുഞ്ഞുങ്ങളുടെ ഇടയിലേക്കു് ഒന്നിനെക്കൂടെ ജനിപ്പിക്കണമോ? പ്രോട്ടസ്റ്റാണ്ടു് വിഭാഗക്കാർ ജനനനിയന്ത്രണോപാധികൾ ആദർശപൂർണ്ണമായ ഒരുപാധിയെന്ന നിലയിലല്ല, കുറഞ്ഞ തിന്മ എന്ന തത്വമനുസരിച്ചാണു് വിലയിരുത്തുന്നതു്. അതായതു്, വന്ധ്യംകര

ണം, ഗർഭച്ഛിദ്രം, മാതാവിൻെറ മരണം, കൊട്ടം ദാരിദ്ര്യത്തിന് ഒരു അവകാശികൂടി തുടങ്ങിയവയെക്കാൾ ചെറിയ തിന്മയാണ് ആ ഉപാധികൾ. അവയെ കത്തോലിക്കരായ നമ്മൾ പ്രകൃതിവിരുദ്ധമെന്നു പറഞ്ഞു ശപിക്കണമോ? പക്ഷെ, ബുദ്ധിപരമായ കാരണങ്ങൾ ബുദ്ധിപരമായ വിധത്തിൽ ചൂണ്ടിക്കാണിക്കണം (Search April 1964).

ഈ പ്രസ്താവന വാദപ്രതിവാദങ്ങൾക്ക് മൂർച്ചകൂട്ടി. അപ്പോഴാണ് ഇംഗ്ലണ്ടിലെ മെത്രാന്മാർ പരസ്യമായി ചില സൂചനകൾ നല്കാൻ തയ്യാറായി മുന്നോട്ടുവന്നത്. എന്നാൽ, സഭയുടെ നാളതുവരെയുള്ള വീക്ഷണത്തെ അനുധാവനം ചെയ്യുകയാണുണ്ടായത്. ആർത്തവചക്രത്തെ ക്രമീകരിക്കാമെന്നും അങ്ങനെ റിഥംരീതിയെ സുരക്ഷിതമാക്കാനുപകരിക്കുന്ന ഗുളികകളുടെ ഉപയോഗത്തെക്കുറിച്ചു ചില നിർദ്ദേശങ്ങൾ കൗൺസിൽ നല്കുമെന്നും അവർ പറയുകയുണ്ടായി. നിങ്ങളുടെ കഴിവിനതീതമായി പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ അനുവദിക്കയില്ല. (1കോർ. 10:13) എന്ന വേദോക്തിയുദ്ധരിച്ചുകൊണ്ട് ആ ഇടയലേഖനം സമാപിച്ചിരിക്കുകയാണ് (7 മേയ് 1964). ഇതു് വലിയൊരു കൊടുങ്കാററിൻെറ ആരംഭമായിരുന്നു എന്നു പറയുകയാവും ശരി. അതു വ്യക്തമാക്കാൻ പോരുന്ന ഒരു പ്രസ്താവനയുടെ * സംഗ്രഹം താഴെ കൊടുക്കാം.

'ഗുളികകളുടെ ആവിർഭാവം ദൈവശാസ്ത്രതലത്തിലും വൈദ്യശാസ്ത്രതലത്തിലും ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇന്നിൻെറ അന്തരീക്ഷത്തിലിരുന്നുകൊണ്ട് ഇന്നലെയുടെ സാഹചര്യത്തിൽ പറഞ്ഞ കാര്യങ്ങൾ അപ്പാടെ സ്വീകരിക്കാനാവില്ല. റോമിൻെറ നിലപാട് ഒന്നു പുനഃപരിശോധിച്ച് പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. അവളുടെ പ്രബോധനം

★ By Ton Brogan; Mary Brogan; Monica Lavfor; Paul Black.

ആവിഷ്കൃത സത്യങ്ങളെ അടിസ്ഥാനമാക്കിയല്ല, പ്രകൃതി നിയമമനുസരിച്ചാണ്. അതു തന്നെയാകട്ടെ, ബുദ്ധിപരമാണ്; തത്വശാസ്ത്രപരമാണ്. ഈ സന്ദർഭത്തിൽ ചില കാര്യങ്ങളിലേക്ക് കണ്ണോടിക്കുകയാണ്.

## ലക്ഷ്യമെന്ത്?

ജനനക്രമീകരണത്തിന് റിഥംരീതിയെ സഭ അംഗീകരിക്കുന്നു. ഗർഭധാരണം സംഭവിക്കാതിരിക്കാനും തദ്വാരാ ജനനനിരോധനം മനഃപൂർവ്വം സാധിതമാക്കാനും സഭയനുവദിക്കുന്നു. ഈ കൃത്രിമമാർഗ്ഗങ്ങളെന്തിനാണ്? ഗർഭധാരണം തടയുന്നതിനുതന്നെ. ലക്ഷ്യത്തിന്റെ കാര്യത്തിൽ രണ്ടു രീതികളും ഒന്നുപോലെയാണ്. അതുകൊണ്ട്, ലക്ഷ്യത്തിന്റെ കാര്യത്തിൽ, ഇരു മാർഗ്ഗങ്ങളെയും ശപിച്ചുതള്ളുകയോ അനുഗ്രഹിക്കുകയും പാടില്ല.

## പ്രകൃതിനിയമം

സംയോഗത്തിന്റെ പ്രകൃതിയെ ഉപകരണങ്ങളും (Mechanical) രാസവസ്തുക്കളും (Chemicals) വികലമാക്കുന്നു എന്നതാണ് ഒരു വാദം. ഇതുമായി പലരും രംഗത്തുണ്ട്. പക്ഷെ, അത് മനസ്സിലാക്കുന്നവർ വിരളം. അവരുടെ വാദഗതിയുമായി താദാത്മ്യം പ്രാപിച്ചാൽ, ആധുനികനാഗരികത മുഴവൻ പ്രകൃതിവിരുദ്ധമാണെന്ന് പറയേണ്ടിവരുമല്ലോ! നാം പ്രകൃതിനിയമങ്ങളോടെതിർത്തുജീവിക്കുന്നില്ലേ? അത് അധാർമ്മികമാണോ? പ്രകൃതിനിയമമെന്നു നമ്മുടെ പൂർവ്വികന്മാർ മുദ്രയടിച്ചിരുന്നവ ഇന്നു ബുദ്ധിയുടെ അധീനതയിലമർന്നുപോയിരിക്കുന്നു. മുലപ്പാലില്ലാത്ത അമ്മ കുഞ്ഞിനു് കുപ്പിപ്പാലു് നല്കുന്നതുവരെ പ്രകൃതി വിരുദ്ധമാകണമല്ലോ. പ്രകൃതിയെ ആശ്രയിച്ചാൽ കുഞ്ഞിനെ വളർത്തേണ്ടി വരികയില്ല !

എന്താണീ കൃത്രിമം ? അണ്ഡപരിപുഷ്ടിയറിയാനുള്ള കണക്കുകൂട്ടലും, ചൂടളക്കലും, ഗ്ലൂക്കോസ് ടെസ്റ്റും കൃത്രിമമല്ലേ? ഓ ! അതു പ്രകൃതിയുമായുള്ള സഹകരണമാണത്രെ ? എന്നാൽ അണ്ഡപരിപുഷ്ടിയെ നിയന്ത്രിക്കുന്നതു് കൃത്രിമമാണു് ! എന്നാൽ, അതു് നല്ല ലക്ഷ്യത്തിനാണെങ്കിലോ അധാർമ്മികം ധാർമ്മികമാകുന്നു. ഇത്തരം 'കസർത്തു്'' മനസ്സിലാക്കാൻ കഴിയുന്നില്ല.

സെൻറ് പോൾ പറയുന്നതനുസരിച്ചാണെങ്കിൽ, പ്രകൃതി നിയമം എല്ലാവർക്കും ഗ്രാഹ്യമാണു്. അതിൽ എല്ലാവരും ബാധിതരുമാണു്. (റോ. 2 : 14, 15). എന്നാൽ, പ്രകൃതിവിരുദ്ധം എന്നു് ഇവിടെ പറയുന്നതു് മഹാഭൂരിപക്ഷത്തിനും അജ്ഞാതമാണു്. ശിശുഹത്യ തെററാണെന്നു് എല്ലാവർക്കുമറിയാം. അതുപോലെ, ഇക്കാര്യത്തിൽ – പ്രകൃതി വിരുദ്ധമെങ്കിൽ – എന്തു കൊണ്ടു് എല്ലാവർക്കും അതു തോന്നുന്നില്ല ?

'........വിവാഹം സ്നേഹത്തിൽ നിന്നു് ഉരുത്തിരിയുന്നു. ആ ജീവിതം ജീവിതാവസാനംവരെ തുടരണം. ദമ്പതികൾ ഒരു സ്നേഹസമൂഹമാണു്. അവരുടെ സ്നേഹത്തിനു അർത്ഥമുണ്ടു്; മൂല്യമുണ്ടു്. സ്നേഹപൂർവ്വമായ ഐക്യം ശിശുക്കൾക്കു ജന്മം നല്കിയില്ലെങ്കിലും വിവാഹ ജീവിതത്തിൻെറ ആവശ്യഘടകമാണു്. സംയോഗം സന്താനോല്പാദനത്തിനുമാത്രമല്ല, ദാമ്പത്യപ്രേമപ്രകടനത്തിനും കൂടിയാണു്. പരസ്പരപൂരകത്വം സാക്ഷാത്കരിക്കപ്പെടുന്ന അനർഘാവസരമാണതു്. അതു കൊണ്ടാണു്, ശിശുക്കളുണ്ടാകയില്ലാത്ത പരിതസ്ഥിതിയിലും വിവാഹം ഒരു ജീവിതസംസർഗ്ഗമാകുന്നതു്. ഇതു മനസ്സിൽ വച്ചു കൊണ്ടാണു്, ശിശുക്കളെ ജനിപ്പിക്കാൻ സാഹചര്യം അനുവദിക്കാത്ത സാഹചര്യത്തിലും സംഭോഗം നടത്താനും, അതിൽ നിന്നു് ഉല്പാദനം സംഭവിക്കാതിരിപ്പാൻ തക്ക മുൻ കരുതലുകളെടുക്കാനും ദമ്പതികൾക്കു സ്വാതന്ത്ര്യമുണ്ടെന്നു പറയുന്നതും പ്രവർത്തിക്കുന്നതും. ആ ദമ്പതികൾ ആ

ത്മാത്ഥതയില്ലാത്തവരോ സ്വാത്ഥലോലുപരോ ക്രിസ്തുവിനെയും സഭയെയും സ്നേഹിക്കാത്തവരോ അല്ല. ഇക്കാരണത്താൽ, മാനുഷികവും ഗ്രാഹ്യവുമായ വിധത്തിൽ സഭയുടെ പ്രബോധനം ഉണ്ടാകേണ്ടിയിരിക്കുന്നു.

'ഉത്തരവാദിത്വപൂർണ്ണവും ദാമ്പത്യപ്രേമപൂരിതവുമായ വിധത്തിൽ കുടുംബജീവിതം നയിക്കുന്നതിനു ജനനക്രമീകരണം ആവശ്യമായി വരുമ്പോൾ കൃത്രിമമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഉപാധികൾ സ്വീകരിക്കുക യുക്തമാണെന്നു വളരെപ്പേർ വിശ്വസിക്കുന്നുണ്ട്. ഇതു് അവരുടെ ദൃഷ്ടിയിൽ സ്വാത്ഥപരമല്ല. മറിച്ച്, ദമ്പതികൾക്കു് പരസ്പരവും മക്കളോടും സമൂഹത്തോടുമുള്ള കടപ്പാടിന്റെ പൂരണം മാത്രമാണു്.' ഇതേ വീക്ഷണമാണു് പ്രസിദ്ധയായ റോസ് മേരിയുടേതു് (Rosemary Haughton).

ഇങ്ങനെയുള്ള മനോഭാവം ബുദ്ധിജീവികളിലുടനീളം വളൻു വന്നു. ഈയവസരത്തിലാണു് ലോക പ്രസിദ്ധനായ ഫാദർ എഡ്വേർഡ് ഷില്ലബക്കു് ഒ. പി. യുമായി നടത്തിയ ഒരു അഭിമുഖസംഭാഷണം കോമൺവീൽ (ജനുവരി 5, 1964) മാസികയിൽ പ്രത്യക്ഷപ്പെട്ടതു്. മനുഷ്യന്റെ ശ്രേഷ്ഠതക്കു് ഇടിവു തട്ടാത്ത വിധത്തിലുള്ള മാർഗ്ഗം സ്വീകരിക്കാം എന്ന ധ്വനിയാണു് അതിൽ കാണുന്നതു്. ഗുളികകളെക്കുറിച്ചാണു് പരാമർശമുണ്ടായിരുന്നതു്. ഓരോ സംയോഗകൃത്യത്തിന്റെയും ലക്ഷ്യം എന്നതിനെക്കാൾ വിവാഹജീവിതത്തെ ഒട്ടാകെ കണക്കിലെടുത്താണു് പ്രവൃത്തിയുടെ ധാർമ്മികത നിർണ്ണയിക്കേണ്ടതു് എന്ന ദർശനം അദ്ദേഹം വച്ചുപുലത്തുന്നു.

ഗുളികകളെ ചൊല്ലിയുള്ള വാദപ്രതിവാദങ്ങൾ പരിഷ്കൃത രാജ്യങ്ങളിൽ കാര്യമായ ചലനമുണ്ടാക്കിക്കൊണ്ടിരുന്നു. ആയിടക്കു് പോപ്പു് കമ്മീഷനെ നിയമിച്ചു കൊണ്ടു് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

'ഇന്നു് എല്ലാവരുടെയും സംസാരവിഷയമായിരിക്കുന്ന' 'ജനനനിയന്ത്രണം' ജനപ്പെരുപ്പത്തെയും കുടുംബബന്ധത്തിന്റെ ധാർമ്മികതയെയും സ്പർശിക്കുന്ന ഒന്നാണു്. ഇതു് വളരെ ഗുരുതരമായ ഒരു പ്രശ്നമാണു്. മനുഷ്യജീവസ്പർശിയാണതു്. സ്ത്രീപുരുഷബന്ധത്തിന്റെ ഉള്ളിൽ തട്ടുന്നതാണു്. ഇതിൽ വളരെയധികം സങ്കീർണ്ണത നിറഞ്ഞിരിക്കുന്നു. ഇതിന്റെ വിവിധവശങ്ങളെക്കുറിച്ചു് സഭ തികച്ചും ബോധവതിയുമാണു്. ദമ്പതികളുടെ സ്വാതന്ത്ര്യം, മനസ്സാക്ഷി, പ്രേമം, ചുമതല തുടങ്ങിയവ അവയിൽ പ്രധാനങ്ങളാണു്. എന്നാൽ, സഭക്കു് തന്റെ അവകാശങ്ങളെ അവഗണിക്കുക സാധ്യമല്ല. ദൈവിക നിയമം വ്യാഖ്യാനിക്കുക, പഠിപ്പിക്കുക, അനുകൂലിക്കുക, സംരക്ഷിക്കുക എന്നിവ സഭയുടെ ദൗത്യത്തിൽപെടുന്നു. സാമൂഹികവും ശാസ്ത്രീയവും മനഃശാസ്ത്രപരവുമായ സത്യങ്ങളുടെ വെളിച്ചത്തിൽ ഈ നിയമത്തെ അധുനാതനമാക്കി പ്രഖ്യാപിക്കണം. അതിനു് ഈ വിഷയം പഠന വിധേയമാക്കിയിരിക്കുകയാണു്. കമ്മീഷന്റെ നിഗമനങ്ങൾ കാലതാമസമെന്യേ നാം പ്രഖ്യാപിക്കുന്നതാണു്. എന്നാൽ, നാളതുവരെ, നമ്മുടെ മുൻഗാമിയായ പന്ത്രണ്ടാം പീയൂസു് വ്യക്തമാക്കിയിരിക്കുന്നതിൽനിന്നു വിഭിന്നമായ ഒരു നിലപാടു സ്വീകരിക്കാൻ തക്ക കാരണങ്ങൾ നാം കാണുന്നില്ല. അതിനാൽ അവ ഇന്നും മാററമില്ലാതെ തുടരണം. ഈ സന്ദർഭത്തിൽ, വിഷയത്തിന്റെ ഗുരുത്വം പരിഗണിച്ചുകൊണ്ടു് കത്തോലിക്കർ എല്ലാവരും ഒരേ നിയമം പാലിക്കുക യുക്തമാണു്. അതു കൊണ്ടു യാതൊരുത്തനും നിലവിലിരിക്കുന്ന പ്രമാണങ്ങൾക്കു വിരുദ്ധമായ പ്രസ്താവനകൾ നടത്തുക അനുചിതമായിരിക്കുമെന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു' (ജൂൺ 23, 1964).

ഇങ്ങനെ, കുടുംബബന്ധം, വിവാഹത്തിന്റെ ലക്ഷ്യങ്ങൾ, ജനനക്രമീകരണത്തിന്റെ ആവശ്യകത, ഗുളികകൾ

തുടങ്ങിയവ ലോകത്തിലെങ്ങും ചർച്ചാവിഷയമായിരുന്നയവസരത്തിലാണ് കൗൺസിലിൻെറ മൂന്നാം സമ്മേളനം ആരംഭിച്ചതു്. ഈ സമ്മേളനത്തിൽവച്ച് ഈ വക കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടമെന്നു് തീർച്ചയായിരുന്നു. 'സഭ ആധുനിക യുഗത്തിൽ' എന്ന ഡിക്രിയുടെ രൂപ ഭാവങ്ങൾ അവിടെവച്ചാണു് നിർണ്ണയിക്കപ്പെട്ടുക. ഈ 'സ്കേമയു'ടെ ആരംഭം തന്നെ രസകരമായിരുന്നു. തികച്ചും ആകസ്മികമെന്നു പറയാവുന്ന വിധത്തിലാണു് അതിനുള്ള ഒരുക്കമുണ്ടായതു്.

## അൽപം ചരിത്രം

വത്തിക്കാൻ സൂനഹദോസിൻെറ ഒന്നാം സമ്മേളനം അവസാനിക്കാൻ വെറും നാലു ദിവസമേയുള്ളു. 1962 ഡിസമ്പർ നാലാം തീയതിയിലെ സെഷൻ തുടന്നു കൊണ്ടിരിക്കുന്നു. വളരെയധികം ഒച്ചപ്പാടോടുകൂടി ആരംഭിച്ച കൗൺസിലിൽനിന്നുള്ള ഫലം മല എലിയെ പ്രസവിച്ചതുപോലെയാകുമോ എന്ന ഭയം പിതാക്കന്മാരുടെ ഹൃദയത്തിലുണ്ടു്. ഈ രണ്ടു മാസത്തോളം ഇവിടെ കഴിച്ചു കൂട്ടിയിട്ട് എടുത്തു പറയത്തക്കതായിട്ടു ഒന്നും ചെയ്തിട്ടില്ല. നിർവ്വികാരതയോടൊപ്പം അല്പംനിരാശാഭാവവുംപലവരിലുണ്ടായിരുന്നു.അങ്ങനെയിരിക്കവേയാണു്, ലോകശ്രദ്ധയാകർഷിച്ചിരുന്ന കാർഡിനൽ സൂവ്നൻസു് പതുക്കെ എഴുന്നേററു് മൈക്രോഫോണിനടുത്തേക്കു് വന്നതു്. ആളല്പം തുറന്നടിക്കുന്ന സ്വഭാവക്കാരനാണു്. വല്ലതും വിളിച്ചു പറയാനായിരിക്കും. എല്ലാവരും ഒന്നിളകിയിരുന്നു. 'ഈ കൗൺസിലിൻെറ ലക്ഷ്യം തിരുസഭയെ ആധുനിക ലോകവുമായി സംഭാഷണത്തിലേർപ്പെടുത്തുകയാണു്. ആധുനിക ലോകത്തിൻെറ നീറുന്ന നിരവധി പ്രശ്നങ്ങൾക്കു് ക്രിസ്തുവിൻെറ സഭക്കു് എന്തു സാന്ത്വനമരുളാനുണ്ടു്.? നാമിവിടെയിരുന്നതു് തീരുമാനിക്കണം'! കാർഡിനൽ മൊന്തീനി (ഇന്നത്തെ മാർപ്പാപ്പാ) യും കാർഡിനൽ

ലെർക്കാരോയും സൂവ്നൻസിനെ പിന്താങ്ങി. ഈ രംഗ മെല്ലാം ടെലവിഷനിലൂടെ കണ്ടുകൊണ്ടിരുന്ന നല്ലവനായ ജോൺ പാപ്പ പറഞ്ഞു: അങ്ങനെ പിതാക്കന്മാർ കൗൺസി ലിൻെറ ലക്ഷ്യം മനസ്സിലാക്കിവരുന്നു.' കാർഡിനാൽ സൂ വ്നൻസിൻെറ അന്നത്തെ ആ പ്രസ്താവനയിൽനിന്നു മുളയെ ടുത്തു് വന്നതാണു് 'സഭ ആധുനികയുഗത്തിൽ' അതിൻെറ വ ളച്ചക്കു് മൂന്നാം സമ്മേളനം വളമിട്ടുകൊടുക്കേണ്ടിയിരുന്നു. സഭാപിതാക്കന്മാരുടെ പരിഗണനക്കു് സമർപ്പിച്ചിരുന്ന സ്കേമ്മയുടെ രണ്ടാം ഭാഗത്തെ പരമാർശിച്ചു തുടങ്ങി.

## ചർച്ചകൾ

ക്യൂരിയായിലെ ഒരു മെമ്പറായ കാർഡിനൽ ബ്രൗൺ (Broune) പറഞ്ഞു: വിവാഹത്തിൻെറ ലക്ഷ്യത്തെക്കുറിച്ചു് സഭയുടെ പാരമ്പര്യ പ്രബോധനത്തിനു ഞാൻ സാക്ഷ്യം വ ഹിക്കുന്നു. വിവാഹത്തിൻെറ പ്രഥമ ലക്ഷ്യം സന്താനോല്പാ ദനവും നല്ല ശിക്ഷണവും ദ്വിതീയലക്ഷ്യം പരസ്പര സഹായ വും വിഷയാസക്തി (Concupiscence) യുടെ ശമനവുമാ ണു്. എന്നാൽ, എന്താണീ ദാമ്പത്യപ്രേമം? യഥാർത്ഥ മൈ ത്രിയിൽ നിന്നുണ്ടാകുന്ന ദാമ്പത്യ സ്നേഹത്തെ സ്വാർത്ഥപൂരി തമായതിൽ നിന്നു് വേർതിരിച്ചറിയുന്നതിനുള്ള ഒരു പദപ്ര യോഗമാണതു്. ദാമ്പത്യപ്രേമത്തിനു് പ്രാധാന്യമുണ്ടു്. അ താണു് മുൻപന്തിയിൽ വരേണ്ടതു്. പ്രണയം സ്വാർത്ഥപൂ രിതമാണു്. എന്നാൽ, ദൈവിക പദ്ധതികളുള്ളിൽ ദാമ്പത്യ പ്രേമം ദൈവം തിരുമനസ്സായിട്ടുള്ളതാണു്!

മോണ്ട്റിയലിലെ മെത്രാപ്പോലീത്തയായ കാർഡിനൽ ലെജറുടെ പ്രസ്താവന കാര്യമായ സ്വാധീനം ചെലുത്താൻ പോരുന്നതായിരുന്നു. 'വിവാഹത്തെക്കുറിച്ചുള്ള ദൈവശാ സ്ത്രത്തിൽ എന്തെങ്കിലും വ്യതിയാനം വരുത്തുന്നതിൽ ഭയപ്പെ ടുന്നവരുണ്ടു്. എന്നാൽ, മാററത്തിനുവേണ്ടി മാററം വരു

ത്തുക അനുചിതമാണ്. ക്രൈസ്തവ ജീവിതത്തിന്റെ ആവശ്യമായിട്ടാണ് പരിവത്തനം വരേണ്ടതു്. അതു് ദൈവിക പദ്ധതിയെക്കുറിച്ചുള്ള അറിവു് വദ്ധിക്കുന്നതിനും തദ്വാരാ, വൈവാഹിക വിശുദ്ധി ഉയത്തിപ്പിടിക്കുന്നതിനുമാണ്. ഇതിനു ജീവശാസ്ത്രം മനഃശാസ്ത്രം സാമൂഹികശാസ്ത്രം എന്നിവയിൽ ആധുനിക കാലത്തുണ്ടായിരിക്കുന്ന വിജ്ഞാനപുരോഗതിയെയും കണക്കിലെടുക്കണം.

വിവാഹത്തിന്റെ ലക്ഷ്യങ്ങളെ നാളിതുവരെ പ്രതിപാദിച്ചിരിക്കുന്നവിധം അതൃപ്തികരവും കാലഹരണപ്പെട്ടതുമാണെന്നു് ദൈവശാസ്ത്രജ്ഞന്മാർ കരുതുന്നു. ദാമ്പത്യപ്രേമത്തെക്കുറിച്ചുള്ള പ്രസ്താവങ്ങൾ ബൈബിളിനോ പാരമ്പര്യത്തിനോ നിരക്കാത്ത വികലധാരണകളാണ്. ഈ നിഷേധാത്മകഭാവത്തിനു കാരണം, കഴിഞ്ഞ കാലങ്ങളിൽ പടന്നു വളന്ന തത്വശാസ്ത്രമാണ്. അതു് ദാമ്പത്യപ്രേമത്തിന്റെ ഔന്നത്യത്തെയും പ്രധാന്യത്തെയും മറച്ചുകളഞ്ഞിരിക്കുന്നു.

ഈ സ്കേമയുടെ കത്താക്കൾ, ദാമ്പത്യജീവിതത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചുള്ള പ്രബോധനം ഒന്നു നവീകരിക്കാൻ ശ്രമിച്ചിട്ടുണ്ടു്. ദാമ്പത്യപ്രേമത്തിനു് മുൻഗണന നല്കിയിരിക്കുന്നു. പ്രഥമദ്വതീയ ലക്ഷ്യങ്ങളുടെ പ്രശ്നസങ്കീണ്ണതകളെ തഴഞ്ഞു കളഞ്ഞിരിക്കുന്നു. എന്നാലും, ഇന്നനുഭവപ്പെടുന്ന സങ്കീണ്ണതകൾക്കു പരിഹാരമായിട്ടില്ല. നാം പകുതി വഴിയെത്തിയിട്ടുണ്ടു്. ദാമ്പത്യപ്രേമമാണ് വിവാഹത്തിന്റെ ലക്ഷ്യമെന്നു തറപ്പിച്ചു പറഞ്ഞിട്ടില്ല. ചില കാര്യങ്ങൾ കൂടി ഞാൻ സൂചിപ്പിക്കട്ടെ.

ദാമ്പത്യത്തിലെ ലക്ഷ്യങ്ങളിലൊന്നാണ് സന്താനോല്പാദനം. എന്നാൽ, വിവേകത്തോടും ഉദാരമനസ്ഥിതിയോടും കൂടി ഉല്പാദനത്തെ ക്രമീകരിക്കേണ്ടിയിരിക്കുന്നു. ഉല്പാദനമെന്നലക്ഷ്യം ഓരോ സംയോഗത്തോടും ബന്ധിപ്പിക്കുന്നതിനുപകരം ദാമ്പത്യജീവിതാന്തസ്സിനോടു ബന്ധിക്കുകയാണുത്തമ

മെന്നു് കരുതുന്നു. പിതൃത്വത്തിന്റെ മഹനീയത കൂടുതൽ നന്നായി വിശദീകരിക്കേണ്ടിയിരിക്കുന്നു. പിതൃത്വം സൃഷ്ടികർമ്മത്തിലുള്ള സഹകരണമാണു്. നിത്യതക്കു് അവകാശമുള്ള ഒരു വ്യക്തിയുടെ ജന്മത്തിനിടവരുത്തുന്നതുകൊണ്ടു് പിതൃത്വം നിത്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ദാമ്പത്യപ്രേമം ശരീരവും ആത്മാവും മുഴുകുന്ന ഒന്നാണു്. അതു് വ്യക്തിത്വപ്രധാനമാണു്. വ്യക്തി മുഴുവൻ അതിൽ ലയിക്കുന്നു. അതു് അറുത്തുമുറിച്ചു പറയണം. പ്രേമം അതിൽ തന്നെ നല്ലതാണു്; ശ്രേഷ്ഠമാണു്. സ്കേമ ഇന്നും സന്ദേഹാത്മകമായിട്ടാണിരിക്കുന്നതു്. അതു പാടില്ല. സ്പഷ്ടമായി തന്നെ കാര്യം പറയണം. ദമ്പതികൾ ഉല്പാദക പ്രവർത്തകരാണെന്നല്ല, സ്നേഹബദ്ധരാണെന്ന നിലയിൽ സ്വയം കാണണം. ദാമ്പത്യപ്രേമത്തിന്റെ വൈശിഷ്ട്യം പ്രകടമാക്കാനും അതൊരു ലക്ഷ്യമായി പ്രഖ്യാപിക്കാനും ആവശ്യപ്പെട്ടു കൊണ്ടു് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

അടുത്തതായി കാർഡിനൽ സൂവ്നൽസ് പറഞ്ഞു: വിവാഹത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനം ആധുനികശാസ്ത്രീയകണ്ടുപിടുത്തങ്ങൾക്കനുഗുണമാണോ എന്നു കമ്മീഷൻ പരിശോധിക്കേണ്ടിയിരിക്കുന്നു. അരിസ്റ്റോട്ടലിൽ നിന്നു് നാം വളരെയകലെയാണു്; സായൻസികനേട്ടങ്ങളെ നാം അനുഗമിക്കണം.

പ്രിയ സഹോദരന്മാരേ, ഞാൻ നിങ്ങളോടു യാചിക്കുന്നു, നമുക്കു് ഒരു പുതിയ ഗലീലിയോക്കേസു് ഇല്ലാതാക്കാം. സഭക്കു് ഒന്നു ധാരാളം മതി.

കമ്മീഷൻ പുതിയ ഉൾക്കാഴ്ചകളെ കൂടി സ്കേമയിലുൾപ്പെടുത്തി അതു് അത്യുന്നത പ്രബോധനാധികാരത്തിനു സമർപ്പിക്കണം. നാം കാലാനുസൃതം പുരോഗമിക്കണം. നാം നിശബ്ദരായിരിക്കരുതു്. നാമീ പ്രശ്നങ്ങളെ പഠിക്കണം.

ആത്മാക്കളുടെ പ്രശ്നമാണതു്; കുടുംബങ്ങളുടേതാണതു്, ലോകത്തിൻേറതാണതു്. സത്യം നമ്മെ സ്വതന്ത്രരാക്കട്ടെ.

ഈ പ്രസ്താവങ്ങളെ പിന്തുണച്ചു കൊണ്ടാണ് അന്ത്യോക്യയിലെ പാത്രിയർക്കീസായ മാക്സിമോസ് നാലാമൻ പ്രസംഗിച്ചതു്. വിവാഹ ജീവിതത്തെ ഒന്നാകെ കാണണമെന്നും, ഒററപ്പെട്ട പ്രവൃത്തിയുടെയല്ല വിവാഹജീവിതത്തെ പൊതുവായികണ്ടാണ് ധാർമ്മികത നിശ്ചയിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ജീവശാസ്ത്രനിയമങ്ങളല്ല ധാർമ്മികനിയമങ്ങൾക്കു് ആധാരമായിരിക്കേണ്ടതു്. ഈ വിഷയത്തെക്കുറിച്ചു മററു സഭാംഗങ്ങൾ എന്തു വിചാരിക്കുന്നു എന്നതും ഈ ഏകൃമനിക്കൽ യുഗത്തിൽ പരിഗണനാർഹമാണ്. ഇതു് ലോകത്തിൻെറ പ്രശ്നം കൂടിയാണ് എന്നതും മനസ്സിലിരിക്കേണ്ടതാണ്. ജനങ്ങളെ ഉത്തരവാദിത്വബോധമുള്ളവരാക്കുകയാണ് സഭയിന്നു ചെയ്യേണ്ടതു്. നമുക്കു കണ്ണു തുറന്നു കാണാം. കാണുന്നവയെ അങ്ങനെ തന്നെ വിലയിരുത്താം. അവ എങ്ങനെയായിരിക്കണമെന്നു നാം ആഗ്രഹിക്കുന്നതുപോലെയല്ല, അവയായിരിക്കുന്നതുപോലെ കണക്കിലെടുക്കുക. ഇതു സഭയുടെ ഭാവിയെയും ദൗത്യത്തെയും സാരമായി സ്പർശിക്കുന്ന കാര്യമാണെന്ന സത്യം നാം മറക്കരുതു്!

ഇങ്ങനെ മൂന്നാം സമ്മേളനത്തിൽവച്ച് വിവാഹജീവിതത്തിൽ ദാമ്പത്യപ്രേമത്തെയും അതിൻെറ പ്രായോഗികവശത്തെയും കുറിച്ച് പിതാക്കന്മാർ സംസാരിച്ചു. വേണ്ടത്ര ഭേദഗതിയോടെ 'ഡിക്രി' നാലാം സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു. ചുരുക്കം ചില മിനുക്കുപണികളോടെ അതു് അംഗീകരിക്കപ്പെട്ടു.

## വ്യതിയാനങ്ങൾ

വിവാഹത്തെക്കുറിച്ചുള്ള കൗൺസിൽ പ്രഖ്യാപനത്തിൽ പ്രത്യേകം ശ്രദ്ധാർഹമായ ചില സംഗതികൾ ചൂണ്ടികാണി

★ All these extracts from, The Tablet, 7th havember 1964 quoted by leo pyle.

ക്കുക ആവശ്യമാണ്. സഭയുടെ പരമ്പരാഗതമായ പഠന ത്തിൽ വന്ന വ്യതിയാനങ്ങളാണവ. ഇനിയങ്ങോട്ടുള്ള പ്ര തിപാദ്യത്തെ സുഗ്രഹമാക്കാൻ ഇതുപകരിക്കും.

വിവാഹത്തിന്റെ പ്രഥമലക്ഷ്യം ദ്വതീയലക്ഷ്യങ്ങൾ എന്നിങ്ങനെ കള്ളിതിരിച്ചു പഠിപ്പിച്ചിരുന്നതിൽനിന്നു വി ഭിന്നമായ ഒരു വീക്ഷണം അംഗീകരിച്ചിരിക്കുന്നു. ദമ്പതിക ളുടെ പ്രേമനിർഭരമായ ഐക്യജീവിതവും അതിൽ നിന്നു ളവാകുന്ന മക്കളുടെ നല്ല വളർത്തലുമാണു വിവാഹത്തിന്റെ ലക്ഷ്യമെന്നു വ്യക്തമാക്കിയിട്ടുണ്ടു്. തികച്ചും വൈയക്തിക (Personalisti : View) വളർന്നിരിക്കുന്നു. സ്നേഹജീവിതത്തി നുള്ള സഖ്യമാണു് വിവാഹം. രണ്ടു വ്യക്തികളുടെ സ്നേഹം നിറഞ്ഞ പരസ്പരാർപ്പണത്തിന്റെയും പരസ്പരപൂരകത്തിന്റെ യും മുഗ്ദ്ധഭാവമാണു് സംയോഗം. അതിന്റെ മാനദണ്ഡം വ്യക്തിയുടെ ശ്രേഷ്ഠതക്കും മാനുഷികതയ്ക്കും അനുഗുണമായിരി ക്കണം. ദാമ്പത്യപ്രേമത്തിനു മുമ്പെങ്ങും കൊടുക്കാതിരുന്ന പ്രാധാന്യം നല്കി എന്നതു് സഭയുടെ പരമ്പരാഗതപ്രബോധ നത്തിൽനിന്നുള്ള ഒരു മാററമാണു്.

ശിശുക്കളെ ജനിപ്പിക്കുക ഉത്തരവാദിത്വത്തോടെ വേ ണമെന്നു് പ്രസ്പഷ്ടമാക്കി. അതിനുള്ള തീരുമാനം ദമ്പതികളു ടെ മനസ്സാക്ഷിയിൽ നിന്നാണു് വരേണ്ടതു്. ഓരോ ശിശു വിനും, ബോധപൂർവ്വം സ്നേഹപൂർവ്വം ജീവൻ നല്കുകയും സന്തോ ഷപൂർവ്വം അവരെ സ്വീകരിക്കുകയും ചെയ്യണം. ദമ്പതികളു ടെ ആരോഗ്യം സാമ്പത്തിക ഭദ്രത എന്നിവയും ശിശുവിന്റെ മനുഷ്യോചിതമായ വളർച്ചയ്ക്കുള്ള പരിതോവസ്ഥയും പരിഗ ണിച്ചിട്ടുവേണം മനുഷ്യജീവനു് അസ്തിത്വം നല്കുവാൻ. ജന നക്രമീകരണത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ജ നപ്പെരുപ്പത്തെ ഒരു പ്രശ്നമായിത്തന്നെ സഭ കണ്ടിരിക്കുന്നു. ഉത്തരവാദിത്വം ഏറെറടുക്കാതെ — ബോധപൂർവ്വമല്ലാതെ ശി ശുക്കൾക്കു് ജന്മമേകരുതു്. ഇങ്ങനെയൊരു നിലപാടു് സ്വീ

കരിക്കുന്നതു് ശിശുക്കളോടു് വെറുപ്പ് ഉള്ളതു കൊണ്ടാകരുതു്. 'വാകീറിയതമ്പുരാൻ ഇരയും തരും' എന്നു പറഞ്ഞു് നിരുത്തര വാദിത്വത്തോടെ ശിശുക്കൾക്കു് ജന്മം നല്കിയാൽ, ദൈവം മന്നാവർഷിക്കുകയില്ല.

ജനനക്രമീകരണം ആവശ്യമാണെന്നും വേണമെന്നും പറഞ്ഞു. ഉത്തരവാദിത്വത്തോടുകൂടിയേ ഉല്പാദനം നടത്താവൂ എന്നും വ്യക്തമാക്കി. എന്നാൽ, ഈ നിർദ്ദേശം പ്രായോഗി മാക്കേണ്ടതു് എങ്ങനെ? ജനനക്രമീകരണത്തിനു സ്വീകരിക്കേണ്ടമാർഗ്ഗമെന്തു്? 'സഭ നിഷിദ്ധമെന്നു പ്രഖ്യാപിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ സഭാ സന്താനങ്ങൾ സ്വീകരിക്കുവാൻ പാടില്ല; ഗർഭച്ഛിദ്രം ശിശുവധം തുടങ്ങിയവ മാരകാപരാധങ്ങളാണു്' എന്നും ഡിക്രിയിൽ തെളിച്ചു പറഞ്ഞിട്ടുണ്ടു്. മുൻഗാമികൾ നല്കിയ പ്രബോധനങ്ങൾ മാററമില്ലാതെ തന്നെ നില്ക്കുന്നു എന്നു മാർപ്പാപ്പ ആവർത്തിക്കുകയും ചെയ്തിരിക്കുന്നസ്ഥിതിക്കു് 'റിഥം രീതിയെ' ദമ്പതികൾ മനസ്സിലാക്കി പ്രവർത്തിക്കുകയേ കരണീയമായിട്ടുള്ളു. എന്നാൽ, ഡിക്രിക്കുശേഷവും, പോപ്പിന്റെ പ്രസ്താവനകൾക്കുശേഷവും ഈ വിഷയത്തെ സംബന്ധിച്ചു് സന്ദിഗ്ദ്ധാവസ്ഥ നിലനില്ക്കുന്നതായാണു് മനസ്സിലാകുന്നതു്. പേപ്പൽ കമ്മീഷൻ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയും, സന്ദിഗ്ദ്ധാ (In dubio) വസ്ഥയുടെ അന്തരീക്ഷത്തിലാണു് എന്ന ബോധം വളരുകയും ചെയ്തിരിക്കുന്നതിന്റെ വെളിച്ചത്തിലാണു് വാദപ്രതിവാദങ്ങളും തുറന്ന ചർച്ചകളും തുടർന്നതു്.

# 3. സംശയങ്ങൾ തുടരുന്ന ചർച്ചകൾ പുരോഗമിക്കുന്നു.

ദാമ്പത്യപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ ഒരു കമ്മീഷൻ തന്നെ നിയമിക്കപ്പെട്ടിരുന്നു. ജനനക്രമീകരണമാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച് കൗൺസിൽഹാളിൽ നടന്നില്ല. പോപ്പുതന്നെ അതിനുവേണ്ടതെല്ലാം മുൻകൂട്ടി കണ്ടിരുന്നു. ജനനക്രമീകരണമാർഗ്ഗത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ പോപ്പിൻെറ തീരുമാനത്തിനുവിടണമെന്ന പ്രമേയത്തെ 1592 പേർ അനുകൂലിക്കുകയും 427 പേർ പ്രതികൂലിക്കുകയും ചെയ്തതോടെ, കത്തോലിക്ക ദമ്പതികളുടെ പ്രതീക്ഷ കാർമേഘാവൃതമായി. മററുള്ള രേഖകൾക്ക് മാർഗ്ഗനിർദ്ദേശം നല്കിക്കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവ് സെക്സിൻെറ കാര്യത്തിൽ പരന്നകലുമോ എന്നുവരെ ചിന്തിച്ചവരുണ്ടായി !

1964 ഡിസംബർ മാസത്തിൽ പേപ്പൽ കമ്മീഷൻെറ അംഗസംഖ്യ വർദ്ധിപ്പിച്ചു. കൂടുതൽ പണ്ഡിതന്മാരുടെ സഹകരണത്തോടെ പഠനങ്ങൾ തുടർന്നു * ഒന്നരക്കൊല്ലം കഴിഞ്ഞിട്ടും കമ്മീഷനു് ലക്ഷ്യത്തിലെത്താൻ കഴിഞ്ഞില്ല. 1966 മാർച്ച് മാസത്തിൽ, കമ്മീഷൻ ഒന്നുകൂടി അഴിച്ചുകൂട്ടി. അംഗ

---

★ Cofr Herder Correspondence
Vol. 3. Nos 9-10 (Sept. Octo. 1966

സംഖ്യ വർദ്ധിച്ചു. അറുപതോളമെത്തി, പ്രഗത്ഭന്മാരുടെ എണ്ണം പകുതിയോളം തന്നെ അത്മായരുണ്ടായിരുന്നു; പതിനാറു മെത്രാന്മാരും. കമ്മീഷൻെറ ചെയർമാനായി കാർഡിനൽ ഒട്ടാവിയാനിയും ഡെപ്യൂട്ടി ചെയർമാന്മാരായി, കാർഡിനൽ ഡോപ്ഫ്നർ, കാർഡിനൽ ഹീനാൻ എന്നിവരും നിയോഗിക്കപ്പെട്ടു. ദൈവശാസ്ത്രജ്ഞന്മാർ, സന്യാസവൈദികർ, അത്മായർ, ഡോക്ടറന്മാർ, ജനശാസ്ത്രജ്ഞന്മാർ, ദമ്പതികൾ തുടങ്ങിയവർ താന്താങ്ങളുടെ മണ്ഡലങ്ങളെക്കുറിച്ച് ആദ്യമാദ്യം ചെറിയ ഗ്രൂപ്പുകളായിട്ടും പിന്നീട് ഒന്നിച്ചിരുന്നും പഠനവും ചർച്ചയും നടത്തി. ജൂൺ മാസത്തിൽ അവർ മെത്രാന്മാരുടെ കൗൺസിലിനു് റിപ്പോർട്ടു സമർപ്പിച്ചു. കാർഡിനൽമാരായ ഷെഹാൻ, സൂവ്നൻസ്, ഗ്രേഷ്യസ് തുടങ്ങിയവർ ആ കൗൺസിലിലെ അംഗങ്ങളായിരുന്നു. ജൂൺ 16 – 25 തീയതികളിൽ അവർ റോമിൽ സമ്മേളിച്ചു. മൂന്നു ദമ്പതികളുൾപ്പെടെ പതിനെട്ടു് പ്രഗത്ഭർ അതിൽ പങ്കെടുത്തിരുന്നു. അവരുടെ റിപ്പോർട്ടു് പോപ്പിനു സമർപ്പിക്കപ്പെട്ടു. ഈ റിപ്പോർട്ടുകൾ രണ്ടു വീക്ഷണങ്ങൾ പുലർത്തിയിരുന്നതായി പിന്നീടു് വ്യക്തമാക്കപ്പെടുകയുണ്ടായി.

## പ്രശ്നങ്ങൾ

'കമ്മീഷൻ പഠിക്കുന്നു; പോപ്പ് ആധികാരിക പ്രഖ്യാപനം നടത്തും' എന്നൊക്കെപ്പറഞ്ഞിരുന്ന കാലത്തും ദൈവശാസ്ത്രജ്ഞന്മാരും ജനങ്ങളും അവരുടെ ചിന്തകളും വീക്ഷണങ്ങളും പരസ്യമായിത്തന്നെ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. വിവാഹജീവിതത്തെക്കുറിച്ചു വ്യക്തമായ ചില പ്രബോധനങ്ങൾ കൗൺസിൽ നല്കിയിരുന്നു. മുൻഗാമികളുടെ പ്രഖ്യാപനങ്ങൾക്കു് മാററം വരുത്തിയിട്ടില്ല എന്നൊക്കെ അവർ അറിഞ്ഞിരുന്നു. എങ്കിലും കാലിക (Hic et nunc) പ്രശ്നമെന്ന നിലയിൽ ജനപ്പെരുപ്പം ഉണ്ടായിരിക്കുമ്പോൾ എന്തു ചെയ്യ

ണം എന്ന കാര്യം എല്ലാവരും ചിന്തിച്ചിരുന്നു. ധാർമ്മികശാസ്ത്രജ്ഞന്മാരും അലസരായിരുന്നില്ല. കൗൺസിൽ ഊട്ടിയുറപ്പിച്ച വീക്ഷണത്തിന്റെ ചുവടുപിടിച്ച് ചില നിഗമനങ്ങളിലെത്താനാണ് പലരും ശ്രമിച്ചതു്. അതിന് ഉപോൽബലമായി തനിശാസ്ത്രീയസിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കുകയും ചെയ്തിരുന്നു. ജനനക്രമീകരണമാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം സഭ സന്ദിഗ്ദ്ധാവസ്ഥയിലാണ് എന്ന് ഗ്രിഗറി ബാം (A) എഴുതി. അതിനെ എതിർത്തുകൊണ്ടു് ഫാ. ജെ. ജെ. ലിക്ക്. എസ്. ജെ. (B) മറുപടി നല്കി സഭയുടെ നിലപാട് അക്കാര്യത്തിൽ യാതൊരു സംശയത്തിനും ഇടനല്കുന്നില്ല എന്നു തെളിയിക്കുന്നതിനാണ് അദ്ദേഹം ശ്രമിച്ചതു്. അതു വായിച്ചു കഴിഞ്ഞിട്ടും, ഗ്രിഗറി ബാമിന്റെ 'സന്ദിഗ്ദ്ധാവസ്ഥ' കുറയുമെന്നു തോന്നുന്നില്ല. റോമിന്റെ മന്ദമായ നീക്കം ആ സന്ദിഗ്ദ്ധാവസ്ഥയ്ക്ക് ആക്കം കൂട്ടുകയാണ് ചെയ്തുകൊണ്ടിരുന്നതു്.

വിവാഹജീവിതത്തെ പൊതുവായി കണക്കാക്കിയാണ് ധാർമ്മികതയെ വീക്ഷിക്കേണ്ടതു് എന്ന ആശയമാണ് പ്രസിദ്ധപണ്ഡിതനായ ഫാ. ജാൻസൻ ഉന്നയിച്ചിരുന്നതു്. ഈ ആശയം തന്നെ ഫാ. ഷില്ലബക്ക് മുമ്പേ പറഞ്ഞിട്ടുള്ളതാണ്. ജീവശാസ്ത്രപരമായ പ്രവൃത്തിയുടെ പൂർണ്ണതയല്ല, സംയോഗത്തിന്റെ ധാർമ്മികനിയമം എന്നു് അദ്ദേഹം വ്യക്തമാക്കുന്നുണ്ടു്. ദാമ്പത്യപ്രേമ പ്രകടനത്തിന്റെ അഭാവത്തിൽ, കുടുംബബന്ധങ്ങളും മക്കളുടെ നല്ല വളർച്ചയും ദാമ്പത്യവിശ്വസ്തതയും അപകടത്തിലാകും എന്നതിനെ പരിഗണിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ വാദങ്ങളെ അവതരിപ്പിച്ചിരിക്കുന്നതു്. റിഥത്തോടൊപ്പം തന്നെ ഗുളികകളുടെ ഉപയോഗത്തെയും അദ്ദേഹം ന്യായീകരിക്കുന്നുണ്ടു് (C).

---

(A) Commonweal 24 December 1965

(B) Theo logical Studies, 27. P. 246, 1966

(C) L. Janrsens quoted by heo pyle P. 4955

ജനനക്രമീകരണമാർഗ്ഗങ്ങളെക്കുറിച്ച് സഭ സന്ദിഗ്ദ്ധാവസ്ഥയിലാണ് എന്നതിന്റെ ഉത്തമ നിദർശനമാണ്, വ്യക്തമായ തീരുമാനത്തിലെത്താൻ പോപ്പിനു കഴിയാതെ വരുന്നത് എന്ന ആരോപണം മി. ബ്രൂസ് സ്റ്റേവാർ (D) നടത്തുകയുണ്ടായി. ഈ സന്ദർഭത്തിൽ ദമ്പതികൾ സ്വകീയമായ തീരുമാനത്തിലെത്തുകയാണ് കരണീയം എന്നു് സൂചനയുമുണ്ടായി. ഈ പ്രശ്നത്തെ സംബന്ധിച്ച് സഭയുടെ പ്രബോധനാധികാരം സന്ദിഗ്ദ്ധാവസ്ഥയിലാണ് എന്നു് തറപ്പിച്ചുപറയുകയായി, പ്രശസ്തനായ ഫാ. ചാൾസ് ഡേവീസ് പരസ്യമായിട്ടൊന്നു പറയുക; രഹസ്യമായി വേറൊന്നു പ്രയോഗിക്കുക എന്ന ആത്മാർത്ഥതയില്ലായ്മക്ക് നാം നിർബന്ധിപ്പിക്കപ്പെടരുതു്. അട്ടത്തെങ്ങും തീരുമാനമുണ്ടായില്ലെങ്കിൽ അക്കാര്യം തുറന്നു സമ്മതിക്കണം. അതില്ലാത്തതുകൊണ്ടു് സഭാധികാരത്തിന്റെ വിശ്വാസ്യത (Credibility) നഷ്ടമായിക്കൊണ്ടിരിക്കുകയാണിന്നു് സാധാരണ കത്തോലിക്കരുടെ ദൃഷ്ടിയിൽപ്പോലും (E).

അധികാരസ്ഥാനത്തിരുന്നവരിൽ പലരും സന്ദിഗ്ദ്ധാവസ്ഥയില്ല എന്നു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു കൊണ്ടിരുന്നെങ്കിലും, ദമ്പതികളുടെ പ്രശ്നം അങ്ങനെ തന്നെ തുടന്നു. 'റിഥം' മാത്രമെ പാടുള്ളു എന്നു പറഞ്ഞ ബ്രഹ്മചാരികളുടെ പ്രശ്നമല്ലല്ലോ ദമ്പതികളുടേതു്. സന്മാർഗ്ഗത്തെ, നിത്യതയെ തന്നെ സ്പർശിക്കുന്ന ഒരു സങ്കീർണ്ണപ്രശ്നത്തിനു് അപ്രമാദിത്വം അവകാശപ്പെടുന്ന പോപ്പിനു് ഉത്തരം നല്കുവാൻ സാധിക്കാതെ വരുന്നതും അവരെ സന്ദേഹചിത്തരാക്കി. വിശ്വാസികളുടെ ബുദ്ധിമുട്ടു മനസ്സിലാക്കിയ ചില ഇടയന്മാർ പ്രായോഗിക നിർദ്ദേശങ്ങൾ നല്കുവാൻ മടിച്ചില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ മനുഷ്യോചിതമായ കൃത്രിമമാർഗ്ഗങ്ങൾ ഉ

(D) The Tabelet 19, November 1966
(E) Cfr Clergy Review December 1966

പയോഗിക്കാൻ മനസ്സാക്ഷി പ്രേരിപ്പിച്ചാൽ അതനുസരിക്കുക. അക്കാരണത്താൽ, ദിവ്യകാരുണ്യസ്വീകരണത്തിനു് അവർ അനർഹരാകുന്നില്ല....... ഇങ്ങനെയാണു് മ്യൂനിച്ച് ഫ്രെയിസിംഗ് രൂപതയിലെ വൈദികർക്കു് നല്കിയ നിർദ്ദേശം. റോം നിരങ്ങിക്കൊണ്ടിരുന്നപ്പോൾ ശീഘ്രം നീങ്ങിക്കൊണ്ടിരുന്ന ലോകത്തിൽ ജീവിച്ചിരുന്നവർ മനസാക്ഷിയുടെ വെളിച്ചത്തിൽ ജീവിതത്തെ ക്രമപ്പെടുത്തിക്കൊണ്ടിരുന്നു. അതിന്റെ പ്രത്യക്ഷോദാഹരണമാണു് 750 അത്മായർ ചേൎന്നു ഒരു പ്രസ്താവന ഒപ്പിട്ടു് 'ഉന്നതാധികാരത്തി'നു സമർപ്പിച്ചതു്. മുമ്പൊരിക്കൽ, 1964 ഒക്ടോബർ മാസത്തിൽ, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മൂന്നാം സമ്മേളനം നടക്കുന്ന അവസരത്തിലായിരുന്നു – വിവിധ മണ്ഡലങ്ങളിൽ പ്രവൎത്തിക്കുന്ന 120 അത്മായർ പാപ്പയ്ക്കും കൗൺസിലിനും മെമ്മോറാണ്ഡം നല്കി. അതിനുശേഷം 550 അത്മായർ വേറൊന്നുകൂടി സമർപ്പിച്ചു. അതിൽ 110 കാനഡക്കാരും 86 ബൽജിയംകാരും 20 ഇംഗ്ലീഷ്കാരും 72 അമേരിക്കക്കാരും 54 ഡച്ചുകാരും ഉണ്ടായിരുന്നു. ജനനക്രമീകരണത്തിനു നിർബന്ധിതരായിത്തീരുന്ന ദമ്പതികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടും, സഭയംഗീകരിക്കാത്ത മാൎഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരുന്ന സാഹചൎയ്യങ്ങളും അവർ അതിൽ വ്യക്തമാക്കുന്നുണ്ടു്. (F) റിഥം രീതിയുടെ അപ്രായോഗികതയും മററുമാൎഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരുന്ന പരിതസ്ഥിതിയും ആ മെമ്മോറാണ്ഡത്തിൽ എടുത്തു കാണിക്കുന്നുണ്ടു്.

ഉല്പാദകശക്തിയെ നിയന്ത്രിക്കുക ഇന്നിന്റെ ആവശ്യമാണു്. അല്ല, അതൊരു ചുമതലയായി മാറിയിരിക്കുന്നു. ജീവശാസ്ത്ര(Biological)നിയമങ്ങൾ ധാൎമ്മികശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങളായി അംഗീകരിക്കുക മാനുഷികമല്ല; യുക്തവുമല്ല. ഇക്കാൎയ്യത്തിൽ, സഭ ക്രിയാത്മക (Positive) മായ

(F) Confr Herder Correspondence Vol. 3. Nos 9-10 Sept. Oct. 1966

ചില കാൽവയ്പുകൾ നടത്തിയേ ഒള്ളു. അത്മായരുടെ സുദീർഘമായ ആ പ്രസ്താവനയുടെ ചായ്വ് ഈ നിലയിലായിരുന്നു. 1967 ഒക്ടോബർ മാസത്തിൽ, റോമിൽ സമ്മേളിച്ച അത്മായ സമ്മേളനത്തിൽ, ഏതു മാർഗ്ഗമാണ് ജനനക്രമീകരണത്തിനു സ്വീകരിക്കേണ്ടതു് എന്ന കാര്യം ദമ്പതികളുടെ തീരുമാനത്തിനു വിധേയമാകണം എന്ന പ്രമേയം പാസ്സാക്കിരുന്നു എന്നതും ഈ അവസരത്തിൽ ചിന്തനീയമാണ്.

## കമ്മീഷനിൽ രണ്ടു ചേരികൾ

ഭിന്നസ്വഭാവമുദ്രിതമായ രണ്ടു വീക്ഷണങ്ങൾ കമ്മീഷനിലെ അംഗങ്ങൾക്കുണ്ടായിരുന്നു എന്നു മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ദീർഘമായ അവരുടെ പ്രവർത്തക റിപ്പോർട്ടുകൾ പരസ്യമാക്കപ്പെട്ടിട്ടുണ്ട്. അവയൊന്നും ഔദ്യോഗികമായി പുറത്തുവന്നതായി അറിവില്ല. ഒന്ന് യാഥാസ്ഥിതികമെങ്കിൽ, മററതു് പുരോഗമനപരമാണ് എന്ന് പൊതുവെ പറയാമെന്ന് തോന്നുന്നു.

## ഭൂരിപക്ഷവീക്ഷണം.

സഭയുടെ പാരമ്പര്യമെന്നതിനേക്കാൾ സമകാലീന ചിന്തയാണ് ഭൂരിപക്ഷത്തിന്റെ വിശകലനത്തിനു തണലായിവർത്തിച്ചതു്. അതിനു കാരണവുമുണ്ട്. വിവാഹത്തെക്കുറിച്ചുള്ള നാളിതുവരെ ജീവിതവ്യമായൊരു വിജ്ഞാനീയം വളർന്നുവന്നിരുന്നില്ല. സെക്സിന്റെ പ്രാധാന്യത്തെ അംഗീകരിക്കാത്ത പ്രബോധനമാണ് സഭയിലുണ്ടായിരുന്നതു്. അതുകൊണ്ടാകണം അവർ പാരമ്പര്യത്തെ കണക്കററു ആശ്രയിക്കാതിരുന്നതു്. എന്നാൽ, അവരുടെ വിശകലനം, സമകാലീനമനുഷ്യനു മനസ്സിലാകാവുന്ന ഭാഷയിലെന്നതിനേക്കൾ ജീവിതഗന്ധിയാണ് എന്നതു് എടുത്തു പറയേണ്ടതാണ്. വിവാഹജീവിതത്തിനും, അതിൽ സെക്സിനും നല്കേണ്ട സ്ഥാനം തുറന്ന ഹൃദയത്തോടെ അംഗീകരിച്ചിട്ടുണ്ട്. വിവേകപൂർവ്വമാ

യ ഉല്പാദകത്തിനു പ്രാമുഖ്യം നല്കി. സംയോഗം ഒരു സന്താനോല്പാദക പ്രക്രിയ മാത്രമായി കാണാൻ സാധ്യമല്ല. എന്ന നിലപാടിലാണവർ ഊന്നി നില്ക്കുന്നതു്. ദാമ്പത്യജീവിതത്തിൽ അതുല്യമായ സ്ഥാനം തന്നെ സംയോഗത്തിനു് നല്കുന്നുണ്ടു്. അക്കാരണത്താൽ, ഉല്പാദകമെന്നലക്ഷ്യത്തിൽ നിന്നു് മാററിനിറുത്തിക്കൊണ്ടു തന്നെ സംയോഗത്തിനു് അതിൻെറതായ അർത്ഥവും മൂല്യവും ഉണ്ടു്. ആധുനിക മനശാസ്ത്രവും വ്യക്തിത്വത്തെക്കുറിച്ചുള്ള നവ വിജ്ഞാനവും നടത്തുന്ന സ്വാധീനമാണിവിടെ ദർശിക്കുന്നതു്. മനുഷ്യോചിതമായ ജീവിതത്തിനു് അനുഗുണമല്ലാത്ത അന്തരീക്ഷത്തിലേക്കു് ശിശുക്കളെ ജനിപ്പിക്കാതിരിക്കുവാൻ ശ്രമിക്കണമെന്നുകൂടി പറയുന്നുണ്ടു്. ജനനക്രമീകരണം ദമ്പതികൾ നടത്തേണ്ടിവരുമെന്നും അതിനു സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ മനുഷ്യോചിതമായിരിക്കണമെന്നും, ഇവിടെ അന്തിമ തീരുമാനം ദമ്പതികളുടെ മനസ്സാക്ഷിയായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ടു്. ഈ റിപ്പോർട്ടു് സഭയുടെ നാളിതുവരെയുള്ള പ്രബോധനത്തിൽ നിന്നു് വ്യതിചലിച്ചുകൊണ്ടാണു് എന്നതിനു് രണ്ടു പക്ഷമില്ല. ഈ വീക്ഷണമാണു് എണ്ണപ്പെട്ട ദൈവശാസ്ത്രജ്ഞരിൽ ഭൂരിപക്ഷവും പുലർത്തുന്നതെന്നു് ഇത്തരുണത്തിൽ സ്മരണീയമാണു്. വിശ്വലേഖനം സഭയിലുണ്ടാക്കിയ പ്രതികരണങ്ങൾ അതിനു സാക്ഷ്യംവഹിക്കുന്നുമുണ്ടെന്നു് പിന്നാലെ നാം കാണുന്നതാണു്.

## ന്യൂനപക്ഷവീക്ഷണം

സഭയുടെ നാളിതുവരെയുള്ള പാരമ്പര്യം വിവാഹത്തെയും ഉൽപാദനത്തെയും കുറിച്ചു പ്രതിപാദിക്കുന്നതെന്തെന്നു് ഒരു വിഭാഗം പരിശോധിച്ചു. കമ്മീഷനിൽ അവരൊരു ന്യൂനപക്ഷമായിരുന്നു. അവർ പാരമ്പര്യപ്രബോധനത്തിൽ നിന്നാണു് നിഗമനങ്ങളിലേക്കു് കടന്നതു്. സഭ ഇത്രയും

നാളും പഠിപ്പിച്ചു; അതുകൊണ്ടു് അതിനു മാററംവരുത്തുക പാടില്ല. ഇക്കാര്യത്തിൽ സഭ ഉറച്ചുനില്ക്കണം. കാരണം, മാററം വരുത്തിയാൽ, ഇത്രയും നാളും പഠിപ്പിച്ചവ തെററാണെന്നു് സഭ സമ്മതിക്കുന്നതിനു തുല്യമാകും. അതു്, സഭയുടെ പ്രബോധനാധികാരത്തിന്റെ തളച്ചക്കും വിശ്വാസ്യതയ്ക്കും വഴിയൊരുക്കുമെന്നു് അവർ ന്യായമായി ഭയപ്പെടുന്നു. ആ ഭയം അടിസ്ഥാനരഹിതമാണെന്നു പറഞ്ഞുകൂടാ. വിവാഹജീവിതത്തിൽ സെക്സിന്റെ സ്ഥാനം അംഗീകരിക്കുന്നതിൽ അവർ വിമുഖരല്ലെങ്കിലും, ജനനക്രമീകരണ മാർഗ്ഗത്തെ സംബന്ധിച്ചിടത്തോളം റിഥം മാത്രമേ സ്വീകാര്യമായിട്ടുള്ളു എന്നവർ തറപ്പിച്ചു പറയുന്നുമുണ്ടു്. പ്രകൃതി നിയമത്തെയും അവർ ആശ്രയിക്കുന്നുണ്ടു്. എന്നു വരികിലും സഭയുടെ പ്രബോധനാധികാരത്തിന്റെ ഊന്നുവടിയാണു് അവക്കു് ആശ്രയമായി നില്ക്കുന്നതു്. പരിശുദ്ധാത്മാവിന്റെ പരിപാലനയിൽ വിശ്വസിക്കുന്ന സഭ, തന്റെ പ്രബോധനത്തിൽ മാററം വരുത്തിയാൽ, അതു് വളരെയധികം സങ്കീർണ്ണങ്ങളായ ആശയക്കുഴപ്പങ്ങൾ ഉളവാക്കുമെന്നു് അവർ ഭയപ്പെടുന്നു. പരിശുദ്ധാത്മാവിനു തെററുപററുകയോ എന്ന അവസ്ഥാ വിശേഷം സൃഷ്ടിക്കരുതെന്നു് അവർ മുന്നറിയിപ്പു നല്കുന്നുമുണ്ടു്.

ഇങ്ങനെ, വിവിധവീക്ഷണത്തോടുകൂടിയ രണ്ടു റിപ്പോർട്ടുകളുടെ വെളിച്ചത്തിലാണു് പോപ്പ് സ്വന്തമായൊരു നിഗമനങ്ങളിലെത്തേണ്ടിയിരുന്നതു്. പോപ്പിന്റെ തീരുമാനത്തിനും കാലതാമസം വന്നു. അതു് കൂടുതൽ ഊഹാപോഹങ്ങൾക്കു് കളമൊരുക്കി. പലരും മനസ്സാക്ഷിയിൽ യുക്തമായതു് സ്വീകരിച്ചു് ജീവിച്ചു. ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ, ലോകം താല്പര്യപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആധികാരിക പ്രഖ്യാപനം പോപ്പു നടത്തിയതു്. 1968 ജൂലായ് 25നു് വിശ്വലേഖനം പ്രസിദ്ധീകരിച്ചു. അതിന്റെ ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കുക കാര്യഗ്രഹണത്തിനു് അത്യന്താപേക്ഷിതമാണു്.

## ജീവൻെറ സംക്രമണം

„മനുഷ്യജീവൻ പകന്നു കൊടുക്കുക ദമ്പതികളുടെ ഏററം ഗൗരവാവഹമായ കടമയാണു്. ഈ കടമ നിൎവ്വഹിക്കുന്നതിൽ അവർ സ്രഷ്ടാവായ ദൈവത്തിൻെറ സ്വതന്ത്രരും ഉത്തരവാദിത്വമുള്ളവരുമായ സഹകാരികളാണു് ചിലപ്പോഴൊക്കെ വളരെയധികം പ്രയാസങ്ങളും വേദനകളും ഈ കടമ നിൎവ്വഹിക്കുന്നതോടൊപ്പം ഉണ്ടായിരിക്കാമെങ്കിലും ഈ കടമ നിർവ്വഹണം വിവാഹിതൎക്കു് എപ്പോഴും അപാരമായ ആനന്ദത്തിൻെറ ഉറവിടമായിരുന്നിട്ടുണ്ടു്.

എക്കാലത്തും ഈ കടമയുടെ പൂൎണ്ണമായ നിർവ്വഹണം ദാമ്പത്യജീവിതം നയിക്കുന്നവരുടെ മനസ്സാക്ഷിയിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉളവാക്കിയിട്ടുണ്ടു്. എങ്കിലും ആധുനികകാലത്തു് സമൂഹത്തിൽ ഉണ്ടായിരിക്കുന്ന വളൎച്ചയോടുകൂടി പുതിയ പ്രശ്നങ്ങൾക്കു് ഉദയം നല്കുവാൻ പോന്ന പരിവൎത്തനങ്ങളും ഉണ്ടായിട്ടുണ്ടു്. മനുഷ്യജീവിതത്തെയും ആനന്ദത്തെയും സാരമായി സ്പർശിക്കുന്ന ഒരു കാര്യവുമായി ഇടപെടേണ്ട സഭയ്ക്കു് ഈ പുതിയ പ്രശ്നങ്ങളെ മനഃപൂൎവ്വം അവഗണിക്കുക സാധ്യമല്ല.

## പ്രശ്നാവതരണം

2 ഇന്നു സംഭവിച്ചിരിക്കുന്ന മാററങ്ങൾ യഥാൎത്ഥത്തിൽ ശ്രദ്ധാഹവും വിവിധരൂപങ്ങളോടുകൂടിവയുമാണു്. ഒന്നാമതായി വളരെ വേഗത്തിലുള്ള ജനസംഖ്യാവൎദ്ധനവു്. ലഭ്യമായ സമ്പത്തിനേക്കാൾ വളരെ ശീഘ്രതയോടെ ലോകജനസംഖ്യ വളൎന്നു കൊണ്ടിരിക്കുകയാണെന്നു പലരും ഭയപ്പെടുന്നു. ഈ ജനസംഖ്യാ വൎദ്ധനവു് വളരെ കുടുംബങ്ങളുടെയും രാഷ്ട്രങ്ങളുടെയും കഷ്ടാരിഷ്ടതകൾ വൎദ്ധിപ്പിക്കുന്നു. അതുകൊണ്ടു് ഈ അപകടത്തെ മൗലികങ്ങളായ മാൎഗ്ഗങ്ങൾ ഉപ

യോഗിച്ച നേരിടാൻ അധികാരികൾക്കുണ്ടാകുന്ന പ്രലോഭനം വലുതുതന്നെ. കൂടാതെ തൊഴിൽ പാർപ്പിടവ്യവസ്ഥിതികളും വിദ്യാഭാസ സാമ്പത്തിക തലങ്ങളിലുള്ള വദ്ധിച്ച അടിയന്തിരാവശ്യങ്ങളും ഒരു നല്ല സംഖ്യ കുട്ടികളുടെ വേണ്ട തരത്തിലുള്ള വിദ്യാഭ്യാസം ഇന്നു ദുഷ്ക്കരമാക്കിത്തീർത്തിരിക്കുന്നു.

സമുദായത്തിൽ സ്ത്രീക്കുള്ള സ്ഥാനവും വ്യക്തിത്വവും പരിഗണിക്കപ്പെടുന്നതിലും വ്യത്യാസം കാണുന്നുണ്ട്. ദാമ്പത്യസ്നേഹത്തിനു കല്പിക്കുന്ന മൂല്യത്തിലും ആ സ്നേഹത്തോടു ബന്ധപ്പെട്ട ദാമ്പത്യപ്രവൃത്തികളുടെ അത്ഥത്തിനു നല്കുന്ന ബഹുമാനത്തിൻെറ കായ്യത്തിലും ഈ മാററം ദൃശ്യമാണു്.

അവസാനമായും എല്ലാററിനുമുപരിയായും, പ്രകൃതിശക്തികളെ ബുദ്ധിപൂവ്വമായി രൂപവൽക്കരിക്കുന്നതിനും അവയെ അടക്കിഭരിക്കുന്നതിനും അത്ഭുതാവഹമായ അഭിവൃദ്ധി മനുഷ്യൻ നേടിയിട്ടുണ്ടു്. ഇപ്പോൾ ഈ ആധിപത്യം തൻെറ തന്നെ സത്തയിലേയ്ക്കു വ്യാപിപ്പിക്കുവാനാണു് അവൻെറ ശ്രമം. അതായതു ശരീരത്തിലും മാനസിക ജീവിതത്തിലും സാമൂഹ്യജീവിതത്തിലും മാത്രമല്ല, ജീവൻ സംക്രമിപ്പിക്കുക എന്ന പ്രക്രിയയെ നിയന്ത്രിക്കുന്ന നിയമത്തിലും അവൻ തൻെറ പരമാധികാരം വ്യാപിപ്പിക്കുവാൻ ശ്രമിക്കുകയാണു്.

3 ഈ നൂതനസ്ഥിതിവിശേഷം പുത്തൻ പ്രശ്നങ്ങൾക്കു ജന്മം നല്കുന്നു. ഇന്നത്തെ ജീവിതവ്യവസ്ഥിതികളും ഭായ്യയും ഭത്താവും തമ്മിലുള്ള യോജിപ്പും പരസ്പരവിശ്വസ്തതയും സംബന്ധിച്ചിടത്തോളം ദാമ്പത്യബന്ധത്തിനുള്ള അത്ഥവും കണക്കിലെടുക്കുകതന്നെ ചെയ്യുന്നു. ഇതു കണക്കിലെടുക്കുമ്പോൾ ഇതുവരെ നിലവിലിരുന്ന ധാമ്മികനിയമങ്ങൾ ഒന്നു പുനഃപരിശോധന ചെയ്യേണ്ടതായി തോന്നുന്നില്ലേ? പ്രത്യേകിച്ചും ത്യാഗം കൂടാതെയെന്നല്ല, ചിലപ്പോൾ ധീരമായ ത്യാഗം

തന്നെ കൂടാതെ അവയൊന്നും കാത്തുപാലിക്കുവാൻ സാധിക്കുകയില്ലെങ്കിൽ.

മാത്രമല്ല, "പൂർണ്ണതയുടെ തത്വം" എന്നു പറയപ്പെടുന്ന തത്വത്തിൻെറ പ്രയോഗം ഈ രംഗത്തേയ്ക്കു വ്യാപിപ്പിക്കുന്ന പക്ഷം ബുദ്ധിപൂർവ്വം സന്താനസംഖ്യയെ നിയന്ത്രിക്കുവാൻ വേണ്ടി സന്താനോല്പാദനത്തെ വാസ്തവികമായി തടയുവാനുള്ള ഒരു ഉപാധി അനുവദനീയവും ബുദ്ധിപൂർവ്വകവുമായ സന്താനനിയന്ത്രണമായി മാറാം എന്നു സമ്മതിച്ചുകൂടയോ? സന്താനോൽപാദനത്തിൻെറ അന്ത്യം ഒററപ്പെട്ട സന്താനോല്പാദനപ്രക്രിയയോടെന്നതിനേക്കാൾ ദാമ്പത്യജീവിതത്തിൻെറ സംപൂർണ്ണതയോടാണുബന്ധപ്പെട്ടിരിക്കുന്നതെന്നകാര്യം അംഗീകരിക്കേണ്ടതല്ലേ? ആധുനിക മനുഷ്യൻെറ വദ്ധമാനമായ ഉത്തരവാദിത്വബോധത്തിൻെറ അടിസ്ഥാനത്തിൽ ജനനക്രമീകരണം എന്ന കൃത്യം അവൻെറ ശരീരത്തിൻെറ ജീവശാസ്ത്രപരമായ ആവത്തനക്രമങ്ങൾക്കു വിട്ടുകൊടുക്കുന്നതിനുപകരം അവൻെറ ബുദ്ധിക്കും മനസ്സിനും വിട്ടുകൊടുക്കേണ്ട നിമിഷം സമാഗതമായില്ലേ ?"

വിശ്വലേഖനത്തിൻെറ ഒന്നു മുതൽ മൂന്നുവരെയുള്ള ഖണ്ഡികകൾ വളരെയധികം പ്രതീക്ഷകൾക്കു വക നല്കുന്നവയാണു്. വൈവാഹിക പ്രശ്നങ്ങളെയും ജനനക്രമീകരണത്തിൻെറ ആവശ്യകതയും ദാമ്പത്യപ്രേമത്തിൻെറ മഹത്വവും വേണ്ട വിധത്തിൽ കണക്കിലെടുക്കാൻ പോകുന്നു എന്നു് ധ്വനിപ്പിക്കുന്നുണ്ടു്. മനുഷ്യൻെറ ബൗദ്ധികശക്തിയെ മാനിക്കുകയല്ലേ കരണീയം എന്ന ചോദ്യവും ആവേശകരമാണു്. ഈ മുഖവുര എല്ലാവരുടെയും മുഗ്ദ്ധകണ്ഠമായ പ്രശംസയ്ക്കു് വിഷയമായതു് സ്മരണീയമാണു്.

## സഭയുടെ പ്രബോധനാധികാരത്തിൻെറ പര്യാപ്തത

4 "ഈ പ്രശ്നങ്ങൾ സഭയുടെ പ്രബോധനാധികാരത്തിൽ വിവാഹത്തെസംബന്ധിച്ച ധാർമ്മികപഠനങ്ങളുടെ തത്വങ്ങ

ളെപ്പററി കൂടുതൽ അഗാധവും നൂതനവുമായ പരിചിന്തനം ആവശ്യമാക്കി; സ്വാഭാവികനിയമത്തിൽ അധിഷ്ഠിതവും, ദൈവാവിഷ്ക്കരണത്താൽ പ്രകാശിതവും ധന്യമാക്കപ്പെട്ടതുമായ പ്രബോധനം.

സ്വാഭാവിക ധാർമ്മികനിയമങ്ങൾ വ്യാഖ്യാനിക്കുവാൻ സഭയുടെ പഠനാധികാരം പര്യാപ്തമാണെന്നതു നിഷേധിക്കുവാൻ ഒരു വിശ്വാസിയും അഭിലഷിക്കുകയില്ല. പത്രോസിനും അപ്പസ്തോലന്മാർക്കും തൻെറ ദിവ്യാധികാരം നല്കിയപ്പോഴും തൻെറ കല്പനകൾ സകലജനത്തെയും പഠിപ്പിക്കുവാൻ അവരെ പറഞ്ഞയച്ചപ്പോഴും ധാർമ്മികനിയമത്തിൻെറ ആധികാരിക വ്യാഖ്യാതാക്കളായി മാത്രമല്ല, — സുവിശേഷനിയമത്തെയാണ് ഇവിടെ വിവക്ഷിക്കുന്നതു് — ദൈവികചിത്തത്തിൻെറ പ്രകാശനം കൂടിയായ സ്വാഭാവികനിയമത്തിൻെറ ആധികാരികവ്യാഖ്യാതാക്കളായും അവരെ നിയമിച്ചു. ദൈവികനിയമങ്ങളുടെ അനുഷ്ഠാനം പോലെതന്നെ ആവശ്യമാണ് ധാർമ്മികനിയമങ്ങളുടെ അനുഷ്ഠാനവും. ഇതു് അവിതർക്കിതമായ ഒരു സത്യമാണ്. ഇക്കാര്യം നമ്മുടെ മുൻഗാമികൾ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുമുണ്ടു്.

സഭയുടെ ഈ ദൗത്യത്തിനനുസൃതമായ വിധത്തിൽ വിവാഹത്തിൻെറ സ്വഭാവത്തെക്കുറിച്ചും ദാമ്പത്യാവകാശങ്ങളുടെ യഥാർത്ഥ ഉപയോഗത്തെക്കുറിച്ചും ദമ്പതികളുടെ കടമകളെക്കുറിച്ചും അനുയോജ്യമായ പഠനം സഭ എപ്പോഴും നല്കിയിട്ടുണ്ടു്. പ്രത്യേകിച്ച് അടുത്തകാലങ്ങളിൽ കൂടുതലായിട്ടു്.

5 സഭയുടെ ആ ദൗത്യത്തെക്കുറിച്ചുള്ള ബോധ്യം 1963-ൽ നമ്മുടെ മുൻഗാമിയും ഭാഗ്യസ്മരണാർഹനുമായ 23-ാം യോഹന്നാൻ മാർപ്പാപ്പാ സ്ഥാപിച്ച പഠനക്കമ്മീഷൻ വിപുലപ്പെടുത്തുവാനും സ്ഥിരീകരിക്കുവാനും നമ്മെ പ്രേരിപ്പിച്ചു. വിവിധരംഗങ്ങളിൽ പ്രത്യേക പ്രാവീണ്യം സിദ്ധിച്ച

അനേകർക്കു പുറമെ ദമ്പതികളേയും ഈ കമ്മീഷനിൽ ഉൾപ്പെടുത്തിയിരുന്നു. ദാമ്പത്യജീവിതത്തെ സംബന്ധിക്കുന്ന ആധുനിക പ്രശ്നങ്ങളെപ്പററിയും പ്രത്യേകിച്ച്, ജനനനിയന്ത്രണത്തെപ്പററിയുള്ള അഭിപ്രായങ്ങൾ ശേഖരിക്കുക, വിശ്വാസികളുടെ മാത്രമല്ല, ലോകാഭിപ്രായത്തിൻെറ തന്നെയും പ്രതീക്ഷയ്ക്കുയുക്തമായ ഉത്തരം നല്കുന്നതിനു സഭയുടെ പ്രബോധനാധികാരത്തിനു സാധിക്കുവാൻ വേണ്ടി അവസരോചിതമായ അറിവു പ്രദാനം ചെയ്യുക എന്നിവയായിരുന്നു കമ്മീഷൻെറ ലക്ഷ്യം.

ഈ വിദഗ്ദ്ധന്മാരുടെ പ്രവത്തനവും അതുപോലെ തന്നെ നമ്മുടെ സഹോദരന്മാരായ വളരെയധികം മെത്രാന്മാർ നേരിട്ടാവശ്യപ്പെട്ടതനുസരിച്ചോ സ്വാത്മപ്രേരിതരായോ അയച്ചു തന്നിട്ടുള്ള വിധിതീർപ്പുകളും ആലോചനകളും ഈ സങ്കീർണ്ണമായ പ്രശ്നത്തിൻെറ എല്ലാവശങ്ങളെയും വളരെ കൃത്യമായി അളക്കുവാൻ നമ്മെ സഹായിച്ചു. അവരോരോരുത്തർക്കും നാം ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു''.

സഭയുടെ പ്രബോധനാധികാരത്തിൻെറ പയ്യാപ്തതയെക്കുറിച്ചുള്ള പ്രസ്താവം മുഖവിലക്കുതന്നെ എടുക്കാൻ ഭൂരിപക്ഷത്തിനും കഴിയുന്നില്ല. നാലാം ഖണ്ഡിക പറയുന്നു: 'സ്വാഭാവികനിയമത്തിൽ അധിഷ്ഠിതവും ദൈവാവിഷ്കരണത്താൽ പ്രകാശിതവും ധന്യമാക്കപ്പെട്ടതുമാണ്'' വിവാഹത്തെസംബന്ധിച്ച സഭയുടെ പ്രബോധനമെന്നു'. 'സ്വാഭാവിക ധാമ്മികനിയമങ്ങൾ വ്യാഖ്യാനിക്കുവാൻ സഭയുടെ പഠനാധികാരം പയ്യാപ്തമാണെന്നു് നിഷേധിക്കുവാൻ ഒരു വിശ്വാസിയും അഭിലഷിക്കുകയില്ല'. ഇവിടെ ഒരു നിബന്ധനകൂടി ആവശ്യമാണു്. ഈ ധാർമ്മികനിയമങ്ങൾ സഭയുടെ പ്രബോധനാധികാരത്തിനു് കരതലാമലകം പോലെ സുഗ്രഹമാണെങ്കിൽ എന്നു കൂട്ടിച്ചേർക്കേണ്ടിയിരിക്കുന്നു. 'സ്വാഭാവികനിയമത്തി

ൻെറ ആധികാരികവ്യാഖ്യാതാക്കളായും അവരെ നിയമിച്ച് എന്നു പറയുന്നതു് കുറേ കടന്നകയ്യാണു്. കാരണം, പ്രകൃതി നിയമം ദൈവാവിഷ്കരണമല്ല. മനുഷ്യൻെറ നിരീക്ഷണഫലമായിട്ട് മനസ്സിലാക്കുന്നതാണു് പ്രകൃതിനിയമം. ഈ പ്രകൃതിനിയമങ്ങളാകട്ടെ, മനുഷ്യബുദ്ധിയുടെ വികാസമനുസരിച്ച് കുറഞ്ഞുവരികയുമാണിന്നു്. അക്കാരണത്താൽ, സമാഭാവികനിയമത്തിൻെറ വ്യാഖ്യാതാവാകുന്നതിനുമുമ്പ് നിയമം എന്തെന്നു് വ്യക്തമായും തെളിവായും കാണിച്ചിരിക്കണം. അതിനു കഴിയാതെ വന്നാൽ, പ്രകൃതിനിയമത്തിൽ തറച്ചുനിറുത്തിയിരിക്കുന്ന തത്വസംഹിതകൾ മണൽപ്പുറത്തു് നിർമ്മിച്ച സൗധം പോലെ തകൎന്നുവീഴും.

## പ്രബോധനാധികാരത്തിൻെറ ഉത്തരം

6 "കമ്മീഷൻ എത്തിച്ചേൎന്ന നിഗമനങ്ങൾ ഒരിക്കലും നിർണ്ണായകമായി കണക്കാക്കേണ്ടതോ ഗൗരവാവഹമായ ഈ പ്രശ്നം വ്യക്തിപരമായി പരിശോധിക്കുന്നതിൽ നിന്നും നമ്മെ ഒഴിവാക്കുന്നതോ അല്ല. ഇങ്ങനെ സംഭവിച്ചതിനു കാരണമുണ്ടു്. നിർദ്ദേശിക്കപ്പെടേണ്ട ധാൎമ്മികനിയമങ്ങളുടെ കാൎയ്യത്തിൽ കമ്മീഷൻ തന്നെ ഐക്യത്തിലെത്തിയില്ല. സർവ്വോപരി കമ്മീഷനിൽ ഭൂരിപക്ഷംകൊണ്ടു പരിഹാരനിർദ്ദേശങ്ങളുടെ ചില മാനദണ്ഡങ്ങൾ സഭയുടെ പഠനാധികാരം ഉറപ്പോടുകൂടി അവതരിപ്പിക്കുന്ന വിവാഹത്തെ സംബന്ധിച്ച ധാൎമ്മിക പഠനങ്ങളിൽ നിന്നും വ്യതിചലിച്ചുപോകുകയും ചെയ്തു."

പ്രകൃതിനിയമം മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടാണല്ലോ, 'സഭയുടെ പ്രബോധനാധികാരം ഉറപ്പോടുകൂടി അവതരിപ്പിക്കുന്ന വിവാഹത്തെ സംബന്ധിച്ച ധാൎമ്മിക പഠനങ്ങളിൽനിന്നു് കമ്മീഷൻ വ്യതിചലിച്ചുപോയതു്. ഇവിടെ സംഭവിച്ചതു് ഇതാണു്. സഭയുടെ പാരമ്പര്യപഠനത്തിൽനിന്നു് വ്യതിചലിച്ചു. കാരണം, രണ്ടു പഠനങ്ങളും

നടത്തിയിരിക്കുന്നതു് വ്യത്യസ്തമായ സങ്കേതങ്ങളിലിരുന്നാണ്. സഭയുടെ പ്രബോധനത്തിനും പരിമിതിയുണ്ടു്. പ്രത്യേകിച്ച് ആവിഷ്കൃതമല്ലാത്ത 'പ്രകൃതി നിയമങ്ങളെയും മററു ശാസ്ത്രവിജ്ഞാനീയങ്ങളെയും പരാമശിക്കുമ്പോൾ. ആ തലങ്ങളിൽ മനുഷ്യൻെറ മേധാശക്തി തുളഞ്ഞുകയറുമ്പോൾ പുതിയ ഉൾക്കാഴ്ചകൾ ഉണ്ടാകും. അതിനെ അവഗണിച്ചു കൊണ്ടു്, 'നാം ഇങ്ങനെ ഇന്നലെവരെ പറഞ്ഞു; ഇന്നും നാളെയും അതുതന്നെ ശരി' എന്നു പറഞ്ഞുകൊണ്ടു് പാരമ്പര്യത്തിൻെറ കുററിയിൽ ചുററിക്കറങ്ങുക നിർഭാഗ്യകരമാണു്; പുരോഗമനത്തിനു വിലങ്ങുതടിയുമാണു്.

"അതുകൊണ്ടു്, ക്രിസ്തു നമ്മെ ഏല്പിച്ച കല്പനയുടെ ശക്തിയാൽ നമ്മുടെ മുമ്പിൽ വന്ന രേഖകൾ സൂക്ഷ്മപരിശോധന നടത്തുകയും പരിപക്വമായ പര്യാലോചനയ്ക്കും നിരന്തരമായ പ്രാൎത്ഥനയ്ക്കും ശേഷം ഈ ഗുരുതരമായ പ്രശ്നങ്ങൾക്കു നമ്മുടെ ഉത്തരം നല്കുകയും ചെയ്വാൻ നാം ഇപ്പോൾ ഉദ്ദേശിക്കുന്നു."

പോപ്പ് പ്രശ്നങ്ങൾക്ക് മറുപടിതരാൻ ഒരുങ്ങുകയാണു് തൻെറ ആധികാരത്തിൻെറ ശക്തികുവേണ്ടി 'ക്രിസ്തു നമ്മെ ഏല്പിച്ച കല്പനയുടെ ശക്തിയാൽ' എന്നു എടുത്തുകാണിച്ചിരിക്കുന്നു. ഇവിടെ സാധാരണക്കാരുടെ മനസ്സിനെപ്പോലും അലട്ടുന്ന ഒരു പ്രമേയമുണ്ടു്. കുടുംബജീവിതം, സന്താനോൽപാദനം, ജനനനിയന്ത്രണമാൎഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് – വിശ്വാസത്തിൻെറയും സന്മാൎഗ്ഗത്തിൻെറയും സീമകളിൽ നില്ക്കുന്നു എന്നു് ന്യായമായി കരുതപ്പെടേണ്ട ഒന്നിനെക്കുറിച്ച്— പോപ്പ് എന്തുകൊണ്ടു് ആധികാരികമായില്ലേ? ഇവിടെ വിരൽചൂണ്ടുന്നതു് അപ്രമാദത്വത്തിൻെറ ഹൃദയത്തിലേക്കാണു.. ഒന്നു് വിശദമാകുന്നു. ഇക്കാൎയ്യത്തിലുള്ള സഭയുടെ പ്രബോധനം അപ്രമാദത്തബന്ധിതമല്ല. വിശ്വലേഖനം അവ

തരിപ്പിച്ചുകൊണ്ടു് മോൺ. ലാമ്പ്രൂച്ചീനി തന്നെ ഇക്കാര്യം സ്പഷ്ടമാക്കിയിട്ടുണ്ടല്ലോ. ചിന്തനീയമാണീനിലപാടു്.

## സഭയുടെ അദ്ധ്യാപനതത്വങ്ങൾ

7 "ജീവശാസ്ത്രപരമോ മനശാസ്ത്രപരമോ ജനസംഖ്യാപരമോ സാമൂഹ്യശാസ്ത്രപരമോ ആയ എല്ലാ ഭാഗികവീക്ഷണങ്ങൾക്കും ഉപരിയായി മനുഷ്യജീവനെ സംബന്ധിച്ച മററു് ഏതൊരു പ്രശ്നവും എന്നപോലെ ജനനത്തിൻെറ പ്രശ്നവും പരിഗണിക്കപ്പെടണം. ആ പ്രശ്നം പരിഗണിക്കപ്പെടേണ്ടതു് മനുഷ്യനെ സംബന്ധിച്ച സംപൂർണ്ണവീക്ഷണത്തിൻേറയും അവൻെറ ദൈവവിളിയുടെയും വെളിച്ചത്തിലായിരിക്കണം. വെറും സ്വാഭാവികവും ഭൗതികവുമായ വിളിയുടെ അല്ല, പ്രത്യുത പ്രകൃത്യതീതവും സനാതനവുമായ ദൈവവിളിയുടെ വെളിച്ചത്തിലായിരിക്കണം ഈ പ്രശ്നം പരിഗണിക്കപ്പെടേണ്ടതു്. സന്താനനിയന്ത്രണത്തിനുള്ള കൃത്രിമോപാധികളെ നീതികരിക്കുവാനുള്ള യത്നത്തിൽ ദാമ്പത്യസ്നേഹത്തിൻെറയും ഉത്തരവാദിത്വമുള്ള പിതൃത്വത്തിൻെറയും ആവശ്യങ്ങളെ അഭയം തേടിയിട്ടുണ്ടു്. അതുകൊണ്ടു് വൈവാഹിക ജീവിതത്തിലെ അതിപ്രധാനമായ ഈ രണ്ടു യാഥാർത്ഥ്യങ്ങളുടെയും ശരിയായ ആശയം വളരെ വ്യക്തമായി അവതരിപ്പിക്കുക നല്ലതാണു്. ഈ അവതരണം പ്രധാനമായും അടുത്ത കാലത്തു് വത്തിക്കാൻ കൗൺസിൽ "സഭ ആധുനികലോകത്തിൽ" എന്ന അജപാലനാത്മകമായ പ്രമാണരേഖയിലൂടെ ഏററവും ആധികാരികമായ രൂപത്തിൽ ഇക്കാര്യത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളതിനോടു് ബന്ധപ്പെട്ടതായിരിക്കും."

## ദാമ്പത്യസ്നേഹം

8 "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബവും ആരിൽ നിന്നു നാമകരണം ചെയ്യപ്പെടുന്നുവോ ആ പിതാവു്" (എഫേ. 3, 15) സ്നേഹം തന്നെയായ ദൈവമാണു്. ദാമ്പ

ത്യസ്നേഹത്തിന്റെ പരമമായ ഉറവിടം സ്നേഹമായ ദൈവം തന്നെ. ഈ ദാമ്പത്യസ്നേഹം അതിന്റെ പരമമായ ഉറവിടത്തിൽ, അതായത് ദൈവത്തിൽ, പരിഗണിക്കപ്പെട്ടപ്പോൾ അതു് അതിന്റെ യഥാർത്ഥ സ്വഭാവവും മഹനീയതയും വെളിപ്പെടുത്തും.

അപ്പോൾ വിവാഹം ബോധാതീതമായ സ്വാഭാവിക ശക്തികളുടെ പരിണാമഫലമോ ആകസ്മികസംഭവമോ അല്ല മനുഷ്യവംശത്തിൽ തന്റെ സ്നേഹത്തിന്റെ പദ്ധതി യാഥാർത്ഥീകരിക്കാനുള്ള സ്രഷ്ടാവായ ദൈവത്തിന്റെ ബുദ്ധിപൂർവ്വകമായ സ്ഥാപനമാണ് (Institution).

പരസ്പരം വ്യക്തിത്വപൂർണ്ണതയ്ക്കുവേണ്ടി പുതുജീവിതങ്ങൾക്കു ജന്മം നല്കുന്നതിലും വിദ്യാഭ്യാസം ചെയ്യിക്കുന്നതിലും ദൈവത്തോടു് സഹകരിക്കുവാൻ ദമ്പതികൾ പരസ്പരം തങ്ങളെത്തന്നെ ദാനം ചെയ്തുകൊണ്ട്-യുക്തവും അവരുടേതു മാത്രവുമായ ദാനം-തങ്ങളുടെ സത്തയെ പകർന്നുകൊടുക്കുന്നതിലേയ്ക്കു് തിരിയുന്നു.

ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിന്റെ അടയാളമായിരിക്കുന്നിടത്തോളം വിവാഹം, മാമ്മോദീസ സ്വീകരിച്ചവക്ക് പ്രസാദവരത്തിന്റെ കൗദാശിക ചിഹ്നത്തിന്റെ മഹത്വം അണിയിക്കുന്നു.''

## ദാമ്പത്യപ്രേമത്തിന്റെ സവിശേഷതകൾ

9 ''ദാമ്പത്യപ്രേമത്തിന്റെ ആവശ്യങ്ങളും പ്രത്യേകമായ രൂപങ്ങളും ഇതിന്റെ വെളിച്ചത്തിൽ വ്യക്തമായി പ്രത്യക്ഷമാകുന്നു. ഇതിനെപ്പററി ഏററവും കൃത്യമായ ആശയം ഉണ്ടായിരിക്കുക വളരെ പ്രാധാന്യമേറിയ കാര്യമാണ്.''

ഒന്നാമതായി ഈ സ്നേഹം പരിപൂർണ്ണമായും മാനുഷികമാണ്. അതായത് ഒരേ സമയം ഐന്ദ്രികവും ആത്മീയവുമാണ്. അപ്പോൾ നൈസർഗ്ഗികവാസനയുടെയോ തോന്നലു

കളുടെയോ വെറും സംവഹനമല്ല അതു്. പ്രത്യുത പ്രധാനമായും ദമ്പതികൾ ഒരേ ഹൃദയവും ആത്മാവും ആയിത്തീരുന്നതിനും ഒന്നിച്ചു് തങ്ങളുടെ മാനുഷികമായ പൂർണ്ണത പ്രാപിക്കുന്നതിനും പോരുന്നവിധത്തിൽ അനുദിനജീവിതത്തിൻെറ ആനന്ദങ്ങളും അരിഷ്ടതകളും സഹിക്കുന്നതിനും അതുവഴി വളരുന്നതിനും വേണ്ടിയുള്ള സ്വതന്ത്രമനസ്സിൻെറ പ്രവർത്തികൂടിയാണു് ഈ ദാമ്പത്യപ്രേമം.

ഈ സ്നേഹം പരിപൂർണ്ണമാണു്. അതായതു് വ്യക്തിപരമായ മൈത്രിയുടെ ഒരു പ്രത്യേക രൂപമാണിതു്. ഇതിൽ ദമ്പതികൾ എല്ലാക്കാര്യത്തിലും ഉദാരമായി പങ്കുപററുന്നു. സ്വാർത്ഥപൂർണ്ണകമായ കണക്കുകൂട്ടലോ ന്യായരഹിതമായ ഒളിച്ചുവയ്ക്കലോ അവിടെയില്ല. ഭാര്യയെ യഥാർത്ഥമായി സ്നേഹിക്കുന്നവൻ, താൻ സ്വീകരിക്കുന്നതിനെപ്രതി മാത്രമല്ല, പ്രത്യുത സ്വയം ദാനം ചെയ്തുകൊണ്ടു് തൻെറ ദാമ്പത്യസഖിയെ സമ്പന്നയാക്കാൻ തനിക്കു കഴിയുമല്ലോ എന്നതിൽ ആനന്ദിച്ചുകൊണ്ടുമാണു് അവളെ സ്നേഹിക്കുന്നതു്.

ഈ പ്രേമം മരണപര്യന്തം വിശ്വസ്തവും മററാർക്കും പങ്കുവയ്ക്കാത്തതുമാണു്. ഇങ്ങനെ തന്നെയാണു് നവദമ്പതികൾ സ്വതന്ത്രമായും പരിപൂർണ്ണമായ അറിവോടുകൂടിയും വൈവാഹികബന്ധത്തിൻെറ കടമ സ്വീകരിക്കുമ്പോൾ യഥാർത്ഥത്തിൽ മനസ്സിലാക്കുന്നതു്. ഈ വിശ്വസ്തത ചിലപ്പോഴെങ്കിലും പ്രയാസകരമായിരിക്കും. എന്നാൽ എപ്പോഴും സുസാദ്ധ്യമാണു്; എന്നും കുലീനവും അനുഗ്രഹപ്രദവുമാണു്. ഇതു് ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. ഈ വിശ്വസ്തത വിവാഹത്തിൻെറ സ്വഭാവത്തിനനുസരണമാണെന്നു മാത്രമല്ല അഗാധവും അനന്തവുമായ സൗഭാഗ്യത്തിൻെറ ഉറവിടംകൂടിയാണു് എന്നതിനു് നൂററാണ്ടുകളായി വളരെയധികം ദമ്പതികളുടെ ജീവിതമാതൃക സാക്ഷ്യം വഹിക്കുന്നു.

ആന്തിമമായി ഈ സ്നേഹം ഫലസമൃദ്ധമാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യംകൊണ്ട് ഈ ബന്ധം അവസാനിക്കുന്നില്ല. പുതിയ ജീവിതങ്ങളെ വളർത്തിയെടുത്തുകൊണ്ട് തുടരുവാൻ ഉദ്ദേശിക്കപ്പെട്ടതാണ് ആ സ്നേഹം. "വിവാഹവും ദാമ്പത്യസ്നേഹവും അവയുടെ സ്വഭാവത്താൽ തന്നെ മക്കളെ ജനിപ്പിക്കുവാനും അവരെ വിദ്യഅഭ്യസിപ്പിക്കുവാനുമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. മക്കളാണ് വിവാഹത്തിന്റെ അത്യുൽകൃഷ്ടദാനം മാതാപിതാക്കളുടെ തന്നെ ശ്രേയസ്സിനു് അവർ കാര്യമായ സംഭാവന ചെയ്യും." (സഭ ആധുനികലോകത്തിൽ നമ്പർ 50)"

## ഉത്തരവാദിത്വമുള്ള പിതൃത്വം

10 "അതുകൊണ്ട് ഭാര്യാഭർത്താക്കന്മാർ "ഉത്തരവാദിത്വമുള്ള പിതൃത്വമെന്ന" തങ്ങളുടെ ദൗത്യത്തെപ്പററി ബോധമുള്ളവരായിരിക്കണമെന്നു് ദാമ്പത്യസ്നേഹം ആവശ്യപ്പെടുന്നു. ഇക്കാര്യം ഇന്നു് ന്യായമായും വളരെയധികം നിഷ്ക്കർഷിക്കപ്പെടുന്നുണ്ട്. ഇതു് കൃത്യമായി മനസ്സിലാക്കിയിരിക്കുകയും വേണം. തന്നിമിത്തം പരസ്പരം ബന്ധപ്പെട്ടതും നൈയാമികവുമായ വിവിധഘടകങ്ങളുടെ പശ്ചാത്തലത്തിൽ പരിഗണിക്കപ്പെടണം.

സന്താനോല്പാദനപ്രക്രിയയെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വമുള്ള പിതൃത്വത്തിന്റെ അത്ഥം അവയുടെ പ്രവൃത്തിയെപ്പററിയുള്ള അറിവും ബഹുമാനവുമാണ്. ജീവൻ നൽകുവാനുള്ള ശക്തിയിൽ മനുഷ്യബുദ്ധി മനുഷ്യവ്യക്തിയുടെ തന്നെ ഭാഗമായ ജീവശാസ്ത്രപരമായ നിയമങ്ങൾ കണ്ടെത്തുന്നു.

നൈസർഗ്ഗികവാസനയുടെയോ വികാരത്തിന്റെയോ ചാച്ചിലുകളോട് ബന്ധപ്പെടുമ്പോൾ "ഉത്തരവാദിത്വമുള്ള പിതൃത്വ"ത്തിന്റെ അത്ഥം ബുദ്ധിയും മനസ്സും അവയുടെമേൽ ആവശ്യമായ ആധിപത്യം നടത്തുക എന്നതാണ്.

ശാരീരികവും, മാനസ്സികവും, സാമ്പത്തികവും, സാമൂഹ്യവുമായ വ്യവസ്ഥിതികളുമായി ബന്ധപ്പെട്ടമ്പോൾ ധാരാളം അംഗസംഖ്യയുള്ള ഒരു കുടുംബത്തെ വളൎത്തുവാനുള്ള ഉറച്ചതും ഔദാൎയ്യമേറിയതുമായ തീരുമാനം എടുത്തുകൊണ്ടും അല്ലെങ്കിൽ ഗുരുതരമായ കാരണങ്ങളെപ്രതിയും ധാൎമ്മികനിയമത്തോട് വേണ്ട ബഹുമാനത്തോടുകൂടിയും, തൽക്കാലത്തേക്കോ അനിശ്ചിതമായ ഒരു കാലഘട്ടത്തിലേയ്ക്കുതന്നെയോ ഒരു പുതിയ ജീവൻ വേണ്ടെന്നുവയ്ക്കുന്നതിൽ "ഉത്തരവാദിത്വമുള്ള പിതൃത്വം" പ്രയോഗിക്കപ്പെടുന്നു.

മാത്രമല്ല ദൈവസ്ഥാപിതവും വസ്തുനിഷ്ഠവുമായ ധാൎമ്മികവ്യവസ്ഥിതിയോടു വളരെ അഗാധമായബന്ധം "ഉത്തരവാദിത്വമുള്ള പിതൃത്വം" (എന്ന തത്വം) ഉൾക്കൊള്ളുന്നുണ്ടു്. ഈ ധാൎമ്മികവ്യവസ്ഥിതിയുടെ വിശ്വസ്തനായ വ്യാഖ്യാതാവു സത്യസന്ധമായ മനസ്സാക്ഷിയാണു്. അതുകൊണ്ടു് ഭാൎയ്യാഭൎത്താക്കന്മാർ തങ്ങൾക്കു് ദൈവത്തോടും, കുടുംബത്തോടും, സമുദായത്തോടും, തങ്ങളോടുതന്നെയും ഉള്ള കടപ്പാടുകൾ ആ മൂല്യങ്ങളുടെ ശരിയായ സ്ഥാനക്രമത്തിൽ നന്നായിമനസ്സിലാക്കുന്നതിൽ പിതൃത്വത്തിന്റെ ഉത്തരവാദിത്വമുള്ള പ്രയോഗം അടങ്ങിയിരിക്കുന്നു."

ഏഴു മുതൽ പത്തുവരെയുള്ള ഖണ്ഡികകൾ എല്ലാ നല്ല മനുഷ്യരുടെയും ശ്രദ്ധക്കും ബഹുമാനത്തിനും വിഷയമാകും. ദാമ്പത്യപ്രേമത്തിന്റെ സവിശേഷതകൾ ആധുനിക മനഃശാസ്ത്രത്തിന്റെ തലോടലേററുകൂടിയാണു് വളൎന്നതു്. ദാമ്പത്യപ്രേമം പരിപൂൎണ്ണമായും മാനുഷികമാണു്; പരിപൂൎണ്ണമാണു്; മരണപൎയ്യന്തം വിശ്വസ്തവും മററാൎക്കും പങ്കുവെക്കാത്തതുമാണു്; അന്തിമമായി, ഫലസമൃദ്ധമാണു് എന്നീ സത്യങ്ങൾ ആരുടെയും ആദരവിനും സ്വീകരണത്തിനും അൎഹമാണു്. ഉത്തരവാദിത്വമുള്ള പിതൃത്വം എന്ന പത്താംഖണ്ഡിക എല്ലാ ദമ്പതി

കളും വിവാഹിതരാകാനുദ്ദേശിക്കുന്നവരും ഹൃദയത്തിലുറപ്പിക്കേണ്ടതാണ്. മനുഷ്യോചിതജീവിതത്തിനു അനുഗുണമല്ലാത്ത പരിതോവസ്ഥയിലേക്ക് ശിശുക്കളെ ജനിപ്പിക്കുക പാടില്ല എന്ന യാഥാർത്ഥ്യം ദമ്പതികളായവർ മറക്കരുതു്.

11 മുതൽ 14വരെയുള്ള ഖണ്ഡികകൾ ഇതുവരെ വളർത്തിയെടുത്ത നൂതനാഭിമുഖ്യങ്ങളെ തളർത്തിയിടാൻ പര്യാപ്തമായിട്ടുണ്ട്. ജനനനിയന്ത്രണോപാധികളെ സംബന്ധിച്ച്, പ്രകൃതിനിയമമെന്നു വിളിക്കപ്പെടുന്നവയെസംബന്ധിച്ച്, പ്രകൃതിനിയമം അലംഘനീയമാണ് എന്നതിനെസംബന്ധിച്ചു യാതൊരു വെളിപാടും സഭയ്ക്ക് ഇല്ലാത്തിടത്തോളം കാലം അവയെല്ലാം മനുഷ്യൻെറ അന്വേഷണബുദ്ധിക്ക് അധീനമായി തന്നെ നില്ക്കും. പോപ്പ് ചാരിനില്ക്കുന്ന പ്രകൃതിനിയമമാകട്ടെ, പതിമ്മൂന്നാംനൂററാണ്ടിൽ അക്വീനാസിൻെറ കാലം തൊട്ടു നാമ്പുനീട്ടിയതാണ്. (G) പ്രകൃതിനിയമത്തെയും ജീവശാസ്ത്രത്തെയും സംബന്ധിച്ച് ആധുനികവീക്ഷണം എന്തെന്നറിയാത്തതിൻെറ ദുർവിധിയാണീഖണ്ഡികകളിൽ.

## സന്താനോൽപാദന പ്രക്രിയയെപ്പററി

11 "ശ്രേഷ്ഠവും ഉത്തമവു"മെന്നു് കൗൺസിൽ അനുസ്മരിച്ച ഈ പ്രക്രിയകൾവഴി ഭാര്യാഭർത്താക്കന്മാർ പരിശുദ്ധമായ പ്രേമത്തിൽ ഐക്യപ്പെടുകയും മനുഷ്യജീവിതം പകന്നുകൊടുക്കുകയും ചെയ്യുന്നു. ഭാര്യാഭർത്താക്കന്മാരുടെ മനസ്സിനതീതമായ കാരണങ്ങളാൽ ഈ പ്രവൃത്തികൾ ഫലദായകമല്ലെന്നു് മുൻകൂട്ടി അറിഞ്ഞിരുന്നാലും അവ എപ്പോഴും അവരുടെ ഐക്യം ദൃഢതരമാക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനും വേണ്ടി നിലകൊള്ളുന്നു. യഥാർത്ഥത്തിൽ അനുഭവം സാക്ഷ്യം വഹിക്കുന്നതുപോലെ എല്ലാ സന്താനോല്പാദന പ്രക്രിയകളും ഓരോ പുതുജീവനു കാരണമാകുന്നില്ല. ദൈവം തൻെറ അ

---

(G) Peter Harris & Co.
On Human Life
Burn & Oates London 1968

നന്തവിജ്ഞാനത്താൽ പ്രകൃതിനിയമങ്ങളും ഉല്പാദനസാദ്ധ്യത യുടെ കാലവും ക്രമീകരിച്ചിട്ടുണ്ട്. ആ ക്രമീകരണം അതി നാൽത്തന്നെ ഓരോ ജനനത്തിനും ഇടയ്ക്കു് കുറേക്കാലം സ ന്താനോല്പാദനം സാദ്ധ്യമല്ലാത്ത ഘട്ടമുണ്ടാകുന്നതിനു് കാരണ മാകുന്നു.''

പോപ്പു പറയുന്നപ്രകൃതിനിയമവും മററും ആപേക്ഷിക മാണു് പത്തു കൊല്ലം കൊണ്ടു് ഏഴുമക്കളുണ്ടാകുക എന്നതു് ഏതു നിയമമാണു്? ഓരോ പ്രസവവും തമ്മിൽ 'കുറേക്കാലം' എന്താണെന്നു' വായനക്കാർ വിധിക്കുക. ഇത്തരം അനുഭവ ങ്ങളുള്ളവരോടു് അശാസ്ത്രീയ പ്രസ്താവന നടത്തുന്നതിനെപ്പ ററി എന്തു പറയട്ടെ !

''സഭ അവളുടെ സ്ഥിരമായ അദ്ധ്യാപനംവഴി വ്യാഖ്യാ നിച്ചിട്ടുള്ളതനുസരിച്ച് പ്രകൃതിനിയമങ്ങളുടെ ചട്ടങ്ങളെ അ നുസരിക്കുവാൻ മനുഷ്യരെ ക്ഷണിച്ചുകൊണ്ടു് പഠിപ്പിക്കുക യാണു്, സന്താനോല്പാദനപ്രക്രിയകൾ ജീവൻ പകർന്നുകൊടു ക്കുന്നതിനു് ഒരിക്കലും വിഘാതമായ തരത്തിലാകരുതെന്നു്.''

12 ''ദാമ്പത്യപ്രക്രിയയുടെ ഈ രണ്ടു് അർത്ഥങ്ങൾ – ഭാ ര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യവും സന്താനോല്പാദന വും – തമ്മിലുള്ള അവിഭാജ്യമായബന്ധത്തിലാണു്.''

പോപ്പ് ആവർത്തിച്ചുപറയുന്ന പ്രകൃതിനിയമമെന്തെന്നു് വ്യക്തമാക്കുന്നില്ല. വെറും ജീവശാസ്ത്രനിയമത്തിൽ, പ്രതി ഷ്ഠിച്ചിരിക്കുന്നു ആ ''അവിഭാജ്യബന്ധം''.

ഇതു താങ്ങിനിറുത്താൻ ഇന്നു് ചുരുക്കം പേരെമാത്രമേ കണ്ടുകിട്ടുകയുള്ളൂ. ആ 'ബന്ധം' ചോദ്യം ചെയ്യപ്പെട്ടിരിക്കു ന്നു. പോപ്പിൻെറ 'സങ്കേതത്തിൽനിന്നു് പ്രേരണ കിട്ടാത്ത താണതിനു' കാരണമെന്നു' പറഞ്ഞു കഴിഞ്ഞിട്ടുണ്ടു്. സം യോഗവും ഉല്പാദനവും തമ്മിൽ ബന്ധമുണ്ടെങ്കിലും, അവ പ രസ്പരം അവിഭാജ്യമല്ല എന്നതു' സ്വീകാര്യമല്ല. സംയോഗ

വും ഉല്പാദനവും രണ്ടു് അവസരങ്ങളിലായി, രണ്ടു സാഹചര്യങ്ങളിൽ സംഭവിക്കുന്നവയാണു്. അവർ ഇരുവരും ഏക ജഡമായിത്തീരുമെന്ന വേദോക്തി ഉല്പാദനത്തെ ഉന്നംവെയ്ക്കുന്നില്ല. വർദ്ധിക്കുക എന്ന ആശംസയും പിന്നീടാണു് ലഭിക്കുന്നതു്. ഉല്പാദനത്തിൽനിന്നു് മാററി നിറുത്തിക്കൊണ്ടുതന്നെ സംയോഗത്തിന്നു് അർത്ഥവും മൂല്യവുമുണ്ടെന്നു് കൗൺസിൽ ഡിക്രിയും വിശ്വാസലേഖനവും അംഗീകരിച്ചിട്ടുള്ളതു ഇത്തരത്തിൽ സ്ഥാർത്ഥവുമാണു്. അതു് മനസ്സിലുറപ്പിച്ചുകൊണ്ടു് കത്തോലിക്കർക്കും, ഇതര വിശ്വാസികൾക്കും പോപ്പിന്റെ അഭിപ്രായം അസ്വീകാര്യമാകുന്നു. അതുകൊണ്ടു് "ഈ അടിസ്ഥാനതത്വത്തിന്റെ മാനുഷികവും ഏററം ബുദ്ധിപൂർവ്വകവുമായ സ്വഭാവം മനസ്സിലാക്കുവാൻ പ്രത്യേകവിധത്തിൽ സാധിക്കുന്നവരാണു് ഇന്നത്തെ ആളുകളെന്നും നാം വിശ്വസിക്കുന്നു" എന്നതു് അവഗണിക്കപ്പെട്ടും; അല്ല അവഗണിക്കപ്പെട്ടു. "ഇന്നത്തെ ആളുകളെ മനസ്സിലാക്കുന്നതിൽ പോപ്പ് പരാജയപ്പെട്ടിരിക്കുകയാണു്.

## ദൈവികപദ്ധതിയോടുള്ള വിശ്വസ്തത

13 „തന്റെ പങ്കാളിയുടെ നിയമാനുസൃതമായ ആഗ്രഹങ്ങളും ശാരീരികസ്ഥിതിവിശേഷങ്ങളും പരിഗണിക്കാതെ സന്താനോൽപാദനപ്രക്രിയയ്ക്കു പരസ്പരം നിർബന്ധിക്കുന്നതു യഥാർത്ഥസ്നേഹത്തിന്റെ പ്രവൃത്തിയല്ലെന്നതു് ന്യായമായും മനസ്സിലാക്കാം.

അങ്ങനെയുള്ള നിർബന്ധപൂർവ്വകമായ പ്രവൃത്തികൾ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധത്തിൽ ശരിയായ ധാർമ്മികതത്വത്തിന്റെ ആവശ്യകതയെ നിഷേധിക്കുന്നു. പ്രത്യേക നിയമങ്ങൾക്കനുസരണം സ്നേഹത്തിന്റെ അന്യോന്യമുള്ള പ്രവൃത്തിയിൽ സ്രഷ്ടാവായ ദൈവം ജീവൻ പകർന്നുകൊടുക്കുവാനുള്ള കഴിവു് നിക്ഷേപിച്ചിട്ടുണ്ടു്."

ദൈവികപദ്ധതിയോടു വിശ്വസ്തരായിരിക്കണമെന്ന ആഹ്വാനം പ്രകൃതിനിയമത്തിൻെറ കഥപോലെ അവ്യക്തമാണു്. എന്താണീ ദൈവികപദ്ധതി? സംയോഗം ഉൽപ്പാദനത്തിനുവേണ്ടി മാത്രമാണെന്നും, അതെപ്പോഴും ഉൽപാദകക്ഷമമായിരിക്കണമെന്നും വിശുദ്ധ ഗ്രന്ഥത്തിലൊരിടത്തും പറയുന്നില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ദൈവികപദ്ധതി എങ്ങനെയായിരിക്കണം എന്നതിനു് ആശ്രയിക്കാൻ വെളിപാടില്ല; ബുദ്ധിയെ അനുധാവനം ചെയ്യണം. വ്യക്തിത്വവികാസത്തിൻെറ സ്ഥാനം വിസ്മരിക്കാനും പാടില്ല. മനുഷ്യജീവൻ വളർത്തിക്കൊണ്ടുവരുന്നതിലേക്കാണു് ഉല്പാദനേന്ദ്രിയങ്ങളുടെ ചായ്‌വ്" എന്നതു് സമ്മതിച്ചുകൊണ്ടുതന്നെ, അതിനുവേണ്ടി മാത്രമാണു് ആ അവയവങ്ങൾ എന്നു വാദിക്കുക മനുഷ്യനിൽ സെക്സിൻെറ സ്ഥാനം മനസ്സിലാക്കാൻ കഴിയാത്തതിൻെറ തകരാറാണു്. ജനനനിയന്ത്രണോപാധികളെക്കുറിച്ചു് പറയുമ്പോൾ, യോഹന്നാൻ മാർപാപ്പ മനുഷ്യജീവനെക്കുറിച്ചു് പറഞ്ഞതു് ഉദ്ധരിക്കുന്നതു് അസ്ഥാനത്താണു്. "മനുഷ്യജീവൻ പരിശുദ്ധമാണു്. അതിൻെറ ആരംഭനിമിഷം മുതൽ തന്നെ ദൈവത്തിൻെറ സൃഷ്ടിഹസ്തത്തെ അതു വെളിപ്പെടുത്തുന്നു."

## ജനനനിയന്ത്രണത്തിൻെറ നിയമവിരുദ്ധമാർഗ്ഗങ്ങൾ

14 "വിവാഹത്തെ സംബന്ധിച്ച ക്രൈസ്തവവും മാനുഷികവുമായ വീക്ഷണത്തിലെ ഈ നാഴികക്കല്ലുകൾക്കു് അനുയുക്തമായി നാം വീണ്ടും പ്രഖ്യാപിക്കുന്നു. ആരംഭിച്ച സന്താനോല്പാദനപ്രവൃത്തി അപൂർണ്ണതയിൽ അവസാനിപ്പിക്കുന്നതും, മനസ്സാലെയുള്ള ഗർഭഛിദ്രവും രോഗവിമുക്തിക്കുവേണ്ടിയാണെങ്കിൽത്തന്നെയും സന്താനനിയന്ത്രണത്തിനുള്ള അനുവദനീയമാർഗ്ഗമായി സ്വീകരിക്കുവാൻ തീർത്തും പാടില്ല."

ജനനനിയന്ത്രണത്തിൻെറ നിയമവിരുദ്ധമാർഗ്ഗങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന 14–ാം ഖണ്ഡിക മുഴവൻ പ്രകൃതിനിയമം, ലക്ഷ്യശാസ്ത്രം, എന്നീ സങ്കേതങ്ങളിലിരുന്നുകൊണ്ടു് രൂപം കൊടുത്തതാണു്. ഗർഭച്ഛിദ്രം, വന്ധ്യംകരണം തുടങ്ങിയവയെക്കുറിച്ചാണെങ്കിൽ പോപ്പ് പറയുന്നതു ഗ്രഹിക്കാൻ സാധിക്കും എന്നാൽ, എല്ലാ ജനനനിയന്ത്രണോപാധികളും നിഷിദ്ധമാണു് എന്നു് പ്രഖ്യാപിച്ചതു് ബുദ്ധിയും വിവേകവുമുള്ള ജനങ്ങൾക്കു് സ്വതന്ത്രമായി ചിന്തിക്കാനും പഠിക്കാനും തീരുമാനങ്ങളെടുക്കാനും കഴിവുള്ള ബുദ്ധിജീവികൾക്കു് അസ്വീകാര്യമാണു്. കുറേക്കാലം അജ്ഞതകൊണ്ടു് ശരിയെന്നു് കരുതിയിരുന്നവയെ പാരമ്പര്യത്തിൻെറ പേരിൽ ഇനിയും ആശ്ലേഷിക്കണമെന്നു പറഞ്ഞാൽ തയ്യാറാകുന്നവർ വിരളമായിരിക്കും. കത്തോലിക്കാരാജ്യങ്ങളിൽപോലും സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും അതാണു്.

ഗർഭധാരണ സാധ്യതയില്ലാത്ത കാലങ്ങൾ ഉപയോഗിക്കുന്നതിൻെറ നൈയാമികതയാണു് 16–ാം ഖണ്ഡികയിലെ പ്രതിപാദ്യം. അതിൽ പോപ്പ് ഒരു 'ആക്ഷേപം' അവതരിപ്പിച്ചിരിക്കുന്നു. "അതായതു് വിശേഷബുദ്ധിയില്ലാത്ത പ്രകൃതിശക്തികളെ അടക്കിഭരിക്കയും മനുഷ്യൻെറ നന്മയ്ക്കു പോരുന്ന അന്ത്യത്തിലേയ്ക്കു് അവയെ നയിക്കുകയും ചെയ്യുക അവൻെറ പ്രത്യേകാവകാശമാണെന്നതാണു് ആ ആക്ഷേപം". എന്നാൽ ആ ആക്ഷേപം ശരിയല്ല എന്നു പറയുന്നവരാണു് 'ശരിയാണു്' എന്നു പറയുന്ന ബുദ്ധിജീവികളേക്കാൾ കൂടുതൽ എന്നതു് നമ്മുടെ ശ്രദ്ധക്കു് വിഷയീഭവിക്കേണ്ടതാണു്. മെത്രാന്മാരുൾപ്പെട്ട പേപ്പൽ കമ്മീഷനിലെ ഭൂരിപക്ഷവും ആ വഴിക്കു് നീങ്ങിയതു് അജ്ഞതകൊണ്ടായിരിക്കുമോ? കത്തോലിക്കരും അകത്തോലിക്കരുമായ മഹാഭൂരിപക്ഷത്തിൻെറ 'ആക്ഷേപ'ത്തിനു് തെളിവായ രീതിയൽ പോപ്പ് ഉത്തരം നല്കുവാൻ ശ്രമിക്കുന്നുണ്ടു്. പക്ഷേ, തെളിവാന്ന ഉ

ത്തരമെങ്ങും കണ്ടുമില്ല. "ദൈവസ്ഥാപിതമായ വ്യവസ്ഥകളെ ബഹുമാനിച്ചുകൊണ്ടിയിരിക്കണം ബുദ്ധിശക്തിയുടെ ഇടപെടൽ ഉണ്ടാവുക എന്നതു സഭ തറപ്പിച്ചു പ്രസ്താവിക്കുന്നു." ദൈവസ്ഥാപിതമായ വ്യവസ്ഥകളെ മാനിക്കണമെന്നു് പോപ്പു പറയുമ്പോൾ, അവ മററുള്ളവക്കു് തലയിൽ കയറുന്നില്ല. നേരത്തെപറഞ്ഞതുപോലെ, അതൊന്നും വിശുദ്ധഗ്രന്ഥത്തിലില്ല; പ്രകൃതിനിയമം എന്നതു് സന്നിഗ്ദ്ധാവസ്ഥയിലാണു്. പ്രകൃതിനിയമം അലംഘനീയമാണെന്നു് വിശുദ്ധഗ്രന്ഥത്തിൽ പറഞ്ഞിട്ടുമില്ല.

നിഷ്ഫലകാലത്തുമാത്രം സംയോഗം നടത്തി ജനനക്രമീകരണം നടത്തുന്നതിനെത്തന്നെ "ഗുരുതരമായ കാരണങ്ങൾ ഉരുത്തിരിയുകയാണെങ്കിൽ ഗർഭധാരണ സാധ്യതയില്ലാത്ത കാലം മാത്രം ഉപയോഗിക്കുന്നതിനുവേണ്ടി ഉല്പാദനശേഷിയിൽ അന്തർഭവിച്ചിരിക്കുന്ന സ്വാഭാവിക ക്രമങ്ങൾ കണക്കിലെടുക്കുന്നതും, നേരത്തെ അനുസ്മരിച്ചതുപോലെ ധാർമ്മികനിയമങ്ങളെ ലംഘിക്കാതെ തന്നെ ജനനങ്ങൾ തമ്മിലുള്ള കാലദൈർഘ്യം ക്രമീകരിക്കുന്നതും നിയമാനുസൃതമാണെന്നു സഭ പഠിപ്പിക്കുന്നു. ഗർഭധാരണക്ഷമമല്ലാത്ത കാലങ്ങളുടെ ഉപയോഗം നിയമാനുസൃതമാണെന്നു കരുതുകയും അതേസമയം തന്നെ ഗർഭധാരണത്തിനുസ്പഷ്ടമേ വിരുദ്ധമായ മാർഗ്ഗങ്ങളുടെ ഉപയോഗം – ഗുരുതരവും സത്യസന്ധവുമായ കാരണങ്ങളാൽ പ്രേരിതരായിട്ടാണു് അങ്ങനെ പ്രവർത്തിക്കുന്നതെന്നു തോന്നാമെങ്കിലും – എപ്പോഴും "മററുമാർഗ്ഗങ്ങൾ ഒരു കാരണവശാലും അനുവദനീയമല്ല – മാത്രമോ, "നിയമവിരുദ്ധമായതുകൊണ്ടു ശപിക്കുകയും ചെയ്യുമ്പോൾ സഭ പൂർവ്വാപരവിരുദ്ധമല്ലാത്ത അദ്ധ്യാപനമാണു് നിർവ്വഹിക്കുന്നതു്." നിയമവിരുദ്ധമായതുകൊണ്ടു് ശപിക്കുന്നുമുണ്ടു്. ഇവിടെയും ചോദ്യത്തിനുത്തരമില്ല. ഏതു നിയമത്തിനു് വിരുദ്ധമായതുകൊണ്ടാണീ ശാപം ചൊരിയൽ? റിഥവും, മററുമാർഗ്ഗങ്ങളും തമ്മിൽ വെട്ടിത്തി

രിച്ചിരിക്കുന്ന വരമ്പ് കാണാൻ പ്രത്യേക കണ്ണട ധരിക്കാതെ അസാധ്യമാണ്. ആ കണ്ണടയാകട്ടെ, ചില പ്രത്യേക വിഭാഗത്തിനുമാത്രമേ പാകമാവുകയുള്ളു. അവരുടെ സംഖ്യയാകട്ടെ, പേപ്പൽ കമ്മീഷനിലെ ന്യൂനപക്ഷത്തെക്കാൾ കുറവാണ്! സന്താനോല്പാദനം അഭികാമ്യമല്ലാത്ത അവസരത്തിൽ, ദാമ്പത്യപ്രേമം സുരക്ഷിതകാലത്തു് അനുവദിക്കാനുള്ള സന്മനസ്സ് കാണിച്ചിട്ടുണ്ട്. "എന്നാൽ ന്യായമായ കാരണങ്ങളാൽ സന്താനോൽപാദനം അഭികാമ്യമല്ലാത്ത അവസരത്തിൽ അവരുടെ സ്നേഹം പ്രദ്യോതിപ്പിക്കുന്നതിനും പരസ്പര വിശ്വാസം സംരക്ഷിക്കുന്നതിനും നിഷ്ഫലകാലങ്ങളെ ഉപയോഗിക്കുകയും സന്താനോൽപാദനക്ഷമമായ കാലങ്ങളിൽ സന്താനോൽപാദന പ്രക്രിയ നടത്താതിരിക്കുകയും ചെയ്യുന്നതിനു ഇതിൽ ആദ്യംകണ്ടകൂട്ടർക്കുമാത്രമേ സാധിക്കുകയുള്ളു. ഫലരഹിതമായ കാലങ്ങൾ ഉപയോഗിച്ചുകൊണ്ടു പരിപൂർണ്ണവും സത്യസന്ധവുമായ സ്നേഹത്തിൻെറ തെളിവാണ് അവരവിടെ നല്കുന്നതു്." എന്നാൽ ഉൽപാദനം അഭികാമ്യവും, സുരക്ഷിതകാലം സുരക്ഷിതമല്ലാതെയുമിരിക്കുന്ന അവസരങ്ങളിൽ ദാമ്പത്യപ്രേമപ്രകടനത്തിനുപകരം എന്തു ചെയ്യണം എന്നുകൂടി പറയേണ്ടതായിരുന്നു. റിഥം രീതി അപ്രായോഗികമായാൽ, ദമ്പതികളെന്തുചെയ്യണം എന്ന പ്രശ്നവും അവശേഷിക്കുന്നുണ്ട്. മൂത്തകുട്ടിക്ക് എട്ടുവയസ്സായപ്പോഴേക്കും ആറുകുഞ്ഞുങ്ങളുടെ അമ്മയാകേണ്ടിവന്ന ഒരു സ്ത്രീ കാത്തലിക് ഹെറാൾഡിൽ എഴുതിയിരുന്നതാണ് ഓർമ്മയിലേക്കു കടന്നുവരുന്നതു്.

കുടുംബജീവിതത്തിൽ, റിഥം രീതി പ്രായോഗികമാക്കുക ക്ഷിപ്രസാധ്യമല്ല. കലണ്ടറിൽ രേഖപ്പെടുത്തൽ, ഊഷ്മാവളക്കൽ, ഗ്ലൂക്കോസ്ടെസ്റ്റ് നടത്തൽ തുടങ്ങിയവയാണിവിടെ വിവക്ഷിക്കുന്നതു്. സാധാരണ ജനങ്ങളെ അവർ ജീവിക്കുന്ന സാഹചര്യത്തിൽ മനസ്സിലാക്കുക. എന്നിട്ട് അ

വർക്ക് റിഥം പ്രായോഗികമാക്കാനാവുമോ എന്നും ചിന്തിക്കുക. സ്ത്രീയുടെ ശാരീരികസ്ഥിതിയും കണക്കിലെടുക്കണം. ആർത്തവചക്രം ക്രമമല്ലാത്തവരുടെ കാര്യം പരിഗണിക്കണം. അണ്ഡപരിപുഷ്ടി അറിയാൻ സാധിക്കാതെ വന്നാലെന്താണ് കരണീയം ? സംയോഗത്തിനുള്ള ആഗ്രഹവും വികാരോദ്ദീപനവുമെല്ലാം തീയതി നോക്കിയല്ല ഉണ്ടാകുന്നത് എന്നുകൂടി അറിഞ്ഞിരിക്കട്ടെ. ദാമ്പത്യപ്രേമപ്രകടനത്തെക്കുറിച്ചോ ഒരുമിച്ചുശയിക്കുന്ന ദമ്പതികളുടെ സ്ഥിതിയെക്കുറിച്ചോ, അറിഞ്ഞുകൂടാത്തവർക്ക് പലതും പറയാൻ കഴിയും. വൈവാഹിക ജീവിതത്തിൽ സെക്സിന്റെ പ്രാധാന്യവും പ്രവർത്തനവും ദമ്പതികൾക്കല്ലേ അറിയാനാവൂ. അതറിഞ്ഞുകൂടാത്ത ബ്രഹ്മചാരികൾ വിവാഹജീവിതത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ജീവിതവ്യമല്ലാത്തതു പലതും പറയും. ദമ്പതികൾ അവരോട് ക്ഷമിക്കുക. ദാമ്പത്യജീവിതത്തെക്കുറിച്ച് അറിവുള്ളവർ എഴുതിയിരിക്കുന്നത് വായിക്കുകയെങ്കിലും ചെയ്താൽ, അനുചിതമായത് അവിവാഹിതർ പറയാതിരിക്കും. വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥം നൊവാക്ക് (H) *രചിച്ചിട്ടുണ്ട്. ജോലിസ്ഥലത്തുനിന്ന് വല്ലപ്പോഴും വീട്ടിലെത്തുന്ന ഭർത്താവിന് അരക്ഷിതകാലത്തിന്റെ ചുവന്ന അടയാളം അസ്വീകാര്യമാണ്. ഹൃദയം നിറയെ പ്രേമവുമായി വന്നെത്തിയ ഭർത്താവും, മുററിനില്ക്കുന്ന വികാരവായ്പോടെ ഭാര്യയും പുറംതിരിഞ്ഞ് കിടന്നുറങ്ങുക എന്നത് ദമ്പതികൾക്കു മനസ്സിലാകുമോ ? കഴിയുന്നവർ അങ്ങനെ ജീവിക്കട്ടെ. പക്ഷേ, അതസാധ്യമായിട്ടുള്ള ദമ്പതികളെന്തു ചെയ്യണം ? അവരുടെ പരിതോവസ്ഥ ഒരു നവശിശുവിന് അസ്തിത്വം നല്കുവാൻ അനുഗുണമല്ലെങ്കിൽ എന്താണ് കരണീയം ? ദാമ്പത്യജീവിതത്തെക്കുറിച്ചു പോപ്പിനുള്ള അജ്ഞത വിശ്വലേഖനത്തിൽ നിഴലിച്ചിരിക്കുന്നതിവിടെയാണ്.

---

(H) Michael Novak
The Experience of Marriage, 1965
London, Darton Longmans and Teeld

## കൃത്രിമ സന്താനനിയന്ത്രണ രീതികളുടെ ഗുരുതരമായ ഫലങ്ങൾ

17 "കൃത്രിമജനനനിയന്ത്രണത്തിൻെറ ഫലങ്ങളെപ്പററി പരിചിന്തനം ചെയ്യാൻ സത്യസന്ധരായ ആളുകൾ തയ്യാറാകുകയാണെങ്കിൽ അവക്ക് ഈ തലത്തിലുള്ള കത്തോലിക്കാസഭയുടെ പഠനത്തിൻെറ ഉറപ്പുള്ള അസ്ഥിവാരത്തെപ്പററി ബോദ്ധ്യമാകും. സന്താനനിയന്ത്രണത്തിനു കൃത്രിമമാർഗ്ഗങ്ങൾ സ്വീകരിക്കുകയാണെങ്കിൽ ദാമ്പത്യാവിശ്വസ്തയിലേയ്ക്കും പൊതുവായ ധാർമ്മിക അധഃപതനത്തിലേയ്ക്കും എത്ര വിശാലവും എളുപ്പവുമായ വഴിയായിരിക്കും അതു തുറക്കുക എന്നു് ഒന്നാമതായി അവർ ചിന്തിക്കട്ടെ. മനുഷ്യബലഹീനത മനസ്സിലാക്കുന്നതിനും ധാർമ്മികനിയമങ്ങളോട്ട് വിശ്വസ്തരായിരിക്കുന്നതിൽ മനുഷ്യർക്കു്, പ്രത്യേകിച്ച് ഇക്കാര്യത്തിൽ വളരെയേറെ ഉടവുപററാവുന്ന യുവജനങ്ങൾക്കു്, ധാർമ്മികനിയമങ്ങൾ അനുസരിക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള എളുപ്പവഴികൾ നൽകപ്പെടാതിരിക്കുന്നതിനും വേണ്ടി, ധാർമ്മിക നിയമങ്ങളോട്ട് വിശ്വസ്തരായിരിക്കുവാൻ പ്രോത്സാഹനം ആവശ്യമുണ്ടെന്നറിയുന്നതിനു വളരെ അനുഭവജ്ഞാനമൊന്നും ആവശ്യമില്ല."

കൃത്രിമജനനനിയന്ത്രണോപാധികൾ പ്രകൃതിവിരുദ്ധമാണെന്നു് ആവർത്തിക്കുന്നുണ്ടെങ്കിലും പ്രകൃതിനിയമമെന്തെന്നു് ഇതേവരെ വിശദമാക്കിയിട്ടില്ല. പ്രകൃതിനിയമങ്ങൾക്കും ദൈവികനിയമങ്ങൾക്കും വിരുദ്ധമായ സമ്പ്രദായങ്ങൾ ഭരണാധികാരികൾ പ്രചരിപ്പിക്കരുതെന്നു് 23-ാംഖണ്ഡികയിലും പറയുന്നു. എന്നാലും ഏവയാണീ നിയമങ്ങൾ എന്നു് പറയുന്നില്ല. ബോധ്യങ്ങൾ സൃഷ്ടിക്കാവുന്ന വിധത്തിൽ ആ നിയമങ്ങളെ വിശദീകരിക്കുന്നതിനുപകരം, 17-ാംഖണ്ഡിക കൃത്രിമസന്താനനിയന്ത്രണ രീതികളുടെ ഗുരുതരമായ

ഫലങ്ങളെക്കുറിച്ചാണു്. അതിൽ ഒരേയൊരു വാദമുഖമേയു ള്ളു. നിയന്ത്രണോപാധികൾ അനുവദിച്ചാൽ ധാർമ്മികാധഃപ തനമുണ്ടാകും. വേറെ വാക്കുകളിൽ, കൃത്രിമോപാധികൾ ദുരുപയോഗിക്കും. അതിനു പരിഹാരം ഉപയോഗിക്കാതിരി ക്കുക. എന്താ, നല്ല പരിഹാരമല്ലേ? ദുരുപയോഗം തെററു്. അതുകൊണ്ടു് ഉപയോഗം തെററെന്നു് വരുന്നില്ല. ഈ ദുരു പയോഗം റിഥം സ്വീകരിച്ചാലും ഉണ്ടാകുമെന്നതു് നിഷേ ധിക്കുകയില്ലല്ലോ. ഇവിടെയാണു്. മാനുഷികമായ ബോധ്യ ങ്ങളും വിലയിരുത്തലുകളും ആവശ്യമായി വരുന്നതു്. ദുരു പയോഗം ഉണ്ടാകും എന്ന ഭയന്നു് ഉപയോഗം പാടില്ല എന്നു പറയുന്നതു് ബുദ്ധിക്കുനിരക്കുന്നതല്ല.

“ഗർഭനിരോധനപ്രവൃത്തികൾ തഴക്കമായിത്തീരുന്ന പു രുഷനു് ഒടുവിൽ സ്ത്രീയുടെ നേരെയുള്ള ബഹുമാനം നഷ്ടമാ യേക്കുമെന്നും ഭയപ്പെടേണ്ടിയിരിക്കുന്നു. സ്ത്രീയുടെ ശാരീരി കവും മാനസികവുമായ സമനിലയെപ്പററി ശ്രദ്ധിക്കാതെ അ വളെ സ്വന്തം സുഖാനുഭൂതിക്കായുള്ള ഒരു ഉപാധിയായിമാത്രം കണക്കാക്കുന്നഘട്ടത്തോളം പുരുഷൻ ചെന്നെത്തിയെന്നും വരാം. പിന്നെ അവനു ഭാര്യ ബഹുമാന്യയും സ്നേഹഭാജനവു മായ ഒരു സഖിയായിരിക്കുകയില്ല.”

ഗർഭനിരോധന പ്രവൃത്തികൾവഴി പുരുഷൻ സ്ത്രീ യെ വെറും ഉപകരണമാക്കും എന്ന പോ പ്പിൻെറ പ്രഖ്യാപനം വസ്തുതകൾക്കു് നിരക്കുന്നതല്ല. ഒരു നിരോധനോപകരണങ്ങളും സ്വീകരിക്കാത്തവരിൽ ചി ലർ ഭാര്യയെ സുഖോപകരണമാക്കുന്നതു് നമുക്കജ്ഞാതമല്ല. ഇവിടെയും ദുരുപയോഗമാണു്. ദാമ്പത്യബന്ധത്തിൻെറ അ ടിസ്ഥാനഘടകം സ്നേഹമാണു; സ്വാർത്ഥമല്ല. സ്വാർത്ഥം എവിടെയും നന്നല്ല. എന്നാൽ, കൃത്രിമമാർഗ്ഗങ്ങൾ സ്വീകരി ക്കുന്ന ദമ്പതികൾ പോപ്പിൻെറ ഈ അഭിപ്രായം ശരിയോ

എന്നു് തീരുമാനിക്കട്ടെ. ഇക്കാര്യത്തിൽ പേപ്പൽ കമ്മീഷനിലെ ഒരംഗവും പ്രസിദ്ധനായ ഒരു ഡോക്ടറുമായ മാർഷൽ പറയുന്നതു് ശ്രദ്ധിക്കാം. 'പോപ്പിന്റെ ആ പ്രസ്താവനയോടു് വിയോജിക്കുകയും അതിനെ എതിർക്കുകയും ചെയ്യാതെ തരമില്ല. കാരണം, അനേകകാലമായി ദമ്പതികളുടെ പ്രശ്നങ്ങളെ ഞാൻ കൈകാര്യം ചെയ്യുന്നു. കൃത്രിമമാർഗ്ഗങ്ങൾ ഉപയോഗിക്കുന്ന ദമ്പതികളുടെ മുഗ്ദ്ധമാതൃക എന്റെ സ്മരണയിലുണ്ടു്. അങ്ങനെയുള്ള സ്ത്രീകളിലാരും തന്നെ ഭർത്താവു് തന്നെ ഒരു ഭോഗവസ്തുവായി കരുതി പെരുമാറുന്നു എന്നു പറഞ്ഞിട്ടില്ല' ഈ ഡോക്ടറുടെ പ്രസ്താവനയെ പിന്താങ്ങിക്കൊണ്ടും പോപ്പിന്റെ നിലപാടിനെ വിമർശിച്ചുകൊണ്ടും പല സ്ത്രീകളും ടൈം മാസികയിലെഴുതുകയുണ്ടായി. വിശ്വലേഖനം നിരുത്തരവാദപരമായ ഉൽപാദനത്തിനു് വഴിയൊരുക്കി സ്ത്രീകളെ കഷ്ടപ്പെടുത്തുമ്പോൾ, കൃത്രിമനിയന്ത്രണോപാധികൾ സ്ത്രീയുടെ മാനുഷികജീവിതത്തിനു് സഹായിക്കുന്നു എന്ന അഭിപ്രായവും കാണുകയുണ്ടായി. ഗർഭഭയം കൂടാതെ ദാമ്പത്യപ്രേമപ്രകടനത്തിലേർപ്പെടുന്നതിനും അങ്ങനെ കുടുംബജീവിതം ക്രമീകൃതമാക്കുവാനും കൃത്രിമമാർഗ്ഗങ്ങൾ ആവശ്യമാണു് എന്നു വിശ്വസിക്കുന്നവരാണു് വിദ്യാഭ്യാസം സിദ്ധിച്ച യുവതികളിൽ ഭൂരിപക്ഷവും. ഉൽപാദനത്തെ ക്രമീകരിക്കുക മനുഷ്യന്റെ കടമയാണു്. അതിനു സ്വീകരിക്കുന്ന മാർഗ്ഗം മനുഷ്യോചിതവും മനസ്സാക്ഷിക്കു് നിരക്കുന്നതുമായിരിക്കണം എന്ന വിശ്വാസം ഇന്നു വളർന്നുവന്നിട്ടുണ്ടു്.

18 മുതൽ 31 വരെയുള്ള ഖണ്ഡികകൾ പ്രകൃതത്തിനു് ആവശ്യമില്ലാത്തതുകൊണ്ടു് ഉപേക്ഷിക്കുകയാണു്. അജപാലനപരമായ നിർദ്ദേശങ്ങൾ ആടുകളറിയണമെന്നില്ലല്ലോ. അജപാലകർ മനസ്സിലാക്കി പ്രവർത്തിക്കേണ്ടവയാണു് അക്കാര്യങ്ങൾ. കേരളത്തിലെ ഇടയന്മാർ അതു വായിക്കുകയോ മനസ്സിലാക്കുകയോ അതനുസരിച്ചു് പ്രവർത്തിക്കുകയോ ചെയ്യാൻ മറന്നുപോയി എന്നു മാത്രം ഓർക്കുക.

# 4. പ്രതികരണങ്ങൾ

വിശ്വലേഖനത്തെ അനുകൂലിക്കണമെന്നു പറഞ്ഞുകൊണ്ട് ലോകത്തെമ്പാടുമുള്ള മെത്രാന്മാർക്ക് എഴുതിയതുകൊണ്ടാകണം, അതിനു മെത്രാന്മാരുടെ പിന്തുണ കിട്ടി. ആ വിവരം റോമിലറിയിക്കുകയും ചെയ്തു. വിശ്വലേഖനം വായിക്കാതെ തന്നെ പിന്തുണച്ചവരും കാണുമായിരിക്കും. കാരണം, പിന്തുണക്കാനുള്ള കല്പന മുകളിൽ നിന്നു വന്നിരിക്കുന്നു! എന്നാൽ, പ്രതികൂലപ്രതികരണങ്ങൾ ലോകത്തെങ്ങുമുണ്ടായി, മുമ്പൊരു ചാക്രികലേഖനത്തിനും സൃഷ്ടിക്കാൻ സാധിക്കാത്ത ഒച്ചപ്പാടുകൾ. അവയെക്കുറിച്ചു പോപ്പ് തികച്ചും ബോധവാനായിരുന്നു. 1968 ആഗസ്റ്റ് അഞ്ചാം തീയതി അദ്ദേഹം പറഞ്ഞു. അഭിനന്ദനങ്ങളോടൊപ്പം നിരവധി പ്രതിഷേധക്കുറിപ്പുകളും ലഭിക്കുകയുണ്ടായി എന്ന്. അന്നും വിശ്വലേഖനത്തെ പരാമർശിച്ചു. ലേഖനത്തിന്റെ ഉള്ളടക്കം ജീവന്റെ ഘടനയിൽനിന്നും മനുഷ്യന്റെ ശ്രേഷ്ഠതയെക്കുറിച്ചുള്ള അവബോധത്തിൽനിന്നും ഉരുത്തിരിഞ്ഞതാണെന്ന് അദ്ദേഹം ആവർത്തിച്ചു പ്രഖ്യാപിച്ചു. ദൈവസ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ് ലേഖനം വിരചിതമെന്നും എടുത്തുപറഞ്ഞു. പോപ്പിന്റെ ഹൃദയവേദനയും മാനസികവിഷമങ്ങളും പ്രകടമായിരുന്നു വാക്കുകളിൽ. വിവിധരാജ്യങ്ങളിൽ 'മനുഷ്യജീവനു'ളവാക്കിയ ചലനമെന്തെന്ന് ഒരു വിഹഗവീക്ഷണം നടത്താം.

## ഇംഗ്ലണ്ട്

ഇംഗ്ലണ്ടിലെ എല്ലാ പത്രങ്ങളും വിശ്വലേഖനത്തിന് പ്രാധാന്യം നല്കി. റേഡിയോ ടെലവിഷൻ മാധ്യമങ്ങളും ഊർജ്ജസ്വലമായി പ്രവർത്തിക്കുകയുണ്ടായി. പത്രങ്ങൾ മുഖപ്രസംഗങ്ങളെഴുതി. മിക്കവയും വിമർശനപരങ്ങളായിരുന്നു. സ്വന്തവും മററുള്ളവരുടേതുമായ പ്രതികരണങ്ങൾ വിവിധ പത്ര മാസികകൾ പ്രസിദ്ധപ്പെടുത്തി.

ദൈവശാസ്ത്രപരമായ വന്ധ്യത്വം ബാധിച്ചിരിക്കുന്ന വിശ്വലേഖനം സഭയിലടുത്തകാലത്തുണ്ടായ വളർച്ചയുടെ കൂമ്പ് ഞെരടിക്കളയുവാൻ പര്യാപ്തമാണ്. മിക്കവരും തന്നെ തള്ളിക്കളഞ്ഞിരിക്കുന്ന 'പ്രകൃതിനിയമത്തെ' ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. ജനനനിയന്ത്രണത്തെസംബന്ധിച്ച സഭയുടെ പരമ്പരാഗതമായ പ്രബോധനം വൈരുദ്ധ്യം നിറഞ്ഞതും തെളിവില്ലാത്ത സങ്കല്പങ്ങളുടെ നൂലാമാലകളുൾക്കൊള്ളുന്നതുമാണെന്നു ചർച്ചകളിലൂടെ വ്യക്തമായിരിക്കുകയാണിന്ന്. 'കൃത്രിമോപാധികൾ ഉപയോഗിക്കുക; കുമ്പസാരിക്കുക: വീണ്ടും അതുതന്നെ ആവർത്തിക്കുക' എന്ന ആഹ്വാനം സഭാധികാരത്തിനു തുരങ്കംവയ്ക്കുവാൻ തക്കതാണ്. ഇന്നിപ്പോൾ സഹാനുഭൂതിയല്ല, സ്വാതന്ത്ര്യവും ഉത്തരവാദിത്തവുമാണ് കത്തോലിക്കർക്ക് വേണ്ടതു്.

മെത്രാന്മാരുടെ കൂട്ടുത്തരവാദിത്വം ജലരേഖയായിമാറുന്നതിനു മകുടോദാഹരണമാണ് ഈ വിശ്വലേഖനം. അത്മായർ തങ്ങളുടെ സ്വരവും സഭാതലത്തിൽ കേൾപ്പിക്കണം. അതിനുള്ള ഒരു സംവിധാനത്തിനു ഈ വിശ്വലേഖനം കളമൊരുക്കിയേക്കാം. നോർമൻ സെൻറ് സ്റ്റെവാസിൻെറ ചിന്തകളിങ്ങനെ പോകുന്നു. സഭയോടുള്ള കീഴ്വഴക്കമല്ല, പ്രകൃതിനിയമത്തോടുള്ള അടിമത്തഭാവമാണ് കത്തോലിക്കരിൽ നിന്ന് ചാക്രിക ലേഖനം ആവശ്യപ്പെടുന്നതു്. ഈ ലേഖ

നം, എല്ലാ ക്രൈസ്തവരെയും ഉദ്ദേശിച്ചുകൊണ്ടാണെങ്കിലും, അവരിൽ ഭൂരിഭാഗവും 'പ്രകൃതിനിയമ'ത്തിൻെറ വെളിച്ചത്തിൽ കൃത്രിമോപാധികൾ തെററല്ല എന്നു വിശ്വസിക്കുന്നവരാണ് എന്ന കാര്യം വിസ്മരിച്ചിരിക്കുന്നു. ജനനനിയന്ത്രണപ്രശ്നം കൗൺസിലിൽ ചർച്ച ചെയ്യാതിരുന്നതു് സഭയുടെ പാരമ്പര്യപഠനത്തിനു വിരുദ്ധമായി കാര്യങ്ങൾ നീങ്ങുമോ എന്ന ഭയപ്പാടുകൊണ്ടാണ്. സെൻറ് പോളിൻെറ ചൈതന്യത്തോടെ പത്രോസിൻെറ പിൻഗാമിയെ സമീപിക്കുക മെത്രാന്മാരുടെ കർത്തവ്യമാണ്. സൈമൻ മാൻലിയുടെ അഭിപ്രായമാണിതു്.

പോപ്പിൻെറ ധാർമ്മികാധികാരത്തിനു് ഇടിച്ചിൽതട്ടാൻ ഈ ലേഖനം ഇടയാക്കിയിരിക്കുന്നു. മദ്ധ്യശതകങ്ങളിലെ ദൈവശാസ്ത്രജ്ഞാനമാണ് ഇന്നും സഭാധികാരത്തിനു്! വിദ്യാസമ്പന്നർ സ്വതന്ത്രമായ തീരുമാനങ്ങളിലൂടെ നീങ്ങുമെന്നതിനു് സംശയമില്ല. എന്നാൽ, പോപ്പിനെ എന്തിൻെറയും അവസാനവാക്കു പറയുന്ന ദൈവികശക്തിയായി കണക്കാക്കുന്ന സാധാരണ വിശ്വാസികളുടെ സ്ഥിതിയോ? സഭയുടെ പ്രബോധനത്തിനു എതിരായി പ്രവർത്തിക്കുക ആത്മരക്ഷയെ അപകടമാക്കുകയാണെന്നു വിശ്വസിക്കുന്നവരുടെ മാനസിക സംഘട്ടനം ചിന്തനീയമാണ്. മനസ്സാക്ഷിയനുസരിക്കാം എന്നു പറയുന്നു. ശരി തന്നെ. എന്നാൽ, ചെറുപ്പം മുതൽക്കുതന്നെ പോപ്പും മെത്രാനും അച്ചനും പറയുന്നതു് മനസ്സാക്ഷിയാക്കിയിരിക്കുന്ന 'വെറും വിശ്വാസിക'ളുടെ ആത്മപീഡനം എന്തായിരിക്കണം. ഈ അവസ്ഥാവിശേഷം സ്വാധികാരം നിലനിറുത്താൻ വേണ്ടി സഭ മനഃപൂർവ്വം വളർത്തിയിരിക്കുന്നതാണ് ('ഗാർഡിയനി'ൽ വില്യം മക്സീനി). റോം സംസാരിച്ചു; പ്രശ്നം അവസാനിച്ചു എന്ന വാക്യത്തിൻെറ ആദ്യഭാഗം പറഞ്ഞു നിറുത്താനല്ലാതെ പൂർത്തിയാക്കാൻ തന്നാലാ

വില്ലെന്നു ബിഷപ്പ് ഗോർഡൻവീലർ സ്പെക്ടേററി (2 അഗസ്റ്റ് 1968) ൽ എഴുതി. അതേ വാരികയിൽ നോർമൻ സെൻറ ജോൺസ്റ്റെവാൻസു് ആഗസ്റ്റ് ഒമ്പതാം തീയതി എഴുതിയ മറുപടി 'ക്രൂരമായ' ശൈലിയിലാണെന്നു പറയുകയാവും ശരി. കത്തോലിക്കാ ദമ്പതികൾക്കു് ആഴമാന്ന സഹാനുഭൂതിയല്ല, സ്വാതന്ത്ര്യവും ഉത്തരവാദിത്തവുമാണു് വേണ്ടതു്. ക്രൈസ്തവതത്വങ്ങൾക്കനുസരിച്ചുള്ള വിവാഹജീവിതമാണു് അവക്കു് വേണ്ടതു്. അല്ലാതെ പ്രകൃതിനിയമത്തിൻെറ കള്ളിതിരിക്കലല്ല. അവക്കു പോപ്പിനോടും മെത്രാന്മാരോടും ബ്രഹ്മചാരികളായ പുരോഹിത വർഗ്ഗത്തോടും പറയാനുള്ളതു്— വെട്ടിത്തുറന്നു പറയട്ടെ — 'നിങ്ങളുടെ കാര്യം നോക്കുക; ഇതു നിങ്ങളുടെ കാര്യമല്ല.' സഭയുടെ ആരംഭദശയിൽ വൈവാഹികജീവിതത്തിൻെറ ഉള്ളറകളുടെ മേൽനോട്ടം വൈദികരുടെ അവകാശമായിരുന്നിരിക്കാം. പക്ഷെ, ഇന്നങ്ങനെയല്ല. ആധുനിക മനുഷ്യനുമായിട്ടാണു് നാമിടപെടുന്നതു്, മധ്യശതകത്തിലേതല്ല. വൈവാഹിക പ്രശ്നങ്ങൾക്കു ഉത്തരം വിശുദ്ധലേഖനം നല്കിയിട്ടില്ല. ലേഖനമനുസരിച്ചാണെങ്കിൽ, ജീവശാസ്ത്രനിയമമനുസരിച്ചാണു് മനുഷ്യൻെറ പ്രവൃത്തികൾ നിയന്ത്രിക്കേണ്ടതു്. അതാണു് ദൈവിക നിയമം. ഇതു വ്യക്തമാക്കാൻ തെളിവുകളുന്നയിക്കുന്നില്ലതാനും! ബുദ്ധിപരമായ സമീപനമില്ല. എന്നാൽ, അധികാരത്തിൻേറതാണു് മുഴുവൻ.'

ദാമ്പത്യബന്ധത്തിൻെറ കാരണം ശിശുവല്ല, പ്രേമമാണു്. സന്താനോല്പാദനം ദാമ്പത്യബന്ധത്തിൽനിന്നു ഒഴിച്ചുനിറുത്തരുതെന്നു പറഞ്ഞാൽ മനസ്സിലാക്കാം. എന്നാൽ, ഓരോ സംയോഗവും ഉല്പാദകക്ഷമമാകണമെന്നു പറഞ്ഞാൽ അതു് അഗ്രാഹ്യമാണു്. പരോക്ഷമായി സെക്സു് പ്രേമം എന്നിവയെ വെറുക്കുന്ന രീതിയിലാണു് വിശുദ്ധലേഖനം. അയഥാർത്ഥവും അകാലികവുമായ വീക്ഷണമാണതിൽ....

അറുപതു കൊല്ലംമുമ്പ് ഇന്നു പോപ്പ സ്വീകരിച്ചിരിക്കുന്ന അതേ നിലപാടുതന്നെയാണ് ആംഗ്ലിക്കൻ സഭാംഗങ്ങൾ എടുത്തത് – കൃത്രിമോപാധികളെ ശപിച്ചുതള്ളി. എന്നാൽ 22 വർഷം കഴിഞ്ഞപ്പോൾ കാററുമാറിവീശി; മനോഭാവം മാറിവന്നു! പോപ്പിനുവാദമുഖങ്ങളില്ല; പ്രബോധനാധികാരത്തിലാണു കാലൂന്നിനില്ക്കുന്നത് (ഗാർഡിയൻ ജൂലൈ 30, 1968) ടൈം എഴുതി: പ്രശ്നത്തെ മാനുഷികമായി സമീപിച്ചു. പക്ഷെ, പരിഹാരനിർണ്ണയത്തിനു പാരമ്പര്യത്തിലേക്കു പോയി. പതിനൊന്നാം പീയൂസിന്റെ 'പ്രകൃതിനിയമ'മെന്ന കുടക്കീഴിലൊതുങ്ങിന്നാണ് പോപ്പ് വിശ്വലേഖനം തയ്യാറാക്കിയതു്. എന്നാൽ, പ്രകൃതിനിയമം എന്തെന്നു വ്യക്തവുമല്ല.

വിശ്വലേഖനത്തെ ഒരു 'ദുരന്തം' എന്നു വിശേഷിപ്പിച്ചുകൊണ്ടു കാരണസഹിതം കടുത്തവിമർശനം തന്നെ അഴിച്ചുവിട്ടിരിക്കയാണ് എക്കണോമിസ്റ്റ് (ആഗ. 3, 1968) 'ടാബ്ലററു' വിമർശനപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നതു് (ആഗ. 3, 1968). ഈ പാത്രികലേഖനത്തിൽ ആനന്ദവുമില്ല; പ്രതീക്ഷയുമില്ല. ദൈവാവിഷ്കരണത്താൽ പ്രകാശിതമായ പ്രകൃതിനിയമമെന്നു പോപ്പു പറയുന്നതിനു എന്തു തെളിവാണുള്ളതു? നിരീക്ഷണഫലമായിട്ടാണ് പ്രകൃതിനിയമം സ്ഥിരമാണെന്നു ധരിച്ചുപോയതു്. ഇന്നു ഭൂരിപക്ഷം ശാസ്ത്രജ്ഞരും തള്ളിക്കളഞ്ഞിരിക്കയാണതു്. യഥാർത്ഥമായ ദാമ്പത്യപ്രേമം സഭ കണ്ടുപിടിച്ചിരിക്കുന്ന 'ദൈവികനിയമ'ത്തിലൂടെ വളർത്താനാവില്ലെന്നു അനുഭവത്തിലൂടെ കണ്ടുകഴിഞ്ഞവരെപ്പററി എന്തു പറയുവാൻ കഴിയും? സ്വകീയ പരിശ്രമത്തിലൂടെ യഥാർത്ഥപ്രേമത്തിന്റെ വളർച്ച് എങ്ങനെയെന്നു അവർ മനസ്സിലാക്കുന്നു. ന്യൂ ക്രിസ്ത്യൻ ആഗസ്ററ് 8നു (1968) ഉന്നയിക്കുന്ന ചോദ്യമിതാണ്: വിശ്വാസികളുടെ പൊതുസമ്മതം (Consensus Fideluim) ഇല്ലാത്ത ഒരു കാര്യത്തെക്കുറിച്ചു് ഇപ്രകാരമൊരു പൊതുപ്രബോധനം നടത്തുവാൻ എങ്ങനെ കഴിയും?

ഇങ്ങനെ പത്രലോകത്തിൽ 'മനുഷ്യജീവനെ' പ്രതിക്കൂട്ടിൽ കയററി വിസ്തരിക്കുന്നതിൽ വൈദിക മണ്ഡലവും പിന്നോക്കമായിരുന്നില്ല. കത്തോലിക്കരുടെയിടയിൽപോലും ചാക്രികലേഖനത്തിനു പറയത്തക്ക സ്വാധീനമുണ്ടായില്ല. കാർഡിനൽ ഹീനാൻ എണ്ണം തൊടാതെയുള്ള ഒരു പ്രസ്താവനയിറക്കുകയുണ്ടായി. വിശ്വലേഖനവുമായി പൊരുത്തപ്പെട്ടുപോകാൻ മനസ്സാക്ഷിയിൽ സാദ്ധ്യമല്ല എന്നു പറഞ്ഞ ഫാദർ ചാറൽസ്‌വെയററി (Weir) നെ സസ്പെണ്ടു ചെയ്തു. എന്നാൽ, അദ്ദേഹത്തിനുവേണ്ടി വാദിക്കാൻ ആളുകൾ മുന്നോട്ടുവന്നു. ഏകദേശം 100, 200 വൈദികർ വിശ്വലേഖനത്തെ പ്രതികൂലിക്കുന്നവരാണെന്ന് എന്ന സൂചനകൾ ലഭിച്ചിട്ടുണ്ട്. സഭ മുഴുവനുമായി ആലോചിച്ചശേഷം അപ്രമാദിതമുള്ള ഒരു പ്രഖ്യാപനമുണ്ടാകുന്നതുവരെ വിശ്വാസികൾ തങ്ങളുടെ മനഃസാക്ഷിയനുസരിച്ചു പ്രവർത്തിക്കാൻ സ്വതന്ത്രരാണെന്നു മോൺസിഞ്ഞോർ ആൻറണി റെയ്നോൾഡ് പത്രപ്രവർത്തകരോടു പ്രസ്താവിച്ചു. പിന്നീട്, 'അതൊരു എടുത്തുചാട്ട'മായിപ്പോയിയെന്ന് അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയുണ്ടായി.

നിലവിലിരിക്കുന്ന വിഷമസ്ഥിതിയുടെ ഏതാണ്ടൊരു ചിത്രം ആർച്ച് ബിഷപ്പ് തോമസ് സി. റോബട്ട് എസ്. ജെ. വരച്ചുകാട്ടുന്നുണ്ട്. ഈ ചാക്രികലേഖനം കാരണം വൈദികർ പൗരോഹിത്യം ഉപേക്ഷിക്കുന്നു; പലരും പോകാനിരിക്കുന്നു. എന്നാൽ, സാമ്പത്തിക പാപ്പരത്തം അതിൽനിന്ന് അവരെ തടഞ്ഞിരിക്കയാണ്. അന്നന്നയപ്പത്തിൻെറ പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗം കാണാത്തതുകൊണ്ട് അവർ ധൈര്യപ്പെടുന്നില്ല. വൈദികർ, ഡോക്ടർമാർ, നേഴ്സുകൾ തുടങ്ങിയവക്കു സത്യം പറയാനാവാത്ത പരിതസ്ഥിതിയാണുള്ളവായിരിക്കുന്നതു്. ജനങ്ങളാകട്ടെ, കൂദാശകൾക്കണയുവാൻ

നിവൃത്തിയില്ലാത്തതുകൊണ്ടു് സഭയുമായുള്ള ബന്ധം വിടത്തിക്കൊണ്ടിരിക്കുകയാണു്. ഭൂരിപക്ഷമാളുകൾക്കും സംശയങ്ങളുണ്ടു്. അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനു പകരം വദ്ധിപ്പിക്കുകയാണു് വിശ്വലേഖനം ചെയ്തിരിക്കുന്നതു്. പാപമെന്നു കാണാൻ കഴിയാത്തവ, പാപമാണെന്നു, പാപമെന്നു വിശ്വസിക്കാൻപോലും കഴിയാത്ത വൈദികൻെറ അടുക്കൽ ഏററുപറയുക എന്ന ഗതികേടു് വന്നുബ്ഭവിച്ചിരിക്കുന്നു. സഭക്കുപോലും തൻെറ നിയമം കിടപ്പറയിൽ അടിച്ചേല്പിക്കാൻ അധികാരമില്ല. ആച്ച് ബിഷപ്പ് റോബർട്ടു് തെളിച്ചുപറഞ്ഞു. ഇംഗ്ലണ്ടിൽ വളന്നുവരുന്ന അസ്വസ്ഥതകളുടെ നാന്ദിയാണിതു്. പ്രതിഷേധസ്വരത്തിൻെറ പ്രതിദ്ധ്വനി എവിടെയും കേൾക്കാം. ന്യൂമൻ അസോസിയേഷനിലെ അംഗങ്ങൾ വിശ്വലേഖനത്തിനെതിരായി ഒരു പ്രതിഷേധ പ്രകടനം നടത്താൻ തന്നെ തീരുമാനിച്ചു. ഓരോ ദിവസവും പ്രതിഷേധശബ്ദം കൂടുതൽ കൂടുതൽ വ്യക്തമായി കേട്ടുതുടങ്ങുകയാണു്.

തികച്ചും മാനുഷികമായ ഒരു സമീപനരീതിയാണു് ആച്ച് ബിഷപ്പു് തോമസ് ഡി. റോബർട്ടു് അവലംബിക്കാനാഗ്രഹിക്കുന്നതു്. അദ്ദേഹം പറയുന്നു: തികച്ചും വിഭിന്നമായ ഒരു ചാക്രികലേഖനം പ്രതീക്ഷിച്ചിരുന്നവരോടു് എനിക്കു് ദയ തോന്നുന്നു. 'ഗുളിക'മൊഴികെയുള്ള മാർഗ്ഗങ്ങൾ പ്രകൃതിനിയമത്തിനു് വിരുദ്ധമാണെന്ന വാദഗതി ഗ്രഹിക്കാൻ എനിക്കു് കഴിയുന്നില്ല. ബുദ്ധിയാണു് ഇക്കാര്യത്തിൽ സമ്മതം നല്കേണ്ടതു് എന്ന ബോധ്യം എനിക്കു് ഇന്നുമുണ്ടു്. ഒരു പാർലമെൻററു് അംഗമായ മിസ്ററർ നോർമൻ, 'ഇത്തരം വിശ്വലേഖനം ഒരിക്കലും എഴുതാതിരിക്കുകയായിരുന്നു നല്ലതു്' എന്നു് അഭിപ്രായപ്പെടുകയുണ്ടായി. യൂണിവേഴ്സ് പത്രം മാത്രമാണു് വിശ്വലേഖനത്തെ പൂർണ്ണമായി പിൻതാങ്ങിയിരി

ക്കുന്നതു്. 'മനസ്സാക്ഷിയനുസരിച്ചു വർത്തിച്ചുപോന്ന വളരെ കത്തോലിക്കർക്കു ഈ വിശ്വലേഖനം സ്വീകരിക്കുവാൻ പ്രയാസമാകുമെന്നു ഞങ്ങൾ ഭയപ്പെടുന്നു. ഞങ്ങളും ആത്മാർത്ഥതയോടെ പറയട്ടെ, വിശ്വലേഖനം, വിശ്വാസികളുടെ ബോധപൂർവ്വമായ അനുഭവജ്ഞാനത്തെ തെല്ലും കണക്കിലെടുത്തിട്ടില്ല' കാത്തലിക്കു് ഹെറാൾഡ് തങ്ങളുടെ നില വിശദമാക്കി. ടാബ്ലററിന്റെ അഭിപ്രായം, 'മനസ്സാക്ഷി നിർബന്ധിക്കുമ്പോൾ നമ്മെ ആരും ചോദ്യം ചെയ്യാനോ പ്രേരിപ്പിക്കാനോ പാടില്ല എന്നാണു്.'

## ഇടയലേഖനം

ആടുകൾക്കു് മാർഗ്ഗനിർദ്ദേശം നല്കുവാൻ നിയുക്തരായ ഇടയന്മാർ ഈ അവസരത്തിൽ പ്രസ്താവന പുറപ്പെടുവിച്ചു. വിശ്വലേഖനത്തെ പൊതുവെ പിന്താങ്ങിയിരിക്കയാണു്. എന്നാൽ, ജനനനിയന്ത്രണമാർഗ്ഗങ്ങളെ സ്വീകരിക്കുന്നവരുടെ നേരെ 'മയ'ത്തിലുള്ള സമീപനം കൈക്കൊണ്ടിട്ടുണ്ടു്. മനസ്സാക്ഷിക്കു് മുൻഗണനനല്കിയിരിക്കുന്നു. ചാക്രികലേഖനം മനസ്സാക്ഷിസ്വാതന്ത്ര്യത്തിൽനിന്നു് ആരെയും തടഞ്ഞിട്ടില്ല എന്നു് തുറന്നുപറഞ്ഞിട്ടുണ്ടു്.

ഇടയലേഖനം പുറത്തുവന്നെങ്കിലും അന്തരീക്ഷം ശാന്തമായില്ല. വെസ്ററ് മിനിസ്റ്റർ സെൻററൽ ഹാളിൽ വച്ചു നടത്തിയ ഒരു സമ്മേളനം നാലുമണിക്കൂർ വിശ്വലേഖനത്തെക്കുറിച്ചു ചർച്ചചെയ്തു. പേപ്പൽ കമ്മീഷനിലെ ഒരംഗംകൂടിയായിരുന്ന പ്രശസ്തനായ ഡോക്ടർ മാർഷൽ, ചാക്രികലേഖനത്തെ വിമർശിക്കുകയുണ്ടായി, കൃത്രിമമാർഗ്ഗം പ്രകൃതിനിയമത്തിനു വിരുദ്ധമായതുകൊണ്ടു് അതിൽത്തന്നെ തിന്മയാണെന്ന പോപ്പിന്റെ നിലപാടു് ഭൂരിപക്ഷ-ന്യൂനപക്ഷാഭിപ്രായത്തിനു വിരുദ്ധമാണെന്നു് അദ്ദേഹം പറഞ്ഞു. ഈ അവസരത്തിൽത്തന്നെ, പേപ്പൽ കമ്മീഷനിലുണ്ടായിരുന്ന പതിനാറു

മെത്രാന്മാരിൽ ഒമ്പതു പേർ ഭൂരിപക്ഷാഭിപ്രായത്തിനു അനുകൂലമാണെന്ന റിപ്പോർട്ടുമായി ടാബ്‌ലററ് പുറത്തുവന്നു. അനുകൂലി പ്രതികൂലികളുടെ പേരുവിവരം അവർ പ്രസിദ്ധപ്പെടുത്തി. ബൽജിയത്തിലെ കാർഡിനൽ സൂവ്നൽസ്, കാർഡിനൽ ഡഫ്നർ, ആർച്ച് ബിഷപ്പുമാരായ സൂവൂയ് (of Albi) പാലിദോമെൻറസ് (of Merida Venezvela) ജോസ് സോവ (of yaunde) തുടങ്ങിയവരാണ് അനുകൂലിച്ചവർ. കാർഡിനൽ ഓട്ടാവിയാനി, സിലോണിലെ മെത്രാനായ കാർലോ, ആർച്ച് ബിഷ്പ്പ് തോമസ് മോറിസ (ഐർലണ്ട്) എന്നിവർ പ്രതികൂലിച്ചവരാണ്. കാർഡിനൽ ഹീനാനും, വലേരിയൻ ഗ്രേഷ്യസും ആർച്ച് ബിഷപ്പ് ബിൻസും (U. S. A.) സന്ദേഹവാദികളുമായിരുന്നു.

ഫാവർഷാമിലെ ബനഡിക്ററൻ ആബട്ട് ഡോൺ ആൻസലം താച്ചർ (Thacher) എല്ലാ പൗരോഹിത്യ ജോലികളിൽനിന്നും രാജിവച്ചു. ഇംഗ്ലീഷ് മെത്രാന്മാരുടെ ഇടയലേഖനത്തെയും അദ്ദേഹം പ്രതിഷേധിച്ചു. പോപ്പിനെ പരസ്യമായി അനുകൂലിക്കുക, രഹസ്യമായി തരമനുസരിച്ചു ചെയ്യുക എന്ന ഇരട്ടത്താപ്പുനയമാണ് മെത്രാന്മാരുടേതെന്നു് അദ്ദേഹം ആരോപിച്ചു.

വിശ്വലേഖനവുമായി ഒത്തുപോകാൻ സാധിക്കുകയില്ല എന്നു് ടൈം മാസികയിലൂടെ പ്രഖ്യാപിച്ച അമ്പത്തിയഞ്ച് വൈദികരെ കാർഡിനൽ ഹീനാൻ വിമർശിച്ചു. സഭാതലത്തിൽവച്ച് ചർച്ച ചെയ്യാതെ ഇക്കാര്യം അവതരിപ്പിച്ച രീതിയെത്തന്നെയും അദ്ദേഹം കുററപ്പെടുത്തി. പോപ്പ് തൻെറ മനസ്സാക്ഷിയനുസരിച്ച് എഴുതിയ വിശ്വലേഖനത്തെ ഞങ്ങൾ മാനിക്കുന്നു എന്നവർ പറഞ്ഞിട്ടുണ്ട്. പ്രസിദ്ധനായ ഫാദർ മക്കാബെ ഒ. പി. യും ആ വൈദികരിൽ ഉൾപ്പെടുന്നു.

റിഥം മററു രീതികളും തമ്മിൽ പോറ്റു തരംതിരിച്ചു കാണിക്കുന്ന വ്യതിരിക്തത മനസ്സിലാക്കാനാവില്ലെന്നു് പ്രഗത്ഭരായ എഴുപത്തിയാറു് അത്മായർ പരസ്യമാക്കി. അവരുടെ ദൃഷ്ടിയിൽ, റിഥവും മററുരീതികളും തമ്മിൽ സ്വാഭാവികം, കൃത്രിമം എന്നിങ്ങനെ തരം തിരിക്കുന്നതിൽ അത്ഥമില്ല. ജനനക്രമീകരണകായ്യത്തിൽ ആദ്യന്തിക തീരുമാനമെടുക്കേണ്ടതു് ചുമതലബോധത്തോടെ ദൈവമുമ്പിൽ ദമ്പതികളാണു്. മനഃസാക്ഷിക്കനുസൃതമായി എടുക്കുന്ന തീരുമാനം പാപമല്ല. അതിനാൽ കുമ്പസാരിക്കുകയും വേണ്ട. മെത്രാന്മാരുടെ ഇടയലേഖനം പുറത്തിറങ്ങുന്നതിനുമുമ്പാണു് ഈ അഭിപ്രായപ്രകടനം നടന്നതു് എന്നതു് എടുത്തു പറയേണ്ടിയിരിക്കുന്നു. ഇടയലേഖനത്തിൽ ഉള്ളതു് അതിന്റെ സ്വാധീനമാകാം. ഈ പ്രസ്താവനയിൽ ഒപ്പുവച്ചവരിൽ ചിലരുടെ പേരുവിവരം താഴെ ചേക്കുന്നു:

The Countess of Albermarle, Prof. A. H. Armstrong, Mr. A. J. Boyle, Mr. Geofferey Chapman, Dr. Letitia Farifield, Mr. H. P. R. Finberg, Mr. Michael Forgarty, Miss. Hilda Graez, Mr. Graham Green, Mrs. Rosemary Hanghton, Martin Redfern, Mr. John. M. Todd, Mr. Bernard Towers and Sir Francis Walshe.

തുടന്നുനില്ക്കുന്ന ഒച്ചപ്പാടുകൾക്കു പരിഹാരമായില്ല. കാർഡിനൽ ഹീനാൻ ഒരു ടെലവിഷൻ സംഭാഷണവേളയിൽ പറഞ്ഞു: സഭയുടെ പ്രബോധനം വളരെ വ്യക്തമാണു്. എല്ലാമനുഷ്യരും തങ്ങളുടെ മനസാക്ഷിയനുസരിച്ചു പ്രവത്തിക്കണം. മനസ്സാക്ഷി രൂപവൽക്കരിക്കുന്ന കായ്യം അഗണ്യമല്ല. കഴിയുന്നത്ര പഠനവും മനനവും നടത്തിയശേഷം 'ഇന്നതാണു് ശരി' എന്ന നിഗമനത്തിലെത്തുകയും അതനുസരിച്ചു ജീവിക്കയും വേണം. മനസ്സാക്ഷിയനുസരിച്ചു പ്രവത്തിക്കുന്നവൻ കൂദാശകളണയുന്നതിൽ നിന്നു പിൻതിരിയേണ്ടതില്ല.

## പോർത്തുഗൽ

പോത്തുഗീസ് കദ്ദിനാളും പ്രസ്സും പോപ്പിനെ പിന്തുണച്ചു. ക്രിസ്തുവിൻെറ പ്രതിനിധിയെന്ന നിലയിലാണ് പോപ്പ് സംസാരിച്ചതെന്നു ലിസ്ബണിലെ പാത്രിയക്കീസു കൂടിയായ കാർഡിനൽ സെരയിര (Cerejeira) ഒരു ടെലവിഷൻ സംഭാഷണത്തിൽ പറയുകയുണ്ടായി. പോപ്പു സ്വീകരിച്ചിരിക്കുന്ന നിലപാടിനെച്ചൊല്ലി ഒരു കത്തോലിക്കനും ചലിതചിത്തനാകേണ്ടതില്ല. ക്രിസ്തുവിൻെറ അധികാരത്തോടെ പോപ്പു സംസാരിച്ചിരിക്കുന്നു. പോപ്പിനെ എതിർക്കുക ക്രിസ്തുവിനെ എതിക്കുന്നതിനുതുല്യമാണ്. ഒരു കത്തോലിക്കാ രാജ്യമാണ് പോത്തുഗൽ. എന്നാലും, ഗഭ്നിരോധനഗുളികകൾ പോത്തുഗലിലുടനീളം ലഭിക്കാനുണ്ട്. അവ ഉപയോഗിക്കുന്നവരുടെ സംഖ്യ അനുദിനം വദ്ധിച്ചുവരികയാണ്. ഇതു കൂടി കണക്കിലെടുത്തുകൊണ്ടു വേണം നാം ചിന്തിക്കാൻ.

## ന്യൂസിലാണ്ട്

അനുകൂലമായ ഒരു പ്രസ്താവന മെത്രാന്മാർ പുറപ്പെടുവിച്ചു. നൂററാണ്ടുകളായി കൃത്രിമമാഗ്ഗങ്ങൾ പ്രകൃതി വിരുദ്ധമാണെന്നു സഭ പഠിപ്പിച്ചിട്ടുണ്ട്. സൃഷ്ടി കമ്മത്തിൽ ദമ്പതികൾ ദൈവവുമായി സഹകരിക്കുകയാണ്. അക്കാരണത്താൽ, ഉല്പാദക വിരുദ്ധമായ ചെയ്തികൾ അനനുവദനീയമെന്നും പ്രസ്താവനയിൽ പറയുന്നുണ്ട്.

## മാൾട്ടാ

വിശ്വലേഖനത്തെ സ്വാഗതം ചെയ്തിരിക്കുന്ന അന്തരീക്ഷമാണ്. ആച്ച് ബിഷപ്പ് മൈക്കൾ ഗോൺസി (Michel Gonzi) പോപ്പിനു ഒരു അഭിനന്ദനാശംസ അയച്ചു കൊടുത്തു. ആ കേബിൾ സന്ദേശത്തിൽ, സവ്വവിധ പിന്തുണയും പ്രഖ്യാ

പിച്ചിരുന്നു. ഗർഭനിരോധനസാമഗ്രികൾ നിരോധിച്ചിരിക്കുന്ന രാജ്യമാണ് മാൾട്ടാ. വിശ്വലേഖനത്തെ വിമർശനദൃഷ്ടിയോടെ വിലയിരുത്തിയവരും അവിടെയില്ലാതില്ല. തൊഴിലാളി സംഘടനയുടെ മുഖപത്രമായ 'ദ ടോർച്ച്' മുഖപ്രസംഗത്തിൽ, 'റോം സംസാരിച്ചു; പ്രശ്നം അവസാനിച്ചു' എന്നു കരുതിയിരുന്നകാലം കഴിഞ്ഞുപോയി എന്നു പറഞ്ഞു. ദമ്പതികളുടെ ദാമ്പത്യപ്രേമപ്രകടനത്തെ 'റിഥം തീയറി' യാന്ത്രികവും അസ്വാഭാവികമാക്കുന്നു എന്ന് അവർ കുററപ്പെടുത്തി. സ്വന്തമായി ചിന്തിക്കുന്നതിൻെറ ലക്ഷണങ്ങളുണ്ട്.

## ഡോമിനിക്കൻ റിപ്പബ്ളിക്ക്

ജനപ്പെരുപ്പപ്രശ്നത്തിൽ ആഴമാന്ന ഉൽക്കണ്ഠ പ്രദർശിപ്പിച്ചുകൊണ്ടുള്ള വിശ്വലേഖനത്തെ ഇവിടത്തെ മെത്രാന്മാർ സ്വാഗതം ചെയ്തു. ഈ രാജ്യത്തിൻ ജനസംഖ്യ പ്രശ്നം രൂക്ഷതരമാണ്. അതുകൊണ്ട് ഡൊമിനിക്കൽ റിപ്പബ ളിക്ക് കുടുംബസംവിധാനം മനുഷ്യൻെറ മൗലികാവകാശമായി മുറുകെപ്പിടിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഉത്തരവാദിത്വപൂർണ്ണമായ ഉല്പാദനത്തിൻെറ പ്രാഥമിക പാഠങ്ങൾപോലും അറിയുന്നവരല്ല ഇവിടെയുള്ള ദമ്പതികളിൽ ബഹുഭൂരിപക്ഷവും. മനുഷ്യോചിതമായ ജീവിതം എന്ന വീക്ഷണം വച്ചു പുലർത്തിയാൽ ജനനക്രമീകരണം അത്യന്താപേക്ഷിതമാണ്. 'ഫ്രീ കോൺഫെഡറേഷൻ ഓഫ് കാത്തലിക്ക് ട്രെയ്ഡ് യൂണിയനിസ്ററ്' (C H S C) വിശ്വലേഖനത്തെ തത്വത്തിൽ (in principle) അംഗീകരിച്ചു. എന്നാൽ' 'ഞങ്ങളുടെ ഗുരുതരമായ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ, സാധാരണ മനുഷ്യനു സ്വീകാര്യവും പ്രായോഗികവുമായ ഏതെങ്കിലും തരത്തിലുള്ള ജനനനിയന്ത്രണം ആവശ്യമാണ് എന്നവർ സൂചിപ്പിച്ചിട്ടുണ്ട്.

## മെക്സിക്കോ

ജോസ് കാർഡിനൽ ഗരീബിയുടെ അഭിപ്രായത്തിൽ, 'എല്ലാ ഊഹാപോഹങ്ങളും അവസാനിച്ചിരിക്കുന്നു.' ആരോഗ്യവും നല്ല വളർത്തലും കണക്കിലെടുത്തുകൊണ്ടു നമ്മുടെ നാട്ടിലെ ദമ്പതികൾക്ക് എത്ര ശിശുക്കളാകാം എന്ന ചോദ്യത്തിനു് ആർച്ച് ബിഷപ്പ് ഫെർനാണ്ടോ (Fernando Ruiz) Solarzano) പറഞ്ഞു: ഒന്നോ .. രണ്ടോ .. അഥവാ, ഒന്നും വേണ്ട. എന്നാൽ സഭയംഗീകരിക്കുന്ന മാർഗ്ഗമേ സ്വീകരിക്കാവൂ. ആത്മസംയമനത്തിൻെറ നിയമം പാലിക്കണം. ക്രിസ്ത്യൻ ഫാമിലിമൂവ്മെൻറിൻെറ ഒരു നേതാവായ ഡോക്ടർ ജോസ് അൽവാരസ് ചാക്രികലേഖനത്തിനു എല്ലാ പിന്തുണയും നല്കി.

## ജർമ്മനി

പോപ്പിൻെറ വിശ്വലേഖനം വെളിച്ചം കാണുന്നതിനുണ്ടായ കാലതാമസം വളരെ ദമ്പതികളെ മനസ്സാക്ഷിയുടെ പ്രചോദനം സ്വീകരിക്കാൻ സഹായിച്ചു. കൃത്രിമമെന്നു സഭ വിശേഷിപ്പിക്കുന്ന മാർഗ്ഗങ്ങൾ പലർക്കും അവിടെ സ്വീകാര്യമായി. അതുകൊണ്ടു് ചാക്രികലേഖനം ഏതു മനോഭാവത്തോടെ സ്വാഗതം ചെയ്യപ്പെട്ടുമെന്നതു് ഊഹ്യമാണല്ലോ.

ഫ്രാങ്ക്ഫർട്ടിൽ മുപ്പതു വൈദികർ ഒന്നിച്ചു് കൂടുകയും ഒരു പ്രസംഗം തയ്യാറാക്കി ഞായറാഴ്ച പള്ളിയിൽ വായിക്കുകയും ചെയ്തു. വിശ്വലേഖനത്തിനുവിരുദ്ധമായ ഒരു നിലപാടാണു്, മെത്രാന്മാരുടെ സമ്മതത്തോടെ അവർ സ്വീകരിച്ചിരുന്നതെന്നും, അതനുസരിച്ചാണു് വിശ്വാസികൾക്കു് തങ്ങൾ മാർഗ്ഗനിർദ്ദേശം നല്കിയിരുന്നതെന്നും അവർ പറഞ്ഞു. വൈദികരുടെ നിസ്സഹായാവസ്ഥ പ്രകടമാക്കാൻ പോരുന്നതാണു്, ആ പ്രസ്താവന. ഈ വിശ്വലേഖനം പൊളിച്ചെഴുതുന്നതിനു വേണ്ടതെല്ലാം തടുതിയിൽ ചെയ്യണമെന്നു ഒരു ഗണം ഡോ

ക്ഷാന്മാർ മെത്രാന്മാർക്കെഴുതി. ആധുനികവിജ്ഞാനത്തിനു നിരക്കാത്തതും സംശയരഹിതമായി തെളിയിക്കാനാവാത്തതുമായ പ്രകൃതിനിയമത്തിൻെറ ചതുപ്പുനിലത്തുനിന്നാണു് വിശദ ലേഖനം പൊടിച്ചുവന്നതെന്നു അവർ ആക്ഷേപിച്ചിട്ടുണ്ടു്. ഈ ലേഖനം തങ്ങൾക്കു് അസ്വീകാര്യമാണെന്നു് അവർ കട്ടായം പറഞ്ഞിട്ടുണ്ടു്. അത്ഥരഹിതവും അടിസ്ഥാനശൂന്യവുമായ വിധത്തിൽ സഭയും പാപ്പാധിപത്യവും പ്രദർശിപ്പിക്കാനിടവരുത്തിയ അയഥാത്ഥവും ജീവിതവ്യവുമല്ലാത്ത ചാക്രിക ലേഖനത്തിനെതിരായി ഒരു സമരംതന്നെ നടത്താൻ, ഒരു ഗ്രന്ഥകർത്രിയായ ലൂയിസു് റിൻസർ (Louis Rinser) കാർഡിനൽ സഫനറിനോടഭ്യത്ഥിക്കുകയുണ്ടായി. വിയസ്ബാദ (Wiesbaden)നിൽ അത്മായർ വിശ്വലേഖനത്തിനു വിരുദ്ധമായ ലഘുലേഖകൾ വിതരണംചെയ്യുകയുണ്ടായി. കൗൺസിലിനു മുമ്പുള്ള ചൈതന്യമാണു്, മെത്രാന്മാരുമായി ആലോചിക്കാതെ ഇത്തരമൊരു ലേഖനമിറക്കാൻ പോപ്പിനെ പ്രേരിപ്പിച്ചതെന്നും ഭൂരിപക്ഷാഭിപ്രായത്തിനു വിരുദ്ധമായിട്ടാണു് ഈ തീരുമാനമുണ്ടായതെന്നും അതിൽ പറയുന്നു.

മൂൺസ്റ്റർ (Miinster) രൂപതയിലെ നൂറു് വൈദികരും ആക്കെൻ (Achen) രൂപതയിൽപെട്ട ഒരു ഗ്രൂപ്പ് വൈദികരും തങ്ങളുടെ മേലധ്യക്ഷന്മാർക്കെഴുതി: വിശ്വലേഖനവുമായി ഒത്തുപോകാൻ മനസ്സാക്ഷിയനുസരിച്ചു് സാധിക്കുന്നില്ല എന്നു്. കുമ്പസാരക്കൂട്ടിലും പ്രസംഗപീഠത്തിലുംവച്ചു് നാളിതുവരെ പറഞ്ഞ കാര്യങ്ങളുമായി ലേഖനം പൊരുത്തപ്പെടുന്നില്ലെന്നു് മൂൺസ്റ്റർ വൈദികർ പ്രസ്താവിച്ചിരുന്നു. തങ്ങളുടെ ഉപദേശങ്ങൾ മാററാനാവില്ലെന്നു് അവർ പറഞ്ഞു. മനഃസാക്ഷിസ്വാതന്ത്ര്യം ഉറക്കെ പ്രഖ്യാപിക്കുവാൻ ഹാമ്പഗ്ഗ്, ഫ്രാങ്കഫർട്ടു് എന്നിവിടങ്ങളിലെ അജപാലനോപദേശസമിതികൾ മെത്രാന്മാരോടു് ആവശ്യപ്പെട്ടു. വിശ്വലേഖനത്തിനുശേഷം അസ്വസ്ഥരായ കത്തോലിക്കരുടെ സന്ദർശനവും ഫോൺവി

ളികളുംമൂലം 'ഇരിക്കപ്പൊറുതിയില്ലെന്നു' അവർ പറഞ്ഞിരുന്നു. സഭയിലിന്നു് ഒരു 'ക്രൈസിസും' പാപ്പാധിപത്യത്തിനു് ഇടിവും വിശ്വലേഖനം വരുത്തിവച്ചിരിക്കുന്നതായി ബർനാർഡ് വോഗൽ (Vogal Minister of Education in the State of Rhine land Palatiante and President of the 1968 National Catholic Convention) ഭയപ്പെടുന്നു. മ്യൂണിച്ച് അതിരൂപതയിലെ ആഴ്ചപ്പതിപ്പ് വിശ്വലേഖനത്തെ അയഥാർത്ഥ (Unrealistic)മെന്നു വിശേഷിപ്പിച്ചു. തക്കതായ കാരണത്തോടെ, ഗർഭധാരണം അസംഭവ്യമാക്കുന്നവർ ദിവ്യകാരുണ്യസ്വീകരണത്തിൽനിന്നു ഒഴിഞ്ഞുമാറരുതെന്നു് ബിഷപ്പ് ലാൻേറർസ് ഡോർഫൻ (Landersdorfer O. S. B) പ്രസ്താവിച്ചു.

അടിയന്തിരാവശ്യമെന്ന നിലയിൽ കൃത്രിമമാർഗ്ഗങ്ങളെ സ്വീകരിക്കുന്നതിനെ കാർഡിനൽ ഡഫ്നർ ന്യായീകരിക്കുകയുണ്ടായി. ലൈംഗികവിഷയങ്ങളുടെ പഠനത്തിൻെറ ഡയരക്ടറായ പ്രൊഫസർ ഹാൻസ്സ് ജയ്സെ, ലൈംഗിക വിഷയത്തിലുള്ള അജ്ഞതയിൽനിന്നുണ്ടായ അയഥാർത്ഥവിലയിരുത്തലാണു് വിശ്വലേഖനത്തിലുള്ളതെന്നു് പറഞ്ഞു. ചാക്രികലേഖനം രണ്ടാമത്തെ 'ഗലീലിയോ' സംഭവമാണെന്നു് വിശ്വപ്രസിദ്ധനായ ഫാദർ ഹാൻസ്കൂംങ്ങ് പ്രസ്താവിച്ചു. പോപ്പിൻെറ പ്രഖ്യാപനത്തിനു വന്ന കാലതാമസം ദമ്പതികളെ തങ്ങളുടെ മനസ്സാക്ഷിയനുസരിച്ച് ജനനക്രമീകരണം നടത്തുവാൻ പ്രേരിപ്പിച്ചു എന്നും അദ്ദേഹം പറഞ്ഞു.

ജർമ്മൻ മെത്രാന്മാരുടെ കോൺഫ്രൻസിനു് 1500 കത്തോലിക്കർ ഒപ്പിട്ട ഒരു മെമ്മോറാണ്ഡം നല്കപ്പെട്ടു. അതിൽ, വിശ്വലേഖനം പൊളിച്ചെഴുതാൻ മാപ്പാപ്പയെ പ്രേരിപ്പിക്കണമെന്നു അവർ ആവശ്യപ്പെട്ടിരുന്നു. ബൊക്കം യൂണിവേഴ്സിററിയിലെ ദൈവശാസ്ത്രവിദ്യാർത്ഥികളും വിശ്വലേഖനത്തെ നിരാകരിച്ചുകൊണ്ടുള്ള കത്തു് കോൺഫ്രൻസിലേക്കു് അയ

ക്കുകയുണ്ടായി. വിവാഹത്തെക്കുറിച്ചുള്ള തെററിദ്ധാരണയാണ് ലേഖനത്തിൽ നിഴലിക്കുന്നത് എന്നവർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ലിമ്പർഗ് രൂപതയിലെ വൈദികകൗൺസിലും ഏറെക്കുറെ അതേ ആശയംതന്നെ എഴുതിയറിയിച്ചു. റജൻസ്ബർഗ്ഗിലെ തത്ത്വശാസ്ത്ര ദൈവശാസ്ത്രവിഭാഗങ്ങളിലെ ഒമ്പതു പ്രൊഫസർമാർ 'മനുഷ്യജീവൻ' ആഗോളസഭയുടെ ബോധ്യങ്ങൾക്ക് വിരുദ്ധമാണെന്നു് പ്രഖ്യാപിച്ചു. നാന്നൂറ്റ് അത്മായരും ഇരുന്നൂററിയെഴുപത്തിയൊന്നു വൈദികരും ഒപ്പിട്ട വിശ്വലേഖനവിരുദ്ധ പ്രസ്താവനയുമായിട്ടാണു് പാഡർബോണിലെ കാർഡിനൽ ജേഗർ കോൺഫ്രൻസിനെത്തിയതു്.

രാജ്യത്തിലുടനീളമുണ്ടായ പ്രതികരണങ്ങളുടെ വെളിച്ചത്തിൽ തികച്ചും മാനുഷികമായ സമീപനം മെത്രാന്മാരുടെ കോൺഫ്റൻസ് സ്വീകരിച്ചു. ദമ്പതികളുടെ മനസ്സാക്ഷിക്ക് അന്ത്യതീരുമാനമെടുക്കട്ടെ എന്ന മാർഗ്ഗനിർദ്ദേശമുള്ള ഇടയലേഖനം പരസ്യമാക്കപ്പെട്ടു. മെത്രാന്മാരുടെ ഈ നിലപാടിനെ ശ്ലാഘിച്ചു് സ്വാഗതംചെയ്തുകൊണ്ടു് പതിനഞ്ചു് ധാർമ്മികശാസ്ത്രജ്ഞന്മാർ 'ബോധപൂർവ്വമായ തീരുമാനം' ഒരു പുതിയ പാത തുറക്കുകയാണു് ചെയ്തിരിക്കുന്നതെന്നു അഭിപ്രായപ്പെട്ടു. തങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചു് വ്യക്തമായ ബോധം മെത്രാന്മാർക്കുണ്ടായതിൽ ജനങ്ങൾ പൊതുവെ സംതൃപ്തരുമായി.

## ആസ്ത്രിയ

ഒററപ്പെട്ട കാര്യങ്ങളെക്കുറിച്ചല്ല, പൊതുവായ തത്ത്വങ്ങളാണു് ചാക്രികലേഖനത്തിലുള്ളതു് എന്നു് വിയന്നായിലെ കാർഡിനൽ കേണിംഗ് അഭിപ്രായപ്പെട്ടു. 'സാലിസ്ബർഗ്ഗ് യൂണിവേഴ്സിററി വീക്കിൽ' സംബന്ധിച്ചിരുന്ന നൂററിനാല്പത്തിയഞ്ചു് അംഗങ്ങൾ, വിശ്വലേഖനം ഒരു ചർച്ചാവിഷയമാണെന്നും അതിൽക്കൂടുതൽ പ്രാധാന്യമൊന്നും കല്പിക്കാനില്ലെ

ന്നും, അതിനെ നിശ്ശബ്ദമായി അംഗീകരിക്കുകയല്ല പരസ്യമായി എതിർക്കുകതന്നെയാണു് വേണ്ടതെന്നും പ്രസ്താവിച്ചു. ഇക്കാര്യം വത്തിക്കാൻ സെക്രട്ടറിയേററിനും കാർഡിനൽ കേണിംഗിനും സാലിസ്ബഗ്ഗിലെ ആച്ച്ബിഷപ്പിനും അവർ എഴുതുകയും ചെയ്തു.

1968 സെപ്തംബർ 20 – 21 തീയതികളിൽ ആസ്ത്രിയൻ മെത്രാന്മാർ ഒരുമിച്ചുകൂടി, വിശ്വലേഖനത്തെ തുടർന്നുണ്ടായ സംഭവവികാസങ്ങളെ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയുണ്ടായി. അതിലെ പ്രസക്തഭാഗം ശ്രദ്ധാർഹമാണു്. 'പോപ്പിൻെറ നിരോധനോത്തരവിനെതിരായി സാഹചര്യസമ്മർദ്ദത്തിനനുസരിച്ച് പ്രവർത്തിക്കേണ്ടിവരുന്ന കത്തോലിക്കർ, തങ്ങൾ ദൈവസ്നേഹത്തിൽനിന്നകന്നുപോയിയെന്നു് കരുതരുതു്, കുമ്പസാരം കൂടാതെ തന്നെ അവർക്കു കുർബ്ബാന സ്വീകരിക്കാവുന്നതാണു്. കൃത്രിമോപകരണങ്ങൾ മാരകപാപമാണെന്നു പോപ്പു് പറഞ്ഞിട്ടില്ല; വിശ്വലേഖനം അപ്രമാദത്തമുദ്രീതവുമല്ല. അതുകൊണ്ടു്, അതിൽനിന്നു് വിഭിന്നമായ ബോധ്യങ്ങളിലെത്തിയവർ അതനുസരിച്ച് പ്രവർത്തിക്കുന്നതു് അവരെ സംബന്ധിച്ചിടത്തോളം പാപകരമല്ല. ഉത്തരവാദിത്തപൂർണ്ണമായ പിതൃത്വവും സന്താനങ്ങൾ എത്രയായിരിക്കണമെന്ന തീരുമാനവും ദമ്പതികളാണെടുക്കേണ്ടതു്. എന്നാൽ, അവരുടെ തീരുമാനം സ്വാർത്ഥപൂരിതമായിരിക്കരുതു്.'

കാർഡിനൽ കേണിംഗ് ഒരു അഭിമുഖസംഭാഷണത്തിൽ പറഞ്ഞു: സ്നേഹത്തിനു വിരുദ്ധമല്ലാത്തതും മനുഷ്യോചിതവുമായ മാർഗ്ഗം ജനനക്രമീകരണത്തിനു സ്വീകരിക്കട്ടെ. എപ്പോഴാണെന്നോ? മനസ്സാക്ഷി അതിനായി നിർബന്ധിക്കുമ്പോൾ. കൃത്രിമമെന്നു വിശേഷിപ്പിക്കപ്പെടാറുള്ള മാർഗ്ഗങ്ങൾ ചില സാഹചര്യങ്ങളിൽ ഉപയോഗിക്കേണ്ടിവന്നേക്കാം. അക്കാരണത്താൽ അതു പൊതുവായി അംഗീകരിച്ചിരിക്കു

ന്നു എന്നു വരുന്നില്ല. മോൺസിഞ്ഞോർ ഹോർമാൻെറ പ്ര ത്യേക പഠനഫലത്തിൽ നിന്നുരുത്തിരിഞ്ഞ അഭിപ്രായമാണി തെന്നു കാർഡിനൽ കേണിംഗ്ഗ് പ്രത്യേകം പ്രസ്താവിക്കുകയു ണ്ടായി.

## ആസ്ട്രേലിയ

കുറേ പ്രശ്നങ്ങളും വാദപ്രതിവാദങ്ങളും ഉണത്തിവിട്ട വി ശ്വലേഖനം. പ്രഫസർ എച്ച്. എം. കറേ (Carey) കണ്ടു പിടിച്ച ഗുളികകൾ ഉപയോഗിച്ചാൽ സുരക്ഷിതകാലം സുര ക്ഷിതമാണെന്നും അതു, വിശ്വലേഖനത്തിൻെറ ഉള്ളിലിരു പ്പിനു് അനുഗുണമാണെന്നും ഫാ. വില്യം ഇ. മുറെ പ്രസ്താവി ച്ചു. പോപ്പു പറഞ്ഞു: അനുസരിച്ചേക്കു എന്നതാണു് മെത്രാ ന്മാരുടെ നിലപാട്. വിശ്വലേഖനത്തെ എതിക്കുക പാടി ല്ലെന്നും അവരുടെ കോൺഫറൻസു് പറഞ്ഞിട്ടുണ്ടു്. പാ ഷനിസ്റ്റ് ഹോളിക്രോസു് സെമിനാരിയിലെ ധമ്മശാസ്ത്ര പ്രഫ സറായ ഫാ. നിക്കളൊസു് ക്രോട്ടി. സി. പി. യെ കുമ്പസാ രം കേൾക്കൽ പ്രസംഗം എന്നിവയിൽനിന്നു് മുടക്കി. മെൽ ബോണിലെ ആർച്ച് ബിഷപ്പ് ജയിംസു് നോക്സു് (ഇദ്ദേഹം ഇന്ത്യയിലെ ഡെൽഷേുാ ആയിരുന്നു) ആണു് നിരോധനോ ത്തരവുനല്കിയതു്. ഫാ. ക്രോട്ടി പ്രസിദ്ധപ്പെടുത്തിയ രണ്ടു ലേഖനങ്ങളിൽ ജനനക്രമീകരണ കാര്യത്തിൽ (വിശ്വലേഖ നത്തെ അവഗണിച്ചുകൊണ്ടു തന്നെ) സ്വന്തമനസ്സാക്ഷിഅനു സരിച്ച് കത്തോലിക്കർ പ്രവത്തിക്കണം എന്നു പറഞ്ഞിരു ന്നു. ചാക്രിക ലേഖനത്തെ അനുകൂലിക്കാൻ നിർവാഹമില്ല എന്നു് ഫാ. പീററർ ഫെലാൻ ഒരു ടെലവിഷൻ സംഭാഷ ണത്തിൽ പറയുകയുണ്ടായി. ഫാ. ക്രോട്ടിക്കെതിരായുള്ള നി രോധനത്തിനെതിരായി ഒരു പ്രസ്താവന ഇരുപതു് വക്കീല ന്മാരുൾപ്പെടെ എഴുപതു പേർ ഒപ്പുവച്ച് മെത്രാന്മാക്കയക്കുക യുണ്ടായി. ജനനക്രമീകരണത്തിനു് സഹായിക്കുന്നതിനാ

യി ഡോക്ടറന്മാരുടെ സഹായം മെത്രാന്മാർ ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

## വെനിസ്വല

വിശ്വലേഖനത്തോടുള്ള സമീപനം പൊതുവെ സ്വാഗതാർഹമായിരുന്നു. വിമർശനങ്ങൾ രഹസ്യത്തിൽ നടന്നു. ഒച്ചപ്പാടുണ്ടാക്കിയതു് 'മിഡിൽ ക്ലാസ്സ്'കാരായ ദമ്പതികളിൽ നിന്നാണു്. അവരെ അനുകൂലിക്കുന്ന കുറേ വൈദികരുണ്ടു്. രോഗബാധിതനായിരുന്ന കാർഡിനൽ ജോസ് ക്വിൻതേരോ, പുത്രനിർവിശേഷമായ ആദരവും അനുസരണവും വാഗ്ദാനം ചെയ്തുകൊണ്ടു് കേബിൾ സന്ദേശം പോപ്പിനയച്ചുകൊടുത്തു. ലാററിൻ അമേരിക്കയിലെ ജനപ്പെരുപ്പപ്രശ്നത്തിനു പരിഹാരമാകയില്ലാത്തതിനാൽ, ഗവമ്മേണ്ടു് സർവ്വീസിലുള്ള ഡോക്ടർമാർ ലേഖനത്തെ എതിർത്തു. സംശയകാര്യങ്ങളിലുള്ള സ്വാതന്ത്ര്യം (Indubio libertas) അനുഭവിച്ചുപോന്നവരാണവരിൽ ഭൂരിഭാഗവും. രണ്ടു കാര്യങ്ങളിൽ ഏതാണു് ശരിയെന്നറിഞ്ഞു കൂടാത്തപ്പോൾ ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടു്. ഈ സ്വാതന്ത്ര്യമനുസരിച്ചു ജനനക്രമീകരണമാർഗ്ഗം അവർ സ്വീകരിച്ചിരുന്നു. ഗുളികകൾ കഴിച്ചിരുന്നു. നാട്ടിൽ നിലവിലിരിക്കുന്ന ദാരിദ്ര്യം രോഗം എന്നിവയുടെ ഞെരുക്കത്തിൽപ്പെട്ടു കഴിയുന്നവർ ജനനനിയന്ത്രണം ഒരു ആവശ്യം എന്ന നിലയിലാണു് അവർ വീക്ഷിക്കുന്നതു്. ജീവിതത്തോതു് ഉയർത്താൻ ഒരു താൽക്കാലിക പദ്ധതിയായി അവർ കാണുന്നതും വേറൊന്നല്ല. അതുകൊണ്ടു് പുറത്തു് എതിർപ്പുകാണിച്ചു കൊണ്ടു് ജീവിക്കുക എന്ന മാർഗ്ഗമാണല്ലോ എളുപ്പം.

## സ്വീഡൻ

വൈദികരുൾപ്പെടെ ജീവിതത്തിൻെറ വിവിധതുറകളിലെ പ്രശസ്തരായ നാല്പത്തിയാറു പേർ ബിഷപ്പ് ജോൺ ഇ.

ടെയിലറിന് എഴുതി: മനുഷ്യോചിതമായ ജീവിതത്തിനു ആവശ്യമായ ജനനക്രമീകരണം നടത്തുവാനുള്ള മാർഗ്ഗമേതെന്ന് നിശ്ചയിക്കുവാൻ മനസ്സാക്ഷിയുടെ സ്വരമാണ് കത്തോലിക്കർ ശ്രവിക്കേണ്ടതു". അതിനാൽ, വിശ്വലേഖനത്തിലെ ആശയങ്ങളോട് ഞങ്ങൾ വിയോജിക്കുന്നു.

1968 ആഗസ്റ്റ് 26–ന് ബിഷപ്പ് ടെയ്ലർ ഒ. എം. ഐ. പ്രസിദ്ധപ്പെടുത്തിയ ഇടയലേഖനത്തിൽ നല്കിയ മാർഗ്ഗനിർദ്ദേശം പ്രാധാന്യമർഹിക്കുന്നു: 'ഈ വിശ്വലേഖനം അപ്രമാദത്തവരമുള്ളതല്ല. അതിനാൽ, ഇതിന് മനസ്സാക്ഷിയെ സ്പർശിക്കുന്നതിനുവേണ്ട (Binding in Conscience) കെട്ടുറപ്പില്ല. ആരും സ്വമനസ്സാക്ഷിയെ അമർത്തിക്കൊണ്ട് പ്രവർത്തിക്കരുതു്. ദൈവതിരുമുമ്പിൽ ന്യായീകൃതമാകുന്ന ഉത്തമമനസ്സാക്ഷിയനുസരിക്കുകയാണ് കരണീയം.' വളച്ചൊടിക്കൽകൂടാതെ പറയാനുള്ള കാര്യം ബിഷപ്പ് ടെയ്ലർ തെളിവായി പറഞ്ഞിരിക്കുന്നു. ആത്യന്തികമായി, ദമ്പതികളുടെ മനസ്സാക്ഷിതന്നെ വിധികർത്താവ്!

## യു. എസ്. എ.

വളരെയധികം ഒച്ചപ്പാടുകൾക്ക് സാക്ഷ്യംവഹിക്കേണ്ടിവന്ന രാജ്യമാണ് അമേരിക്ക. ജീവിതകടമകളെ പിന്തുടരുന്നതിനും മനസ്സാക്ഷി രൂപവൽക്കരിക്കുന്നതിനും ആവശ്യമായ തത്വങ്ങൾ പോപ്പു നല്കിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള ഒരു ഇടയലേഖനം മെത്രാന്മാർ പ്രസിദ്ധപ്പെടുത്തി. വാഷിംഗ്ടണിലുള്ള 'നൂററിമൂന്നു വൈദികർ' തങ്ങളുടെ എതിർപ്പ് പരസ്യമായി പ്രഖ്യാപിച്ചു. മാത്രമല്ല, തങ്ങൾ ഈ വിശ്വലേഖനത്തെ അംഗീകരിക്കുന്നില്ല എന്നും വിശദമാക്കി. സർവ്വകലാശാലാധ്യാപകരുൾപ്പെടെ 'എഴുപതോളം പേർ' ആ വൈദികരെ പിന്താങ്ങി. കാർഡിനൽ ഒബോൽ (O'boyle) വിശ്വലേഖനത്തെ വിമർശിക്കാൻ പാടില്ല എന്നു പറഞ്ഞുനോ

ക്കി. ഫലം നാസ്തി! സെറേറാൺ ഹാൾ (Seton Hall) സർവ്വ
കലാശാലയിലെ ദൈവശാസ്ത്രവകുപ്പിൻെറ ചെയർമാനും കോ
ളേജുകളിലും സെമിനാരികളിലുമുള്ള 'ഇരുപത്തിയേഴു വൈദി
കരുമുൾപ്പെടെ 'എൺപത്തിയേഴ്' ദൈവശാസ്ത്രജ്ഞന്മാർ, കൃ
ത്രിമജനനനിയന്ത്രണോപാധികൾ ശരിയെന്നു തോന്നുന്ന
പക്ഷം സ്വീകരിക്കാൻ കത്തോലിക്കർക്കു് മനസ്സാക്ഷിസ്വാ
തന്ത്ര്യമുണ്ടെന്നു് ന്യൂജർസിൽവച്ചു് പ്രസ്താവിക്കയുണ്ടായി.
ഉത്തരവാദിത്തപൂർണ്ണമായ തീരുമാനങ്ങളെടുക്കാനുള്ള സ്വാത
ന്ത്ര്യം കത്തോലിക്കാ ദമ്പതികൾക്കുണ്ടെന്നു് ഒക്കലാമോ
(Oklahoma) പട്ടണത്തിലെ തുൾസാ (Tulsa) രൂപതയിൽ
പ്പെട്ട 'അറുപത്തിനാലു' വൈദികർ പ്രസ്താവനയിറക്കി.
സെൻറപോളിലേയും മിനിയാപോലീസിലേയും 'എഴുപത്തി
യാറു' വൈദികർ വിശ്വലേഖനം ദാമ്പത്യാവിശ്വസ്തതക്കും
വൈയക്തികസ്നേഹത്തിനും വിഘാതമായിരിക്കുന്നു എന്നു് പ
രസ്യമായി കുററപ്പെടുത്തി. എല്ലാ സാഹചര്യങ്ങളിലും എല്ലാ
കത്തോലിക്കരെയും ഒന്നുപോലെ ധാർമ്മികമായി ബാധിക്കുന്ന
(Morally binding) ഒന്നല്ല വിശ്വലേഖനം എന്നു് മർക്കററു്
യൂണിവേഴ്സിററിയിലെ ദൈവശാസ്ത്രവിഭാഗത്തിൻെറ തല
വനായ 'ഫാ. ബർനാർഡു്കുക്കു'' ഉൾപ്പെടെ അവിടെയുള്ള
'പതിമ്മൂന്നു ദൈവശാസ്ത്രജ്ഞ'ന്മാർ അഭിപ്രായപ്പെട്ടു. ബോ
സ്റ്റൻ കോളേജിലെ ദൈവശാസ്ത്രജ്ഞരായ മൂന്നു വൈദികരും
മൂന്നു അത്മായരും മേല്പറഞ്ഞ അഭിപ്രായക്കാരാണു്. ചാക്രിക
ലേഖനത്തോടുള്ള വിയോജിപ്പു് ന്യൂവാക്കു് രൂപതയിലെ
'ഇരുപത്തിയാറു'' വൈദികർ പ്രകടിപ്പിച്ചു. സെൻറു് പീ
റേറഴ്സ് കോളേജിലെ (New Jersy) ദൈവശാസ്ത്രവിഭാ
ഗത്തിൽപ്പെട്ട ഏഴംഗങ്ങൾ വിമർശനപ്രസ്താവന പുറപ്പെടു
വിച്ചു. എതിർപ്പു പ്രകടിപ്പിക്കുന്നതിൽ ന്യൂയോർക്കിലെ അത്മാ-
യർ പിന്നോക്കം നിന്നില്ല. ഏററവും നിർഭാഗ്യകരം എന്നാ
ണവർ ചാക്രികലേഖനത്തെ വിശേഷിപ്പിച്ചിരിക്കുന്നതു്. പ്ര

ശസ്തനായ മോൺസിഞ്ഞോർ ഗാലഗർ (Gallagher) വിയോജിപ്പു പ്രകടിപ്പിക്കാൻ സ്വന്തം മോൺസിഞ്ഞോർ സ്ഥാനം ഉപേക്ഷിച്ചു. ലോസ് ആഞ്ചൽസ്, ബാൾട്ടിമോർ, ഫിലാഡൽഫിയാ എന്നിവിടങ്ങളിലെ കർദ്ദിനാളന്മാർ വിശ്വലേഖനത്തെ സ്വാഗതംചെയ്തു.

വിശ്വലേഖനത്തെ എതിർത്തുകൊണ്ടുള്ള പരസ്യപ്രസ്താവനയിൽ ഒപ്പുവച്ച അമ്പത്തിയൊന്നു വൈദികരുമായി കൂടിക്കാഴ്ച നടത്തി, കാർഡിനൽ ഒബോൽ, ചാക്രികലേഖനത്തെ എതിർത്തുകൊണ്ടു "അറുന്നൂററിയമ്പതു" ദൈവശാസ്ത്രജ്ഞന്മാർ പുറപ്പെടുവിച്ച പ്രസ്താവനയിൽ, ഈ പ്രശ്നം മനസ്സാക്ഷിക്കു വിട്ടുകൊടുക്കുകയാണു വേണ്ടതെന്നു വ്യക്തമാക്കിയിട്ടുണ്ടു. ഫാ. ജോൺ. ഇ. കോറിഗൽ, ജോൺ എൽ. ഫെൻലോൺ എന്നിവരുൾപ്പെടെ പന്ത്രണ്ടുപേരെ കുമ്പസാരം കേൾക്കുന്നതിൽനിന്നു നിരോധിച്ചിട്ടുണ്ടു. എതിർപ്പുകൾ പൊതുവെയുണ്ടെങ്കിലും, പൊതുവായി നിഷേധാത്മകമെന്നു തോന്നാവുന്ന ഒരു ഇടയലേഖനമാണു മെത്രാന്മാർ പുറപ്പെടുവിച്ചതു്. മററു ചില രാജ്യങ്ങളിലെ മെത്രാന്മാരുടെ ഇടയലേഖനങ്ങൾ അപ്പപ്പോൾ ജനതാമദ്ധ്യത്തിൽ പ്രചരിക്കുന്നതുകൊണ്ടു മനസ്സാക്ഷിയനുസരിച്ചു് ദമ്പതികൾക്കു വർത്തിക്കാൻ പ്രചോദനം ലഭിച്ചിട്ടുണ്ടു്.

## ഹോളണ്ടു്

കത്തോലിക്കാ സഭയിലെ ഏററവും പുരോഗമനവിഭാഗമാണു ഹോളണ്ടിലുള്ളതു്. തികഞ്ഞ യാഥാസ്ഥിതികത്വത്തിൽനിന്നു സടകുടഞ്ഞെണീററു് അങ്ങേയററത്തേക്കു കുതിച്ചെത്തിനില്ക്കുകയാണവർ. എന്തിനേയും സ്വകീയമായ വിധത്തിൽ വിലയിരുത്തുക അവരുടെ സ്വഭാവമായി മാറിയിരിക്കുകയാണു്. ആഴത്തിൽ ചിന്തിക്കുന്നവരും അവരുടെ അഭിപ്രായങ്ങളെ ജനതാമദ്ധ്യത്തിൽ എത്തിക്കുന്നതിനുള്ള വിനി

മയോപാധികളുമുണ്ട്. സിംഹമാളത്തിലേക്കാണ് 'മനുഷ്യജീവൻ' ചെന്നുവീണത് എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. പ്രതികരണങ്ങൾ അതു് സ്ഥിരീകരിച്ചു.

അത്മായരോടുംകൂടി ആലോചിച്ചിട്ടേ അവിടത്തെ മെത്രാന്മാർ എന്തെങ്കിലും പ്രസ്താവനചെയ്യാൻ മുതിന്നുള്ളു. അന്തിമമായി, ഓരോ വ്യക്തിയും തന്റെ മനസ്സാക്ഷിയനുസരിച്ചാണ് പ്രവർത്തിക്കേണ്ടതെന്നു് വ്യക്തമാക്കുകയുണ്ടായി. ബിഷപ്പ് ഹുബർട്ട്സ് സി. എർനസ്റ്റ് ബിഷപ്പ് കോൺഫ്രൻസിന്റെ നിർദ്ദേശങ്ങളെ പിന്താങ്ങിക്കൊണ്ടു സംസാരിച്ചു. തങ്ങളുടെ ബോധ്യങ്ങളനുസരിച്ച്, കൃത്രിമമാർഗ്ഗങ്ങൾ ജനനക്രമീകരണത്തിനായി സ്വീകരിക്കുന്ന കത്തോലിക്കർ വിശ്വലേഖനത്തിന്റെ പേരിൽ വിഷമിക്കേണ്ട യാതൊരു കാരണവും താൻ കാണുന്നില്ലെന്നു അദ്ദേഹം പറഞ്ഞു. അവർ തങ്ങളുടെ ബോധ്യങ്ങളനുസരിച്ച് നീങ്ങട്ടെ. മനുഷ്യജീവന്റെ പേരിൽ ഹോളണ്ടിലൊരു ശീശ്മ ഉണ്ടാകയില്ലെന്നു കാർഡിനൽ ആൽഫ്രങ്ക് മിലാനിൽവച്ച് ഒരു അഭിമുഖസംഭാഷണവേളയിൽ പ്രസ്താവിച്ചു. ജനനക്രമീകരണകാര്യത്തിൽപോലും സ്വമനസ്സാക്ഷിയിൽനിന്നാണ് അന്തിമതീരുമാനം വരേണ്ടതെന്നു് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. മാർപ്പാപ്പ വിമർശനവിധേയനാകുന്നതിൽ യാതൊരു അപാകതയും താൻ കാണുന്നില്ലെന്നു് അദ്ദേഹം തദവസരത്തിൽ വ്യക്തമാക്കി.

വിശ്വപ്രസിദ്ധദൈവശാസ്ത്രജ്ഞനായ ഫാ. ഷില്ലബക്ക് ഉഗ്രമായ വിധത്തിലാണ് എഴുതിയിരിക്കുന്നതു്. 'ജനനനിയന്ത്രണവും പാപ്പാധിപത്യവും' എന്ന പേരിൽ ഹെർഡർ കറസ്പോൻഡൻസിൽ അദ്ദേഹം എഴുതി: 'If Pope had wished seriously to undermine the anthority of his office, he could have chosen no more suitable means than the encyclical' (Sept. 1968) എന്നാണ് ആരംഭവാചകം തന്നെ! വികർ ജനറൽ മോൺസിഞ്ഞോർ ജെ. എ. വാൻല

റോവൻ, ബ്രസാത്രുപതയുടെ വികർ ജനറൽ മോൺസി ഞ്ഞോർ എച്ച്. ജെ. റൂജർസ് (Ruygers) ഫാ. ഡബ്ലിയു. ഗോഡിൽ (W. Goddijn O. F. M.) ഡച്ച് സഭാ പ്രോവിൻസിലെ പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിൻെറ ഡയറക്ടർ, പ്രഫ. സി. പി. സ്റ്റോർക്കൻ (Chairman of the Committee on Marriage and family of the Dutch National Pastoral Council) എന്നിവർ പ്രസ്താവിച്ചു: വിശ്വലേഖനം പേപ്പൽ ഉപദേശസമിതിയുടേയും ധർമ്മശാസ്ത്രജ്ഞന്മാരുടേയും ഹൈരാർക്കിയുടേയും ഭൂരിപക്ഷാഭിപ്രായത്തിനു വിരുദ്ധമാണ്; തദ്വാരാ, ഈ വിഷയം കൂടുതൽ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമാകേണ്ടിയിരിക്കുന്നു. അക്കാരണത്താൽ, മനുഷ്യോചിതമായ ജനനക്രമീകരണമാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ദമ്പതികൾക്കായിരിക്കട്ടെ. ഹോളണ്ടിലെ ഒരു ദിനപ്പത്രം (De Volkskrant) മനസ്സാക്ഷി സ്വാതന്ത്ര്യത്തിൻെറ വില റോമൻ കത്തോലിക്കർ മനസ്സിലാക്കണമെന്നാവശ്യപ്പെട്ടു. ഗർഭധാരണ പ്രായത്തിലുള്ള സ്ത്രീകളിൽ എൺപതു് ശതമാനത്തോളം അണ്ഡപരിപുഷ്ടിനിരോധക ഗുളികകൾ ഉപയോഗിക്കുന്നവരാണ്. അതുകൊണ്ടായിരിക്കണം, വിശ്വലേഖനത്തെ അവിടെയുള്ള എഴുപത്തിയൊന്നു ശതമാനം ആളുകൾ പ്രതികൂലിച്ചതു്. അനുകൂലിച്ചവർ വെറും പന്ത്രണ്ടു ശതമാനം മാത്രമാണ്! 'ഏതാണ് സ്വീകാര്യമെന്നു ഞങ്ങൾ തീരുമാനിച്ചോളാം' എന്നാണ് അറുപതുശതമാനം ആളുകളുടെയും നിലപാട്. ഫാദർ ഷില്ലബക്സ് ഉൾപ്പെടെയുള്ള "നൂററിപതിനേഴ്" പണ്ഡിതന്മാർ ചാക്രികലേഖനത്തെ വിമർശിച്ചുതള്ളിക്കളഞ്ഞു.

എട്ടു രാജ്യങ്ങളിൽനിന്നുള്ള ഇരുപതു് പ്രമുഖ ദൈവശാസ്ത്രജ്ഞന്മാർ ആംസ്റ്റർഡാമിൽ സമ്മേളിച്ച് ഒരു പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. റിഥം രീതിയും കൃത്രിമമെന്നു വിശേഷിപ്പിക്കപ്പെടുന്ന മാർഗ്ഗങ്ങളും തമ്മിൽ അടിസ്ഥാനപരമാ

യി വ്യത്യാസമൊന്നും കാണാനാവില്ലെന്നാണു് അവരുടെ അഭിപ്രായം. 'സഭ ആധുനിക യുഗത്തിൽ' ഉണൎത്തിയ ആനന്ദത്തിനും പ്രതീക്ഷക്കും വിരുദ്ധമായിട്ടാണു് വിശ്വലേഖനം പുറത്തുവന്നതെന്നു് അവർ കുററപ്പെടുത്തിയിട്ടുണ്ടു്. പ്രശസ്തരായ ഫാ. ഷില്ലബക്ക്, ഷൂനൽബൎഗ്ഗ്, ഫെഡിനാണ്ടു് ക്ലോസ്‌ററർമാൻ, ഫിലിപ്പ് ദെലേ അൽഫോൻസ് അവ്വുവേർ, ഴാൻ എംഗ്രാട്ടു്, പീററർ ഹ്യൂയീസിംഗ് തുടങ്ങിയവരാണു് ആ പ്രസ്താവനക്കു് രൂപം കൊടുത്തതു്.

## ഐർലണ്ടു്

കാർഡിനൽ കോൺവേ വിശ്വലേഖനത്തെ സ്വാഗതം ചെയ്തു. വിവാഹത്തിൻെറ ലക്ഷ്യം പ്രകൃതിയിലും ബൈബിളിലും വെളിവാക്കിയിരിക്കുന്നപോലെ ഒരിക്കൽകൂടി വ്യക്തമാക്കിയിരിക്കുന്നു എന്നാണു് ഡബ്ലിനിലെ ആർച്ച് ബിഷപ്പ് മകായ്ഡ് (Maquaid) പ്രസ്താവിച്ചതു്. അതു് ബിഷപ്പ് ഫിൽബിൻ പിന്താങ്ങി. എന്നാൽ, കോർക്ക് യൂണിവേഴ്സിററിയിലെ ദൈവശാസ്ത്ര പ്രഫസർ ഫാദർ ജയിംസ് ഗുഡ് വിശ്വലേഖനം സഭയിലെ ഒരു ദുരന്തവും ഭൂരിപക്ഷം ദൈവശാസ്ത്രജ്ഞന്മാരും അത്മായരും അവഗണിച്ചു തള്ളുന്നതുമായ ഒന്നാണെന്നു പരസ്യമായി പറഞ്ഞു. പോപ്പു വിശദമാക്കിയിരിക്കുന്ന വിധത്തിലുള്ള വിവാഹത്തെ സംബന്ധിച്ച ധാരണ കാലഹരണപ്പെട്ടതും അനുചിതവും അയഥാൎത്ഥവും അസത്യവു (Inaccurate) മാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രസംഗം കുമ്പസാരം എന്നിവ നിരോധിച്ചുകൊണ്ടുള്ള ഉത്തരവു് അദ്ദേഹത്തിനു ലഭിച്ചു. അതേ യൂണിവേഴ്സിററിയിലെ സൂവോളജി പ്രഫസറായ ഡോക്ടർ ഫെർഗസ് (Fergus J. O, Rourke) പറയുന്നു: ഈ വിശ്വലേഖനം സഭാതലത്തിൽ സംഭവിച്ചിരിക്കുന്ന ഒരു അത്യാഹിതമാണു്. പ്രകൃതിനിയമത്തിലും ബൈബിളിലും അടിസ്ഥാനമാക്കി പറഞ്ഞാൽ തന്നെയും

ബൈബിളിൽ പ്രകൃതിനിയമത്തെക്കുറിച്ചോ ജനനനിയന്ത്രണത്തെക്കുറിച്ചോ ഒന്നും പറയുന്നില്ല എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

## സ്വിററ്സർലണ്ടു്

'പോപ്പിൻെറ തീരുമാനത്തോടു യോജിക്കാനാവാത്തവർ സഭയിൽനിന്നു പോകട്ടെ' എന്നാണു് ബിഷപ്പു് ഫ്രാൻസ്വാ (Francois - Nester Adam of Sion) യുടെ നിലപാടു്. ആളുകൾ തന്നെ തെററിദ്ധരിച്ചുവെന്നും, ആരെയും മഹാറോൻ ശിക്ഷയിൽപെടുത്താൻ താൻ ഉദ്ദേശിച്ചില്ലെന്നും അദ്ദേഹം പിന്നീടു പറയുകയുണ്ടായി. 'ദാമ്പത്യദൃഢതക്കും സൗഭാഗ്യത്തിനും വിശ്വലേഖനം തടസ്സമാണെന്നു് ദമ്പതികൾ കരുതുന്നുവെങ്കിൽ, അവർ മനസ്സാക്ഷിയനുസരിച്ചു് പ്രവത്തിക്കട്ടെ.' ഫാ. ഹാൻസു് കൂങ്ങ് അഭിപ്രായപ്പെട്ടു. ഈ വിശ്വലേഖനം ആധികാരിക (Official) മാണു്. എന്നാൽ, അതിനു് അപ്രമാദത്തമില്ല. ഇക്കാര്യം റോം തന്നെ അംഗീകരിച്ചിട്ടുണ്ടു്. ഇക്കാര്യത്തിൽ, കാര്യമായി ചിന്തിക്കുക, പഠിക്കുക; ദൈവതിരുമുമ്പിൽവച്ചു തീരുമാനമെടുക്കുക. ദാമ്പത്യപ്രേമത്തിൻെറ വളച്ചക്കും കുടുംബസൗഭാഗ്യത്തിനും, വിശ്വലേഖനത്തിനെതിരായി പ്രവത്തിക്കേണ്ടി വന്നാലും മനസ്സാക്ഷിക്കനുകൂലമായി നില്ക്കുക. അങ്ങനെ ജീവിക്കുന്നവർ, തങ്ങൾ പാപികളാണെന്നു സ്വയം കുററപ്പെടുത്തേണ്ടതില്ല. മനഃസാക്ഷിസ്വാതന്ത്ര്യം സഭ അംഗീകരിച്ചിട്ടുള്ളതാണു്... ഇങ്ങനെ പോകുന്നു അദ്ദേഹത്തിൻെറ പ്രസ്താവനയുടെ ഉള്ളടക്കം.

സോൾത്തിൻ സെമിനാരിയിലെ ധാമ്മികശാസ്ത്ര പ്രഫസറായ ഫാദർ ആൻറൺ മെയ്ൻറാഡ്മീർ വിശ്വലേഖനത്തെ പ്രതിഷേധിച്ചു് സ്വസ്ഥാനം രാജിവച്ചു. മെത്രാന്മാർ നല്കിയ മാർഗ്ഗനിർദ്ദേശനം പ്രസ്താവയോഗ്യമാണു്. „ദൈവതിരുമനസ്സു് നിർവ്വഹിക്കാൻ ശ്രമിക്കുന്നവരും സ്വാത്ഥപൂരിതരാ

യിവത്തിക്കാത്തവരുമായ ദമ്പതികൾ ചാക്രികലേഖനത്തി നെതിരായി പ്രവത്തിച്ചാൽത്തന്നെയും അവർ ദൈവമുമ്പിൽ തെററുകാരല്ല.''

## തെക്കെ ആഫ്റിക്ക

ആച്ച് ബിഷപ്പ് ഹർലി (Hurley) വിശ്വലേഖനത്തെ പരാമർശിച്ചുകൊണ്ടു 'സതേൻ ക്രോസ്സ്'' എന്ന മാസിക യിൽ എഴുതി: 'എൻെറ ജീവിതത്തിലെ ഏററവും വേദനന ല്കിയ അനുഭവമാണിതു്. എന്നെ കീറിമുറിക്കുന്ന പ്രതീതി എനിക്കുണ്ടായി. ഒരു മെത്രാനെന്ന നിലയും പോപ്പിൻെറ ദയാ വായ്പും ലേഖനത്തെ സ്വീകരിക്കാൻ എന്നെ നിർബന്ധി ക്കുന്നു. എന്നാലും, വ്യക്തിപരമായി, അസ്വീകാര്യമായ പ്ര ശ്നം വിശ്വലേഖനത്തിൽ അന്തർഭവിച്ചിരിക്കുന്നു. മെത്രാന്മാ രും ദൈവശാസ്ത്രജ്ഞന്മാരും അത്മായരുമായി നടത്തിയ വാദ പ്രതിവാദങ്ങൾ, 1962 മുതൽ 1965 വരെ നടത്തിയ സംഭാ ഷണങ്ങളും പഠനങ്ങളും 1966-ൽ സഭയുടെ നിലപാടിൽ മാററം വരുത്തുമെന്ന നിഗമനത്തിലാണു് എന്നെ എത്തിച്ചി രുന്നതു്. ആ ബോധ്യത്തിനു ഇന്നും ഇളക്കം തട്ടിയിട്ടില്ല.'

നാഷനൽ ഫെഡറേഷൻ ഓഫ് കാത്തലിക് സ്ററുഡ ൻറസ് ഓഫ് സൗത്ത് ആഫ്രിക്കയുടെ പ്രസിഡണ്ടു് പ്രസ്താ വിച്ചു: ഇക്കാര്യത്തിൽ വിദ്യാത്ഥികളുടെ അഭിപ്രായം, 'വ്യ ക്തികൾ തീരുമാനിക്കട്ടെ' എന്നാണു്. ഡർബനിലെ ആച്ച് ബിഷപ്പ് (Hurley) ലോകത്തിലുള്ള മെത്രാന്മാരെല്ലാവരും ഒരുമിച്ചുകൂടി എന്തു നിലപാടു സ്വീകരിക്കണമെന്ന കാര്യം തീരുമാനിക്കണമെന്നു് അഭിപ്രായപ്പെട്ടു. വിശ്വലേഖന ത്തിൽ മുന്നോട്ടു വച്ചിരിക്കുന്ന വാദമുഖങ്ങൾ നിരവധി മെത്രാ ന്മാർക്കു ബോധ്യം നല്കുന്നവയല്ല എന്നും അദ്ദേഹം പറ യുകയുണ്ടായി. പതിനൊന്നു ഡൊമനിക്കൻ വൈദികർ (In Stellenbosch) തങ്ങളുടെ അസന്തുഷ്ടി പ്രകടിപ്പിക്കുകയു

ണ്ടായി. 'തങ്ങൾക്കു ഉണ്ടെന്നു കരുതിയിരുന്നതിനെക്കാൾ കൂടു തൽ സ്വാതന്ത്ര്യം ജനങ്ങൾക്കു് വിശ്വലേഖനത്തെ പുരസ്ക രിച്ചു് 'ടാബലററ്' ആഴ്ചപ്പതിപ്പിനുവേണ്ടി നടത്തിയ ഒരു അഭിമുഖഭാഷണത്തിൽ ഡർബനിലെ ആർച്ച് ബിഷപ്പ് ഡെ നിസ്ഹർലി ഒ. എം. ഐ. പ്രസ്താവിച്ചു. ജർമ്മൻ, ആസ്ത്രിയ, ബൽജിയം കാനഡാ തുടങ്ങിയ രാജ്യങ്ങളിലെ മെത്രാന്മാരു ടെ കോൺഫ്രൻസുകളുടെ പ്രഖ്യാപനങ്ങളും താൻ പറഞ്ഞതി നു് വെളിവായി അദ്ദേഹം എടുത്തു കാട്ടി.

## സ്പെയിൻ

മാഡ്രിഡ് മെത്രാപ്പോലീത്ത കസിമീറോ മൊർസില്ലോ കോൺഫ്രൻസിൽവച്ചു് അഭിപ്രായപ്പെട്ടു: വിശ്വലേഖനം സ്ത്രീകളുടെ മഹത്വം ഉയർത്തിപ്പിടിച്ചിരിക്കുന്നു; റിഥം രീതി പൂർണ്ണമാക്കാൻ ശാസ്ത്രജ്ഞന്മാർക്കു പ്രചോദനം നല്കിയിരിക്കു ന്നു. കുട്ടികളുടെ നല്ല വളർത്തലിനു് അനുഗുണമായ വീടും ജോലിയും കൂലിയും നല്കുന്നതിനാവശ്യമായ പരിതസ്ഥിതിയു ണ്ടാക്കുകയാണു് വേണ്ടതു് എന്നു് ആർച്ച് ബിഷപ്പ് എമിലി യോ ബനവൻറ് (of Malaga) പറഞ്ഞു. എല്ലാവരുടെയും സമ്മതം നേടാൻ വിശ്വലേഖനത്തിനു കഴിയുകയില്ലെന്നു് പ്രഫസർ എറിക്മീരെ മഗ്ദലന പ്രസ്താവിക്കുകയുണ്ടായി. പ ലകാര്യങ്ങളും അപൂർണ്ണവും തച്ചോരാസംശയാസ്പദവുമാണു് എ ന്നു് ബാർസലോണയിലെ 'ദ്രസ്തിനേ' വാരിക എഴുതി. ചാ ക്രികലേഖനം പാവപ്പെട്ടവരുടെ അടുക്കലെത്തിയില്ല; ഇടത്താ രക്കാർ (Middle Class) നിഷ്പക്ഷത പാലിച്ചു; പാവപ്പെട്ട വർ 'റാൻ'മൂളി എന്നാണു് ഫലാങ്കയിലെ പൂബ്ലോ (Pueblo) ദിനപത്രം പറഞ്ഞതു്. മെത്രാന്മാർ ഈ വസ്തുത ദുഃഖത്തോ ടെ മനസ്സിലാക്കുകയും ചെയ്തു!

## ബൽജിയം

വിശ്വലേഖനത്തിനുശേഷമുണ്ടായ അവസ്ഥാവിശേഷ ത്തെക്കുറിച്ചു് ചർച്ച ചെയ്യുന്നതിനും വൈദികർക്കും ജനങ്ങൾ

ക്കും മാർഗ്ഗനിർദ്ദേശമേകുന്നതിനുമായിട്ടാണ് മെത്രാന്മാർ ഒരുമിച്ചുകൂടിയതു്. കാർഡിനൽ സൂവ്നൻസായിരുന്നു സമ്മേളനാദ്ധ്യക്ഷൻ. ദീർഘമായ ചർച്ചകൾ നടന്നു; ഇടയലേഖനത്തിനുരൂപം കൊടുത്തു: 'വിശ്വലേഖനത്തിൻെറ സ്വഭാവത്തെ ചോദ്യം ചെയ്യുന്നതിനു ആർക്കും അവകാശമില്ല; അധികാരമില്ല. എന്നാൽ, ആരെങ്കിലും, സത്യസന്ധമായ വിലയിരുത്തലിനുശേഷം വിശ്വലേഖനത്തിൽ വ്യക്തമാക്കിയിട്ടുള്ള വീക്ഷണത്തിൽനിന്നു വിഭിന്നമായ ഒരു നിഗമനത്തിലെത്തിയാൽ, തൻെറ ബോധ്യമനുസരിച്ച് പ്രവർത്തിക്കാൻ അയാൾ സ്വതന്ത്രനാണു്. പക്ഷെ, തൻെറ സത്യാന്വേഷണം തുടരാനുള്ള സന്മനസ്സു കളഞ്ഞുകുളിക്കരുതു്'. കൃത്രിമജനനനിയന്ത്രണോപാധികൾക്കെതിരായ സഭാധികാരിയുടെ നിലപാട് ഒരു സ്റ്റാൻേറർഡാണു്. ഓരോരുത്തൻെറയും പ്രത്യേക പരിതോവസ്ഥയിൽ വിശ്വലേഖനത്തിനു അനുഗുണമായ വിധം ജീവിക്കാൻ സാധിക്കുന്നില്ലെങ്കിൽ, മനസ്സുകലങ്ങരുതു്. മനഃസാക്ഷിയുടെ സ്വരം ശ്രവിക്കുക. അനുസരിക്കുക. അതാണു് കരണീയം. ഒരു പുതിയ ജീവനു അസ്തിത്വം നല്കണമോ എന്ന ആത്യന്തികതീരുമാനം ദമ്പതികളാണു് എടുക്കേണ്ടതു്. അതു ദൈവത്തിൻെറ മുമ്പിൽവച്ചെന്നോണമായിരിക്കണം. ദാമ്പത്യപ്രേമത്തിൻെറയും ഉത്തരവാദിത്തപൂർണ്ണമായ പിതൃത്വത്തിൻെറയും പ്രാധാന്യം വിശ്വലേഖനം ഊന്നിപ്പറയുന്നതു് ആരും വിസ്മരിക്കരുതു്' എന്നും ഇടയലേഖനത്തിൽ പ്രത്യേകം അനുസ്മരിപ്പിച്ചിട്ടുണ്ടു്.

## ഡന്മാർക്കു്

ജനനക്രമീകരണം നടത്താൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ ഏവയെന്നു് നിശ്ചയിക്കുക മനഃസാക്ഷിയുടെ പ്രചോദനമനുസരിച്ചായിരിക്കണമെന്നു് കോപ്പൻഹേഗിലെ മെത്രാനായ ഹാൻസു് മാർട്ടൻസൻ എസ്. ജെ. ഒരു റേഡിയോ പ്രഭാഷ

ണത്തിൽ വ്യക്തമാക്കി. കൃത്രിമജനനനിയന്ത്രണത്തെക്കുറിച്ചുള്ള അവസാനവാക്കാണു് വിശ്വലേഖനമെന്നോ ഇക്കാര്യത്തെ ചൊല്ലിയുള്ള ചർച്ചക്കു് അന്ത്യം വന്നുവെന്നോ താൻ കരുതുന്നില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദമ്പതികൾക്കു് മാനസികസംഘട്ടനത്തിനിട നല്കുന്ന അന്തരീക്ഷം ശാന്തമാക്കാൻ ഈ പ്രസ്താവന ഉപകരിച്ചു.

## നോർവെ

മാനുഷികവും അജപാലനത്തിനടുത്തതുമായ ഉഗ്രൻ പ്രശ്നങ്ങൾ വിശ്വലേഖനം സൃഷ്ടിച്ചിരിക്കുന്നു. ബിഷപ്പ് ജോൺ (John W. Gran. O. C. R. of Oslo) 1968 സെപ്റ്റമ്പർ മൂന്നാം തീയതി നല്കിയ അജപാലന നിർദ്ദേശങ്ങളിലാണിങ്ങനെ പറഞ്ഞിരിക്കുന്നതു്. 'അധികാരത്തിൻെറയും വിശ്വാസത്തിൻെറയും സങ്കീർണ്ണപ്രശ്നങ്ങളെ ഇത്രരൂക്ഷമായ വിധത്തിൽ പരസ്യമായി നാളിതുവരെ ചർച്ച ചെയ്തിട്ടില്ല. അത്മായരും അനുസരണം വാഗ്ദാനം ചെയ്തിരിക്കുന്ന വൈദികരും പരസ്യമായി എതിർപ്പു പ്രകടിപ്പിക്കുന്നതിൽനിന്നു് അതു വ്യക്തമാണു്. അത്മായർക്കും വൈദികർക്കും മാർഗ്ഗനിർദ്ദേശം നല്കേണ്ടിയിരിക്കുന്നു. വിശ്വലേഖനമാകട്ടെ, കൂടുതൽ സന്ദിഗ്ദ്ധാവസ്ഥ അഴിച്ചുവിട്ടിരിക്കുകയാണു്. തങ്ങളുടെ ക്രൈസ്തവാസ്തിത്വം തന്നെ ഗുരുതരമായ പ്രതിസന്ധിഘട്ടത്തിനു് അഭിമുഖീഭവിച്ചിരിക്കുകയാണെന്നു് അവർ പറയുന്നു. അതിനു അവരെ കുററപ്പെടുത്താനില്ല.

കൃത്രിമ നിയന്ത്രണോപാധികൾ പ്രകൃതിനിയമത്തിനു എതിരാണെന്നും അക്കാരണത്താൽ അനനുവദനീയമാണെന്നും സഭ പറയുന്നു. പോപ്പിൻെറ തീരുമാനത്തിൽ വന്ന കാലതാമസത്തിൻെറ ഫലമായി, സന്ദിഗ്ദ്ധാവസ്ഥയിൽ പല കത്തോലിക്കരും തങ്ങളുടെ മനസ്സാക്ഷിയനുസരിച്ചു് ജീവിക്കുകയും കുദാശക്കണയുകയും ചെയ്തിരുന്നു. നാളിതുവരെ

ചെയ്യുന്നതു് പാപമാണെന്നു മനസ്സാക്ഷിയിൽ സമ്മതിക്കാൻ അവർക്കു സാധിക്കാതെവരുന്നു. അതൊരു പ്രത്യേക പരിതോവസ്ഥക്കു് ഇടംനല്കിയിരിക്കുന്നു.

ഗർഭനിരോധനത്തിനായി കൃത്രിമമാർഗ്ഗങ്ങൾ സ്വീകരിക്കുക തെററാണു്. വിവാഹത്തിൻെറ ലക്ഷ്യത്തിനു വിരുദ്ധവുമാണു്. സ്വാർത്ഥലക്ഷ്യം പുലർത്താൻ കൃത്രിമമാർഗ്ഗങ്ങൾ ഉപയോഗിക്കുക പാപകരമാണു്. സഭയുടെ പ്രബോധനം ഇങ്ങനെയാണെങ്കിലും കൃത്രിമമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നവരും സഭയെ സ്നേഹിക്കുന്നവരുമായവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാനാവില്ല. ഏതൊരുവനും ആത്യന്തികമായി സ്വമനസ്സാക്ഷിയനുസരിച്ച് പ്രവർത്തിക്കട്ടെ എന്നു സഭ അനുശാസിക്കുന്നുണ്ടു്. മനസ്സാക്ഷിയനുസരിച്ചു പ്രവർത്തിക്കുന്നതിൻെറ ഉത്തരവാദിത്വം ദൈവതിരുമുമ്പിൽ അവർ വഹിക്കട്ടെ. ഇക്കാര്യത്തിലുള്ള അവരുടെ ചെയ്തികൾ സഭയുടെ വസ്തുനിഷ്ഠമായ ധാർമ്മിക പ്രബോധനത്തിനു വിരുദ്ധമായാൽപോലും പാപമാകയില്ല. അക്കാരണത്താൽ, കുമ്പസാരത്തിൽ അതു ഏററുപറയേണ്ട ആവശ്യവുമില്ല. എന്നാൽ, സഭയുടെ പ്രബോധനത്തിൻെറ മാനുഷികവും ധാർമ്മികവുമായ മൂല്യങ്ങളുടെ വെളിച്ചത്തിൽ മനസ്സാക്ഷി രൂപവൽക്കരിക്കുവാൻ ശ്രമിക്കണം. അതിനാൽ, പഠനമനനങ്ങൾക്കു തയ്യാറുള്ള മനസ്സോടെ എല്ലാവരും ഈ വിഷയത്തെ സമീപിക്കുന്നതിൽനിന്നു് പിൻതിരിയരുതു്.'

### കിഴക്കെ ജർമ്മനി

ചാക്രികലേഖനത്തെ മെത്രാന്മാർ അനുകൂലിച്ചു. എന്നാൽ, പോപ്പിൻെറ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരോടു് ദയയോടും സ്നേഹത്തോടും കൂടി പെരുമാറണമെന്നു് വൈദികരോടാവശ്യപ്പെട്ടിട്ടുണ്ടു്. ദമ്പതികളുടെ മനസ്സാക്ഷിതന്നെയാണു് അന്തിമതീരുമാനമെടുക്കേണ്ടതെന്നാണു മെത്രാന്മാർ പറഞ്ഞിരിക്കുന്നതു്.

## ബ്രസീൽ

ജർമ്മനി, ബൽജിയം, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങളിലെ മെത്രാന്മാരുടെ പൊതു തീരുമാനത്തെ സ്വാഗതം ചെയ്യുന്നതായി ദൈവശാസ്ത്രപരിശീലന കേന്ദ്രത്തിൻെറ റെക്ടർ ഫാദർ ജോസ്നെവസ്സ് ഒരു ടെലവിഷൻ സംഭാഷണവേളയിൽ പറയുകയുണ്ടായി. ഈ പ്രസ്താവന കാർഡിനൽ റോസിക്ക് അസ്വീകാര്യമായതിനെ തുടൎന്ന് ദീർഘമായ വാദപ്രതിവാദങ്ങൾ നടന്നു. ഫാദർ ജോസിനെ പിന്താങ്ങാൻ പണ്ഡിതന്മാരായ പ്രഫസർമാർ രംഗത്തുവന്നു. ബഹളം കെട്ടടങ്ങി. ഫാ. ജോസിൻെറ പ്രസ്താവനകൾ ജനങ്ങളുടെയിടയിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിഞ്ഞു എന്നതു് തക്കമെററ സംഗതിയാണു്.

## കാനഡ

ഏകദേശം മൂവ്വായിരം വാക്കുകളടങ്ങിയ ഇടയലേഖനം കനേഡിയൻ മെത്രാന്മാർ പ്രസിദ്ധീകരിച്ചു. ഇടയലേഖനത്തിൻെറ പ്രസക്തഭാഗം ഇങ്ങനെ സംഗ്രഹിക്കാം. '.. ജനനക്രമീകരണമാൎഗ്ഗത്തെ സംബന്ധിച്ചു് തികച്ചും വിഭിന്നമായ ഒരു നിലപാടു് സഭാതലത്തിൽനിന്നുണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. ഇന്നുണ്ടായിരിക്കുന്ന ഒച്ചപ്പാടിൻെറയെല്ലാം അടിസ്ഥാനകാരണം അതാണു്. നിരവധി കത്തോലിക്കർക്കു മനസ്സാക്ഷിയിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടു്. എന്നാൽ, മനസ്സാക്ഷിയനുസരിച്ചു പ്രവൎത്തിക്കുക അവരുടെ കടമയുമാണു്. മാനുഷികമൂല്യങ്ങളും ക്രൈസ്തവതത്വങ്ങളും കണക്കിലെടുത്താണു് മനസ്സാക്ഷി രൂപവൽക്കരിക്കേണ്ടതു്. വിശ്വാസത്തെയൊ പ്രബോധനാധികാരത്തെയോ എതിർക്കാത്തവരും എന്നാൽ, വിശ്വലേഖനത്തെ ഉത്തമബോധ്യത്തോടുകൂടി അനുകൂലിക്കാൻ സാധിക്കാതെവരുന്നവരുമായവരുടെ കാൎയ്യം പ്രത്യേകം പരിഗണനാൎഹമാണു്. അവർ വിശ്വാസികളുടെ ഐ

കൃത്തിൽനിന്നു് അകന്നുപോയെന്നു സ്വയം കരുതുകയോ, മററുള്ളവർ അവരെ അങ്ങനെ ഗണിക്കുകയോ പാടില്ല. വിശ്വലേഖനത്തിനു വിരുദ്ധമായ അവരുടെ നിലപാട്ട് ആത്മാർത്ഥത മുററിയതും പഠനമനോഭാവത്തോടുകൂടിയതുമായിരിക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിശ്വലേഖനത്തിലെ കാര്യങ്ങൾ പ്രായോഗികമാക്കുന്നതിൽ പരാജയപ്പെടുന്നവരെ കുമ്പസാരക്കാരും ഉപദേശകരും (Counsellors) സഹാനുഭൂതിയോടെ മനസ്സിലാക്കാൻ ശ്രമിക്കണം. ജനിച്ചവരും ജനിക്കാനിരിക്കുന്നവരുമായ മക്കളുടെ മനുഷ്യോചിതമായ ശിക്ഷണവും അമ്മയുടെ ആരോഗ്യവും സാമ്പത്തികഭദ്രതയും ദാമ്പത്യപ്രേമവും പരിഗണിച്ച് ഉത്തരവാദത്തബോധമുള്ള പിതാവും മാതാവുമാകുക എന്നതിൽ, ജനനക്രമീകരണത്തിനു സ്വീകരിക്കുന്ന മാർഗ്ഗത്തെക്കുറിച്ചു ബുദ്ധിമുട്ടുണ്ടാകുമ്പോൾ തെരഞ്ഞെടുക്കുന്ന മാർഗ്ഗം തങ്ങളുടെ മനസ്സാക്ഷിയുടെ മാർഗ്ഗദർശനമനുസരിച്ചായിരിക്കട്ടെ. മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കുക തങ്ങളുടെ കടമയാണെന്നു് അവർ മനസ്സിലാക്കട്ടെ!'

കനേഡിയൻ മെത്രാന്മാരുടെ നിലപാടിനെ പാപ്പാ അംഗീകരിച്ചു എന്നതു് ഈയവസരത്തിൽ സ്മർത്തവ്യമാണ്. വിശ്വലേഖനത്തെ 41 ശതമാനം അനുകൂലിക്കുകയും 37 ശതമാനം പ്രതികൂലിക്കയും 22 ശതമാനം നിഷ്പക്ഷിക്കുകയും ചെയ്ത രാജ്യമാണ് കാനഡ എന്നതും ചിന്താർഹമാണ്.

## ഫ്രാൻസ്

വിശ്വലേഖനത്തിൻെറ ലക്ഷക്കണക്കിനു കോപ്പികൾ ദിവസങ്ങൾക്കകം വിററഴിയുകയുണ്ടായി. എത്രമാത്രം ആകാംക്ഷയോടെയാണ് ജനങ്ങൾ പോപ്പിൻെറ പ്രഖ്യാപനംകാത്തിരുന്നതു് എന്നു് ഇതു വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ കാര്യമായ പ്രശ്നങ്ങൾ ഉണർത്തിവിടുകയും ചെയ്തു. ടൊളോസെ മെത്രാപ്പോലീത്തയും (Louis Jean Gugot) സ്ററ്റാസ് ബ

ഗ്ഗിലെ മെത്രാനും (Arthut Elchinger) വിശ്വലേഖനത്തെ പരാമശിച്ചപ്പോൾ തെളിഞ്ഞ മനസ്സാക്ഷി (Enlightened conscience) ക്കു് പ്രാധാന്യം നല്കി. ബോധപൂവ്വമാണു് നാം പ്രവത്തിക്കേണ്ടതു്; കൊച്ചുകുട്ടികളെപോലെയല്ല, പക്വത യെത്തിയവരെപ്പോലെ. ഇന്നത്തെ സാഹചയ്യത്തിൽ റിഥം രീതിയിലൂടെ മാത്രം ജനനക്രമീകരണം നടത്തുക പലരെ സംബന്ധിച്ചും അപ്രായോഗികമാണു്. ദൈവത്തിൽ വിശ്വസിക്കുക; അവിടുത്തെ മുമ്പിൽ തീരുമാനമെടുക്കുക മനസ്സാക്ഷിയാണു് വഴികാട്ടി. അതിന്റെ സ്ഥാനം വേറൊന്നിനു സ്വീകരിക്കാൻ പാടില്ല. മനസ്സാക്ഷിയെ ഉണത്താനും നയിക്കാനും നിയമങ്ങൾക്കു കഴിയണം. പക്ഷെ, നിയമം ധാമ്മികതലത്തിൽ മനസ്സാക്ഷിക്കു പകരമല്ല. ദമ്പതികളുടെ തീരുമാനം ഇക്കായ്യത്തിൽ അന്തിമമാണു്. അതനുസരിച്ചു പ്രവത്തിക്കുമ്പോൾ കുദാശകളിൽനിന്നു് അകന്നുപോകേണ്ട കാരണമൊന്നുമില്ല.'

ഫ്രഞ്ചു കത്തോലിക്ക ഡോക്ടർമാരുടെ കൗൺസിൽ വിശ്വലേഖനം ചച്ച്ചെയ്തു. ജനനക്രമീകരണമാഗ്ഗങ്ങളെ സംബന്ധിച്ച് അന്തിമതീരുമാനം ദമ്പതികളാണു് എടുക്കേണ്ടതും എന്ന പ്രമേയം അറുപത്തിയഞ്ചിനെതിരെ നൂററിനാല്പത്തിയഞ്ചുപേരുടെ ഭൂരിപക്ഷത്തോടെ പാസ്സായി.

ഫ്രാൻസിലെ നൂററിയിരുപതു് മെത്രാന്മാർ ലൂർദ്ദിൽ സമ്മേളിച്ചു് ചാക്രികലേഖനത്തെ സംബന്ധിച്ച മാഗ്ഗനിദ്ദേശങ്ങൾ, ദമ്പതികൾക്കും വൈദികർക്കും നല്കി. ഗഭനിരോധനം ഒരു ക്രമക്കേടാണെങ്കിലും, അതു് ദമ്പതികളെ സംബന്ധിച്ചിടത്തോളം എപ്പോഴും പാപകരമാകണമെന്നില്ല. ഇക്കായ്യത്തിൽ ദമ്പതികളുടെ മനസ്സാക്ഷിക്കാണു് പ്രാമുഖ്യം. (Although Contraception is always a 'disorder' it need not imply moral giult on the part of married

couples who practise it. This is a matter the couple must decide for themselves after serious reflection before god.) ബിഷപ്പ് കൊൺഫ്രൻസിൽവച്ച് ഒരു ബിഷപ്പി (Pirre Boillen of Vedun) ൻെറ പ്രസ്താവന പഠനോദ്ദീപകമാണ്. കൃത്രിമമാർഗ്ഗങ്ങൾ 'കുറഞ്ഞ തിന്മ' എന്ന നിലയിൽ സ്വീകരിക്കുന്ന കത്തോലിക്കന് മനസ്സാക്ഷിയിൽ ഭാരം കൂടാതെ വിശുദ്ധ കർബ്ബാന സ്വീകരിക്കാം..... (A Catholic who uses artificial contraception as a lesser evil need not confess it and may take communion with a clear conscience....' They believe themselves in conscience bound to avoid a new birth or postpone it to a little later and are deprived of a restoring to biological rhythem. On the other hand they do not see how, for their part to renounce a physical expression of their love without the stability of their home being threatened ) തികച്ചും മാനുഷികമായ ഈ മാർഗ്ഗനിർദ്ദേശം ആശ്വാസകരമാണ്. ഇത്തരം നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പുറത്തുവന്ന ഇടയലേഖനം ജീവിതസ്പർശിയുമായിരുന്നു.

## ബൊളീവിയ

പതഞ്ഞുപൊങ്ങിയ പ്രതികരണങ്ങളെ കണക്കിലെടുത്തുകൊണ്ട്, ബൊളീവിയൻ മെത്രാന്മാർ നല്കിയ മാർഗ്ഗദർശനത്തിൻെറ സംഗ്രഹം ഇങ്ങനെ നല്കാം.

ജനനക്രമീകരണത്തെ സംബന്ധിച്ച തീരുമാനം അന്തിമമായെടുക്കേണ്ടതു് ദമ്പതികളാണെന്നു സഭ അംഗീകരിച്ചിട്ടുണ്ട്. ആ തീരുമാനം ദൈവതിരുമുമ്പിലെന്നോണമാണെടുക്കേണ്ടതു്.

വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ച് പോപ്പുപഠിപ്പിക്കുമ്പോൾ തെററാവരമുണ്ട്. ആ പ്രബോ

ധനത്തെ വിശ്വാസികൾ സ്വീകരിക്കുകയും വേണം. എന്നാൽ, അത്തരത്തിലല്ലാത്ത പ്രബോധനങ്ങൾ നമ്മുടെ മനസ്സാക്ഷിയിൽ ബന്ധിതങ്ങളല്ല. 'മനുഷ്യജീവൻ' തെററാവരമുദ്രിതപ്രബോധനമല്ല. എന്നാലും മതപരമായ സ്വീകരണം (Assensus relegiosus) ആവശ്യമാണ്.

തങ്ങളുടെ മുന്നറിവും പഠനവും മനനവുംകൊണ്ട്, ആധികാരിക പ്രബോധനത്തിൽ നിന്നു വ്യത്യസ്തമായ നിഗമനങ്ങളിലെത്തുന്നവർ—മനസ്സാക്ഷി ദൈവതിരുമുമ്പിൽ ഉത്തമമായിരിക്കണം—ആ ബോധ്യങ്ങളനുസരിച്ച് പ്രവത്തിക്കുക ന്യായവും യുക്തവുമാണ്.

ചാക്രികലേഖനത്തിലെ പല വാദങ്ങളും ബോധ്യങ്ങളുണത്താൻ പോരുന്നവയല്ലെന്നു വരാം. അക്കാരണത്താൽ, 'അവയെ ആരെങ്കിലും തിരസ്കരിച്ചാൽ, ആരും അവരെ കുററപ്പെടുത്തേണ്ടതില്ല. അവരുടെ മനസ്സാക്ഷി അവരെ നയിക്കട്ടെ.'

## സ്കാണ്ടിനേവിയ

വിശ്വലേഖനം സമ്മിശ്രപ്രതികരണങ്ങൾ രാജ്യത്തെങ്ങും സൃഷ്ടിച്ചുവിട്ടു. അനുകൂലവും പ്രതികൂലവുമായ ചലനങ്ങൾ ഉണ്ടായി. അക്കാരണത്താൽ, ഇടയന്മാരെന്ന നിലയിൽ അവിടത്തെ മെത്രാന്മാർ തങ്ങളുടെ അജപാലനധമ്മം നിർവഹിക്കാൻ മുന്നോട്ടുവന്നു. അവർ നല്കിയ മാഗ്ഗനിർദ്ദേശങ്ങൾ മാനുഷികവും ജീവിതസ്പശിയുമാണ്. അവരുടെ ഇടയലേഖനത്തിലൂടെ കണ്ണോടിക്കാം.

## ലേഖനത്തിനുശേഷമുള്ള സാഹചര്യം

ജീവിതത്തിൻെറ വിവിധതലങ്ങളിലുള്ള കത്തോലിക്കരിൽനിന്നു വിമശ്നം ഉണ്ടായിരിക്കുന്നു. സുഖാസ്വാദനമാണ് ജീവിതലക്ഷ്യമെന്നു കരുതുന്നവരിൽനിന്നാണ് പ്രതികൂലപ്രതികരണം ഉണ്ടായതെങ്കിൽ അത് അവഗണിക്കാമായിരു

ന്നു. യഥാർത്ഥവിശ്വാസികളും സുഖലോലുപരുമല്ലാത്ത നല്ല മനുഷ്യരും നിരാശരാണു്. അവരും വിശ്വലേഖനത്തെ എതിർക്കുന്നു. അവർ തങ്ങളുടെ വൈവാഹികകടമകളെ മാനിക്കുന്നു. സമൂഹത്തോടു തങ്ങൾക്കുള്ള ചുമതലകളെക്കുറിച്ചു അവർ ബോധവാന്മാരാണു്. അക്കൂട്ടത്തിൽ അത്മായരുണ്ടു്, വൈദികരുണ്ടു്. അവരുടെ സന്മനസ്സിനെയും ആത്മാർത്ഥതയെയും ചോദ്യംചെയ്യുക അനുചിതമാണു്.

## എന്താണു് ലക്ഷ്യം

ക്രൈസ്തവവിവാഹത്തിൽ വൈയക്തിക സ്നേഹത്തിൻെറയും പ്രസാദവരത്തിൻെറയും ഒരുമയുണ്ടു്. അതിൽ മനുഷ്യൻെറ മഹത്വം തുടിച്ചുനില്ക്കുന്നു. അതിൽ ദാമ്പത്യബന്ധത്തിനു സ്വന്തമായ അർത്ഥസമ്പുഷ്ടതയും മൂല്യവുമുണ്ടു്. ഇവ വിശ്വലേഖനത്തിൽ എടുത്തുപറഞ്ഞിരിക്കുന്നു. എല്ലാ ക്രൈസ്തവരും അംഗീകരിക്കേണ്ട മാനുഷിക മഹത്വവും മൂല്യങ്ങളും അതിൽ വ്യക്തമാക്കിയിട്ടുണ്ടു്. ദാമ്പത്യപ്രേമത്തിൻെറ മഹനീയതയും ജീവോല്പാദനത്തിൻെറ പ്രാധാന്യവും തറച്ചുപറയുന്നുണ്ടതിൽ. അവയെ ത്യാജ്യകോടിയിൽ തള്ളാൻ പാടില്ല. ലൈംഗികബന്ധത്തെ വിവാഹം ദാമ്പത്യപ്രേമം ശിശുക്കൾ എന്നിവയിൽ നിന്നു മാററിനിറുത്തിക്കാണാനാവില്ല; മനുഷ്യനിലുള്ള ലൈംഗികത്വം വെറും ജീവവിജ്ഞാനീയ ശൈലിയിൽ വിശദീകരിക്കുക യുക്തമല്ല. മാനുഷികവും ധാർമ്മികവുമായ മൂല്യങ്ങളെയും പരിഗണിക്കേണ്ടതുണ്ടു്. ദാമ്പത്യവിശ്വസ്തത ആമരണം നിലനില്ക്കണം. അക്കാരണത്താൽ, അതിനു തടസ്സമായി വർത്തിക്കുന്ന എല്ലാത്തിനെയും എതിർക്കാതെ തരമില്ല.

ജനനക്രമീകരണത്തെ അംഗീകരിച്ചുകൊണ്ടാണു് വിശ്വലേഖനത്തിൻെറ പതിനാറാം ഖണ്ഡിക നില്ക്കുന്നതു്. ദൈവതിരുമുമ്പിൽ നില്ക്കുന്ന മനസ്സാക്ഷിയുടെ സ്വരമനുസരിച്ചു്,

തങ്ങൾക്കു് എത്ര ശിശുക്കൾ വേണമെന്നു് ദമ്പതികൾ തീരുമാനിക്കണം. എന്നാൽ, 'സുരക്ഷിതകാലം' മാത്രമേ നിയന്ത്രണോപാധിയായി സ്വീകരിക്കാവൂ. സഭയുടെ ഈ നിർദ്ദേശത്തെ സ്വീകരിക്കാൻ കഴിയുന്ന വിശ്വാസികളുണ്ടു്. അതുമായി പൊരുത്തപ്പെടാൻ സാധിക്കാത്തവരുമുണ്ടു്. അതിനാൽ, ഈ ചാക്രികലേഖനത്തിന്റെ ആധികാരികഭാവമെന്തെന്നു് ആരായാം.

## ആധികാരിക സ്വഭാവം

ജീവിതത്തിൽ അനുഭവപ്പെടുന്ന സങ്കീർണ്ണപ്രശ്നങ്ങൾക്കു് ക്രിയാത്മക പരിഹാരം നിർദ്ദേശിച്ചു് വിശ്വാസികളെ സഹായിക്കുകയാണു് പ്രബോധകസഭയുടെ (Teaching Church) ദൗത്യം. ഇതു് വിശ്വാസികളുടെ ചിന്താശക്തിയെയും കർമ്മശേഷിയെയും നിഗമനകഴിവുകളെയും മുരടിപ്പിക്കാനോ നശിപ്പിക്കാനോ അല്ല, മറിച്ചു്, സഹായിക്കാനാണു്. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിക്കുന്ന കാര്യത്തിൽ സഭ അപ്രമാദിത്വപ്രഖ്യാപനം (Ex Cathedra) നടത്തുന്നു. അതു് നാം മുഴുവനായും സ്വീകരിച്ചേ പറ്റൂ. എന്നാൽ മനുഷ്യജീവൻ അത്തരത്തിൽപ്പെട്ട ഒന്നല്ല. ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങളെക്കുറിച്ചു് രണ്ടാം വത്തിക്കാൻ സൂനഹദോസു് പരാമർശിച്ചിരിക്കുന്നതിലേക്കു് ശ്രദ്ധതിരിക്കാം. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു് മെത്രാന്മാർ ക്രിസ്തുവിന്റെ നാമത്തിൽ പഠിപ്പിക്കുന്നവ മതപരമായ ബോധ്യത്തോടെ വിശ്വാസികൾ സ്വീകരിക്കുകയും മുറുകെപ്പിടിക്കുകയും വേണം. ബുദ്ധിയുടെയും മനസ്സിന്റെയും ഈ മതാത്മകവിധേയത്വം പ്രത്യേകവിധം പ്രകടമാക്കേണ്ടതു് റോമാമാർപ്പാപ്പയുടെ ഔദ്യോഗികമായ അധികാരത്തോടാണു്. ആധികാരികമായി സംസാരിക്കാത്തപ്പോൾ പോലും പരമമായ പ്രബോധനാധികാരം ആദരപൂർവ്വം അംഗീകരിക്കുകയും അദ്ദേ

ഹത്തിൻെറ ആശയാഗ്രഹങ്ങൾ വ്യക്തമാക്കപ്പെടുന്നതനുസരിച്ച് ആ തീരുമാനങ്ങൾക്ക് വിധേയരാകുകയും ചെയ്യണം' (തിരുസഭ. 25) ഈ നിലയിൽ മതാത്മക (Relegious acceptance) സ്വീകരണം വിശ്വലേഖനത്തിനു നല്കേണ്ടതാണ്. എന്നാൽ, തക്കതായ കാരണത്തോടെ അങ്ങനെ ചെയ്യാതിരുന്നാൽ യാതൊരുത്തനും ഒരു അധഃകൃത കത്തോലിക്കനാണെന്നു കരുതിക്കൂടാ. അവൻ തൻെറ നിലപാടിന് ദൈവതിരുമുമ്പിൽ മാത്രം ഉത്തരവാദിയായാൽ മതി. (Should some one, how ever for grave and carefully considered reasons, not tell able to subscribe to the arguments of the encyclical, he is entitled, as has been constantly acknowledged, to entertain other views than those put foward in a non infallible declaration of the church. No one should, there for, on account of such diverging opinions alone, be regarded as an inferior Catholic. Whoever, after conscientious reflection, believes that he is justified in not accepting the teaching and not applying it in practice, must be answerable to god for his attitude and his acts.)

## മനഃസാക്ഷി സ്വാതന്ത്ര്യം

മനസ്സാക്ഷിയെന്നാൽ ഒരു വെറും പ്രചോദന (instinct) മോ സ്വാഭാവികാശയമോ (Natural concept) അല്ല. നമ്മുടെ ഗ്രഹണശക്തിയെ അതു് ആശ്രയിക്കുന്നു. ഒപ്പം അതു നമ്മുടെ പ്രവൃത്തികൾക്ക് ധാർമ്മികമായ ഒരു ഉൾക്കാഴ്ച നല്കുകയും ചെയ്യുന്നു. മനസ്സാക്ഷിയും പക്വതയിലെത്തണം. മനുഷ്യസമൂഹത്തിലും വൈയക്തികജീവിതത്തിലും അനുഭവത്തിൻെറ വെളിച്ചത്തിലുംകൂടെയായിരിക്കണം ആ പക്വതക്ക് രൂപം നല്കുന്നതു്.

മനസ്സാക്ഷി സ്വന്തമായ നിയമങ്ങൾ നിർമ്മിക്കുന്നില്ല. എന്നാൽ, വൈയക്തിക പ്രവണതയെ അവഗണിച്ചുകൊണ്ടു

അവയെ മാനുഷികബന്ധ (Binding) മാണെന്നു ഏററുപറയുന്നുണ്ട്. ചില പ്രത്യേകകാര്യങ്ങളിൽ മനസ്സാക്ഷി അചഞ്ചലവും (Stable) സുരക്ഷിതവുമായ ചില നിയമങ്ങളെ ആശ്രയിക്കുന്നുണ്ട്. ദൈവികവെളിപാടിലും സ്വാഭാവിക ധാർമ്മിക നിയമങ്ങളിലും നിന്നു പ്രത്യക്ഷപ്പെടുന്ന സഭാപ്രബോധനങ്ങളിൽ നിന്നാണ് കത്തോലിക്കർ മാർഗ്ഗദർശനം സ്വീകരിക്കേണ്ടതു്. എല്ലാ തീരുമാനങ്ങളിലും ഈ നിയമങ്ങൾ നൂറുശതമാനവും പ്രായോഗികമാക്കാം എന്നതിനു യാതൊരു സുരക്ഷിതത്വവുമില്ല. എന്നാൽ, ആ നിയമങ്ങളുടെ ഗ്രഹണത്തിലും മനസ്സാക്ഷിയുടെ രൂപവൽക്കരണത്തിലും കത്തോലിക്കർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

മനുഷ്യൻ യാതൊരു സാഹചര്യത്തിലും സ്വമനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനല്ല. ഈ സത്യം എവരും അംഗീകരിക്കുന്നുണ്ട്. മനസ്സാക്ഷിക്കു തെററുപററിയേക്കാം; അഥവാ, തെററിലായിരിക്കാം. അതുകൊണ്ടു പ്രശ്നങ്ങളെ നന്നായി മനസ്സിലാക്കാനുള്ള ശ്രമം കളഞ്ഞുകുളിക്കരുതു്. ഈയവസരത്തിലും മനസ്സാക്ഷിക്കു വിരുദ്ധമായിട്ടു പ്രവർത്തിക്കരുതു്. കഴിവുള്ളതു ചെയ്തശേഷം സ്വന്തം ബോദ്ധ്യങ്ങളനുസരിച്ചു് നീങ്ങണം. തൻെറ പ്രവൃത്തിയുടെ മുഴുവൻ ഉത്തരവാദിത്വവും സ്വയം ഏറെറടുക്കുകയാണിവിടെ. മനസ്സാക്ഷിയുടെ സ്വരമനുസരിച്ചു പ്രവർത്തിക്കുന്നതിൽ നിന്നു് ആർക്കും—സഭയ്ക്കു പോലും—അവനെ പിന്തിരിക്കാൻ പാടില്ല.

സ്വാർത്ഥത്തിനും സുഖലോലുപത്വത്തിനും വിധേയരായി ശിശുക്കളെ ജനിപ്പിക്കാതിരിക്കുക അക്ഷന്തവ്യമാണ്. എല്ലാ വിധത്തിലുമുള്ള ഗർഭഛിദ്രവും (മനുഷ്യജീവനെ ഹനിക്കുന്ന എല്ലാ മാർഗ്ഗവും) ദാമ്പത്യവിശ്വസ്തതക്ക് ഭംഗം വരുത്തുന്ന എല്ലാ ചെയ്തികളും തെററാണ്; അതുകൊണ്ടു് അനനുവദനീയങ്ങളുമാണ്.

ദമ്പതികൾ തമ്മിലുള്ള പരസ്പരബഹുമാനത്തിനും രാഗവായ്പ്പിനും വൈയക്തികബന്ധത്തിനും ശിശുക്കളുടെ മനുഷ്യോചിതമായ നല്ല വളച്ചക്കം വിഘാതമാകാവുന്നതൊന്നും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക. ഉത്തമമനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ച് വിശ്വലേഖനത്തിനു വിരുദ്ധമായി പ്രവത്തിച്ചാൽ തന്നെയും അതു കുമ്പസാരം ആവശ്യമാകുന്ന പാപമാകുന്നില്ല. അതിനാൽ, കുമ്പസാരം കൂടാതെ തന്നെ അവക്കു ദിവ്യകാരുണ്യം സ്വീകരിക്കാവുന്നതാണ്.

## ഉപസംഹാരം

ലോകത്തെമ്പാടും വിശ്വലേഖനം ഇളക്കിവിട്ട പ്രതികരണങ്ങളിൽ കുറേയെങ്കിലും നാം കണ്ടു കഴിഞ്ഞു. ജനങ്ങളുടെയും അവക്കു മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ മെത്രാന്മാരുടെ കോൺഫ്രൻസുകളുടെയും വിചാരധാരയും നാം അറിഞ്ഞു. അവയിൽ നിന്നെല്ലാം ഒരു കാര്യം സ്പഷ്ടമാണ്. I. D. O. C. (Information Documentation on the conciliar church) യുടെ എക്സിക്യൂട്ടീവ് മീററിംഗിൽവച്ച് വൈസ് പ്രസിഡണ്ട് ഡോക്ടർ ആൽബർട്ടു് വാൻഡൻ ഹെവുവൽ അക്കാര്യം തെളിച്ചു പറഞ്ഞിട്ടുണ്ട്: വത്തിക്കാൻ സൂനഹദോസിൻെറ ചൈതന്യത്തിനു അവശ്യം വേണ്ടതായ അഞ്ചു കാര്യങ്ങൾ അവഗണിച്ചുകൊണ്ടാണ് വിശ്വലേഖനം പുറത്തുവന്നതു്. ഡയലോഗ്, കൂട്ടുത്തരവാദിത്വം ഐക്യമെനിക്കൽ പ്രസ്ഥാനം, അജപാലനോന്മുഖമായ സമീപനം, ലോകത്തോടുള്ള തുറന്ന മനോഭാവം. ഈ അഞ്ചു കാര്യങ്ങളുടെ അഭാവമാണ് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന അസ്വസ്ഥതകളുടെ മൂലകാരണം. പണ്ഡിതനായ ഡോക്ടർ ഹെവുവലിൻെറ അഭിപ്രായത്തോടു യോജിച്ചുകൊണ്ടു് ഈ അധ്യായം അവസാനിപ്പിക്കുകയാണ്.

# 5. കേരള കത്തോലിക്കരും വിശ്വലേഖനവും

ക്രിസ്തു സ്ത്രീയിൽനിന്നു ജാതനായി നമ്മുടെയിടയിൽ വസിച്ചു. അവിടുന്നു ഹൃദയപരിവർത്തനത്തിന്റെ സുവിശേഷ മറിയിച്ചു. ഹൃദയത്തിൽ പരിച്ഛേദനം നടത്തിയവരുടെ ഒരു സമൂഹം അദ്ദേഹത്തിന്റെ കാലടികളെ പിന്തുടന്നു. ആക്കു വേണമെങ്കിലും അവിടുത്തെ പിന്തുടരാം. ക്രിസ്തുവിൽ ഗ്രീക്കുകാരനെന്നില്ല, യഹൂദനെന്നില്ല, പുറജാതിയെന്നില്ല, സ്ത്രീയെന്നില്ല, പുരുഷനെന്നില്ല എല്ലാവരും തുല്യർ. എല്ലാവക്കും ഒരേ കർത്താവും ഒരേ മാമ്മോദീസയും. എല്ലാവരും ക്രിസ്തുവിൽ സമന്മാർ; സഹോദരന്മാർ. ഈ സുവിശേഷവുമായി കേരളത്തിലുമെത്തി ഒരു അപ്പസ്തോലൻ. ക്രിസ്തുവിനെ സ്വീകരിക്കാൻ ഇവിടെയുമുണ്ടായി, കുറെ ആളുകൾ. കുറേക്കൊല്ലം കഴിഞ്ഞപ്പോൾ ജറുസലേമിൽനിന്നു് കുറേ ക്രിസ്ത്യാനികൾ ഇവിടെ വന്നു. പിന്നെയും നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ ഫ്രാൻസീസ് സേവിയർ എത്തി. പിന്നെയും വളരെപ്പേർ ക്രിസ്തുവിനെ സ്വീകരിച്ചു. പക്ഷെ, ഒററക്കുഴപ്പം മാത്രം ഉണ്ടായി. ചതുർവർണ്ണ്യത്തിന്റെ ചട്ടക്കൂട്ടിൽ കിടന്നവർ ക്രിസ്തുവിനെ സ്വീകരിച്ചെങ്കിലും ജാതിചിന്ത കളഞ്ഞില്ല. അതിന്റെ ഫലമായി ബ്രാഹ്മണ–ക്നായ–ലത്തീൻ–അവശക്രൈസ്തവർ

കേരളത്തിലുണ്ടായി. ഇവരുൾപ്പെട്ട ഒരു മിശ്രിതം ക്രിസ്ത്യാനികൾ എന്ന പേരിൽ കേരളത്തിലുണ്ട്. ഹൃദയത്തിൽ പരിച്ഛേദനം നടത്താത്തവരും ഹൃദയപരിവർത്തനം ഉണ്ടാകാത്തവരും ക്രിസ്തുവിൽ എല്ലാവർക്കും തുല്യത അംഗീകരിക്കാത്തവരും, സഹോദരരെപ്പോലെ വർത്തിക്കാൻ തയ്യാറില്ലാത്തവരുമായ കുറേ ജാതിഭ്രാന്തന്മാരാണ് കേരളക്രിസ്ത്യാനികൾ. ഈ ഭ്രാന്തു് പിടിപെടാത്തവരുടെ സംഖ്യ തുച്ഛവുമാണ് ഈ ക്രിസ്ത്യാനികളിൽ വലിയൊരു സംഖ്യ കത്തോലിക്കരാണ്. * അവരെപ്പററി കുറേ കാര്യങ്ങൾ വ്യക്തമാക്കുകയാണ്.

## നേതാക്കന്മാർ

ഒരു ഹൈരാർക്കിക്കൽ വ്യവസ്ഥിതിയിൽ ഊട്ടിയുറപ്പിച്ചിരിക്കുന്ന ഒന്നാണ് കത്തോലിക്കാ സമൂഹം. മെത്രാന്മാരും വൈദികരുമാണ് അത്മായരെന്ന ആടുകളെ നയിച്ചിരുന്നതു്; നയിക്കുന്നതു്. ഇടയന്മാരുടെ നിർദ്ദേശമനുസരിച്ചുവേണം ആടുകൾ ചലിക്കാൻ; ഭക്ഷിക്കാൻ. പൗരോഹിത്യത്തെ അന്ധമായി ആരാധിച്ചിരുന്ന ഒരു പ്രത്യേക പരിതോവസ്ഥയിൽ വളർന്നുവന്ന ആടുകൾ ഇടയനെതിരായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ പാടില്ലായിരുന്നു. ദൈവികശക്തികളുള്ള ഒരാളായിട്ടാണ് പുരോഹിതനെ ജനങ്ങൾ കരുതിയിരുന്നതു്; ക്രിസ്തുവിൻെറ സാക്ഷാൽ പ്രതിനിധിയായിട്ടാണ് വൈദികനെ ജനങ്ങൾ ബഹുമാനിച്ചിരുന്നതു്. 'പാപം മോചിക്കാനും, അപ്പത്തെ ക്രിസ്തുവിൻെറ ശരീരമാക്കാനും, വീഞ്ഞിനെ ക്രിസ്തുവിൻെറ രക്തമാക്കാനും കഴിവുള്ള വ്യക്തിയോടു ഭയഭക്തി ബഹുമാനാദരവുകൾ കലവറയില്ലാതെ പ്രകടിപ്പിച്ചു.

---

* പ്രസിദ്ധീകരിക്കാനിരിക്കുന്ന കേരള സഭ പ്രതിക്കൂട്ടിൽ എന്ന ഗ്രന്ഥത്തിൽ കൂടുതൽ വിശദീകരണമുണ്ട്.

വിദ്യാഭ്യാസത്തിനു സൗകൎയ്യവും അതിനുള്ള മനസ്സും വിരളമായിരുന്ന കാലഘട്ടത്തിൽ, അറിവുള്ള ഏകവ്യക്തി സ്ഥലത്തെ പുരോഹിതനായിരുന്നു. പോരെങ്കിൽ ദൈവത്തിൻെറ പ്രതിനിധിയും. അതുകൊണ്ടു് എല്ലാകാൎയ്യത്തിലും വൈദികൻെറ അഭിപ്രായം അന്വേഷിച്ചിരുന്നു; അദ്ദേഹത്തിൻെറ അഭിപ്രായം 'തിരുവായ്ക്കു് എതിർവാക്കില്ലാതെ സ്വീകരിച്ചും പോന്നു. കൃഷിയിറക്കുന്നതിനും, വീടുപണിയുന്നതിനും പെണ്ണുകെട്ടുന്നതിനും കെട്ടിക്കുന്നതിനും, എന്തിനേറെ മണവറയ്ക്കുള്ളിലെ ദാമ്പത്യപ്രവൃത്തികൾപോലും വൈദികൻെറ ഉപദേശമനുസരിച്ചു് 'ആടുകൾ' ചെയ്തുപോന്നു. സത്യത്തിൽ, ഇടയനായിരുന്നു എല്ലാ തീരുമാനങ്ങളും എടുത്തിരുന്നതു്. ആടുകൾക്കു് തീരുമാനമെടുക്കാൻ കഴിവില്ലായിരുന്നു; കാരണം, അവ ആടുകളായിരുന്നു. എല്ലാത്തിനും അവസാനവാക്കു് ഇടയൻേറതായിരുന്നു. പൗരോഹിത്യമേധാവിത്വത്തിൻെറ കാലഘട്ടമായിരുന്നു അതു്".

## ആ കഴിഞ്ഞകാലം

ശുദ്ധമാനമാർപ്പാപ്പയും അദ്ദേഹത്തിൻെറ കീഴാളരായ മെത്രാന്മാരും വൈദികരും അന്ധമായി അനുസരണം കാണിച്ചു് ജീവിക്കുക എന്നതായിരുന്നു അത്മായൻെറ ജോലി. 'കെട്ടാനും അഴിക്കാനും' താക്കോലുകിട്ടിയിരിക്കുന്നവരെ അനുസരിക്കാതിരുന്നാൽ, 'പുറത്തുള്ള അന്ധകാരം' വാപിളന്നിരിക്കുകയാണു് അവിടെയ്ക്കു് വലിച്ചെറിയപ്പെടും. അക്കാരണത്താൽ, നിലവിലിരുന്ന ഒന്നിനെയും ചോദ്യം ചെയ്തില്ല; മതാചാരങ്ങളെ വിലയിരുത്താൻ മുതിൎന്നില്ല. വൈദികമണ്ഡലം അതിനു് അനുവദിച്ചിരുന്നില്ല. ചിലരെല്ലാം മുതിൎന്നുനോക്കി. അവർ അജ്ഞാനിയും ചുങ്കക്കാരനുമാകാൻ ബഹിഷ്കരിക്കപ്പെട്ടു! അധികാരി എന്തുചെയ്താലും അതിനെ ചോദ്യം ചെയ്യരുതു് എന്നതായിരുന്നു അലംഘനീയമായ പ്രമാ

ണം. കുറേയാളുകൾക്കു് രണ്ടുമുഖങ്ങളോടുകൂടി ജീവിക്കാൻ തക്കവിധം മനസ്സാക്ഷിയെ പാകപ്പെടുത്താൻ കഴിഞ്ഞിരുന്നു. എന്നാൽ, മഹാഭൂരിപക്ഷത്തിൻെറയും മനസ്സാക്ഷി, വൈദികക്കു് അടിയറവച്ചിരുന്നു. അന്ധമായ അനുസരണമായിരുന്നു പുണ്യം. അക്കാരണത്താൽ, ആടുകളുടെ മനസ്സാക്ഷി ഇടയൻെറ കയ്യിലായിരുന്നു. ഇതിൻെറ ഫലമായി സ്വന്തമായി ചിന്തിക്കാനോ തീരുമാനങ്ങളെടുക്കാനോ അങ്ങനെ പ്രവൃത്തിയുടെ ഉത്തരവാദിത്വം സ്വയം ഏറെറടുക്കാനോ ആടുകൾക്കു കഴിഞ്ഞില്ല. എല്ലാ ഉത്തരവാദിത്വവും ഇടയൻെറ തലയിൽ വച്ചുകൊടുക്കുന്നതിൽ ആടുകളും, ആടുകളുടെ ഉത്തരവാദിത്വങ്ങൾ പോലും ചുമക്കുന്നതിൽ ഇടയനും അപാകതകണ്ടില്ല. പക്ഷെ, ഇടയൻ ആടുകൾ ബുദ്ധിയുള്ള ആളുകളാണെന്നു് മനസ്സിലാക്കിയില്ല; ആടുകൾക്കു് സ്വയം അങ്ങനെയൊരു ബോധമുണ്ടായതുമില്ല. അങ്ങനെയുള്ള ആ കാലവും കടന്നുപോയിക്കൊണ്ടിരുന്നു.

## ഉത്തരവാദിത്വമില്ലായ്മ

എല്ലാക്കാര്യത്തിനും മുകളിൽനിന്നു് തീരുമാനം വന്നതുകൊണ്ടു് ജനങ്ങളുടെയിടയിൽ ഉത്തരവാദിത്വമില്ലായ്മ വളർന്നുവന്നു. പറഞ്ഞതുകൊണ്ടു ചെയ്തു എന്നതല്ലാതെ, യുക്തമായതുകൊണ്ടു ചെയ്തു എന്ന ഉത്തരം തരാനാളില്ലാതായി. ചെയ്യുന്ന പ്രവൃത്തിയുടെ ഉത്തരവാദിത്വം ഏറെറടുക്കാൻ വ്യക്തികൾ തയ്യാറാകണം. അതു് പക്വതയുടെ ലക്ഷണമാണു്; വളർച്ചയുടെ പ്രത്യേകതയാണു്. മനുഷ്യൻ ചിന്തിക്കണം; പഠിക്കണം, നിഗമനങ്ങളിലെത്തണം. അതു് സ്വന്തമായിരിക്കണം. ബുദ്ധിയുടെ വികാസമാണിവിടെ ദൃശ്യമാകുന്നതു്. ഉത്തരവാദിത്വമെടുക്കാനുള്ള കഴിവുവേറൊരാൾക്കു് പണയപ്പെടുത്തുകപാടില്ല. ധാർമ്മികമണ്ഡലത്തിൽ പ്രാധാന്യമേറെയുണ്ടിതിനു്. സർപ്പം പറഞ്ഞു; ഹവ്വതന്നു; ഞാൻ തിന്നു എന്നുള്ള

ഒഴിവുകഴിവുകളൊന്നും വിലപ്പോകയില്ല. മനുഷ്യനു ബുദ്ധി തന്നിരിക്കുന്നതു് വല്ലവരും പറയുന്നതു് വിഴുങ്ങാനല്ല; പിന്നെയൊ സ്വന്തമായ വിലയിരുത്തലുകൾ നടത്തി, തീരുമാനത്തിന്റെ ഉത്തരവാദിത്വം ഏറെറടുക്കാനാണു്. ഇവിടെയാണു് മനസ്സാക്ഷിയുടെ മാററിവയ്ക്കാനാവാത്ത പ്രാധാന്യം സുവിദിതമാകുന്നതു്. ഇതു മനസ്സിലാക്കാത്തവരാണു് കേരള കത്തോലിക്കരിൽ ഭൂരിപക്ഷവും. അവർക്കു സ്വന്തമായി നടക്കുവാൻ തക്കപരിശീലനം വൈദികർ നല്കിയിട്ടില്ല.

ഒരു ഉദാഹരണംകൊണ്ടിതു് വ്യക്തമാക്കാം. തക്കകാരണത്തോടെ കുർബ്ബാനയിൽ സംബന്ധിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതു പ്രമാണലംഘനമോ പാപമോ ആകയില്ല. എന്നാൽ, പാപമല്ലെങ്കിലും അച്ചനോടു് അതൊന്നു പറഞ്ഞാൽ മാത്രമേ നമ്മുടെ ആളുകൾക്കു് ഒരു സംതൃപ്തിയുണ്ടാകൂ. കാരണമെന്താണു്? അങ്ങനെയാണു് നമ്മെ ചെറുപ്പം മുതല്ക്കേ പഠിപ്പിച്ചിരിക്കുന്നതു്. പാപമല്ല എന്നു ഉത്തമബോദ്ധ്യമുള്ളതു് പറഞ്ഞു കുമ്പസാരിക്കേണ്ട യാതൊരാവശ്യവുമില്ല. സ്വന്തമായ തീരുമാനം എടുക്കാനും ഉത്തരവാദിത്വം വഹിക്കാനും തയ്യാറില്ലാത്തതുകൊണ്ടു് അച്ചനോടു പറഞ്ഞു് സ്വശിരസ്സിൽനിന്നു് ഉത്തരവാദിത്വഭാരം അച്ചന്റെ തലയിലേക്കു് വച്ചുകൊടുക്കുക! എന്നിട്ടോ? അച്ചൻ പറഞ്ഞിട്ടാണു് ചെയ്തതു് എന്ന സമാശ്വാസവും! വൈദികർ ഇങ്ങനെ മററുള്ളവരുടെ പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏറെറടുക്കാതെ, ജനങ്ങളെ പക്വതയുള്ളവരും സ്വന്തമായി തീരുമാനങ്ങളിലെത്താൻ ശക്തരും ആക്കിത്തീർക്കുവാൻ പരിശ്രമിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോകയാണു്. അതിനായി ജനങ്ങളെ വളർന്നു പക്വതയിലെത്താൻ സഹായിക്കുക; അതിനു് അനുവദിക്കുക.

**ചലനമുണ്ടോ**

ഈ അടുത്ത കാലത്തായി കേരളസഭയിൽ ചെറിയ ചലനങ്ങൾ ഉണ്ടാകുന്നുണ്ടു്. പലരും ഉറക്കെ ചിന്തിക്കുന്നുണ്ടു്.

പക്ഷെ, പൊതുവിൽ അത്മായർ മതപരമായ വിഷയങ്ങളിൽ അവഗാഹം നേടിയവരല്ല. ദൈവശാസ്ത്രവിഷയങ്ങളിൽ കുറച്ചെങ്കിലും വായനയുള്ളവർ അംഗുലീപരിമിതമാണു്. താനുൾക്കൊള്ളുന്ന മതത്തെ സംബന്ധിച്ചു് പഠിക്കാനും മനനം ചെയ്യാനും പലരും പരിശ്രമിക്കുന്നുണ്ടു്. രണ്ടാം വത്തിക്കാൻ സൂനഹദോസിനോടനുബന്ധിച്ചു് പുതിയൊരു ഉണർവ്വു് എവിടെയും പ്രസ്പഷ്ടമാണു്. മററു രാജ്യങ്ങളിൽ ഉണ്ടായതുപോലെ കേരളത്തിൽ പരിവർത്തനങ്ങൾ ഉണ്ടായിട്ടില്ല എന്നതു വാസ്തവമാണു്. കേരളത്തിലെ മെത്രാന്മാരും ഹൃദയപൂർവ്വം കൗൺസിൽ ചൈതന്യം പകർത്തിയെടുക്കാൻ ശ്രമിച്ചോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. എന്നാലും, ചില മാററങ്ങൾക്കു് അവർ നിർബന്ധിതരായിത്തീർന്നിട്ടുണ്ടു്. സഭയിൽ തങ്ങൾക്കുള്ള സ്ഥാനത്തെപ്പററി കുറച്ചൊക്കെ ബോധം അത്മായർക്കു് ഉണ്ടായിട്ടുണ്ടു്. അതിൻെറ ഫലമായി സഭാകാര്യങ്ങളിൽ അഭിപ്രായം പറയാനും, തദ്വിഷയങ്ങളെക്കുറിച്ചു ചിന്തിക്കാനും പഠിക്കാനും തീരുമാനങ്ങളിലെത്താനും അവർ മുന്നോട്ടു വന്നുതുടങ്ങിയിരിക്കുന്നു. ഇതു് വളർച്ചയുടെ, പക്വതയുടെ ലക്ഷണമാണു്. ആ വളർച്ച മുരടിക്കാനുള്ള അന്തരീക്ഷം ആരും സൃഷ്ടിക്കാതിരുന്നാൽ മതിയായിരുന്നു.

## വിശ്വലേഖനത്തെക്കുറിച്ചു്

മനുഷ്യജീവൻ എന്ന വിശ്വലേഖനം പുറത്തുവന്നപ്പോൾ കേരളത്തിലെ മെത്രാന്മാർ പോപ്പിനു പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ടു് സന്ദേശമയച്ചു. പറഞ്ഞതു് അവർ അനുസരിച്ചു. അഖിലകേരള കത്തോലിക്ക കോൺഗ്രസ്സിൻെറ പ്രസിഡണ്ടായിരുന്ന ശ്രീ. വിതയത്തിൽ മെത്രാന്മാരെ അനുകരിച്ചു് ഒരു സന്ദേശമയച്ചു. കേരളത്തിലെ ഒററ വൈദികൻ പോലും വിശ്വലേഖനത്തെ പരസ്യമായി വിമർശിക്കുകയുണ്ടായില്ല. സാക്ഷാൽ റോമൻ കത്തോലിക്കരാണു് കേരള ക

ത്തോലിക്കരെന്നു് പോപ്പിനുപോലും തോന്നിക്കാണും! ഇന്നാട്ടിലെ കത്തോലിക്കരെ സംബന്ധിച്ചും ചാക്രികലേഖനം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. വൈവാഹികജീവിതത്തെക്കുറിച്ചുപോലും വേണ്ടത്ര വിജ്ഞാനമില്ലാത്തവരാണു് കേരള കത്തോലിക്കർ. ഗവമ്മേണ്ടിൻെറ നീക്കങ്ങളും സാമ്പത്തികാരക്ഷിതാവസ്ഥയും ജനനനിയന്ത്രണത്തിനു് ദമ്പതികളെ പ്രേരിപ്പിക്കുന്നുണ്ടു്. എന്നാലും അത്മായരുടെ പക്ഷത്തുനിന്നുപോലും വിശ്വലേഖനത്തിനു് എതിരായി ശബ്ദമുയന്നില്ല! പരസ്യമായിട്ടു് ജനനനിയന്ത്രണത്തിനെതിരാണെങ്കിലും, രഹസ്യമായി നിയന്ത്രണോപാധികൾ സ്വീകരിച്ച 'ഉത്തമകത്തോലിക്കരുമുണ്ടു്. അവർ ഒച്ചപ്പാടിനൊന്നും പോയില്ല. അവർ ബുദ്ധിമാന്മാരായിരുന്നു; മനസ്സാക്ഷിയനുസരിച്ചു് പ്രവത്തിച്ചു. അവർ പോപ്പിൻെറ തീരുമാനത്തിനുപോലും കാത്തിരുന്നവരല്ല. എന്നാൽ, കേരള കത്തോലിക്കരിൽ ഭൂരിപക്ഷം പേക്കും പരസ്യമായി പറയാത്ത കുടുംബപ്രശ്നങ്ങൾ ഉണ്ടു് എന്നതു് വ്യക്തമാക്കാൻ പോരുന്നതാണു് ആലുവാ സെമിനാറിനു മുമ്പയച്ച പ്രശ്നാവലിക്കു കിട്ടിയ ഉത്തരങ്ങൾ. *

ഉത്തരമയച്ചവരുടെ പ്രത്യേക പരിതോവസ്ഥകളും കൂടി മനസ്സിലാക്കിയിട്ടുവേണം അവയെ പരിഗണിക്കുവാൻ. ആ കായ്യത്തിലേക്കു് കടക്കാൻ നിവൃത്തിയില്ല. എന്നാൽ, സഭാധികാരികളുടെ സത്വരശ്രദ്ധക്കു് വിഷയീഭവിക്കേണ്ടവയാണു് ആ ഗുരുതരപ്രശ്നങ്ങൾ. കുടുംബങ്ങളുടെ പ്രശ്നങ്ങളിലേക്കു് വെളിച്ചം പകരാനും, അവയ്ക്കു് പരിഹാരം നിദ്ദേശിക്കാനും പററിയ പ്രസ്ഥാനങ്ങൾ കേരളത്തിലുടനീളം സ്ഥാപിക്കേണ്ടതിൻെറ ആവശ്യകതയും അവർ ഉറക്കെപ്പറയുന്നുണ്ടു്. കുടുംബദീപം, അമ്മ, അസ്സീസ്സി തുടങ്ങിയ മാസികകളുടെ പ്രവത്തനങ്ങൾ ഇവിടെ എടുത്തുപറയേണ്ടതാണു്. എന്നാൽ, കേരളഹൈരാർക്കിയുടെ ഭാഗത്തുനിന്നു് എന്തു ചെയ്യുന്നു?

---

* സെമിനാർ ഡൈജസ്റ്റു് 1969. പേജു് 176 P. O. C. പ്രസിദ്ധീകരണം.

ആത്മഹത്യാപരമായ അലസതയുണ്ട് ഈ തലത്തിൽ! അക്ഷര ജ്ഞാനം നല്കുന്നതിൽ മുൻകയ്യെടുത്തു് പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സഭാധികാരികൾ, സെക്സിക വിഷയങ്ങൾ വികൃതമായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്ന മാസികകൾ കാണാറില്ലായിരിക്കാം. എന്നാൽ, കേരളത്തിലെവിടെയുമുള്ള 'മാടക്കടകളിലുംമററും അവ ലഭിക്കും. വളരുന്ന തലമുറ ഒളിവിൽ അവ വായിക്കുന്നുമുണ്ട്. അവരുടെയിടയിലേക്ക് കത്തോലിക്കവീക്ഷണത്തിൽ, ശാസ്ത്രീയരീതിയിൽത്തന്നെ ലൈംഗിക വിദ്യാഭ്യാസത്തിനുതകുന്നവിധത്തിൽ ചുരുക്കം ചില കൃതികൾ രചിച്ചുവിട്ടതു്. വൈദികമണ്ഡലത്തിന്റെ പ്രോത്സാഹനമോ സഹകരണമോ കൂടാതെയാണു് എന്നതും ശ്രദ്ധാൎഹമാണു്. വളരെയേറെ എഴുതിപ്പോകാവുന്നതാണു് ഈ കാൎയ്യങ്ങൾ.

## കേരള റീജിയനൽ സെമിനാർ

1969 ഡിസമ്പറിൽ കേരള റീജിയനൽ സെമിനാർ ആലുവയിൽവച്ചു് നടത്തപ്പെട്ടു. അവിടെ കുടുംബപ്രശ്നങ്ങളും ചൎച്ചക്കുവന്നു; പരാമൎശനവിധേയമായി. ചൂടേറിയ വാദപ്രതിവാദങ്ങൾ നടന്നു. വൎക്കഷോപ്പിൽനിന്നു വാൎന്നുവീണ ചില നിഗമനങ്ങൾ സെക്സ്, ജനനക്രമീകരണം എന്നിവയെക്കുറിച്ചുള്ളവ—മാത്രം എടുത്തുകാണിക്കാം.

"വൈദികരുൾപ്പെടെ കേരള കത്തോലിക്കൎക്ക് ലൈംഗികകാൎയ്യങ്ങളെ സംബന്ധിച്ചു വേണ്ട അറിവില്ല. ഇതാണു് ലൈംഗികകാൎയ്യങ്ങളെ നമ്മുടെ ആളുകൾ കുററബോധത്തോടും ലജ്ജയോടും ഭയത്തോടും ശങ്കയോടുംകൂടി വീക്ഷിക്കുന്നതിനു കാരണം. ലൈംഗികകാൎയ്യങ്ങൾ സ്വാഭാവികവും അന്തസ്സുള്ളതും സുന്ദരവും ആദരവു് അൎഹിക്കുന്നതുമാണെന്നു പഠിപ്പിക്കേണ്ടിയിരിക്കുന്നു. മററു മാനുഷികസിദ്ധിപോലെതന്നെയാണു് ഇതിന്റെ വികാസവും. അവിവാഹിതരായ അമ്മമാർ,

വ്യഭിചാരം, സ്വവർഗ്ഗഭോഗാസക്തി മുതലായ പ്രശ്നങ്ങൾ പരിഹരിക്കാൻ ലൈംഗികകാര്യങ്ങളെ സംബന്ധിച്ച വിജ്ഞാനം ആവശ്യമാണ്'''. (നിഗമനം 4)

## ശുപാർശകൾ

1. ''നമ്മുടെ സ്കൂളുകളിലെ പാഠ്യക്രമത്തിൽ ലൈംഗിക മനശ്ശാസ്ത്രം ഉൾപ്പെടുത്തണം. 2. കുടുംബക്ഷേമസർവ്വീസിനോടനുബന്ധിച്ച് ഇടവകാടിസ്ഥാനത്തിൽ ജനങ്ങൾക്ക് ലൈംഗികവിദ്യാഭ്യാസം നല്കണം. 3. ജനങ്ങളെ നയിക്കേണ്ട നമ്മുടെ വൈദികർക്കും കന്യാസ്ത്രീകൾക്കും ലൈംഗിക ശിക്ഷണം വളരെ അത്യാവശ്യമാണ്'''.

''ജനസംഖ്യാവർദ്ധനവ് ഇന്ത്യക്ക് ആശങ്കയുണ്ടാക്കുന്നുവെന്ന് വർക്കഷോപ്പിലെ എല്ലാവരും സമ്മതിച്ചു. കുടുംബത്തിന്റെ അംഗസംഖ്യക്ക് പരിധികല്പിക്കേണ്ട ക്രൈസ്തവമായ ഉത്തരവാദിത്തത്തെപ്പററി വിവാഹിതരെ ബോധ്യപ്പെടുത്തണം. സമൂഹത്തോടു ചെയ്യാവുന്ന ഒരു സേവനമാണ് അതു്. എന്നാൽ, ഇതിൽ സഭയുടെ പ്രബോധനങ്ങൾക്ക് വേണ്ട പരിഗണകൊടുക്കേണ്ടതാണ്. (നിഗമനം 5)

## ശുപാർശകൾ

1. ജനസംഖ്യയോടുള്ള നമ്മുടെ സമീപനം അസന്നിഗ്ദ്ധമായിരിക്കണം. ജനസംഖ്യ നിയന്ത്രിക്കുന്നതിനു സാന്മാർഗ്ഗികമായി അംഗീകൃതമായ ഉപാധികളെ ഉപയോഗിക്കാവൂ എന്നു നാം ഊന്നിപ്പറയുന്നുണ്ട്. പക്ഷേ, അത്രയും ഊന്നൽ ജനസംഖ്യാവർദ്ധനവു തടയണമെന്നതിനു നൽകുന്നില്ല. അതാണ് സഭ ജനസംഖ്യാപെരുപ്പത്തെ അനുകൂലിക്കുന്നുവെന്ന ധാരണ ജനങ്ങളിൽ ദൃഢമൂലമാക്കിയിട്ടുള്ളതു്. 2. ജനങ്ങളെ ദൈവശാസ്ത്രചിന്തയുടെ പുരോഗതിയെപ്പററി ബോധവാന്മാരാക്കിക്കൊണ്ടിരിക്കാൻ കേരളത്തിലെ പ്രസിദ്ധീകരണങ്ങൾക്ക് ചുമതലയുണ്ടെന്ന് ഒരുവിഭാഗം അഭിപ്രായപ്പെട്ടു.

അതുപോലെ, 'മനുഷ്യജീവൻ' എന്ന ചാക്രികലേഖനത്തെ സംബന്ധിച്ചുള്ള വിവിധ പ്രതികരണങ്ങൾ ജനങ്ങളെ അറിയിക്കണം. എന്നാൽ, ഇങ്ങനെ ചെയ്യുന്നതുമൂലം ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാകുമെന്നും സന്മാർഗ്ഗികജീവിതം താറുമാറാകുമെന്നുമാണു് മറെറാരുവിഭാഗം അഭിപ്രായപ്പെട്ടതു്.

സന്മാർഗ്ഗികകാര്യങ്ങളിൽ പക്വതയും പ്രബുദ്ധതയുമുള്ള മനസ്സാക്ഷിയാണു് മാനദണ്ഡമെന്നുള്ള സഭയുടെ തത്വം കുടുംബാസൂത്രണത്തിൻെറ കാര്യത്തിലും അംഗീകരിക്കണമെന്നു് വർക്കുഷോപ്പിലെ രണ്ടുപേർ അഭിപ്രായപ്പെട്ടു". (സെ. ഡൈജസ്റ്റ്. പേജ് 138, 39)

ഈ നിഗമനങ്ങളെക്കുറിച്ചു പൊതുസമ്മേളനത്തിൽ ചർച്ചകൾ നടന്നു. വിശ്വലേഖനമായിരുന്നു മിക്കവരുടെയും വിമർശനവിഷയം. വിശ്വലേഖനം ലോകത്തിൻെറ വിവിധഭാഗങ്ങളിൽ അഴിച്ചുവിട്ട വാദപ്രതിവാദങ്ങളും പഠനങ്ങളും നിഗമനങ്ങളും എന്തൊക്കെയെന്നു് വ്യക്തമായി അറിഞ്ഞിരുന്ന ശ്രീ. പി. ററി. ചാക്കോ എം. എ. തനിക്കു കിട്ടിയ ഹ്രസ്വസമയത്തിനുള്ളിൽ കുറെ കാര്യങ്ങൾ പറഞ്ഞു. അതിനുശേഷം ഫാദർ കാപ്പൻ തൻെറ അഭിപ്രായം രേഖപ്പെടുത്തി. അവരുടെ വീക്ഷണത്തെ പിന്താങ്ങി സംസാരിച്ചവരിൽ ഭൂരിപക്ഷവും. അവരുടെ അഭിപ്രായം പഠനാർഹമാണു്.

"ഹ്യൂമാനെ വീത്തെ' എന്ന ചാക്രികലേഖനത്തിൻെറ പ്രബോധനാധികാരത്തോടു് സഭാധികാരികളുടെ അന്തിമതീരുമാനങ്ങൾക്കും തിരുത്തലുകൾക്കും വിധേയമായി ഇരുപതു കാരണങ്ങളാൽ വ്യക്തിപരമായി ഞാൻ (പി.ററി. ചാക്കോ) വിയോജിക്കുകയാണു്. 1. വേദപുസ്തകത്തിലോ പാരമ്പര്യത്തിലോ സഭാപിതാക്കന്മാരുടെ പഠനങ്ങളിലോ അധിഷ്ഠിതമല്ല ഈ പ്രബോധനം. 2. ആവിഷ്കരണത്തിൻെറ വെളിച്ച

ത്തിലാണ് ഈ നിഗമനം താൻ സ്വീകരിച്ചിരിക്കുന്നതെന്നുള്ള പരിശുദ്ധപിതാവിൻെറ നിലപാടിനു് പ്രസ്തുത ചാക്രികലേഖനത്തിൽ തെളിവുകളൊന്നും നല്കിയിട്ടില്ല. 3. ഇതു് പ്രകൃതിനിയമത്തിൽ അധിഷ്ഠിതമായ പഠനമാണെന്നു മാർപാപ്പ അവകാശപ്പെടുന്നു. എന്നാൽ, പ്രകൃതിനിയമത്തിൻെറ ഉള്ളടക്കത്തെയൊ സ്വഭാവത്തെയൊ പററി സഭയും ദൈവശാസ്ത്രജ്ഞന്മാരും ഇന്നുവരെ വ്യക്തമായ ധാരണയിലെത്തിയിട്ടില്ല. പ്രകൃതിനിയമത്തെപ്പററിയുള്ള മാർപ്പാപ്പയുടെ ധാരണ പഴയ സ്റ്റോയിക്ക് ചിന്തയിലും റോമൻനിയമത്തിലും അധിഷ്ഠിതവും രൂപമാത്രപരവും ജീവശാസ്ത്രപരവും നൈയാമികവും നിശ്ചലപ്രകൃതിമാത്രം കണക്കിലെടുക്കുന്നതും പാദാർത്ഥികവും ശാരീരികവുമാണു്. അതു മനുഷ്യയാഥാർത്ഥ്യത്തിൻെറയും സെക്സിൻെറയും പുരുഷാത്മകവും ചലനാത്മകവും പ്രകാശനപരവും ദാർശനികവുമായ വശങ്ങളെ അവഗണിക്കുന്നു. 4. പ്രകൃതിനിയമങ്ങൾ ആവിഷ്കരണത്തിൻെറ സഹായം കൂടാതെ മനുഷ്യബുദ്ധിയുടെ അന്വേഷണങ്ങളിലൂടെ മാത്രം കണ്ടുപിടിക്കാവുന്നവയാണു്. പക്ഷെ, കത്തോലിക്കരുൾപ്പെടെ ലോകത്തിലെ ഭൂരിപക്ഷം ആളുകൾക്കും ഇതുവരെ പിടികിട്ടാത്ത ഒരു പ്രകൃതിനിയമത്തിൻെറ പേരിലാണു് ഈ ചാക്രികലേഖനത്തിൻെറ പ്രബോധനം. 5. വത്തിക്കാൻ കൗൺസിലിൽ വിദഗ്ദ്ധന്മാരായി സേവനം അനുഷ്ഠിച്ച ദൈവശാസ്ത്രജ്ഞന്മാരിൽ പലരും മാർപ്പാപ്പ നിയമിച്ച ജനനനിയന്ത്രണകമ്മീഷനിലെ ഭൂരിപക്ഷം അംഗങ്ങളും ഈ ചാക്രികലേഖനത്തിൻെറ ഔദ്യോഗികപഠനത്തോടു വിയോജിക്കുന്നു. ഷില്ലബെക്സു്, റാനർ, ഹാൻസ്ക്യൂംഗ്, ഹെയറിംഗ്, ബോം, നോവാക്കു്, മക്കൻ, മാർഷൽ തുടങ്ങിയ പ്രശസ്തരായ അറുന്നൂറോളം സഭാപണ്ഡിതന്മാരും ദൈവശാസ്ത്രജ്ഞന്മാരും ഈ ചാക്രികലേഖനത്തിൻെറ പഠനങ്ങളോടു് വിയോജിപ്പു് രേഖപ്പെടുത്തിയിട്ടുണ്ടു്. കൂടാതെ, ആസ്ത്രിയ, ജർമ്മനി, ഫ്രാൻസു്, ഹോളണ്ടു്

തുടങ്ങിയ അനേകം രാജ്യങ്ങളിലെ വൈദികമേലധ്യക്ഷന്മാ
തം കത്തോലിക്ക അൽമായരുടെയും ഭിഷഗ്വരന്മാരുടെയും
സംഘടനകളും ഈ പഠനത്തോടുവിയോജിക്കുന്നു. 6. സമ്മ
ർദ്ദമുറകളുപയോഗിച്ച് കത്തോലിക്കസഭയുടെ ഒരു പഠനം നട
പ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളതിന്റെ പ്രത്യക്ഷോദാഹരണമാണ്
ഈ ചാക്രികലേഖനം പുറപ്പെടുവിച്ചതിനുശേഷമുള്ള വത്തി
ക്കാൻ പ്രവത്തനങ്ങൾ. ഒസ്സർവത്തോരോ റൊമാനോയിലെ
ലേഖനങ്ങളും സന്യാസസഭകളുടെ ശ്രേഷ്ഠന്മാർ, വൈദികർ,
രാഷ്ട്രീയാധികാരികൾ തുടങ്ങിയവരുടെമേൽ സഭാധികാരി
കൾ നടത്തിയ സമ്മർദ്ദങ്ങളും പരക്കെ അറിയപ്പെട്ടിട്ടുള്ളവയാ
ണ്. ആവിഷ്കൃതമോ സ്വാഭാവികമോ ആയ ഒരു നിയമം
നടപ്പിലാക്കുവാൻ ഈ ടെക്നിക്കുകൾ വേണമോ? 7. ലോക
ത്തിലെ മെത്രാന്മാർ, കർദ്ദിനാൾമാർ, ദൈവശാസ്ത്രജ്ഞന്മാർ
തുടങ്ങിയവരോടു പൊതുവിൽ ആലോചിക്കാതെ കൂരിയായി
ലെ ചുരുക്കം ചില ഉദ്യോഗസ്ഥന്മാരുടെ ഇംഗിതങ്ങൾക്കു വ
ഴങ്ങിയാണ് പരിശുദ്ധ പിതാവ് ഈ ചാക്രികലേഖനം പ്ര
സിദ്ധീകരിച്ചിട്ടുള്ളതു്. മെത്രാന്മാരുടെ കൂട്ടുത്തരവാദിത്തം,
എക്യുമെനിസം തുടങ്ങിയ തത്വങ്ങൾക്കെതിരാണ് ഈ നട
പടി. 8. വത്തിക്കാൻ കൗൺസിലിന്റെ ചച്ചകളിൽനിന്നു്
ഈ വിഷയം മാററിക്കളഞ്ഞതു് ശരിയായില്ല. 9. ഈ ചാക്രി
കലേഖനം പേപ്പൽ അധികാരത്തിന്റെ സ്വേച്ഛാനുസൃതമാ
യ ഒരു പ്രയോഗമാണ്. സഭയെ ഭരിക്കുന്നവർ തങ്ങളുടെ
അധികാരവിനിയോഗങ്ങളെയെല്ലാം നീതീകരിക്കുവാൻ പരി
ശുദ്ധാത്മാവിന്റെ സഹായം അവകാശപ്പെടുന്നതു് ശരിയല്ല.
പരിശുദ്ധാത്മാവിന്റെ സഹായം ആരുടെയും കുത്തകാവകാശ
മല്ല. 10. ഇതു് അപ്രമാദമായ ഒരു പഠനമല്ലെങ്കിലും ഔദ്യോ
ഗികമായ ഒരു പഠനമാണെന്നത്രെ അധികാരികൾ അവകാശ
പ്പെടുന്നതു്. സാഹചര്യങ്ങളുടെയും നൂതനങ്ങളായ സംഭവ
വികാസങ്ങളുടെയും വെളിച്ചത്തിൽ സഭയുടെ ഔദ്യോഗികപ

ഠനങ്ങൾപോലും പുനഃപരിശോധനയ്ക്കും പരിഷ്കരണത്തിനും വിധേയമായിട്ടുണ്ട്. (പലിശ സംബന്ധിച്ച സഭാപഠനം ഒരു ഉദാഹരണം മാത്രമാണ്). 11. അവിവാഹിതരായ ഒരു കൂട്ടം അധികാരികളും ദൈവശാസ്ത്രജ്ഞന്മാരും സ്വന്തമുറികളിലിരുന്നു പുസ്തകങ്ങളിൽ നോക്കി വിവാഹിതർക്കുവേണ്ടി നിയമനിർമ്മാണം ചെയ്യുന്ന വ്യവസ്ഥിതി മാറിയേ പററൂ. 12 ഈ ചാക്രികലേഖനത്തിൻെറ ഉൽബോധനം പാശ്ചാത്യരാജ്യങ്ങളിലെ ഭൂരിപക്ഷം കത്തോലിക്കരും അനുസരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നില്ലെന്നാണ് ഐ. ഡി. ഒ. സി. തുടങ്ങിയ സംഘനേതാക്കളുടെ ഔദ്യോഗികാന്വേഷണങ്ങളിൽനിന്നു വെളിവാകുന്നതു്. 13. ക്രൈസ്തവൻെറ മനസ്സാക്ഷി സഭയുടെ പഠനങ്ങളുടെ വെളിച്ചത്തിലാണ് രൂപീകരിക്കപ്പെടേണ്ടതു്. എന്നാൽ, ഇത്രമാത്രം അഭിപ്രായവ്യത്യാസമുള്ള ഒരു പഠനം ആധാരമാക്കിമാത്രം കത്തോലിക്കർ തങ്ങളുടെ മനസ്സാക്ഷി രൂപീകരിച്ചുകൊള്ളണമെന്നില്ല. ജനനനിയന്ത്രണോപാധികളുടെ കാര്യത്തിൽ കത്തോലിക്കർക്കുള്ള മനസ്സാക്ഷി സ്വാതന്ത്ര്യത്തെ ആസ്ത്രിയ തുടങ്ങിയ രാജ്യങ്ങളിലെ മെത്രാന്മാർ അംഗീകരിക്കുന്നുണ്ട്. 14. സുരക്ഷിതകാലം അടിസ്ഥാനമാക്കിയുള്ള ജനനനിയന്ത്രണം അപ്രായോഗികവും അവിശ്വസനീയവും ആശ്രയിക്കാൻ കൊള്ളാത്തതുമാണ്. മാത്രമല്ല, അതു് ഭാര്യാഭർത്താക്കന്മാരുടെ സ്വച്ഛന്ദമായ സ്നേഹപ്രകടനത്തെ പഞ്ചാംഗത്തിലെ തീയതികൾവച്ചു ക്രമീകരിക്കുന്നതിനാൽ കൃത്രിമവുമാണ്. 15. സുരക്ഷിതകാലം ശാസ്ത്രീയമായ പൂർണ്ണതയോടുകൂടി നടപ്പിലാക്കപ്പെടുന്നപക്ഷം ഇതര കൃത്രിമോപാധികൾപോലെ തന്നെ അതും വിവാഹിതർ തമ്മിലുള്ള അവിശ്വസ്തതക്ക് കാരണമാകാവുന്നതാണ്. 16. സുരക്ഷിതകാലം സമയത്തെയും കൃത്രിമോപാധികൾ ഉപകരണങ്ങളെയും ആശ്രയിക്കുന്നുവെന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. കാലം എന്നഉപാധി സ്വീകാര്യമാണെങ്കിൽ ഉപകരണങ്ങളുടെ

അസ്വീകാര്യത എന്തിലാണടങ്ങിയിരിക്കുന്നതു്? കൃത്രിമോപകരണങ്ങൾ പാപകരങ്ങളാണെങ്കിൽ ആധുനിക സാങ്കേതികവിജ്ഞാനത്തിൻെറ മണ്ഡലം മുഴുവൻ നമുക്കു് നിഷിദ്ധമായിരിക്കുകയില്ലേ? സാധാരണ ക്രൈസ്തവരിൽനിന്നു വീരോചിതമായ ത്യാഗം ആവശ്യപ്പെടുന്ന ഈ പ്രബോധനം അതിമനോഹരവും സുന്ദരവും ഗംഭീരവുമാണു്. പക്ഷേ, ഇതു പ്രായോഗികമാക്കുവാൻ സാധാരണക്കാരെ നിർബ്ബന്ധിക്കുന്നതു് ശരിയല്ല. (ശ്രീ. പി. ററി. ചാക്കോ, സമയം തീന്നതിനാൽ പ്രസംഗം നിത്തി.)

"ഹുമാനെ വീത്തെ' എന്ന ചാക്രികലേഖനം അപ്രമാദിതവുമുള്ളതല്ല. സാധാരണ പ്രബോധനാധികാരത്തിലുള്ള ഒരു പഠനമാണു്. പിന്നീടു് ഇതു പരിഷ്കരിച്ചേക്കാം. മാറിപ്പോയെന്നും വരാം. അങ്ങനെയുള്ള ഒന്നിനെ അപ്രമാദതവുമുള്ളതായും സ്വതന്ത്രചച്ചയുടെ പരിധിക്കു് അപ്പുറത്തുള്ളതായും ചിത്രീകരിക്കുന്നതു് ശരിയല്ല. ഈ രേഖ നമ്മുടെ മനസ്സാക്ഷിരൂപീകരണത്തിനുള്ള ആധാരമായി സ്വീകരിച്ചാൽ മതി. അതിനെ നാം സ്വാഗതം ചെയ്യണം. പഠിക്കണം. ചച്ച ചെയ്യണം. നമ്മുടെ മനസ്സാക്ഷിയനുസരിച്ചു് അതിനോടു യോജിക്കാൻ നിവൃത്തിയില്ലെങ്കിൽ സഭാധികാരത്തോടു അനാദരവുപ്രകടിപ്പിക്കാതെ നമ്മുടെ മനസ്സാക്ഷിക്കനുസരിച്ചു് പ്രവത്തിച്ചാൽ മതി. സഭയിലെ പല ഹൈരാക്കികളും ഈ നിലപാടാണു് സ്വീകരിച്ചിട്ടുള്ളതു്". (ഫാ. കാപ്പൻ)

ശ്രീമാന്മാരായ ജോജ്ജു് കളപ്പുരക്കൽ, എബ്രഹാം ചാത്തപ്പുറമ്പിൽ, ജോസു് ആൻറണി, ഫാ. വടക്കൻ തുടങ്ങിയവർ ഫാ. കാപ്പൻെറ അഭിപ്രായത്തോടു യോജിച്ചു. ഫാ. ബർനാർഡു് ശ്രീ. പി. ററി. ചാക്കോ പറഞ്ഞതിനോടു് യോജിപ്പോ വിയോജിപ്പോ പ്രകടിപ്പിക്കുന്നില്ല. എന്നാൽ, അക്കാര്യം പരിഗണിക്കണമെന്നു് അഭ്യത്ഥിച്ചു.

(സെ. ഡൈജസ്റ്റു്. പേജു് 140–44)

ആലുവസെമിനാറിൽ ഇങ്ങനെയൊക്കെ ചർച്ചകൾ ഉണ്ടായിയെങ്കിലും, അക്കാര്യങ്ങളൊന്നും കേരളജനത അറിഞ്ഞതായി തോന്നുന്നില്ല. കേരള ഹൈരാർക്കി യാതൊരു മാർഗ്ഗനിർദ്ദേശത്തിനും തയ്യാറായുമില്ല. കാരണം ജനപ്പെരുപ്പം ഒരു പ്രശ്നമായിപ്പോലും അവരംഗീകരിക്കയില്ല. അവരുടെ നിലപാട് ഫാ. സി. എ. അബ്രഹാമിൻേറതുപോലെയായിരുന്നു. "ദൈവം ചരിത്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നു പഴയനിയമം പറയുന്നു. കോഴിക്കുഞ്ഞുങ്ങളുടെ പുറത്തു് പിടക്കോഴി ഇരുന്നു് സംരക്ഷിക്കുന്നതുപോലെ ദൈവം സൃഷ്ടികളെ പരിരക്ഷിക്കുന്നുവെന്നു് ഉല്പത്തിപ്പുസ്തകത്തിൽ പറയുന്നുണ്ടു്. അങ്ങനെയെങ്കിൽ നാം എന്തിനു ഭയപ്പെടുന്നു? ഭയവും ശങ്കയുമെല്ലാം ക്രിസ്തീയവിശ്വാസം, ശരണം, സ്നേഹം എന്നിവയ്ക്കു് എതിരാണെന്നാണു് എനിക്കു തോന്നുന്നതു്. എന്തു കഴിക്കണമെന്നോ എന്തു ധരിക്കണമെന്നോ ഓർത്തുഭയപ്പെടേണ്ടെന്നു് ഗിരിപ്രഭാഷണത്തിൽ ക്രിസ്തു പറയുന്നു. സ്വർഗ്ഗരാജ്യത്തിലെ നീതിയാണു് നമുക്കു് ആവശ്യമായിട്ടുള്ളതു്. ഏഷ്യയിൽ ദാരിദ്ര്യമുണ്ടു്. അമേരിക്കയിലും യൂറോപ്പിലും സമൃദ്ധിയും. ധനം തുല്യമായി വിതരണം ചെയ്യണം. നമ്മുടെ സാഹചര്യങ്ങളുടെ പ്രേരണകൊണ്ടാണു് മററുതരത്തിൽ നാം ചിന്തിച്ചുപോകുന്നതു്" (ibid 8 പ. 144–45)! അയൽ പക്കത്തു് മീൻവരക്കുന്ന മണമേററു് വെള്ളമിറക്കിയാൽ വയറു നിറയുമോ? ദന്തഗോപുരങ്ങളിലിരുന്നു കണക്കുകൂട്ടുന്നതുകൊണ്ടാണു് തകരാറു് എന്നതു് അദ്ദേഹം സമ്മതിക്കുകയില്ലല്ലോ.

## അഖിലേന്ത്യാ സെമിനാർ

കേരളത്തിലെ മെത്രാന്മാർ ക്രിയാത്മകമായിട്ടു് ഒന്നും പറഞ്ഞില്ല. എന്നാൽ, അഖിലേന്ത്യാസെമിനാറിനുശേഷമെന്തെങ്കിലും മാർഗ്ഗനിർദ്ദേശം നല്കുമെന്നു കരുതി. വിശ്വലേഖനത്തെക്കുറിച്ചു് സെമിനാറിൽ കാര്യമായ പഠനചർച്ചകൾ നട

റിഥം അത്ര പ്രായോഗികമല്ല എന്നു് വ്യക്തമാക്കപ്പെട്ടു. ഗർഭധാരണം ആഗ്രഹിക്കാത്ത സാഹചര്യത്തിൽ ഗർഭഭയം കൂടാതെ ദാമ്പത്യപ്രേമപ്രകടനത്തിൽ ഏർപ്പെടാൻ സാധിക്കുന്നില്ല. ഗർഭഭയം സ്ത്രീയിൽ മാനസികവും ശാരീരികവുമായ സംഘർഷത്തിനു് (Tension) ഇടനല്കുകയും കുടുംബജീവിതത്തെ അലങ്കോലപ്പെടുത്തുകയും ചെയ്യുമെന്നു് സ്പഷ്ടമായി പറഞ്ഞു. പ്രശ്നത്തിന്റെ സങ്കീർണ്ണതകളെ കണക്കിലെടുത്തുകൊണ്ടു് കൂടുതൽ പ്രായോഗികവും ഫലപ്രദവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കണമെന്നു് മെത്രാന്മാരോടു് സെമിനാർ ആവശ്യപ്പെടുകയുണ്ടായി. * ഈ താല്പര്യത്തെ പരിഗണിച്ചുകൊണ്ടു് മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ ചില തയ്യാറെടുപ്പുകൾ മെത്രാന്മാർ നടത്തി. പിന്നീടു് അതു വേണ്ടെന്നു തീരുമാനിച്ചതായിട്ടാണു് അറിയുവാൻ കഴിഞ്ഞതു്. അതിനു് ഇടനല്കിയ ഒരു കാരണം താഴെ പറയുന്നതായിരിക്കുമോ? കൃത്രിമനിയന്ത്രണോപാധികൾ സ്വീകരിക്കുന്നവർ കൂദാശക്കു് അണയുവാൻ മടികാണിക്കരുതു് എന്നൊരു പ്രസ്താവമുണ്ടായിരുന്നു. കൂദാശ ഏതാണു്? കുമ്പസാരമാണെങ്കിൽ കൂദാശയ്ക്കു് അണയണമെന്നു് പറയുന്നതിൽ അർത്ഥമില്ല. കാരണം, പാപം ചെയ്താൽ കുമ്പസാരിക്കണമെന്നു് ഏതു് കത്തോലിക്കനുമറിയാം. അതുകൊണ്ടു് കൂദാശ എന്നുവച്ചാൽ കുമ്പസാരമാണെങ്കിൽ അതെടുത്തുപറയേണ്ട ആവശ്യമില്ല. കൂദാശ എന്നാൽ ദിവ്യകാരുണ്യസ്വീകരണം എന്നാണോ വിവക്ഷ? എങ്കിൽ, കൃത്രിമനിയന്ത്രണോപാധികൾ മാരകപാപമല്ല എന്നു് വ്യക്തം. അങ്ങനെയെങ്കിൽ, കൂദാശ എന്നുപറഞ്ഞു് അസന്ദിഗ്ദ്ധാവസ്ഥ ഉണ്ടാക്കുന്നതു് തെററാണു്. വ്യക്തമായി പറയൂ, കൃത്രിമനിയന്ത്രണോപാധികൾ ഉപയോഗിക്കുന്നവർ ദിവ്യകാരുണ്യസ്വീകരണത്തിനണയുന്നതിനു് വിമുഖത കാണിക്കരുതു് എന്നു്. എന്തിനു

★ All India Seminar
Church In India Today. P. 392-96

പറയുന്നു, മെത്രാന്മാർക്കു് അതിനുള്ള ധൈര്യമുണ്ടായില്ല! പല രാജ്യങ്ങളിലെയും മെത്രാന്മാർ നല്കിയ മാർഗ്ഗനിർദ്ദേശങ്ങൾ വായനക്കാരുടെ മനസ്സിലുള്ളതുകൊണ്ടു് കൂടുതൽ വിസ്തരിക്കുന്നില്ല.

## എന്താണു് കരണീയം?

ചാക്രികലേഖനം പ്രസിദ്ധീകൃതമായപ്പോൾ കേരളത്തിലെ മെത്രാന്മാർ പോപ്പിനു് അഭിനന്ദനസന്ദേശം അയച്ചു. അഖിലകേരളകത്തോലിക്കാ കോൺഗ്രസിൻെറ പ്രസിഡണ്ടായിരുന്ന ശ്രീ. വിതയത്തിലും ആദരവറിയിച്ചു. ദമ്പതികൾക്കു് പ്രായോഗികനിർദ്ദേശങ്ങളൊന്നും മെത്രാന്മാർ നല്കിയില്ല. ആലുവ സെമിനാറിൽ ശ്രീ. പി. ററി. ചാക്കോയും മററും പറഞ്ഞ കാര്യങ്ങൾ നാം കണ്ടു. അഖിലേന്ത്യാസെമിനാറിലും ക്രിയാത്മകമായിട്ടൊന്നും മുളച്ചില്ല. അഖിലേന്ത്യ മെത്രാന്മാരുടെ ഇടയലേഖനമൊന്നും അക്കാര്യത്തിൽ പ്രസിദ്ധീകൃതമായില്ല. ദമ്പതികളുടെ പ്രശ്നങ്ങളെക്കുറിച്ചു് വേണ്ടത്ര ബോധം അധികാരതലത്തിനുണ്ടായില്ല. കൃത്രിമജനനനിയന്ത്രണോപാധികൾ കത്തോലിക്കർക്കു് നിഷിദ്ധമാണെന്നു് പ്രസ്താവിച്ചുകൊണ്ടു് മെത്രാന്മാർ ദന്തഗോപുരങ്ങളിൽ സുരക്ഷിതഭാവത്തോടെ കഴിയുന്നു. ദമ്പതികൾക്കു് വഴികാട്ടാൻ ആരും തയ്യാറായില്ല. സഭയംഗീകരിക്കുന്ന 'റിഥം' ജനങ്ങൾക്കു് വിശദീകരിച്ചുകൊടുക്കാൻ ക്ലിനിക്കുകളൊന്നും ഉദയംചെയ്തില്ല. അതിനായി ആഹ്വാനമുയന്നില്ല. ജനങ്ങൾ മനസ്സാക്ഷിയനുസരിച്ചു് പ്രവത്തിച്ചുകൊള്ളട്ടെ എന്നതായിരുന്നോ ഈ നിശ്ശബ്ദതയുടെ ധ്വനി? വിശ്വലേഖനത്തിനു വിരുദ്ധമായ നിലപാടു സ്വീകരിച്ചാൽ റോമിൽ അതൃപ്തിയുണ്ടാകുമെന്നു ഭയപ്പെട്ടുവോ? സൈക്ഷികപ്രശ്നങ്ങളെക്കുറിച്ചു് എന്തെങ്കിലും പറയുക ബ്രഹ്മചാരികളുടെ ജ്ഞാനപരിധിക്കു് പുറത്താണെന്ന ഉറച്ച വിശ്വാസം കൊണ്ടാണോ? എന്തെങ്കിലുമാകട്ടെ, ആടുകളുടെ അ

സ്വസ്ഥതയും ബുദ്ധിമുട്ടും കണക്കിലെടുത്തുകൊണ്ട്, അവരുടെ സഹായത്തിന്നെത്തുന്നതിൽ, അജപാലകർ തങ്ങളുടെ ധർമ്മം മറന്നുപോയതിൽ, ആടുകൾക്കെന്തുചെയ്യാൻ കഴിയും? പക്ഷെ, എന്താണ് കരണീയം? ലോകത്തിലുള്ള മററു മെത്രാന്മാർ–നമ്മുടെ നാടിനെക്കാൾ സമ്പൽസമൃദ്ധിയിൽ കഴിയുന്ന രാജ്യങ്ങളിലെ അജപാലകർ–എന്തെന്തു മാർഗ്ഗനിർദ്ദേശങ്ങൾ നല്കി എന്നു നാം കണ്ടുകഴിഞ്ഞതാണ്. മാർപാപ്പയുടെ അധികാരത്തെ അംഗീകരിച്ചാദരിക്കുന്ന ആ കത്തോലിക്ക മെത്രാന്മാരുടെ മാർഗ്ഗനിർദ്ദേശങ്ങൾ നമുക്ക് അസ്വീകാര്യമല്ല. ആളുകൾക്ക് ആത്മനാശം വരുത്തുന്നവയായിരുന്നു അവരുടെ പ്രബോധനങ്ങൾ എങ്കിൽ, വിശ്വാസത്തിൻെറയും സന്മാർഗ്ഗത്തിൻെറയും 'സംരക്ഷകയും താക്കോൽക്കാരി'യുമായ സഭ രംഗത്തെത്തുമായിരുന്നു. അതുണ്ടായില്ല. പോപ്പ് അവരുടെ നിലപാടിനെതിരായി യാതൊന്നും പറഞ്ഞുകണ്ടില്ല. മെത്രാന്മാർ ചെയ്തതു് തെററാണെന്നു് പ്രഖ്യാപിച്ചുമില്ല. അക്കാരണത്താൽ, നാമും അവരുടെ നിർദ്ദേശങ്ങളെ അനുഗമിക്കുന്നതിൽ അപാകതയില്ല! ഈ നിഗമനം തികച്ചും ന്യായവും യുക്തവുമാണ്. അതുകൊണ്ട്, അവരുടെ പ്രബോധനമെന്തെന്നു് സിംഹാവലോകനം നടത്തി ചില നിഗമനങ്ങളിലെത്താം.

## സ്നേഹത്തിൻെറ ജീവിതം

വിവാഹജീവിതം സ്നേഹത്തിൻേറതാണ്. അതാരംഭിച്ചതു്, വേദപുസ്തകപരമായി പറഞ്ഞാൽ, ആദത്തിനു കൂട്ടുകാരിയെ കിട്ടിയ നിമിഷംമുതല്ക്കാണ്. രണ്ടു വ്യക്തികൾ തമ്മിലുള്ള പരസ്പരസ്നേഹമാണ് വിവാഹജീവിതത്തിൻെറ കാതൽ. സ്നേഹം വ്യക്തിയെ മുഴുവനായി സമർപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു; ഒന്നും പിടിച്ചുവയ്ക്കുന്നില്ല. അടിയറവയ്ക്കലാണതു്. അതുകൊണ്ടാണ്, രണ്ടു വ്യക്തികളുടെ പരസ്പരാർപ്പണം

വിവാഹത്തിൽ ഉണ്ടാകേണ്ടതു്. സ്ത്രീയും പുരുഷനും പരസ്പര സമർപ്പണത്തിലൂടെ ഒന്നാകുന്നു; അതുവഴി പരസ്പരപൂരകമായി വർത്തിക്കുന്നു. ഇവിടെ വ്യക്തിത്വത്തിൻെറ വികാസമുണ്ടു്; വളർച്ചയുണ്ടു് ഇതിനു് ഒരേയൊരു കാരണമേയുള്ളൂ—സ്നേഹം. അതിൻെറ അഭാവത്തിൽ വിവാഹജീവിതമില്ല. നിരന്തരം വളർത്തിയെടുക്കേണ്ട ഒന്നാണീസ്നേഹം. പരിപക്വതയിലേക്കു് ഈ സ്നേഹം വളരുക അനുദിനമാണു്. വൈവാഹികസ്നേഹത്തിൽ കട്ടവിള്ളലുകളുണ്ടാകാതിരിക്കാൻ ദമ്പതികൾ ശ്രദ്ധിക്കണം.

ദാമ്പത്യജീവിതത്തിലെ എല്ലാ ചെയ്തികൾക്കും അർത്ഥം നല്കുന്നതു് സ്നേഹമാണു്. പരസ്പരബഹുമാനത്തിനു് പ്രേരണ നല്കുന്നതും വേറൊന്നല്ല. വ്യക്തി 'വീഞ്ഞുഗ്ലാസ്സാ'കാതെ പരിരക്ഷിക്കുന്നതു് സ്നേഹമാണു്. 'ഞാൻ ഈ നിമിഷം മുതൽ മരണം നമ്മെ വേർപെടുത്തുംവരെ സന്തോഷത്തിലും സന്താപത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും ഒന്നിച്ചുജീവിക്കുവാൻ നിന്നെ നിയമപ്രകാരമുള്ള എൻെറ ഭാര്യയായി (ഭർത്താവായി) സ്വീകരിച്ചിരിക്കുന്നു' എന്നു് പരസ്പരം സമ്മതിച്ചേററുപറയുവാൻ ദമ്പതികളെ പ്രേരിപ്പിക്കുന്നതും ഈ പ്രേമമാണു്. കാമുകനും കാമിനിയും പരസ്പരം നിത്യമായി പ്രേമിക്കുന്നു എന്നാണു് പറയുക. അല്ലാതെ ആറുമാസത്തേക്കു് അഞ്ചുകൊല്ലത്തേക്കു് എന്നല്ല. അങ്ങനെയാണെങ്കിൽ, അതു് യഥാർത്ഥസ്നേഹമല്ല. സ്വാർത്ഥത്തിനിവിടെ സ്ഥാനമില്ല. അതുണ്ടായാൽ, വിവാഹജീവിതം തകർന്നു; സ്നേഹം അപ്രത്യക്ഷമായി. ഓരോ വ്യക്തിയും ഇതര വ്യക്തിയുടെ നന്മയിൽ ആനന്ദംകൊള്ളുന്നു. സംയോഗവും അതിനോടനുബന്ധിച്ച ഇതരപ്രേമപ്രകടനങ്ങളും സ്നേഹത്തിൻെറ ഉദാത്തപ്രകടനമാണു്. ഇവിടെ ത്യാഗത്തിനു സ്ഥാനമുണ്ടു്. ദാമ്പത്യപ്രേമപ്രകടനത്തിനു് ഏതെങ്കിലുമൊരു വ്യ

ക്തിക്ക് സാധിക്കാത്ത അവസരത്തിൽ, അതിനു നിർബന്ധി ക്കപ്പെടുക സ്വാർത്ഥമാണ്; തിന്മയാണ്; പാപമാണ്. കുടി ച്ച് ലക്കില്ലാതെയും മററും ഭാര്യയെ ഉപയോഗിക്കുന്നവർ ഭാര്യ യെ സ്വാർത്ഥത്തിനു ബലികഴിക്കുന്നവർ, അവളെ 'വീഞ്ഞു ഗ്ലാസ്സാ'ക്കുന്നവർ വിവാഹജീവിതത്തിലെ പാപികളാണ്. പക്ഷേ, അതു പാപമായി അവർ ഗണിക്കുന്നില്ല. കാരണം, അങ്ങനെയൊരു പ്രബോധനമോ കാഴ്ചപ്പാടോ ദമ്പതികൾക്കു ലഭിച്ചിട്ടില്ല. സ്നേഹത്തിൻെറ പരസ്പരാശ്ലേഷമില്ലാത്തിടത്ത് സ്നേഹവിരുദ്ധതയാണ് ജനിക്കുന്നതു്. വിവാഹജീവിതത്തി ലെ എല്ലാ ചെയ്തികളും സ്നേഹമുദ്രിതമായിരിക്കണം. ഭാര്യ കൂടി ജോലിക്ക് പോകണമോ, ഏതെങ്കിലും സാധനങ്ങൾ വേണമെന്നോ വേണ്ടെന്നോ വയ്ക്കണമോ എല്ലാററിലും സ്നേ ഹതീരുമാനമുണ്ടാകണം. കാരണം, എല്ലാ തീരുമാനങ്ങളു ടെയും മൗലികാടിസ്ഥാനം സ്നേഹമാണ്; സ്നേഹമായിരി ക്കണം.

ഒരു സുപ്രധാനതീരുമാനമാണ് സന്താനോല്പാദനം. ഇ വിടെയും സ്നേഹമാണ് പ്രചോദനം നല്കേണ്ടതു്. പ്രേമം മാംസംധരിച്ച് തങ്ങളുടെ ഭൗതികാസ്തിത്വം തുടന്നുകൊണ്ടു പോകുന്നതിനു ദമ്പതികൾ ആഗ്രഹിക്കുന്നു. ഭർത്താവിൻെറ അസ്തിത്വം പുത്രനിലൂടെ തുടരുന്നതു് ഭാര്യയും, ഭാര്യയുടേതു് പുത്രിയിലൂടെ തുടരുന്നതു് ഭർത്താവും കാണുന്നു. ദാമ്പത്യപ്രേമം ഫലദായകമെന്നു പറയുമ്പോൾ ഇതാണ് അർത്ഥമാക്കുന്നതു്. ഓരോ ശിശുവിനും അസ്തിത്വം നല്കേണ്ടതു് ബോധപൂർവ്വമാ ണ്. ശിശു ആവശ്യമില്ലാത്തപ്പോൾ വന്നവനാകരുതു്. അ വൻ സ്നേഹനിശ്ചയത്തിൽനിന്നു് രൂപംകൊണ്ടവനാക ണം. ശിശുവിനു് അസ്തിത്വം നല്കാൻ പ്രേരിപ്പിക്കുന്നതു് സ്നേഹമാണ്. തങ്ങളുടെ സാമ്പത്തികഭദ്രത അനുവദിക്കാ ത്തപ്പോൾ, മനുഷ്യോചിതമായവിധത്തിൽ ശിശുവിനെ വള ത്താൻ സാധിക്കാത്ത പരിതോവസ്ഥയിൽ തങ്ങളുടെ അസ്തി

ത്വം ദുർഭഗമായ രീതിയിൽ തുടരാതിരിക്കുന്നതിനുള്ള തീരുമാനമെടുക്കുവാൻ ദമ്പതികളെ പ്രേരിപ്പിക്കുന്നതും സ്നേഹമാണു്. തങ്ങൾക്കും രാഷ്ട്രത്തിനും ഭാരമാകത്തക്കവിധം ഉല്പാദനം വേണ്ടെന്നു നിശ്ചയിക്കുന്നതും സ്നേഹധാരയാണു്. ഉത്തരവാദിത്വപിതൃത്വം ഉരുത്തിരിയുന്നതു് സ്നേഹത്തിൽനിന്നു തന്നെ. ഭാര്യയുടെ ആരോഗ്യസ്ഥിതിയെ കണക്കിലെടുത്തുകൊണ്ടു് പ്രവർത്തിക്കുന്നതും സ്നേഹത്തിന്റെ നിർബന്ധമാണു്. നിയമങ്ങളും ചട്ടങ്ങളും ഈ സ്നേഹത്തിനു് അധീനമാണു്. വ്യക്തിക്കാണു് പ്രാധാന്യം; നിയമത്തിനല്ല. സാബത്തു് മനുഷ്യനുവേണ്ടിയാണു്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല. നിയമം മനുഷ്യനുവേണ്ടിയാണു്; മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല. സ്നേഹപൂർവ്വകമായ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യവും കഴിവും മനുഷ്യനു ദൈവം നല്കിയിരിക്കുന്നതിന്റെ ലക്ഷ്യം വേറൊന്നാകാൻ വഴിയില്ല. ധാർമ്മികതലത്തിൽ, മനസ്സാക്ഷിയുടെ മണ്ഡലത്തിൽ അവശ്യം അംഗീകരിക്കേണ്ട ഒന്നാണു്, സ്നേഹപ്രമാണത്തിന്റെ സർവ്വാതിശായിത്വം. സ്വാതന്ത്ര്യവ്യക്തിയുടെ വളർച്ചക്കും വികാസത്തിനും ജീവിതലക്ഷ്യസിദ്ധിക്കും വേണ്ടി അവനെ നയിക്കുന്നതു് ഈ സ്നേഹമാണു്. പ്രകൃതിനിയമംപോലും മനുഷ്യവ്യക്തിയുടെ വികസ്വരതക്കുവേണ്ടി അധീനമാക്കപ്പെടേണ്ടതാണു്. മനുഷ്യൻ അവയെ തന്റെ സൗകര്യത്തിനുവേണ്ടി നിയന്ത്രിക്കുന്നതു് നമുക്കജ്ഞാതമല്ലല്ലോ. പ്രകൃതിനിയമമെന്നു നാം കരുതുന്നതിനു് അടിമയായി വർത്തിക്കുന്നതിനായിരുന്നെങ്കിൽ മനുഷ്യനു് സ്വാതന്ത്ര്യവും സ്നേഹവും സിദ്ധിക്കരുതായിരുന്നു.

## പ്രകൃതിവിരുദ്ധമോ?

സന്താനനിയന്ത്രണത്തെക്കുറിച്ചു പറയുമ്പോഴെല്ലാം പലരും ഉന്നയിക്കുന്ന ഒന്നാണു് പ്രകൃതിവിരുദ്ധത. ഇവിടെ മുമ്പു

പറഞ്ഞതു് അനുസ്മരിക്കുക എല്ലാനിയമങ്ങളും മനുഷ്യനധീനമാണു്; മനുഷ്യനാകട്ടെ സ്നേഹത്തിനും. ഇതു് മനുഷ്യന്റെ പൂർണ്ണതയാണു്. പ്രകൃതിനിയമങ്ങളെ നിയന്ത്രിച്ചുകൊണ്ടാണു് മനുഷ്യൻ പുരോഗതിയിലേക്കു് വന്നിട്ടുള്ളതു്. പ്രകൃതിനിയമങ്ങൾക്കധീനമായി ജീവിച്ചിരുന്ന ഗുഹാമനുഷ്യനെയും കടന്നു് നാം എത്രയോ ദൂരെയായിരിക്കുന്നു. (മനുഷ്യവംശം ഇന്നും ശൈശവദശ കഴിഞ്ഞെന്നു് പറയാനാവില്ല.) ജന്തുക്കളിൽനിന്നു് മനുഷ്യനെ ഉയർത്തിനിറുത്തുന്ന ബുദ്ധിയാണു് അതിനു കാരണം. ആ ബുദ്ധിയോടൊത്തുള്ളതാണു് സ്വാതന്ത്ര്യവും സ്നേഹവും. പ്രപഞ്ചത്തെ കീഴടക്കാൻ ആശിസ്സുലഭിച്ചവനാണു് നരനെന്നു് ബൈബിൾ പറയുന്നുണ്ടു്. ഈ കീഴടക്കലിൽ പ്രകൃതിനിയമങ്ങളും ഉൾപ്പെടുന്നു. അവയെ ചൊൽപ്പടിക്കാക്കുവാൻ മനുഷ്യനു മാത്രമെ കഴിവുള്ളു. ശാസ്ത്രീയരംഗത്തുള്ള അവന്റെ മുന്നേററം അതിനു് ഒന്നാംതരം തെളിവാണു്. അപ്പോൾ, പ്രകൃതിനിയമം അലംഘ്യമാണെന്നും സ്ഥിര (Static) മാണെന്നുമൊക്കെയുള്ള ധാരണ തെററിദ്ധാരണയായി. തദ്വാരാ, പ്രകൃതിനിയമത്തിന്റെ നെഞ്ചത്തു് പണിതുയർത്തിയ തത്വസംഹിത ഇളകിയാടി; പലയിടത്തും ഇടിഞ്ഞു തകർന്നു. അതു തുടരുന്നു.

നാമോരോരുത്തന്റെയും ജീവിതം പ്രകൃതിവിരുദ്ധതയുടേതാണു്. ഒരു ഉദാഹരണംകൊണ്ടിതു് സുവിദിതമാക്കാം. ജീവനുള്ളവയെ സംബന്ധിച്ചിടത്തോളം വളരുക, വർഗ്ഗോല്പാദനം നടത്തുക, അന്തർദ്ധാനം ചെയ്യുക എന്നിവ പ്രകൃതിനിയമമാണു്. സ്വാഭാവികപ്രവണതയനുസരിച്ചു് അതെല്ലാം അനുക്രമമായി സംഭവിച്ചുകൊണ്ടിരിക്കുന്നു. ഉല്പാദകപ്രക്രിയതന്നെ യെടുക്കു. വർഗ്ഗോല്പാദനത്തിനുള്ള പക്വതയെത്തിയാൽ, അതിനുള്ള കാലമായാൽ തികച്ചും സ്വാഭാവിക പ്രചോദനം മുഖേന വർഗ്ഗോല്പാദനം നടക്കുന്നു. മൃഗങ്ങളിലും പക്ഷികളി

ലും അക്കാര്യം വ്യക്തമായികാണാം. ആ കാലഘട്ടത്തിൽ, അവയ്ക്കു് വേറൊരുവിധത്തിൽ പ്രവർത്തിക്കുക അസാദ്ധ്യമാണു്; വേറൊന്നു് പ്രതിബന്ധം സൃഷ്ടിക്കാത്തിടത്തോളം കാലം. അവയ്ക്കു് സ്വയം നിയന്ത്രണത്തിനു് കഴിവില്ല. പ്രകൃതിയുടെ നിയമം അന്ധമായി അവ അനുസരിക്കുന്നു. എന്നാൽ, മനുഷ്യരിലോ? ഉല്പാദകപ്രായമായാൽ എന്നും അവനു് വർഗ്ഗോല്പാദനത്തിനു് ചായ്‌വുണ്ടു്. എന്നാൽ, അവൻ സ്വയം നിയന്ത്രിക്കുന്നു. പക്വതയിലെത്തിയാലുടനെ ഇണചേരാൻ അവൻ തയ്യാറാകുന്നില്ല. കഴിവില്ലാഞ്ഞിട്ടല്ല, പിന്നെയോ, സാഹചര്യങ്ങളെ വിലയിരുത്തി അവൻ സ്വയം നിയന്ത്രണം നടത്തുന്നു. കേവലം പതിന്നാലാം വയസ്സിൽ പിതാവായാൽ, പുത്രനെ വളർത്താൻ മാത്രം പ്രാപ്തി അവനില്ല. അത്ര മാത്രം ദുഷ്കരമാണു് ശിശുവിന്റെ വളർത്തൽ; ദീർഘമാണു് മനുഷ്യന്റെ ശൈശവം. എന്നാൽ, ശാരീരികപക്വതയിലെത്തിയിട്ടും ഒരുവൻ പിതാവാകു (മാതാവാകു) ന്നില്ലെങ്കിൽ ആരും അവനെ (അവളെ) പ്രകൃതിവിരുദ്ധനായി കണക്കാക്കുന്നില്ല. മൃഗങ്ങളിൽ അണ്ഡപരിപുഷ്ടിയുണ്ടാകുമ്പോൾ ഇണചേരുന്നു; സ്ത്രീയോ? അവൾ അതിനു പ്രചോദനമുണ്ടായാലും ഇണചേരുന്നില്ല. ഇതിൽ നിന്നു് ഒരു കാര്യം സ്പഷ്ടമാണു്. സ്വാഭാവികപ്രവണതയല്ല, മനുഷ്യന്റെ പ്രവർത്തകമാനദണ്ഡം. പ്രകൃതി നിയമത്തെ ലംഘിക്കുന്നു. ഇക്കാര്യത്തിൽ പോലും ആരും തെററുകാണുന്നില്ല. ബ്രഹ്മചാരികളായ സന്യാസികളും സന്യാസിനികളും വൈദികരും, 'പ്രകൃതിനിയമ'മനുസരിക്കാത്തതുകൊണ്ടു് പ്രകൃതിവിരുദ്ധരാകുന്നില്ല. കത്തോലിക്കർ പോലും ഇതു് സമ്മതിക്കുന്നു. പ്രകൃതിവിരുദ്ധരായി ജീവിക്കുന്നതിനു് അവർക്കു് മൃഗങ്ങളിൽനിന്നു് വിഭിന്നമായ 'ജീവിതനിയമങ്ങൾ', 'ലക്ഷ്യങ്ങൾ' ഉണ്ടു്. ഇതിൽ നിന്നു് ഒരു സത്യം വെളിവാകുന്നു. ഉന്നതമെന്നു്, മാനനീയമെന്നു് കരുതപ്പെടുന്ന ചില ലക്ഷ്യങ്ങൾക്കുവേണ്ടി പ്രകൃതി

നിയമം ലംഘിക്കാമെന്നു്. അതായതു്, മനുഷ്യൻ ജീവിക്കേണ്ടതു് പ്രകൃതിയുടെ നിയമങ്ങൾക്കു് അടിമയായിട്ടല്ല എന്നു്. ഉല്പാദനമെന്ന ജീവശാസ്ത്രനിയമത്തെ മറികടന്നു് പ്രവൎത്തിക്കാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ടു് എന്നു് എല്ലാവരും സമ്മതിക്കുന്നു. അതു് മനുഷ്യോചിതമാണു്. ഈ പ്രകൃതിനിയമലംഘനവും ആത്യന്തികമായി സ്നേഹത്തിൽനിന്നു് വരുന്നതാണു്; അങ്ങനെയായിരിക്കണം.

വിവാഹിതരാണു് എന്നതുകൊണ്ടു് ജീവശാസ്ത്രപരമായി ജനിപ്പിക്കാവുന്നിടത്തോളം ശിശുക്കൾക്കു് അസ്തിത്വം നല്കണമെന്നില്ല. ആൎക്കും അങ്ങനെ പറയാൻ അൎഹതയും അവകാശവുമില്ല. ദമ്പതികൾ ഇതു് നന്നായി ഗ്രഹിക്കണം. ജീവശാസ്ത്രനിയമങ്ങൾക്കു് അടിമകളായിട്ടല്ല ദമ്പതികൾ വൎത്തിക്കേണ്ടതു്; പിന്നെയോ, അവയെ വേണ്ടവിധം നിയന്ത്രിച്ചുകൊണ്ടു്, വേണ്ടിവന്നാൽ അവക്കു് വിരുദ്ധമായി നീങ്ങിക്കൊണ്ടു്. അതിനു പ്രേരണനല്കുന്നതു് മുമ്പു സൂചിപ്പിച്ച സ്നേഹമായിരിക്കണം. മനുഷ്യോചിതമായി തീററിപ്പോററി വളൎത്താൻ പാടില്ലാത്തവിധം ഉത്തരവാദിത്വരഹിതമായി ഉല്പാദനം നടത്തുക ജനിച്ചവരോടും (സമൂഹത്തോടും) ജനിക്കുന്നവരോടും ചെയ്യുന്ന തിന്മയാണു്. വിവാഹജീവിതത്തിൽ സംയോഗത്തിനു് ഉല്പാദകലക്ഷ്യം മാത്രമല്ല ഉള്ളതു്. ദാമ്പത്യം ഒരു ജീവിതസംസൎഗ്ഗമാണു്. കെട്ടുറപ്പുള്ള ദാമ്പത്യബന്ധത്തിനു് സംയോഗം അടിസ്ഥാനഘടകവുമാണു്. ജന്തുക്കളുടെ സൈക്സിക ജീവിതത്തിൽനിന്നു് തികച്ചും വിഭിന്നമായ പലതും മനുഷ്യന്റെ കാൎയ്യത്തിലുണ്ടു്. ദീൎഘകാലം നീണ്ടുനില്ക്കുന്ന ശൈശവമാണു് മനുഷ്യനു്. അന്നു് മാതാപിതാക്കളുടെ സംരക്ഷണം വേണം. മാതാപിതാക്കളെ ഒന്നിപ്പിച്ചു നിറുത്തുന്ന ശൃംഖലയാണു് സംയോഗം.

Only with human beings are both sexes relatively free from physiologically dominated sexual desires, so that we possess a more or less permanent sexuality from adolecence until old age.

Six lines of evidence emphasize this human distinction: the continuance of the marital sexual relationship during most of a normal pregnancy; its continuance during lactation; its continuance after the menopause; the absence of any accesory mechanisms for sperm retention; the chemical hostility of the vagina and cervix to sperm except at the time of ovulation; and low fecundity associated with permanent sexuality and with the non-reproductive use of sex. There is also the fact that the human child is dependent on its parents for significantly longer than with other animals. Miss Daugherty concludes:

With man, apparently the purpose of a permanent, continuous sexual relationship in excess of reproductive needs is to implement family life, which is a necessity for the preservation of our species, whose offspring have such a prolonged period of helplessness and dependency.

By

ELIZABETH A. DAUGHERTY.

The Lessons of Zoology in Contraception and Holiness, New York, Herder and Herder, 1964, pp. 109-30; London, Collins / Fontana.

Quoted in "ON HUMAN LIFE".

## മനുഷ്യജീവനെ ആദരിക്കണം

എല്ലാ മനുഷ്യരുടെയും കടമയാണു് മനുഷ്യജീവനെ ആദരിക്കുക എന്നതു്; ഓരോരുത്തനും സ്വജീവനെ മാനിക്കുന്നതുപോലെ ഇതരവ്യക്തിയെയും മാനിക്കണം. സ്നേഹമാണിതിനും അടിസ്ഥാനകാരണം. മനുഷ്യജീവനു ഹാനിവരുത്താൻ യാതൊരുത്തനും അവകാശമില്ല. അക്കാരണത്താൽ, മനുഷ്യജീവനുരുത്തിരിയുന്നതിനുമുമ്പുള്ള ഇടപെടലിനെ ന്യായീകരിക്കാമെങ്കിലും, അതിനുശേഷം ന്യായീകരിക്കുക സാധ്യമല്ല. ഗർഭച്ഛിദ്രമാണു് ഇവിടെ വിവക്ഷിക്കുന്നതു്. ഗർഭച്ഛിദ്രം യഥാർത്ഥസ്നേഹത്തിനു നിരക്കുന്നതല്ല. ഈ ഗ്രന്ഥകർത്താവിൻെറ അറിവിൻെറ വെളിച്ചത്തിൽ ലൂപ്പും ഗർഭച്ഛിദ്രത്തിനാണു് സഹായിക്കുന്നതു്. അക്കാരണത്താൽ, അതും ന്യായീകരിക്കാവുന്നതല്ല. ബീജസങ്കലനം നടക്കുന്ന ആ നിമിഷത്തിൽ മനുഷ്യശിശു വളരാനാരംഭിക്കുന്നു; ആ നിമിഷത്തിൽത്തന്നെ ശിശു ആണോ പെണ്ണോ, അതിൻെറ നിറം തുടങ്ങിയ പലതും നിർണ്ണയിക്കപ്പെടുന്നു. അങ്ങനെയുള്ള ഒന്നു് അതു് എത്ര സൂക്ഷ്മമായിക്കൊള്ളട്ടെ, ഛിദ്രിപ്പിക്കുക മാനുഷികമാണോ? സ്വാർത്ഥചിന്തവെടിഞ്ഞു്, സ്നേഹപ്രമാണത്തിൻെറ ഹൃദയത്തിൽതൊട്ടു് ഉത്തരം നല്കേണ്ടതാണു് ആ പ്രശ്നം. വന്ധ്യംകരണം മാനുഷികമാണോ? എന്തോ ഒരു അപാകത, വ്യക്തിത്വത്തിനു് ഉടവുതട്ടുന്ന എന്തോ അപൂർണ്ണത തളംകെട്ടിനില്ക്കുന്നു. സ്വന്തം വ്യക്തിത്വത്തെ ഇടിച്ചുകളയുന്ന മാനുഷികമല്ലാത്ത ഒന്നായിട്ടല്ലേ അതിനെ കാണേണ്ടതു്. ശാസ്ത്രീയമാർഗ്ഗങ്ങൾ ജനനനിയന്ത്രണത്തിനു ഉപയോഗിക്കുവാൻ ഡോക്ടർമാർ ഉപദേശിക്കാറുണ്ടു്. എന്നാൽ, വന്ധ്യംകരണം ശുപാർശചെയ്യുന്നവർ അധികമില്ല. പ്രശസ്തമായ്യേജ് മാനുവലിൻെറ ഗ്രന്ഥകർത്താക്കളും ഡോക്ടർമാരുമായ ഹന്നായും അബ്രഹാം സ്റ്റോണും പറയുന്നതു് ശ്രദ്ധാർഹമാണു്.

പുരുഷബീജം മനുഷ്യജീവനല്ല. ആയിരുന്നെങ്കിൽ, ഓരോ പുരുഷനും കോടിക്കണക്കിനു് പ്രാവശ്യം കൊലപാതകികളാകണമല്ലോ. ബീജോല്പാദനം ആരംഭിക്കുന്ന കാലഘട്ടം തുടങ്ങി എത്രമാത്രം ബീജം പുറത്തുപോകുന്നു. ഒരു പ്രാവശ്യം പുറത്തുപോകുന്നതു് കോടിക്കണക്കിനു ബീജമാണെന്നോർക്കണം. അണ്ഡവും മനുഷ്യജീവനല്ല. ഓരോ മാസമുറയും ഓരോ അണ്ഡത്തിന്റെ 'മരണ'മാണു് വിളിച്ചറിയിക്കുന്നതു്. അതു് വിളിച്ചറിയിക്കുന്നുണ്ടല്ലോ ആർത്തവരക്തം. മനുഷ്യജീവൻ ഉണ്ടാകണമെങ്കിൽ പുംബീജവും അണ്ഡവും ഒന്നിക്കണം. അതു സംഭവിക്കുന്നതു് ബീജം സ്ത്രീയുടെ ജനനേന്ദ്രിയത്തിൽ നിക്ഷേപിക്കപ്പെട്ടപ്പോഴല്ല. പുരുഷബീജമോ അണ്ഡമോ നിർജ്ജീവമാക്കപ്പെടുകയോ, അവ രണ്ടും തമ്മിൽ ചേരുന്നതിനു് അവസരം നല്കാതിരിക്കുകയോ ചെയ്യുമ്പോൾ, ഒരു വിധത്തിലും 'മനുഷ്യജീവനെ' ഇല്ലാതാക്കുന്നില്ല. ഇക്കാര്യത്തെക്കുറിച്ചു് ദമ്പതികൾ തികച്ചും ബോധമുള്ളവരായിരിക്കുക അത്യാന്താപേക്ഷിതമാണു്. മനസ്സാക്ഷിക്കു് രൂപം കൊടുക്കുമ്പോൾ ഇവ അഗണ്യമാക്കാവുന്നതല്ല.

## ഉപസംഹാരം

വിശ്വലേഖനത്തെ അപ്പാടെ സ്വീകരിക്കാൻ കേരളത്തിലെ എല്ലാ കത്തോലിക്ക ദമ്പതികൾക്കും സാധിച്ചെന്നു വരികയില്ല. ന്യായയുക്തമായ കാരണങ്ങളാൽ ജനനക്രമീകരണം തൽക്കാലികമായോ നിത്യമായോ അവശ്യം സ്വീകരിക്കേണ്ടവരാണു് അവരിൽ ഭൂരിപക്ഷവും. എന്നാൽ, അതിനു സ്വീകരിക്കേണ്ട മാർഗ്ഗമെന്തു്? 'റിഥ'മായിരിക്കട്ടെ. എന്നാൽ, അതു് അപ്രായോഗികമാണെങ്കിലോ? പ്രായോഗികമാക്കാമെങ്കിൽത്തന്നെ, അതിനുവേണ്ട അറിവും പരിശീലനവും നല്കാനാളില്ലെങ്കിലോ? മറുപടി കണ്ടുപിടിക്കേണ്ടതു് ദമ്പതികളാണു്. വിശ്വലേഖനം സൃഷ്ടിച്ച പ്രതികരണങ്ങളും, മെത്രാന്മാർ നല്കിയ മാർഗ്ഗനിർദ്ദേശങ്ങളും വായിച്ചറിഞ്ഞ

ദമ്പതികൾതന്നെ നിഗമനങ്ങളിലെത്തണം. മിക്ക ബിഷപ്പ്സ് കോൺഫ്രൻസുകളും ഉദ ബോധിപ്പിച്ചു: ദൈവതിരുമുമ്പിൽ ചിന്തിക്കുക; സാഹചര്യങ്ങളെ വിലയിരുത്തുക; തീരുമാനിക്കുക; പ്രവർത്തിക്കുക. അന്നാട്ടിലെ ജനങ്ങൾ തീരുമാനിക്കുന്നു; പ്രവർത്തിക്കുന്നു. നമ്മുടെ നാട്ടിലോ? ദമ്പതികൾ അതിനു ധൈര്യപ്പെടുമോ? മെത്രാന്മാർ മാർഗ്ഗനിർദ്ദേശം നല്കിയിട്ടില്ല. മനസ്സാക്ഷിയുടെ സ്വരമനുസരിച്ച് പ്രവർത്തിക്കുക എന്ന് പറഞ്ഞാൽ തന്നെയും, ഏതെങ്കിലും വൈദികൻെറ അനുമതികിട്ടിയാലെ ദമ്പതികൾക്ക് തൃപ്തിയാവൂ. കാരണമെന്താ, "അച്ചൻ പറഞ്ഞു; ഞാൻ അനുസരിച്ചു. എന്തു കുഴപ്പമുണ്ടായാലു, അച്ചനാണ് ഉത്തരവാദിത്വം". ഈ ഉത്തരവാദിത്വരാഹിത്യം ശക്തമാണ്. തീരുമാനമെടുക്കുക എന്ന ചുമതല വൈദികൻ ദമ്പതികളെത്തന്നെ ഏല്പിക്കേണ്ടതാണ്. മനസ്സാക്ഷിയനുസരിച്ച് കൃത്രിമനിയന്ത്രണോപാധികൾ ഉപയോഗിക്കുന്നവർക്ക്, അക്കാര്യം കുമ്പസാരത്തിൽ ഏററുപറയേണ്ടതില്ല; ദിവ്യകാരുണ്യസ്വീകരണം നടത്താം എന്നു പറഞ്ഞിട്ടുണ്ടെങ്കിലും നമ്മുടെ നാട്ടിലെ ശുദ്ധമാനകത്തോലിക്കർ സ്വന്തം തീരുമാനമെടുക്കുകയില്ല. ഇതിനും പുറമെ, സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങളും ചലനങ്ങളും ഗ്രഹിക്കാതെ തങ്ങൾ പണ്ടു സെമിനാരിയിൽ പഠിച്ചിരുന്ന 'നോട്ടുബുക്കും' പുസ്തകവും വച്ച് ധർമ്മശാസ്ത്രവിജ്ഞാനം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വൈദികരുടെ കുമ്പസാരക്കൂട്ടിലെ ഉപദേശവും കൂടിയാകുമ്പോൾ ഭയങ്കരമായിരിക്കും!

ദമ്പതികൾ തങ്ങളുടെ പ്രത്യേക പരിതോവസ്ഥയിൽ ജനിപ്പിക്കേണ്ട ശിശുക്കളുടെ എണ്ണവും, ജനനക്രമീകരണത്തിന് സമീകരിക്കേണ്ട മനുഷ്യോചിതമായ മാർഗവും സമയം തീരുമാനിക്കണം. ഇതു് ദൈവതിരുമുമ്പിലായിരിക്കട്ടെ. മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കുക; അതനുസരിച്ചു പ്രവർത്തി

ക്കുക. കൃത്രിമമെന്നു പറയപ്പെടുന്ന മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടിവന്നേക്കാം. മനസ്സാക്ഷി അതിനു നിർബന്ധിക്കുന്നെങ്കിൽ മറിച്ചു പ്രവർത്തിക്കരുതു്. ഇക്കാര്യത്തിൽ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുക. തങ്ങളുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വം കുമ്പസാരക്കാരന്റെ (വൈദികന്റെ) തലയിൽ വയ്ക്കാൻ മെനക്കെടാതിരിക്കുക. തങ്ങളുടെ മനസ്സാക്ഷിയനുസരിച്ചു നീങ്ങുമ്പോൾ പാപബോധം അസ്ഥാനത്താണു്. സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയെക്കുറിച്ചു അറിവും ബോധവും ഉള്ള വിവേകികളായ വൈദികരുടെ ഉപദേശങ്ങളെ മാത്രം സ്വീകരിക്കുക. അല്ലാത്തപക്ഷം, ദുർവഹമായ ഭാരം ദമ്പതികളുടെ ചുമലിൽ വന്നുവീഴും. ജനിച്ചവരുടെയും ജനിക്കാതിരിക്കുന്നവരുടെയും മനുഷ്യോചിതമായ ജീവിതത്തിനു് ഹാനികരമാകുന്നവിധത്തിൽ ദമ്പതികൾ പ്രവർത്തിക്കരുതു്. ഉത്തരവാദിത്വത്തോടുകൂടി മാത്രം മാതൃത്വവും പിതൃത്വവും സ്വീകരിക്കുക. അതിനു നിർബന്ധിക്കുന്ന നിയമം സ്നേഹത്തിന്റേതാണു്.

# BIBLIOGRAPHY


1. Herder Correspondence 1964 to 1969
2. Concilin Vol. 5 May. 1965
3. Examiner 1968 ജൂലൈ മുതൽ 1969 ആഗസ്റ്റ് വരെയുള്ളവ
4. New Leader " "
5. Peter Harris & Co. On Human life 1968 Burn & Oates - London
6. Lea Pyle (Editor) Pope & Pill Darton, Longman And Todd London 1968
7. Kerala Seminar Digest 1969. P. O. C. Publication
8. All India Seminar Church in India Today.
9. Charles & Curran. Contraception- Authority and Dissent Burn & Oates 1969 Herder and Herder
10. G. Egner. Birth Regulation and Catholic Belief Sheed & Ward 1966 33 Maiden Lane London Wc. 2
11. G. Lobo S. J. Marriage and Virginity Vol 1, 11, St. Mary's, Kurreong.

**KOTTAYAM PUBLIC LIBRARY**
KOTTAYAM
Cl. No. 301:42 Acc. No. 61975
This book should be returned on or before the date last stamped below.

| | | |
|---|---|---|
| 1 APR 1992 | | |
| 8 MAY 1995 | | |
| 19 MAY 1996 | | |
| 1 NOV 1999 | | |

If the book is not returned on due date a fine of 10 Ps. ~~(Five)~~ per day will be charged.

301.42 61975

ജോസഫ് - സിയെച്ച്.

മാതൃത്വവും മനസ്സാക്ഷിയും

KOTTAYAM PUBLIC LIBRARY
Call No. 321:42 Acc. No. 61975
Author തോമസ് - കിമ്പിസ്
Title [illegible]

Indic Digital Archive Foundation
gpura.org